# മുഖവുര

—0—

൧- നമ്മുടെ സ്വഭാഷയാകുന്ന മലയാളത്തിന്റെ ഉല്പത്തികാലത്തിലെ അതിനുണ്ടായിരുന്ന അനവരതവിഘ്നങ്ങളാലും പിന്നീട്ട അപ്പപ്പൊളുണ്ടായിരുന്ന പ്രത്യൂഹവ്യൂഹങ്ങളാലും ആണ അധികകാലതാമസമായിട്ടും, അല്പമെ പരിഷ്കാരസ്ഥിതിയെ പ്രാപിക്കാൻ ഇടയായൊള്ളുഎന്നത അറിയാതെയും മലയാളഭാഷയിലുള്ള ഗ്രന്ഥങ്ങളുടെ പരിപൂൎണ്ണജ്ഞാനമില്ലാതെയും ചില ആളുകൾ, ഈ ഭാഷയെ നിസ്സാരമായിഗണിച്ചുവരുന്നതിനെ തെറെറന്നു പ്രത്യക്ഷമായി കാണിക്കുന്നതിനും, ആദികാലത്തെ മലയാളഭാഷയുടെ സ്വരൂപം എന്തായിരുന്നുയെന്നും, ഏതെല്ലാം അവസ്ഥകളിൽ നിന്നാണ ക്രമെണ ഇപ്പൊൾ ഈ സ്വരൂപത്തെ, ഇത, അവലംബിച്ചിരിക്കുന്നു യെന്നും അറിയാത്തതിനാലുണ്ടാകുന്ന മൌഢ്യത്താൽ നാനാവിധമായ വാചകരീതിയെയും മറ്റും അനുസരിച്ചിരിക്കാൻ ഇടയായിട്ടുള്ളതിനെ തിരുത്തുന്നതിനും, മുമ്പിൽപറഞ്ഞ അനവരതവിഘ്നങ്ങൾഎന്തെല്ലാം ആയിരുന്നുയെന്നും അവഎങ്ങിനെതീൎന്നുയെന്നും ഇടക്കിടെസംഭവിച്ച പ്രത്യൂഹ വ്യൂഹങ്ങളെ എതൃത്തുനിന്ന ഇപ്പൊൾ മലയാളത്തിനു അലങ്കാരമായി തീൎന്നിരിക്കുന്ന കവിപുംഗവന്മാരെല്ലാമായിരുന്നുഎന്നും അറിയുന്നതിനു ഉള്ള ആവശ്യത്താലും ഇനിയെങ്കിലും ഈ ഭാഷയുടെന്യൂനതകളെഅറിഞ്ഞു അവയെതീൎക്കുന്നതിനും, വിസ്മരണസാഗരത്തിൽ മഗ്നങ്ങളായി പൊയകവിതകളെ വീണ്ടും ഉദ്ധാരണംചെയ്യുന്നതിനും ഇപ്പൊളുള്ളവതന്നെ മറവിയിൽ അകപ്പെട്ടു പൊകാതിരിക്കുന്നതിനും നവീനകവിതകൾ നിൎമ്മിക്കുന്നതിനു അത്യുത്സാഹം ജനിപ്പിക്കുന്നതിനും ഏവമാദികളാൽ …മ്മുടെഭാ… …ന്നന്നാക്കണമെന്നുള്ള ആഗ്രഹത്താലുമാണ, ഞാൻ, … പഴ… മപരിചയമുള്ള ആളുകളുടെയും അനെകവിദ്വാന്മാരുടെയും …ഹായ… ത്തൊടുകൂടി മലയാളഭാഷാചരിത്രമെന്ന ഈ പുസ്തകത്തെ… …ണ്ടാക്കിയിരിക്കുന്നതു-

൨- എന്നാൽ ഇങ്ങിനെഒരുപുസ്തകം എഴുതി ഉണ്ടാക്കാൻ ശ്രമിക്കേണ്ടത പുരാതനപ്രബന്ധാദികളിൽ പരിപൂൎണ്ണജ്ഞാനമുള്ള വയൊധികന്മാരായ വിദ്വാന്മാരുടെകടമയാകുന്നു- അങ്ങിനെയുള്ളവരിൽ ആരും ഈ വിഷയത്തിൽ ഇതുവരെ പ്രവെശിക്കാത്തതിനെയും ഇങ്ങിനെഒരുപുസ്തകം ഉണ്ടാകുന്നതിനാലുള്ള മെൽവിവരിച്ച അത്യാവശ്യങ്ങളെയുംകൊണ്ടു എന്റെ അല്പമായഅറിവിൽ കി… …ളുമുള്ള വിവരങ്ങൾ എഴുതി… …രിക്കുന്നു- ഇതിന്റെ…

ദികളെ വഴക്കംകൊണ്ടു അറിവാനുള്ളതും സമ്പ്രദായസന്ദൎഭങ്ങളിൽ
എഴുതിതീൎത്തുമാകയാൽ നെരായവ വെളിപ്പെടാതെയൊ അത്യന്തം
അപെക്ഷണീയങ്ങളായുള്ളവ ചെൎക്കപ്പെടാതെയൊ ഉപെക്ഷണീയ
ങ്ങളായുള്ളവ ചെൎക്കപ്പെട്ടൊ ചിലസ്ഥലങ്ങൾ പരസ്പരവിരുദ്ധമാ
യൊ യുക്തിക്കചെരാതെയൊ മറ്റൊ കണ്ടാൽ അവകളെ സജ്ജന
ങ്ങൾപൊറുത്തുസൂക്ഷ്മാവസ്ഥകളെയും വെണ്ടവിവരങ്ങളെയും തിൎച്ച
പ്പെടുത്തുന്നതായാൽ അവയെവിനയാന്വിതം സ്വീകരിച്ചു ഇതിന്റെ
രണ്ടാംപതിപ്പിൽ എങ്കിലും നിരാക്ഷെപമായസ്ഥിതിയിൽ അച്ചടി
പ്പിച്ചുകൊള്ളാവുന്നതാകുന്നു-

൩- ഈ പുസ്തകത്തെ പരിശൊധിച്ച തിരുവനന്തപുരം ഇംഗ്ളീ
ഷു പള്ളിക്കൂടത്തിലെ മലയാളപണ്ഡിതരായ ബി-എ- എൻരാമക്കു
റുപ്പു അവൎകൾക്കും ചിലകവികളെ സംബന്ധിച്ചുള്ള കഥകളെപ
റഞ്ഞുതന്നു ഈ പുസ്തകത്തെ ശീഘ്രത്തിൽ അച്ചടിച്ചു പ്രസിദ്ധംചെ
യ്യുന്നതിൽ യഥാശക്തിശ്രമിച്ച ബി-എ- ക്ലാസിൽ പഠിക്കുന്ന കരമ
ന സി- നാണുപിള്ള അവൎകൾക്കും ഞാൻകൃതജ്ഞതയൊടുകൂടിവ
ന്ദനം പറഞ്ഞുകൊള്ളുന്നു-

൪ ഇതിലുള്ള അക്ഷരവീഴ്ചകളെയുംമറ്റുംതീൎത്തഒടുവിൽശുദ്ധ
പത്രം ചെൎത്തിരിക്കുന്നതിനാൽ വായനക്കാർ പുസ്തകം ഉപയൊഗി
ക്കുന്നതിനു മുമ്പിൽ ശുദ്ധപത്രപ്രകാരം തെറ്റുകളെ തിരുത്തിക്കൊ
ള്ളണമെന്നു അപെക്ഷിക്കുന്നു. എന്നു

പി ഗൊവിന്ദപ്പിള്ള

തിരുവനന്തപുരം
൧൦൫൬ാമാണ്ടു
മീനമാസം ൨൦നു —

# സംഗതിവിവരം

## ൧-ാം അദ്ധ്യായം

## മലയാളഭാഷയുടെ ഉത്ഭവവും കൊല്ലവൎഷം ആരംഭം വരെ അതിന്റെ സ്ഥിതിയും

മനുഷ്യരുടെ ഉത്ഭവം- ദ്രാവിഡന്മാരുടെ ഉത്ഭവവും അവരുടെ ഇന്ത്യായിലേക്കുള്ള യാത്രയും- അപ്പോൾ മലയാളത്തിന്റെ സ്ഥിതി- ദ്രാവിഡന്മാർ തെക്കോട്ടു വ്യാപിച്ചത- ആൎയ്യന്മാരുടെ ഉത്ഭവവും വരവും നടപടിയും പരിഷ്കാരവും- സംസ്കൃതഭാഷാചരിത്രം- അതിൽനിന്നും ഉത്ഭവിച്ചിട്ടുള്ള പ്രാകൃതഭാഷകൾ- ആൎയ്യ മ്ലേച്ഛം ശബ്ദങ്ങളുടെ ഉത്ഭവം- ദ്രാവിഡഭാഷ പലഭാഷകളായി പിരിഞ്ഞ വിവരം- അതിൽ തമിഴ നടപ്പായിരുന്ന സ്ഥലം- ആൎയ്യന്മാർ തെക്കോട്ടു വ്യാപിക്കുന്നതിനുള്ള കാരണം- അഗസ്ത്യമഹൎഷി- പുരാണത്തിനു വിരുദ്ധമായ അഭിപ്രായം- തമിഴദേശത്തിന്റെ ഭാഗങ്ങൾ- രാജാക്കന്മാരുടെ ചരിത്രം- ദ്രാവിഡം തമിഴ മാത്രം അല്ലെന്നു- കേരളം സമുദ്രത്തിൽ മുങ്ങിയ വിവരം- കേരളവും ചേരരാജ്യവും ഒന്നെന്നു- കേരളം പരശുരാമനാൽ വീണ്ടെടുക്കപ്പെട്ട വിവരം- പരശുരാമചരിത്രം- പുരാണപ്രകാരം. കേരളത്തിന്റെ ഉത്ഭവവും ആൎയ്യന്മാരുടെ വരവും- ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം- അവതങ്ങളിലുള്ള യോജിപ്പു- മലയാളഭാഷയുടെ യഥാൎത്ഥമായ ഉത്ഭവവും- തെറ്റായുള്ള അഭിപ്രായങ്ങൾ- സംസ്കൃതത്തിനോടുള്ള സംബന്ധം- മലയാളത്തിന്റെ ഉത്ഭവത്തിനു ദൃഷ്ടാന്തങ്ങൾ- മലയാളഭാഷയുടെ പഴക്കവും തമിഴിൽ നിന്നുള്ള വ്യത്യാസവും- ദ്രാവിഡഭാഷകളുടെ മൂലം സംസ്കൃതം അല്ലെന്നു- മലയാളശബ്ദത്തിന്റെ അൎത്ഥം- തമിഴഭാഷാചരിത്രം- സംസ്കൃതത്തിലും തമിഴിലും ഉണ്ടായ ഗ്രന്ഥവൎദ്ധന- കേരളത്തിലെ വൎദ്ധന- ശൂദ്രരുടെ വിദ്യാഭ്യാസം- അവരുടെ ഇടയിൽ നടപ്പുണ്ടായിരുന്ന ചില പേരുകൾ- അമ്പലവാസി മുതലായ ജാതി- നമ്പൂരിമാരുടെ വിവാഹമുറ അതിൽനിന്നുണ്ടായ ഗുണം- രാജവംശത്തിൽ തമിഴ നടപ്പായിരുന്നു എന്നുള്ളതിനു ദൃഷ്ടാന്തം- ശങ്കരാചാൎയ്യർസ്വാമിയുടെ ചരിത്രം- കേരളമാഹാത്മ്യം- മലയാളത്തിൽ ചെയ്തിട്ടുള്ള ഏൎപ്പാടുകൾ- അദ്ദേഹത്തിന്റെ യോഗ്യത- ബുദ്ധൎക്കുണ്ടായ ഗുണം- അന്യദേശക്കാരുടെ വരവും അതിൽ നിന്നുമുണ്ടായ ഗുണവും ദോഷവും- സെന്റതോമസ്സ്-കാനാതൊമാ-യൂറോപ്യന്മാരുടെ വരവു- മഹമ്മദകാററു- ജൂതന്മാൎക്കും മാപ്പിളമാൎക്കും കിട്ടിയിട്ടുള്ള പട്ടയങ്ങൾ- പുറം ൧ മുതൽ ൯ വരെ

## ൨-ാം അദ്ധ്യായം

## മലയാളം പ്രത്യേകം ഒരു ഭാഷയായ വിവരവും അതിൽ ആദ്യം കൊല്ലവൎഷം ൧ മുതൽ ൬൦൦-ാമാണ്ടുവരെ ഉണ്ടായിട്ടുള്ള കവികളും-

മലയാളത്തിന്റെ ഭാഗങ്ങൾ- ഗ്രന്ഥം ചമയ്ക്കുന്നതിനുണ്ടായ ബുദ്ധിമുട്ടുകൾ- തെക്കൻകേരളത്തിലെ ഭാഷാരീതി- മദ്ധ്യകേരളത്ത്

ലെ ഭാഷാരീതി- വ്യവഹാരമാല- കണക്കശാസ്ത്രം കൃഷിപ്പാട്ട ഓണപ്പാട്ട മുതലായത- രാമചരിതംഗ്രന്ഥത്തിന്റെ കൎത്താവു- ഉലകുടയപെരുമാൾപാട്ട- അയ്യിപ്പിള്ള ആശാൻ- അദ്ദെഹത്തിന്റെരാമചരിതംപാട്ട- പറംകികളുടെ വരവു- പാഠകശാലകൾ സ്ഥാപിച്ചവിവരവുംസിറിയന്മാരുമായുള്ള പിണക്കവും-ലന്തക്കാരുടെവരവു- അച്ചടിആദ്യം മലയാളത്തിൽവന്നവിവരം- മലയാളഅക്ഷരം കൊത്തിയവിവരം- ആദ്യനിഘണ്ഡു- വെട്ടെഴുത്ത- ആൎയ്യഎഴുത്ത- തുഞ്ചെനുമുമ്പു ഭാഷയുടെസ്ഥിതി- കണ്ണശ്ശപ്പണിക്കരുടെ മുത്തമിഴരാമായണം- ൮൩ാം പുറംവരെ

## ൩ാം- അദ്ധ്യായം

## കൊല്ലവൎഷം ൬൦൦മുതൽ ൭൦൦മാണ്ടുവരെ ഉണ്ടായിരുന്ന മലയാളകവികൾ-

രാമാനുജൻ എഴുത്തച്ശൻ- ജനനം- അതസംബന്ധമായ കഥകൾ- മദ്യപാനത്തിനുകാരണം- ഗുരുക്കന്മാരു- നംപൂരിമാരുടെ സ്ഥിതി- ഗണപതിസ്തവം- അദ്ധ്യാത്മരാമായണം കിളിപ്പാട്ടുണ്ടാക്കാനുള്ളസംഗതി- രാജാക്കന്മാരുടെഇഷ്ടം- യൊഗി- യൊഗ്യത- കിഴി- കമ്പരുമായിട്ടുള്ളഇഷ്ടം- കവിതാരംഭം- നംപൂരിമാരുടെ വിരൊധം- പുഴക്കരെഗ്രാമം- ചിലകഥകൾ- കിളിപ്പാട്ടിന്റെ അൎത്ഥം- ആപെരിന്റെകാരണം- പ്രധാനകവിതകൾ- കവിതാവിശെഷം- ശിവപുരാണം- മാഹാത്മ്യങ്ങൾ- ദെവിമാഹാത്മ്യം-സ്കാന്ദപുരാണം- അദ്ധ്യാത്മരാമായണം- അതിന്റെമൂലം കൎത്താവ- കവിതാമാധുൎയ്യം- മഹാഭാരതം- വൎണ്ണന ശക്തി- ശൃംഗാരരസവൎണ്ണനം- സദാചാരവാക്യങ്ങൾ- രാമായണം വൃത്തം- രാമമെനവന്റെ അഭിപ്രായം- വെതാളചരിത്രം- മൂലം- ഹരിനാമകീൎത്തനം- ചിന്താരത്നം- ഭാഗവതം- കൊവുണ്ണിനെട്ടങ്ങാടിയുടെ അഭിപ്രായം- ൧൪൨ാം പുറംവരെ

## ൪ാം- അദ്ധ്യായം

## കൊല്ലം ൭൦൦മുതൽ ൮൦൦ മാണ്ടുവരെ

എഴുത്തച്ശന്റെ ശിഷ്യന്മാരു- ചെറുശെരിനംപൂരി- കൃഷ്ണഗാഥ- കവിതവിശെഷം- വിദ്വാന്മാരുടെ അഭിപ്രായം- വാസുപട്ടെരി- വിലപുരാണം- ബ്രഹ്മാണ്ഡപുരാണം- മണിപ്രവാളത്തിന്റെ അൎത്ഥം- ആട്ടക്കഥയുടെ ആരംഭം- കൊട്ടാരക്കരെതംപുരാന്റെ കവിതകൾ- വിദ്വാന്മാരുടെ അഭിപ്രായം- അന്നത്തെ കഥകളിയുടെസംപ്രദായം-

## ൫ാം- അദ്ധ്യായം

## കൊല്ലം ൮൦൦മുതൽ ൯൦൦ വരെ

മുകിലന്റെവരവു- കൊട്ടയത്തു കെരളവൎമ്മൻ തംപുരാൻ- അഞ്ചുതംപുരാൻപാട്ട കെരളവൎമ്മരാമായണം-അതിന്റെമൂലം- വൈരാഗ്യ ചന്ദ്രോദയം- ആട്ടക്കഥയുണ്ടാക്കിയ കൊട്ടയത്ത തംപുരാൻ-കവിതകൾ- ചരിത്രം- കവിതയെകുറിച്ചരാമമെനവന്റെ അഭിപ്രായം- കഥകളിയിൽ ചെയ്തിട്ടുള്ള പരിഷ്കാരം- മൊക്ഷ

ധായകപ്രകരണം-കുഞ്ചിപ്പുറമ്പത്ത അഞ്ചടി- ജ്ഞാനപ്പാന- കെ
ദാരവ്രതം-ഗണിതശാസ്ത്രംകണക്കസാരം വൈദ്യശാസ്ത്രം മുതലാ
യ്തു- ഗുണപാഠം- അദ്വൈതശതകംമുതലായ ഗ്രന്ഥങ്ങൾ- സ
ന്താനഗോപാലം- ഭീമൻകഥ- മണ്മണി- സഹദൈവ വാക്യം-
പ്രഹലാദചരിതം- ഏകാദശിമാഹാത്മ്യം- ഇവയുടെ കൎത്താക്ക
ന്മാര- ൮൫ാംപുറംവരെ

## ൬ാം- അദ്ധ്യായം

### ൧൦൦൦മാണ്ടുവരെ- കാൎത്തികതിരുനാൾ വലിയതംപുരാ
### നും അശ്വതിതിരുനാൾ തംപുരാനും

അവിടത്തെരാജ്യഭരണം- മലയാളത്തെ രക്ഷിച്ചവിവരം- ഇംഗ്ലീഷു
കാരുമായിട്ട ഉടമ്പടി- വിദ്വാന്മാരുടെതാരകം- ആട്ടക്കഥകൾ-
അശ്വതിതിരുനാൾതംപുരാൻ-ആട്ടക്കഥയുടെപെരുകൾ- കീൎത്ത
നങ്ങളും പദങ്ങളുംവൎണ്ണങ്ങളും-അവിടത്തെയൊഗ്യത- ൮൭വരെ

## ൭ാം- അദ്ധ്യായം

### ൧൦൦൦മാണ്ടു വരെ- കുഞ്ചൻനമ്പിയാരു

ജനനസ്ഥലം- കവിതആരംഭം- പാഠ്ൻ- തുള്ളൽ ഉണ്ടാകുന്നതിനു
കാരണം- തിരുവനന്തപുരത്ത വന്നവിവരം- ശ്ലോകങ്ങൾ- സ
മ്മാനങ്ങൾ- മരണം- യൊഗ്യത- പ്രധാനകവിതകൾ- ശീലാ
വതി- ൧൦വൃത്തം- ൧൨വൃത്തം- കൃഷ്ണചരിതം- നളചരിതം കി
ളിപ്പാട്ട- ചാണക്യസൂത്രം- പഞ്ചതന്ത്രം- അവയിൽനിന്നുംചി
ലഭാഗങ്ങൾ- സദാചാരവാക്യങ്ങൾ- ആട്ടക്കഥകൾ നെട്ടു
ങ്ങാടി മുതലായവരുടെ അഭിപ്രായം- ൧൨൭ാം പുറംവരെ

## ൮ാം- അദ്ധ്യായം

### ൧൦൦൦മാണ്ടുവരെ

ഉണ്ണായിവാൎയ്യരു- ചരിത്രം- നളചരിതം ആട്ടക്കഥ- ഗിരിജാകല്യാ
ണം- അവയിൽനിന്നും ചിലഭാഗങ്ങൾ- രാഘവൻനമ്പിയാ
രു- ശാകുന്തളം- കല്ലെക്കുളങ്ങരെപിഷാരടി- രാവണോത്ഭവം
ആട്ടക്കഥ- ചെലപ്പറമ്പനമ്പൂരി-ഇരട്ടക്കുളങ്ങരെവാൎയ്യര-കിരാ
തംആട്ടക്കഥ-രാമപുരത്തവാൎയ്യരു- മാരാര-ഉണ്ണിത്താൻ- ൧൧൮-

## ൯ാം- അദ്ധ്യായം

### ൧൦൦൦ മാണ്ടുവരെ

ഇംഗ്ലീഷുകാററു മലയാളത്തിൽ വന്നവിവരം- ഹൈദരാലി- ടിപ്പു-
ടിപ്പുവിൻെറ ആക്രമം- അതിൽവച്ചു മലയാള ഭാഷക്കുണ്ടായ
ദൊഷം- പിന്നീടുണ്ടായഗുണം- മിഷൻസഭകൾ- മംഗലപു
രം-കൊട്ടയം-നാഗരുകൊവിൽ-ഗദ്യപുസ്തകങ്ങൾ- ൧൨൧ വരെ

## ൧൦ാം- അദ്ധ്യായം

### ൧൦൦൦മാണ്ടുമുതൽ൧൦൨൬മാണ്ടുവരെ

ചാതിതിരുനാൾ വലിയതമ്പുരാൻ- യൊഗ്യത- കവനങ്ങൾ- ഇര
വിവൎമ്മൻതമ്പി- ചരിത്രം- കൃതികൾ- ആട്ടക്കഥ- മുറജവപ്പാ

ന- തിരുവാതിരപ്പാട്ട- യോഗ്യത- ഉത്രംതിരുനാൾ വലിയതമ്പുരാൻ- സിംഹധ്വജചരിതം- കെരളവിലാസം അച്ചക്കൂടം- കിളിമാനൂരചെറുണ്ണിക്കൊയിത്തമ്പുരാൻ- ചരിത്രം- കവിത- അരിപ്പാട്ടുവാരരു- ഉർവ്വശീസ്വയംബരം- പുതിയിക്കൽ തമ്പാൻ മുതലായ ആട്ടക്കഥകർത്താക്കന്മാരു- എഴുപത്തനാലുകൂട്ടിമെനവൻ- ഭാഗവതം- ൧൩൨ാം പുറംവരെ

## ൬ാം- അദ്ധ്യായം

## ൧൦൨൪ മാണ്ടുവരെ

റവറണ്ടബെയിലിസായിപ്പ- ചരിത്രം- നിഘണ്ടു- ഗുണ്ടെട്ടസായ്പിന്റെ നിഘണ്ടു- വ്യാകരണം- മറ്റുഗ്രന്ഥങ്ങൾ- റവറണ്ട ജൊസഫ- പീററസായിപ്പ- വ്യാകരണംമുതലായ പുസ്തകങ്ങൾ- ജാജ്മാത്തൻ-ചരിത്രം-വ്യാകരണം മുതലായഗ്രന്ഥങ്ങൾ-വിരാമങ്ങൾ- ഗാൽബ്രൈത്തസായ്പ-ഇതുവരെനടപ്പുണ്ടായിരുന്ന വിദ്യാഭ്യാസരീതി-ആയില്യംതിരുനാൾവലിയതമ്പുരാൻ-പരിഷ്കാരങ്ങൾ-൧൪൧.

## ൭ാം- അദ്ധ്യായം

## ഇപ്പൊൾ ഉള്ള ഗ്രന്ഥകർത്താക്കന്മാർ

വിശാഖംതിരുനാൾ വലിയതമ്പുരാൻ- ചരിത്രം- മദ്രാസിൽ എഴുന്നള്ളത്ത- ഏഫ- എം- സു- രാജ്യഭരണം-ശാസ്ത്രജ്ഞാനം- കല്പിച്ചുണ്ടാക്കിട്ടുള്ളഗദ്യപാഠങ്ങൾ- ദീനസംരക്ഷണം-ക്ഷാമവൃത്താന്തം-സാരം- പരൊപകാരം- ശരീരരക്ഷ- തിരുമനസ്സിലെവാചകരീതി, പൂയം-തിരുനാൾ വലിയകൊയിത്തമ്പുരാൻ- ചരിത്രം-മലയാളഭാഷക്ക ചെയ്തിട്ടുള്ള ഗുണം- പ്രധാന ഗ്രന്ഥങ്ങൾ- ആട്ടക്കഥകൾ-വാചകരീതി- ൧൭൫ാംപുറംവരെ

## ൮ാം- അദ്ധ്യായം

ശുചീന്ദ്രപുരത്തു വട്ടപ്പള്ളിസ്ഥാനീകർ പാച്ചുമൂത്തതു- ചരിത്രം- യോഗ്യത- പ്രധാനഗ്രന്ഥങ്ങൾ- ബാലഭൂഷണം- കെരളവിശെഷമാഹാത്മ്യം തിരുവിതാംകൂർ ചരിത്രം- ആട്ടക്കഥ- വ്യാകരണം- ആലപ്പുഴെകുറുപ്പ- കിഴക്കെമെറത്തിൽ കുട്ടിക്കുഞ്ഞുതങ്കച്ചി- കവിതകൾ- ആട്ടക്കഥ- തിരുവാതിരപ്പാട്ട- കുമ്മിമുതലായത- കൊവുണ്ണി നെടുങ്ങാടി- വ്യാകരണം- അച്യുതപ്പണിക്കരെ- മഹമ്മദചരിത്രം-നെയ്യൂർകുമാരപിള്ള-വെണ്മണിനംപൂരി-വയക്കരെമൂസ്സ- കൊട്ടയത്തു മകംനാൾതമ്പുരാൻ- ശംകരപ്പിള്ള- നവരാത്രിമാഹാത്മ്യം-

## ൯ാം- അദ്ധ്യായം

മിഷൻസഭക്കാരുണ്ടാക്കീട്ടുള്ളഗ്രന്ഥങ്ങൾ-നെററീവസ്സുംരംബ്സുണ്ടാക്കീട്ടുള്ള ഗ്രന്ഥങ്ങൾ- മലയാളപ്പത്രികകൾ-

# മലയാളഭാഷാചരിത്രം

NO

## ഒന്നാം അദ്ധ്യായം

## ഭാഷയുടെ ഉത്ഭവം

൧- ഈ ഭാരതഖണ്ഡത്തിൽ പാൎക്കുന്ന സകലജനങ്ങളും പരദെശികൾ ആകുന്നു എന്നുപറയാം- അവര ഇവിടെ വന്നത ഏഷ്യായിൽ ടാട്ടറിയിൽ നിന്നാകുന്നു- അത ഹിമവാന്റെ വടക്കപടിഞ്ഞാറായിട്ടാകുന്നു- ആ പ്രദെശത്തുനിന്നും അനെകായിരത്താണ്ടിനിടക്ക കൂട്ടംകൂടിജനങ്ങൾ പലപ്പൊഴും ഇറങ്ങിത്തിരിച്ച ഭൂലൊകത്തിൽ പലരാജ്യങ്ങളിലും വ്യാപിച്ച അധിവസിക്കയാണ ചെയ്തിരിക്കുന്നത- മനുഷ്യവംശവും ആദ്യംഉത്ഭവിച്ചത ആസ്ഥലത്തുതന്നെ ആകുന്നു- ഈ അഭിപ്രായങ്ങളെ തൎക്കിക്കാൻ പാടില്ലാത്തവിധത്തിൽ ഓരൊ വിദ്വാന്മാർ ഗ്രന്ഥങ്ങളെനിൎമ്മിച്ച അവക്ക ദൃഷ്ടാന്തങ്ങളായ ചതുൎവിധപ്രമാണങ്ങളൊടുകൂടെ വ്യവഹരിപ്പാനും സന്നദ്ധന്മാരായിരിക്കുന്നു- യുക്തിഅവയെ അനുകൂലിക്കയും ചെയ്യുന്നു-

൨- ഇങ്ങനെ ഉണ്ടായ ജനപ്രവാഹത്തിൽ ദ്രാവിഡന്മാര എന്നഒരുകൂട്ടം ജനങ്ങൾ ഒരിക്കൽ ഇറങ്ങിത്തിരിച്ച- അവര ആദിയിങ്കൽ ദ്രാവിഡഭാഷയും കൊണ്ടു സ്വദെശം വിട്ടു സഞ്ചരിച്ച ഇൻഡ്യായുടെ വടക്കപടിഞ്ഞാറെ ഭാഗത്ത വന്നു താമസിച്ച- അങ്ങനെ വളരെക്കാലം കഴിഞ്ഞതിന്റെശെഷം ശകന്മാരഎന്ന ഒരുകൂട്ടക്കാരു പുറകെതിരിച്ച ശകന്മാരുടെ ആക്രമം ഹെതുവായിട്ട ദ്രാവിഡന്മാർ സ്വസ്ഥരല്ലാതെ തീൎന്ന അവർ ഒടുവിൽ ഇൻഡ്യായുടെ തെക്കം കിഴക്കുംഉള്ള ദെശങ്ങളിൽ ക്രമെണ വ്യാപിച്ച അവിടെ ഉറച്ചു പാൎക്കയും ചെയ്തു-

൩- ആസമയം ഇൻഡ്യാരാജ്യം അത്രയും മഹാരണ്യം കൊണ്ടു മൂടപ്പെട്ടിരുന്നു- ദ്രാവിഡന്മാര ഒരംദിക്കിൽവന്നപ്പോൾ മനുഷ്യര ഇവിടെഇല്ലാതിരുന്നില്ലാ- ഏതദ്ദെശ വാസികൾ ദ്രാവിഡന്മാരവരുന്നതിനു വളരെക്കാലംമുമ്പെ അവരെ പൊലെതന്നെ പ്രവെശിച്ചിട്ടുള്ള ഒരുവകക്കാരായിരുന്നു- അവൎക്കു ദ്രാവിഡന്മാരിൽ സാധാരണമായിരുന്ന അറിവുംകൌശലവും സിദ്ധിച്ചിട്ടില്ലാഞ്ഞു എന്നതന്നെയുമല്ല അവരുകെവലം മൂഢന്മാരായ മൃഗപ്രായന്മാരായിരുന്നു- വിന്ധ്യപൎവ്വതപംക്തിയുടെ തെക്കവശം അത്രയും അന്ന ദണ്ഡകാരണ്യംഎന്നു കീൎത്തിപ്പെട്ട വനമായിരുന്നു- തദ്വാസികൾ ഭവനങ്ങളില്ലാതെ വൃക്ഷത്തിന്റെചുവട്ടിലും ഗുഹകളിലുംവസിക്കയുംവനത്തിൽ ഉണ്ടാകുന്നഫലമൂലാദികളെയും വെട്ടയിൽകിട്ടുന്നജന്തുക്കളെയും തിന്നുകയും നഗ്നന്മാരായും വൃക്ഷത്തിന്റെ പത്രങ്ങളും മൃഗത്തിന്റെചൎമ്മങ്ങളും ഉടുക്കയും ചെയ്തുകൊണ്ടു കാലക്ഷെപം കഴിച്ചുവന്നവരും ആയിരുന്നു- നമ്മുടെ സ്വദെശമായമലയാളവും അന്നമെലെഴുതിയ സ്ഥിതിയിൽ തന്നെഇരുന്നു- എന്നു വിചാരിക്കാം-

൪- ശകന്മാരുടെ ആക്രമത്താൽതെക്കൊട്ടുവ്യാപിച്ചദ്രാവിഡന്മാരകെവലംഅപരിഷ്കൃതന്മാരല്ലായിരുന്നു-അവരദണ്ഡകാരണ്യംകടന്നു ഗൊദാവരി-കൃഷ്ണാ-കാവെരി-താമ്രപൎണ്ണി ഒരം നദികളുടെ തീരങ്ങളിൽ കൃഷിചെയ്തും മററും ഉപജീവനം കഴിച്ചും ഓരൊനെതാക്കന്മാരൊടു കൂടിയും സ്ഥിരമായി ഭവനങ്ങൾ കെട്ടിയും വസിച്ചു- ആതിനു മുൻപിൽ അവിടങ്ങളിൽ സഞ്ചരിച്ചിരുന്ന ജാതിക്കാററ ഇവരെ ഭയപ്പെട്ടു മലകളിലും കാടുകളിലും കെറി ഒളിച്ചെന്നപൊലെ വാസം ചെയ്തു- ഇവരുടെ സന്തതികളാണ ഇപ്പൊഴും മലവെടന്മാരായിട്ടും മററും കാണുന്നതെന്നും ഊഹിക്കപ്പെട്ടിരിക്കുന്നു-

൫ അതിന്റെശെഷം ഭൂലൊകവാസികളുടെ പ്രഥമ ജന്മഭൂമിയാകുന്ന ഏഷ്യായുടെ മദ്ധ്യത്തിലുള്ള ഉന്നത തടത്തിൽ ഉൾപ്പെട്ട ടാട്ടറിയിൽ ഇപ്പഴത്തെ ബൊക്കാറാഎന്നപട്ടണത്തിന്റെ സമീപത്തുനിന്നും പിന്നെയും ഒരുകൂട്ടം ജനസമുദായ പ്രവാഹമുണ്ടായി ഒരം കൂട്ടത്തിന്റെ പെര ആൎയ്യന്മാര എന്നാകുന്നു- അതിൽ ചിലര യുറൊപ്പിലെക്കും ചിലര തെ

കൊട്ടുപട്ടായിലെക്കുംപുറപ്പെട്ടു- പാർസ്യയിലെക്കുപുറപ്പെട്ടതിൽ ഒരു പരക്കാറര അതിൽനിന്നും പിരിഞ്ഞ അഫഗാനിസ്താൻവഴി ഇൻഡ്യായിലെക്കും കടന്നു- ഈ ആൎയ്യന്മാരുടെ ഭാഷ സംസ്കൃതമായിരുന്നു- ആദ്യം അവര പഞ്ചാബിൽ സരസ്വതീനദീതീരത്ത വസിച്ചു- പിന്നീട ഗംഗാതീരത്തെക്കുപ്രവെശിച്ചു ഒടുവിൽ ഹിമവാൻപൎവതത്തിനും വിന്ധ്യാപൎവതത്തിനും ഇടക്കുള്ള കീൎത്തിപ്പെട്ട ആൎയ്യാവൎത്ത എന്നസ്ഥലത്ത സ്ഥിരമായി വസിക്കയും അവിടെ പാൎപ്പുണ്ടായിരുന്ന അപരിഷ്കൃതജനങ്ങളെ ജയിക്കയും ചെയ്തു-

൬- അന്ന അവൎക്ക ജാതിഭെദം ഇല്ലാതിരുന്നു- അവരുടെഇടയിൽവളരെപെര പ്രാപഞ്ചികമായമായകൊണ്ട ഉണ്ടാവുന്ന മഹാമൊഹങ്ങളെ ഒക്കെകളഞ്ഞ ആത്മജ്ഞാനംകൊണ്ടും തപശ്ശക്തികൊണ്ടും മഹൎഷിമാരായിചമഞ്ഞു ഈ മഹൎഷിമാരാൽ അനെകകാലംകൊണ്ടു ഋക്ക- യജുസ്സ- സാമം- അഥൎവണം- ഇങ്ങനെനാലുവെദങ്ങളും ആയുസ്സ- ഗാന്ധൎവം- ധനുസ്സ- ശില്പം ഇങ്ങനെനാലുഉപവെദങ്ങളും ശിക്ഷ- ഛന്ദസ്സ- വ്യാകരണം- നിരുക്തം- കല്പം- ജ്യോതിഷം ഇങ്ങനെ ആറ വെദാംഗങ്ങളും പുരാണം- ന്യായശാസ്ത്രം- മീമാംസ ശാസ്ത്രം- ധൎമ്മശാസ്ത്രം- ഇങ്ങനെ നാലുഉപാംഗങ്ങളും ചമയ്ക്കപ്പെട്ടു ഇങ്ങനെഉള്ള അഭ്യാസംകൊണ്ട ആൎയ്യന്മാരആത്രയും വളരെ പണ്ഡിതന്മാരായും ശ്രെഷ്ഠന്മാരായും തീൎന്നു-

൭- ആൎയ്യന്മാൎക്ക ഈ ഉന്നതസ്ഥിതിയെ പ്രാപിക്കുന്നതിന ഹെതുഭൂതമായിരുന്നസംസ്കൃതഭാഷയുടെ ചരിത്രംമലയാളത്തിൽ തയ്യാറാക്കുന്നത ഇതിനൊടുകൂടി ചെൎത്താൽ പുസ്തകം വലുതായിപൊകുമെന്ന വിചാരിച്ചു അതിനെപ്രത്യെകം അച്ചടിപ്പിച്ചു പ്രസിദ്ധം ചെയ്യുന്നതിന നിശ്ചയിച്ചിരിക്കുന്നതിനാൽ ഇവിടെ ചുരുക്കുന്നു-

൮ ആൎയ്യന്മാരുടെസംസ്കൃതഭാഷയിൽനിന്നും പ്രാകൃതഭാഷഉണ്ടാകയും അതിൽനിന്നും ഇപ്പൊഴഉത്തരരാജ്യങ്ങളിൽ നടപ്പുള്ളബംഗാളി പഞ്ചാബി ഹിൻഡിമുതലായ ഭാഷകൾ ഉണ്ടായിരിക്കയും ചെയ്തിരിക്കുന്നു

ൻ ആൎയ്യൻ എന്നപദത്തിന്റെ അൎത്ഥം ശ്രെഷ്ഠൻ എന്നാകുന്നു അവരുടെ യൊഗ്യത നിമിത്തം അവൎക്ക ശ്രെഷ്ഠത ഉണ്ടായി അവര വെദമന്ത്രശ്രുതിസ്മൃതി കൎത്താക്കന്മാരാകയാൽ അവരെ ആൎയ്യബ്രാഹ്മണരെന്നും അവൎക്ക മുമ്പെ ഈ ദെശങ്ങളിൽ പാൎത്തുവരുന്നവരെ മ്ലെച്ശന്മാരെന്നും വിളിച്ചു വന്നു- മ്ലെഛശബ്ദത്തിന്റെ ധാത്വൎത്ഥം അത എന്തെന്നാൽ എന്നാകുന്നു- മ്ലിച, മ്ലിച, എന്നനാം സംസാരിക്കകൊണ്ട എന്തുപറയുന്നുവെന്ന ആൎയ്യന്മാൎക്ക മനസ്സിലാകാതെ സംസാരിച്ചവൎക്ക മ്ലെഛന്മാര അല്ലെങ്കിൽ മ്ലിച, മ്ലിച, (കാശപിശ) പറയുന്നവരെന്ന പെരുകൊടുത്തു- ഇങ്ങനെ ആദ്യം രണ്ടുജാതിയുണ്ടായി- അതിൽനിന്നും പിന്നീടുള്ളവരവരുടെ ജൊലി നിമിത്തം ബ്രാഹ്മണ, ക്ഷത്രിയ, വൈശ്യ, ശൂദ്രന്മാരായ ചാതുൎവ്വൎണ്ണ്യമുണ്ടായ:- ആൎയ്യന്മാര വളരെ ബുദ്ധിമാന്മാരും പഠിത്വം ഉള്ളവരുമായിരുന്നതിനാൽ ദെശത്തെ അനെകരാജ്യങ്ങളായി പകുത്തു ഓരൊനെതാക്കന്മാരാൽ അവയെഭരിക്കപ്പെട്ടു- ഇങ്ങനെഅനെകം ഏതദ്ദെശീക രാജാക്കന്മാര പൂൎവ്വകാലത്തെ ഇൻഡ്യായിൽഉണ്ടായി.

൧൦ ഈ കാലത്തിനിടക്ക തെക്കെഇൻഡ്യായിൽ പാൎത്തിരുന്ന ദ്രാവിഡന്മാര ആദ്യം ഒരുജാതിയായിരുന്നതു പൊയി എന്നു വിന്ധ്യപൎവ്വതവും ഒറിസയും മുതൽ കന്യാകുമാരിവരെ അവര ചിതറപ്പെട്ടിരുന്നതിനാൽ കാലക്രമത്തിൽദെശാചാരവ്യത്യാസങ്ങളാൽകൊണ്ടു പലവകക്കാരായി വെൎതിരിക്കപ്പെട്ടു- തല്ക്കാരണാൽപൂൎവ്വകാലത്തിൽ ഒന്നായിരുന്നദ്രാവിഡ ഭാഷ പലഉപഭാഷകളായി പിരിഞ്ഞു- അതിൽ തെക്കൊട്ടാറത്തുനടപ്പുണ്ടായിരുന്നതു തമിഴഭാഷയാകുന്നു-

൧൧ സംസ്കൃതം ഭൂലൊകത്തിൽ ഉള്ള എല്ലാഭാഷകളിലും വെച്ചു ശ്രെഷ്ഠമായിട്ടുള്ള ഒരുഭാഷയാകുന്നു എന്നുള്ളത നിൎവ്വിവാദമായിട്ടുള്ളതാകുന്നു അങ്ങനെയുള്ള ഭാഷ ഉപയൊഗിക്കുന്ന ആൎയ്യന്മാര ഉത്തരദിക്കിൽനിന്നും ദക്ഷിണദിക്കിലെക്ക പ്രവെശിക്കയാൽ ദ്രാവിഡന്മാൎക്ക അധികം പരിഷ്കാരത്തിന ഇടവന്നതായികാണുന്നു-

൧൨ ആൎയ്യന്മാര കാവെരി താമ്രപൎണ്ണി മുതലായനദീതീരങ്ങളിലുള്ള വിളവുള്ളഭൂമികളുടെ വൎത്തമാനംകെട്ടിട്ടൊ ശ്രീ

രാമവൃത്താന്തം വിചാരിച്ചാ രാമെശ്വരത്ത അദ്ദെഹം പ്രതിഷ്ഠിച്ചിരിക്കുന്ന ശിവലിംഗംഹെതുവായിട്ടാ ആ ദ്യതെക്കൊട്ടുകടന്നതെന്നാ ശാസ്ത്രജ്ഞന്മാര അഭിപ്രായപ്പെ ടുന്നു

൨൨ ഇങ്ങനെവന്നതിൽ ഒന്നാമനും മുഖ്യനും അഗസ്ത്യ മഹര്ഷിആകുന്നു- ഇദ്ദെഹംകാരണം തമിഴഭാഷാ ഉന്നതിയെപ്രാപിച്ചു- ഇപ്പൊഠ ഉപയൊഗിച്ചുവരുന്ന തമിഴക്ഷരവും തമിഴവ്യാകരണം മുതലായതും അദ്ദെഹത്തിംപക്കൽ നിന്നും ഉണ്ടായിട്ടുള്ളതാണെന്നും അദ്ദെഹം ആദ്യം പാണ്ഡ്യരാജാവായ കുലശെഖരന്റെ രാജ്യത്തുവന്നു ആരാജധാനിയിൽ താമസിച്ചു തമിഴക്കു രസവാദം തച്ചുശാസ്ത്രം ജ്യൊതിഷശാസ്ത്രം മുതലായ ശാസ്ത്രങ്ങഠ അഭ്യസിപ്പിച്ചിട്ടുള്ളതായും അറിയുന്നു-

൨൩ ഇതുവരെ പ്രസ്ഥാപിച്ചിട്ടുള്ളതും ഇനിമെൽപ്രസ്ഥാപിക്കുന്നതും ആയ ഇങ്ക്ലീഷുശാസ്ത്രജ്ഞന്മാരുടെ അഭിപ്രായങ്ങഠ നമ്മുടെപുരാണങ്ങഠക്കു വിരുദ്ധമാണെംകിലും യുക്തിക്കു അനുസരണമായി കാണുന്നതിനാൽ അവയെസ്വീകരിച്ചിരിക്കുന്നാഎന്നു ഇതിനുമുമ്പിൽതന്നെ സൂചിപ്പിച്ചിട്ടും ഉണ്ട-

൨൪ ഒരുകാലത്തു ദ്രാവിഡന്മാര കുറെപരിഷ്കാരസ്ഥിതിയെപ്രാപിച്ചു- ഒരുപരിഷ്കാരം ആദ്യംആരംഭിച്ചത തമിഴദെശത്തുതന്നെയാകുന്നു തമിഴരാജ്യം അന്നുപ്രധാനമായി മൂന്നായിവിഭാഗിക്കപ്പെട്ടിരുന്നു-

ഒന്നാമത- പാണ്ഡ്യരാജ്യം- മധുരക്കുതെക്കും സഹ്യപര്വ്വതത്തിനുകിഴക്കും കന്യാകുമാരിവരെ-

രണ്ടാമത്തു- ചൊളദെശം- ഇതുകാവെരി നദീതടത്തിലായിരുന്നു- ആദ്യംഇപ്പൊഴത്തെ തഞ്ചാവൂരും തിരുച്ചിനാപ്പള്ളിയും ജില്ലകഠ ഉഠപ്പെട്ടിരിക്കയും- പിന്നീടുക്രമെണ കൃഷ്ണാനദിവരെ എത്തിയിരിക്കയുംചെയ്തിരുന്നു-

മൂന്നാമത- ചെര അല്ലെംകിൽ കെരളരാജ്യം- ഇതിൽ ഇപ്പൊഴത്തെ കൊയംപുത്തൂർ- സെലംജില്ലകളും മൈസൂർ രാജ്യത്തിന്റെ കുറെഅംശവും സഹ്യപര്വ്വതത്തിനു പടിഞ്ഞാറ

[illegible]ത്തുഗോകർണ്ണം മുതൽ കന്യാകുമാരിവരെയുള്ള രാജ്യവും [illegible]പ്പെട്ടിരുന്നു

[illegible]ന്ന പാണ്ഡ്യൻ, ചോളൻ, ചേരൻ, അല്ലെങ്കിൽ കേ[illegible]രളരാജാക്കന്മാര സഹോദരന്മാരായിരുന്നു വെന്നും അ[illegible]വര തെക്ക താമ്രപർണ്ണിതീരത്തിൽ കൊൎക്കി എന്ന [illegible]ത്ത ഒന്നിച്ചുവസിച്ചിരുന്നു വെന്നും ഒടുവിൽപിരിഞ്ഞു [illegible]ൻ അവിടെതന്നെ പാൎത്തുരാജ്യഭരണം ചെയ്കയും [illegible]ൻ അതിന്നുവടക്കും ചേരൻ അതിന്നുപടിഞ്ഞാറും പൊയി രാജധാനികൾ സ്ഥാപിച്ചു രാജ്യഭരണംചെയ്കയും ചെയ്തു എന്നും ചിലഗ്രന്ഥങ്ങളിൽകാണുന്നു- ഹരിവംശം മുതലായ പുരാണങ്ങളിൽ ഇവരുമൂവരും സോമവംശ ക്ഷത്രിയരാജാവായിരുന്ന യയാതിയിൽനിന്നുംഉത്ഭവിച്ചിട്ടുള്ള തുൎവസുവിന്റെ മക്കളാണെന്നുകാണുന്നു- ഇത ഏകദേശം കൃതയുഗംഒടുവിൽ ആയിരിക്കാമെന്നുതോന്നുന്നു-

൨൰ ഈ മൂന്നു രാജ്യങ്ങളിലെയും ഭാഷ ദ്രാവിഡഭാഷകളിൽവച്ചു അധികംപരിഷ്കാരപ്പെട്ടിട്ടുള്ള തമിഴായിരുന്നു അതിനാൽ ഇപ്പോഴും ദ്രാവിഡഭാഷയെന്നു പറഞ്ഞാൽ തമിഴെന്നു ചിലർ അൎത്ഥമാക്കുന്നു അതതെററാണ-ദ്രാവിഡഭാഷാവംശത്തിൽ ജനിച്ചതായി അനേക ഭാഷകൾഉണ്ട- അതിൽമുഖ്യം തമിൾ, മലയാളം, തെലുങ്കു, കന്നടം, തുളു, കുടക, ഇവയാകുന്നു- ഇതുകൂടാതെ അപ്രധാനങ്ങളായി അപരിഷ്കൃതസ്ഥിതിയിൽ ചിലഉപഭാഷകളും ഉണ്ട-

൨൰൧ കൃതയുഗം ഒടുവിൽ ചേരരാജ്യത്തിന്റെ ഒരുഭാഗമായ കന്യാകുമാരിമുതൽ ഗോകർണ്ണംവരെ സഹ്യപൎവതത്തിന്നുപടിഞ്ഞാറുള്ള രാജ്യങ്ങൾ ഏതൊകാരണവശാൽ സമുദ്രത്തിൽമുങ്ങിപ്പോയതായും ത്രേതായുഗമദ്ധ്യത്തിൽ ശ്രീ പരശുരാമനാൽ വീണ്ടെടുക്കപ്പെട്ടു എന്നും പുരാണങ്ങളിൽപറയുന്നു-

൨൰൨ ഇങ്ങിനെസമുദ്രത്തിൽമുങ്ങി വീണ്ടെടുക്കപ്പെട്ട രാജ്യത്തിനെ കേരളമെന്നും ശേഷംഭാഗങ്ങളെ ചേരരാജ്യമെന്നും അന്നുമുതൽപറഞ്ഞുവരുന്നു- പരമാൎത്ഥത്തിൽ കേരളവും ചേരരാജ്യവും ഒന്നുതന്നെയാകുന്നു പശ്ചിമപൎവതത്തിന്നു പടിഞ്ഞാറുള്ള രാജ്യംകേരളമെന്നും ശേഷംചേര രാജ്യം എന്നും വ്യത്യാസപ്പെടുത്തി പറയപ്പെട്ടു-

൨൦ കെരളം സമുദ്രത്തിൽ മുങ്ങിയിരുന്നുഎന്നുള്ള പുരാണപ്രസിദ്ധിക്കു അനുസരണയായി ലക്ഷ്യങ്ങൾവളരെ ഉള്ളതിനാൽ ശാസ്ത്രജ്ഞന്മാര അതിനെസമ്മതിച്ചിരിക്കുന്നു- എന്നാൽ രണ്ടാമത്തു കെരളം പരശുരാമനാൽ വീണ്ടെടുക്കപ്പെട്ടുവെന്നുള്ള ഭാഗം യുക്തിക്കഅനുസരണയായിരിക്കാഴികയാൽ അവർ അതിനെ സമ്മതിക്കുന്നില്ലാ-

൨൧ പരശുരാമൻ എന്ന ഒരുബ്രാഹ്മണൻ ബാഹുശക്തിമാനായി ഉണ്ടായിരുന്നുവെന്നും പലരാജാക്കന്മാരെയും അദ്ദെഹം ജയിച്ചു കെരളത്തെയും സ്വാധീനപ്പെടുത്തിയിരുന്നു എന്നും കെരളരാജ്യം ഒടുവിൽബ്രാഹ്മണരെത്തന്നെ എല്പിച്ചതായും മററും പുരാണങ്ങളും ഘൊഷിക്കുന്നു- പരശുരാമൻെറകഥ പൂൎണ്ണമായിപറയുംപൊൾ അതിമാനുഷങ്ങളാകിയ അനെകകൎമ്മങ്ങൾ അദ്ദെഹംചെയ്തതായി വിശ്വസിക്കെണ്ടിവരുന്നതും അപ്പൊൾ അത മതസംബന്ധമായി പൊകുന്നതുമാകകൊണ്ടു ഇവിടെചെൎക്കുന്നതിനു അൎഹത ഇല്ലെന്നുകരുതി അതുഉപെക്ഷിച്ചിരിക്കുന്നു-

൨൨ പുരാണപ്രകാരം കെരളത്തിൻെറ ഉല്പത്തിയും ആൎയ്യബ്രാഹ്മണരുടെ വരവും താഴെപറയുന്നതുപൊലെ ആകുന്നു- ശ്രീപരശുരാമൻ ത്രെതായുഗത്തിൽ മാതൃപ്രീതിക്കായികൊണ്ടു ൨൧ ആവൎത്തിക്ഷത്രിയരാജാക്കന്മാരെനിഗ്രഹിച്ചതുമൂലം സംഭവിച്ച വീരഹത്യാദിപാപങ്ങളുടെ നിവൃത്തിക്കായി ഭൂമി ഒക്കയുംബ്രാഹ്മണൎക്കു ദാനംചെയ്തു നിമിത്തം തൻെറ വാസത്തിനായികൊണ്ടു വരുണപ്രസാദത്താൽകന്യാകുമാരിമുതൽഗൊകൎണ്ണംകവരെനൂറുയൊജനനീളവും ൧൦യൊജനവീതിയും ഉള്ളഃഈകെരളഭൂമിയെ സ്വീകരിച്ചു എന്നും അതിൽ പാൎക്കുന്നതിനായി പരദെശത്തുനിന്നും ബ്രാഹ്മണരെ കൊണ്ടുവന്നതിൻെറ ശെഷം സൎപ്പഭീതികൊണ്ടു അവരുമടങ്ങിപ്പൊയതായും പിന്നീടു ആൎയ്യപുരത്തു ചെന്നു ആൎയ്യബ്രാഹ്മണരെ കൊണ്ടുവന്നുകെരളത്തെ ൬൪ ഗ്രാമമായി പകുത്തു അവൎക്കു ദാനം ചെയ്തായുംഅതുകൂടാതെ പരദെശത്തുനിന്നു വളരെശൂദ്രരെയും കൊണ്ടുവന്നു പാൎപ്പിച്ചുഎന്നും അവരഇനിയും സ്വദെശത്തുപൊകാതെയിരിക്കുന്നതിനുവെണ്ടി അവരുടെ ആചാരവും വെഷവും മാററി പൂൎവ്വശിഖിയുംവെച്ചു എന്നും അന്നുമുതൽ മല

യാളികളും മലയാളഭാഷയും ഉത്ഭവിച്ചു എന്നും കാണുന്നു-

൨൩ ഇൻഗ്ലീഷു ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായത്തിൽ ഭൂമിയുടെ അന്തഭാഗത്തിംകൽ ഉള്ള അഗ്നിസംബന്ധമായ ഒരു ശക്തി കൊണ്ടു ഭൂകമ്പം ഉണ്ടായി ചെരരാജാവിന്റെ രാജ്യത്തിൽ ഒരംശമായ കെരളം സമുദ്രത്തിന്റെ അടിയിൽ താണുപൊയിഎന്നും അതുപിന്നീടു അതുപൊലെ ഒരു ശക്തിയാൽ ഉയൎത്തപ്പെട്ടുഎന്നും ആ വിവരം അറിഞ്ഞു സ്വദെശങ്ങളായിട്ടുള്ള ആളുകൾ അവിടെ പാൎക്കാനായിട്ടു പാലക്കാട്ടുവഴി വന്നതിന്റെ ശെഷം ചെളി പ്രദെശമായും സൎപ്പങ്ങളുടെ ഉപദ്രവം അധികം ഉള്ളതായും കണ്ടു തിരിയെപൊയി എന്നു പിന്നീടു ആൎയ്യബ്രാഹ്മണരിൽ കുറെപെരു പരശുരാമൻ പ്രധാനിയായി അഗസ്ത്യമഹൎഷി ദ്രാവിഡദിക്കിൽവന്നതുപൊലെ ദക്ഷിണദിക്കിൽ സഞ്ചരിക്കുന്നസമയം ഇങ്ങനെ ഒരുരാജ്യം ആളുപാൎപ്പില്ലാതെ കിടപ്പുണ്ടെന്നുള്ള വൃത്താന്തം കെട്ടിട്ടു അവിടെ എത്തിരാജ്യത്തെ ൬൪ ഗ്രാമമായി ഭാഗംചെയ്തു വസിച്ചിട്ടുള്ളതാണെന്നും ഇങ്ങനെ ആൎയ്യബ്രാഹ്മണരുപാൎത്തു വരുന്നവിവരം ചെരരാജ്യത്തുള്ള തമിഴര അറിഞ്ഞുഅവരിൽ വളരെപെരും അവിടെ പൊയി പാൎത്തുവന്നു എന്നും ഇങ്ങനെ ജനബാഹുല്യം ഉണ്ടായസമയം പൂൎവ്വകാലത്തിലെ ഉടയക്കാരനായ ചെരരാജാവു തന്റെ സഹൊദരന്മാരെ കെരളത്തിൽ അയച്ചു രാജ്യംരക്ഷിച്ചു വന്നതായും ആൎയ്യന്മാരുടെ ഭാഷസംസ്കൃതവും തമിഴരുടെ ഭാഷ തമിഴും ആയിരുന്നു എന്നും പറയുന്നു-

൨൪ പുരാണവും ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായവും കൂടിനൊക്കുംപൊൾ തങ്ങളിൽ ഒന്നൊചില യൊജിപ്പു കാണുന്നുണ്ട- അതിന്റെരഹസ്യം എങ്ങനെഎന്നും തെളിവു അധികം ഏതുഭാഗത്തിലെക്കഎന്നും അറിയെണ്ടത ദെശചരിത്രക്കാരന്റെ ജൊലിയാകുന്നു- ആൎയ്യബ്രാഹ്മണരുടെ ഭാഷ സംസ്കൃതമായിരുന്നുഎന്നും ശൂദ്രരുടെഭാഷതമിഴായിരുന്നു എന്നും ഇരുഭാഗക്കാരരും സമ്മതിച്ചിരിക്കുന്നു- പുതുതായ ഭൂമി ഭാഷ ശ്രീപരശുരാമൻ ബ്രഹ്മാവിനൊട അപെക്ഷിക്കുന്നതിൽ ബ്രഹ്മാവു സരസ്വതിദെവിയെ കൊണ്ട ഒരു കെരള

സിംഹളക്ക കൊച്ചിച്ചാ എന്നു പറയുന്നതു തമിഴിൽനിന്നും സംസ്കൃതവും കൂടികലൎന്നു ഉത്ഭവിച്ചിട്ടുള്ള ൟ മലയാളഭാഷയാകുന്നു- രണ്ടുഭാഷസംസാരിക്കുന്ന രണ്ടുകൂട്ടംജാതിക്കാർ ഒന്നിച്ചു അവരുടെസ്വദെശങ്ങളിൽനിന്നു വലിയപൎവ്വതങ്ങളാലൊ സമുദ്രത്താലൊ അനെകായിരം നാഴിക ദൂരംകൊണ്ടൊ വെർ പിരിക്കപ്പെട്ടിട്ടുള്ള ഒരുസ്ഥലത്തു പാൎക്കയും അതിൽ ഒരുഭാഷാസംസാരിക്കുന്നവര കുറവായിരിക്കയും ചെയ്താൽ കാലക്രമംകൊണ്ടു അധികംആളുകൾസംസാരിക്കുന്നഭാഷ പ്രാബല്യസ്ഥിതിയെ പ്രാപിക്കുന്നതു യുക്തിക്കും അനുഭവത്തിനും ഒത്തിരിക്കുന്നതാണെല്ലൊ- അതുപൊലെ കെരളത്തിൽസംസ്കൃതംസംസാരിക്കുന്നആൎയ്യബ്രാഹ്മണരു കുറവായുംതമിഴസംസാരിക്കുന്ന ശൂദ്രരു അധികമായും ഉണ്ടായിരുന്നതു കൊണ്ടും സഹ്യപൎവ്വത പംക്തികൾ അവരെ സ്വദെശങ്ങളിൽ നിന്നും വെർപിരിക്കപ്പെട്ടിരിക്കുന്നതുകൊണ്ടും കാലക്രമംകൊണ്ടു തമിഴിൽനിന്നും മലയാളഭാഷ ഉത്ഭവിച്ചു അതിനൊടു കൂടിയുള്ളര സംസ്കൃത ശബ്ദങ്ങളും മററന്യ ഭാഷാ പദങ്ങളും ചെൎന്നു മൂലഭാഷയായ തമിഴിൽ നിന്നും വളരെ വ്യത്യാസപ്പെട്ടിരിക്കുന്നു-

൧൦- ചിലസംസ്കൃതപണ്ഡിതന്മാരു മലയാളഭാഷയുടെ മാതൃഭാവം വഹിച്ചിരിക്കുന്നത തമിഴ എന്നും പിതൃഭാവംവഹിച്ചിരിക്കുന്നത സംസ്കൃതം എന്നും ചിലര മലയാളഭാഷ സംസ്കൃതത്തിൽ നിന്നും ഉണ്ടായ ഒരു പ്രാകൃതഭാഷയാകുന്നു എന്നും ചിലര അതിനെ ഒരു ഭാഷയുടെ ശൈശവത്തിൽ ചെൎത്തുകൂടാ എന്നും വിചാരിച്ചിരിക്കുന്നു- ൟ അഭിപ്രായങ്ങൾ ഒക്കെ തെററാകുന്നു- മലയാളഭാഷയുടെമാതൃസ്ഥാനം വഹിച്ചിരിക്കുന്നത തമിഴതന്നെ- അതനിസ്സംശയമാകുന്നു- എന്നാൽ മലയാളം അന്യസംസൎഗ്ഗം കൊണ്ടും മററും പ്രാപ്തിയായി യൌവനം വന്നസമയം അതിനും തമിഴിനും തങ്ങളിൽഉള്ള സംബന്ധം സഹൊദരീത്വമായി തീൎന്നിരിക്കുന്നു- സംസ്കൃതത്തിനും മലയാളത്തിനും തങ്ങളിൽ സംയൊഗംകൊണ്ടു ഉണ്ടായിട്ടുള്ള സംബന്ധം അല്ലാതെ മറെറാന്നുംഇല്ലാ- മലയാളഭാഷ അതിന്റെമാതാവായ തമിഴിനു സഹൊദരിയായി എന്നു പറവാൻ തക്കമാഹാത്മ്യം ഉണ്ടാക്കിത്തീൎന്നത മുഖ്യമായിട്ടു സംസ്കൃ

ത്വം മററചിലഭാഷകളും കൂടിചെൎന്നുള്ളസംയൊഗം തന്നെ ആകുന്നു· മററ ചിലഭാഷകൾഎന്നുപറയുന്നത തെലുംഗു ക ന്നടം തുളു ഹിന്തുസ്ഥാനി അറബി പൎഷ്യൻ പൊൎത്തുഗീസ്സ സിറിയൻ ഇംഗ്ലീഷ മുതലായഭാഷകൾ ആകുന്നു- ഇതിൽ പ്രാചീനമായിട്ട മലയാളത്തൊട സംബന്ധം സംസ്കൃതത്തി ന്നായിരുന്നു- അതിനാൽ സംസ്കൃതവാക്കുകൾ മലയാളത്തി ൽ അധികം ചെൎന്നിട്ടുണ്ട- ഇതിനെ പററിമെൽ വിസ്താരമാ യി പ്രസ്താവിക്കും-

൨൬- ആദികാലങ്ങളിൽ ആൎയ്യാവൎത്തത്തിൽ നിന്നു വന്നആൎയ്യബ്രാഹ്മണരും ദ്രാവിഡദെശമായപാണ്ടിയിൽനിന്നു വന്ന ശൂദ്രരും തമ്മിൽചെൎന്നുള്ള വാസംകൊണ്ട സംസ്കൃതദ്രാ വിഡഭാഷകൾ കൂടിചെൎന്ന ഉണ്ടായമലയാളത്തിൽ നടപ്പാ യിരിക്കുന്ന ചിലവാക്കുകളുടെഅൎത്ഥം നൊക്കുംപൊൾ വിശ്വാ സയൊഗ്യങ്ങളായ ചിലചരിത്രങ്ങൾ മുഴവനും ലക്ഷ്യപ്പെടു ന്നു- എങ്ങിനെഎന്നാൽ- കിഴക്ക- മെൽക്ക- ൟ രണ്ടുശബ്ദ ങ്ങളും ഇപ്പൊൾ മലയാളത്തിൽ പൂൎവപശ്ചിമദിക്കുകൾക്ക പ കരം ഉപയൊഗിച്ചു വരുന്നു- ഇവ പാണ്ടിയിൽ ഉത്ഭവിച്ചിട്ടു ള്ളതാണെന്ന സ്പഷ്ടമാകുന്നു- കീഴ- കിഴക്ക- കീഴ്പ്പൊട്ട എന്നവ യുടെയും മെൽ- മെക്ക- മെൽക്ക- മെല്പൊട്ട എന്നാവയുടെ യും അൎത്ഥങ്ങൾവിചാരിച്ചുനൊക്കണം- പാണ്ടിയിൽ കിഴക്ക ൻ പ്രദെശം സമുദ്രതീരമായിരിക്കുന്നതിനാലും പടിഞ്ഞാറമ ലം പ്രദെശമായിരിക്കുന്നതിനാലും കിഴക്ക താണും മെൽക്കുഉ യൎന്നും ഇരിക്കയാൽ ആ പെരുകൾ സാൎത്ഥങ്ങളാകുന്നു- അവ യെന്നും ഇപ്പൊൾനെരെ വിപരീതാൎത്ഥം ഉള്ളരാജ്യത്തിൽ പൂ ൎവാൎത്ഥത്തിൽതന്നെ ഉപയൊഗിച്ചുവരുന്നു- ഇതും മററ ഇതു പൊലെ അനെകം ഉദാഹരണങ്ങളും ഉള്ളതുകൊണ്ട മലയാ ളികൾ തമിഴരായിരുന്നു എന്നും പാലക്കാട്ടുശെരി വഴിയൊ ആറാംവഴികൊട്ടമാൎഗ്ഗമൊ മുൻപിൽമലയാളത്തിൽ വ്യാപി ച്ചിട്ടുള്ളവരാകുന്നു എന്നു പറയുന്നത ശരിയായിരിക്കണമെ ന്നും നിശ്ചയിക്കാം-

൨൭· മലയാളം തമിഴിൽ നിന്നും ഉത്ഭവിച്ചിട്ടുള്ളതാക ന്നു എന്നു മെലെഴുതിയ കാരണങ്ങളാൽസ്പഷ്ടമാകുന്നു- ൟ ഭാഷ സഹ്യപൎവതത്തിനു പടിഞ്ഞാറവശത്ത വടക്കെഗൊക

പുരത്തിനസമീപമായ ചന്ദ്രഗിരിവരെയും തെക്കതിരുവനന്ത പുരംവരെയും ശുദ്ധമായിട്ടും തിരുവനന്തപുരത്തിന തെക്കു തമിഴിനൊടു അധികംകലൎന്നും മംഗലപുരത്തിന വടക്കു കന്നടം തുളു ഈ രണ്ടു ഭാഷകളൊടു കലൎന്നും ൩൨ ലക്ഷം ജനങ്ങൾസംസാരിച്ചുവരുന്ന ഇപ്പൊഴത്തെ തമിഴിൽനിന്നും ഉള്ള പ്രധാന വ്യത്യാസങ്ങൾ താഴെ പറയുന്നു-

൧ാമത അതിൽ സംസ്കൃതവാക്കുകൾ അധികം ചെൎന്നിട്ടുണ്ടു-ചിലതതത്ഭവങ്ങളായും ചിലതശുദ്ധമായും ചിലതംരംഷൽ അവഭ്രംശമായും നടക്കുന്നു-

൨ാമത ക്രിയകളിൽ പുരുഷപ്രത്യയം ചെൎത്തു ഉപയൊഗിക്കുന്നില്ലാ എന്നാൽ കവിതകളിൽ അതില്ലന്നില്ലാ-

൩ാമത- തമിഴിൽ ഇല്ലാത്ത ൩൫ അക്ഷരം മലയാളത്തിൽ ഉപയൊഗിച്ചു വരുന്നു-

൪ാമത ഭാഷാരീതി തമിഴനുസരിച്ചുതന്നെഎങ്കിലും ഉച്ചാരണത്തിന സംസ്കൃതത്തൊടു അധികംചെൎച്ച ഉണ്ടായിരിക്കുന്നു-

൫ാമത- ഭാഷാരീതിയും സാധാരണ സംസാരിച്ചുവരുന്നവാക്കുകളിൽ മുഖ്യാംശങ്ങളും തമിഴ വഴിക്കാകുന്നു എന്നറിവുള്ള മലയാളികൾ ഇപ്പൊൾ അധികംപെരുണ്ടെന്നു പറവാൻ സംഗതിയില്ലാ-

൬ാമത- മുമ്പിൽമലയാളംഎഴുതിവന്നതും തമിഴിൽനിന്നും ഉണ്ടായതും തെക്കൻദിക്കിൽ മലയാണ്മ എന്നു പറഞ്ഞുവരുന്നതും ആയ വെട്ടെഴുത്ത ഇപ്പൊൾ നടപ്പില്ലാ- എന്നാൽ ചിലപഴയ ആധാരപ്രമാണങ്ങൾ ഇതിൽ തന്നെ എഴുതികാണുന്നു-

൭ാമത- ഇപ്പൊൾ മലയാളംഎഴുതിവരുന്നത ആൎയ്യഎഴുത്തിലാകുന്നു- അതതമിഴദെശങ്ങളിൽ സംസ്കൃതം എഴുതുന്ന ഗ്രന്ഥാക്ഷരത്തിൽനിന്നും ഉത്ഭവിച്ചിട്ടുള്ളതാകുന്നു-

൮- അസംഖ്യം സംസ്കൃതപദങ്ങൾ ദ്രാവിഡഭാഷകളിൽ നടപ്പായിരിക്കുന്നതിനാൽ സംസ്കൃതംതന്നെ ദ്രാവിഡഭാഷകൾക്കെല്ലാംആദികാരണമെന്നു സംസ്കൃത പക്ഷപാതികളായ ചില അല്പജ്ഞന്മാർവ്യവഹരിക്കുന്നുണ്ടെങ്കിലുംഅതിലുള്ളമൎ

ദൃശ്യം വിശേഷജ്ഞന്മാൎക്കുപ്രത്യക്ഷമാകയാൽ ഇവിടെ ആഭാഗങ്ങളെ വിവരിപ്പാൻവെണ്ടി സമയം വ്യൎത്ഥമാക്കുന്നില്ല-

ദ്രാവിഡഭാഷകൾക്കും സംസ്കൃതത്തിനും ദൂരസംബന്ധം ഉണ്ടായിരിക്കാം അതുപൊലെ സംബന്ധംഭൂലോകത്തിലുള്ള എല്ലാഭാഷകൾക്കും തമ്മിലുണ്ടു- ദ്രാവിഡം പ്രത്യെകം ഒരു വൎഗ്ഗത്തിൽ ചെൎന്നതാകുന്നു-

൨൯- മലയാളം എന്നശബ്ദം ആദ്യം ഉപയോഗിച്ചത തമിഴിലാകുന്നു- അതിൽനിന്നും ആഭൂമിയിൽ നടപ്പുവന്നഭാഷക്കും ആപെരലഭിച്ചു- ശബ്ദാൎത്ഥം ചിലരുടെ അഭിപ്രായത്തിൽ മലകളും ആഴികളും ഇടക്കുള്ള ഭൂമിയാകകൊണ്ടും ഴകാരം ളകാരം സംസ്കൃതത്തിൽ വ്യത്യാസമില്ലാത്തതകൊണ്ടും മലയാളം എന്നു പറയുന്നു എന്നും ചിലര കുന്നും കുഴിയുമായിട്ടുള്ള രാജ്യമാകകൊണ്ടു ഈപെര ഉപയൊഗിക്കുന്നു എന്നും പറയുന്നു- പണ്ഡിതനായ ഒരുപാതിരിയുടെ അഭിപ്രായം മലംപ്രദെശമായ ഒരുരാജ്യം എന്നുമാത്രം ആപദത്തിന്റെ അൎത്ഥമെന്നാകുന്നു-

൩൦ മലയാള ഭാഷയുടെ മാതൃസ്ഥാനംവഹിച്ചിരിക്കുന്ന തമിഴിന്റെ ചരിത്രം അറിഞ്ഞിരിക്കെണ്ടത മലയാളികൾക്കു വളരെ ആവശ്യമാകുന്നു- അത ചുരുക്കമായി മലയാളത്തിൽ തയ്യാറാക്കുന്നത സംസ്കൃതഭാഷാ ചരിത്രത്തൊടു കൂടിചെൎത്തു അച്ചടിപ്പിക്കുന്നതിന്നു നിശ്ചയിച്ചിരിക്കുന്നു- അതുകൊണ്ടു ആഭാഗവും ഇവിടെ വിസ്തരിക്കുന്നില്ല- ക്രമെണപലവിദ്വാന്മാരുടെയുംപ്രയത്നത്താൽ സംസ്കൃതം തമിഴ മററു ചിലദ്രാവിഡഭാഷകൾ ഇവയിൽ ഗ്രന്ഥങ്ങൾ വൎദ്ധിച്ചുവന്നു-

൩൧ കെരളവാസികൾക്കു യാതൊരുസഹായവും അവരുടെ ഇടയിൽ സംസ്കൃതപണ്ഡിതന്മാരായ നംപൂരിമാരല്ലാതെ മററുവിദ്വാന്മാരും ഇല്ലാതിരുന്നതിനാൽ അവൎക്കുവിദ്യാഭ്യാസത്തിനും അതിൽനിന്നുണ്ടാകുന്ന ഗുണങ്ങൾക്കും സംഗതി വന്നില്ലെന്നു മാത്രമല്ല തമിഴിൽനിന്നും വെർപെട്ട മലയാളവും അനെകകാലം യാതൊരുപരിഷ്കാരവും കൂടാതിരുന്നു- നംപൂരിമാര പ്രത്യെകം ഒരുമലയാളക്ക വിദ്യാഭ്യാസം ഉണ്ടാകുന്നതിലെക്ക തടസ്ഥമായിരുന്നു ഓര ഗ്രാമവും ജന്മിമാരായ നംപൂരിമാരും അവരൊഴികെ ശെഷംപെരു ഒക്കയും ശൂദ്രരും

ആയിരുന്നു- ക്ഷത്രിയരായിട്ട അന്ന ചെരരാജ്യത്ത നിന്നും മലയാളം ഭരിക്കുന്നതിനായിട്ട വന്നിരുന്ന തിരുവിതാംകൊട്ട സംസ്ഥാനത്തെ രാജവംശംഅല്ലാതെ മററാരും മലയാളത്തിൽ ഉണ്ടായിരുന്നില്ലാ- നംപൂരിമാരിൽ ചിലരപരശ്രുരാമന്റെ അഭിപ്രായപ്രകാരം പാരമ്പൎയ്യമായി മന്ത്രവാദികളും ചിലരജ്യൊതിഷശാസ്ത്രക്കാററും ചിലര വൈദ്യന്മാരും ചിലര പൌരാണികന്മാരും ചിലരവൈദികന്മാരും ചിലരസ്മാൎത്തന്മാരും മററമായിഭവിച്ചു- അവരാൽ ആദികാലം മുതൽ തന്നെ വെദവെദാംഗൊപാംഗങ്ങളും ധൎമ്മശാസ്ത്രം ജ്യൊതിഷശാസ്ത്രം- വൈദ്യശാസ്ത്രം- കണക്കശാസ്ത്രം മുതലായശാസ്ത്രങ്ങളുംനല്ലതിന്മണ്ണം അഭ്യസിക്കപ്പെട്ടു- ഇതിൽപാരമ്പൎയ്യമായിട്ടൊരൊപ്രവൃത്തിക്ക നെമിച്ചവര അതാതവിദ്യയിൽ സമൎത്ഥന്മാരായി-

൩൭. ശൂദ്രജാതിക്ക വിദ്യാഭ്യാസം പാടില്ലന്ന ബ്രാഹ്മണരുടെ അഭിപ്രായം- നംപൂരിമാര ഒരോവകവിഷയങ്ങളിൽ പ്രത്യെകം ശ്രദ്ധവച്ചു സൂക്ഷിച്ചുവന്നു ബ്രാഹ്മണരായാൽ വെദംപഠിച്ചെതീരു എന്ന നിബന്ധമുണ്ടെങ്കിലും ചിലപ്പൊൾ എല്ലാരും വൈദികന്മാരായിരുന്നില്ലാ എങ്കിലും ശൂദ്രൎക്കുഅക്ഷരജ്ഞാനം അരുതെന്നുള്ള ശാസ്ത്രം അവര ബഹുപ്രബലമാക്കി വച്ചുകൊണ്ടുതന്നെ ഇരുന്നു-

൩൮. ആ കാലത്ത ശൂദ്രര കൃഷ്ണ- രാമ- ഗൊവിന്ദ- കെശവ- നാരായണ മുതലായപെരുകൾ ഉപയൊഗിക്കാതിരിക്കാൻ വെണ്ടി ഉണ്ണിണി- കുഞ്ചാളമ്പി- കുഞ്ചുമാടൻ- വള്ളി- തിരിത- ചക്കിമുതലായുള്ള നികൃഷ്ടപെരുകൾ ഇവരുടെ ഇടയിൽപ്രസിദ്ധമാക്കി- അന്നഅവര അത്രപെരും ജന്മിമാരും ശൂദ്രരകൊഴവന്മാരും ആയിരുന്നതിനാൽ ഒരൊപ്രവൃത്തിക്ക അവൎക്കവളരെഎളുപ്പംഉണ്ടായിരുന്നു- ഒരൊപെരുകൾ ഇപ്പഴംമൂഢന്മാരുടെ ഇടയിൽനടന്നുവരുന്നു- ശൂദ്രൎക്കുഉത്സിതങ്ങളായ പെരുകളെപാടെയുള്ളഎന്ന മനു വിധിച്ചിരിക്കുന്നതുകൊണ്ടാകുന്നു ഒരൊവകപ്പെരുകൾ നടപ്പായതെന്നു അവൎക്കുഒരുഅറിവുംഇല്ലാ-

൩൯. ഇങ്ങനെ നടന്നുവരുന്ന സമയം ചെരമാൻ പെരുമാളിൽനിന്ന ക്ഷെത്രിയര സാമന്തര മുതലായജാതികൾ മലയാളത്തിൽ അധികം വൎദ്ധിക്കുന്നതിനും നംപൂരിമാരത

ന്മാരൊരൊ ശ്രേഷ്ഠനിമിത്തവും മററും പരശുരാമന്റെ കല്പാടനുസരിച്ച അമ്പലവാസികളും മററും ആകുന്നതിനും ഇടയായതല്ലാതെ കെരളത്തിലെ സ്വവൃത്താന്തങ്ങൾ കെട്ട പലജാതികളും പരദെശത്തുനിന്നും മലയാളത്തുവന്നു പാൎപ്പായി- ഇങ്ങനെ നാനാ ജാതികളും അവൎക്കു പ്രവൃത്തികളും കാലക്ഷെപത്തിന്നമാൎഗ്ഗങ്ങളും ഉണ്ടായി-

൩. നമ്പൂരിമാൎക്കു ഇല്ലത്തിൽ ജ്യെഷ്ഠപുത്രനല്ലാതെ മററുള്ളവൎക്കു വിവാഹം പാടില്ലായ്കയാൽ അവർ ക്ഷത്രിയർ സാമന്തർ അമ്പലവാസി ശൂദ്രർ ഇതുജാതികളിലെ സ്ത്രീകൾക്ക സംബന്ധം തുടങ്ങി- അതിൽ ഉണ്ടാകുന്ന സന്തതികൾക്ക അവർ സംസ്കൃതം അഭ്യസിപ്പിച്ചു- കാവ്യം അലങ്കാരം നാടകം വ്യാകരണാദി ശാസ്ത്രങ്ങൾ ഇവർ പഠിച്ചുതുടങ്ങി- ഇങ്ങനെ ക്രമെണ മദ്ധ്യകെരളത്തിൽ ഉള്ള മലയാളികളിൽ അപൂൎവ്വമായി ചിലർ സംസ്കൃതഭാഷയിൽ സാമാന്യം നല്ലപരിചയം സമ്പാദിച്ചു- എന്നാൽ ആയവരിൽ നിന്നും ആ കാലങ്ങളിൽ മലയാളത്തിനു ഒരുഗുണവും ഉണ്ടായില്ലാ- സംസ്കൃതപദങ്ങൾ മലയാളത്തിൽ കൂടികലരുന്നതിനും സംസ്കൃതാഭ്യാസം കെരളത്തിൽ വൎദ്ധിക്കുന്നതിനും മാത്രം ഒരു സംഗതിയായിതീൎന്നു- കാലാന്തരത്തിൽ അതു വളരെ ഗുണപ്രദമായിതീൎന്നു എന്നുള്ളതും നിസ്സംശയമാണ- അതുഒടുവിൽ സ്പഷ്ടമായി അറിയാമല്ലൊ-

൪. ആ രാജവംശത്തിലും സ്വഭാഷ തമിഴതന്നെ ആയിരുന്നു കലിവൎഷം ൩൬൯൦ന കൊല്ലവൎഷമാകുന്ന കൊല്ലംബ്ദം തുടങ്ങുന്നതിനും ൨൩൬ വൎഷത്തിനു മുമ്പു വടക്കതിരുവഞ്ചിക്കുളത്ത കുംഭമാസത്തിൽ വ്യാഴാഴ്ചയും പൂയം നക്ഷത്രവും കൂടിയദിവസം ജനിച്ച കുലശെഖരആഴ്വാർ അതിലെക ദൃഷ്ടാന്തമാകുന്നു- അദ്ദെഹം വളരെക്കാലം രാജ്യഭരണം ചെയ്തതിന്റെശെഷം ശെഷക്കാരനു രാജ്യംപട്ടംകെട്ടിയച്ചു ദക്ഷിണഭാഗങ്ങളിൽ ഉള്ള വിഷ്ണുക്ഷെത്രങ്ങളിൽ മുഖ്യമായിത്തൃപ്പതിയിലും ശ്രീരംഗത്തും തീൎത്ഥയാത്രയായിട്ടുപൊയി വൈഷ്ണവമതത്തെ പ്രസിദ്ധമാക്കി എന്നും വളരെശിഷ്യന്മാർ ഉണ്ടായിരുന്നു എന്നും ൬൭ വയസ്സുവരെ ജീവിച്ചിരുന്നു ഒടുവിൽ തിരുനൽവെലിജില്ലയിൽ ബ്രഹ്മദെശം താലൂക്കിൽവച്ചു സ

ഗ്ഗലൊക പ്രാപ്തിയാകയാൽ ദെഹത്തെ മന്നാർകൊവിൽ ക്ഷെത്രത്തിനകത്ത അടക്കംചെയ്യിരിക്കുന്നതായുംപറയുന്നു- വൈഷ്ണവർ അദ്ദെഹത്തിനെ ഒരു രംശാവതാരമെന്നു വിചാരിച്ചു ഇപ്പഴംആച്ചനാദകൾ കഴിച്ചുവരുന്നു- പലവിഷ്ണു ക്ഷെത്രങ്ങളെയുംകുറിച്ചു സ്തുത്യമായിട്ട വളരെപാട്ടുകൾ അദ്ദെഹംഉണ്ടാക്കീട്ടുണ്ടു- അതിൽ തിരുവാമൊഴി ഇപ്പൊഴും നടപ്പുണ്ട അത അത്രയും തമിഴ ഭാഷയിൽ ആകുന്നു- ഇതു കൊണ്ടു ൩൫൨ കൊല്ലത്തിന മുൻപുവരെ കെരളത്തിൽ മലയാളഭാഷ ഒരു പ്രത്യെകഭാഷയായി തമിഴിൽനിന്നുംപിരിഞ്ഞിട്ടില്ലന്നും സംസ്കൃതംഅധികം വൎദ്ധിച്ചിട്ടില്ലായിരുന്നു എന്നുംനിശ്ചയിക്കാം-

൩൭ ഏകദെശം കൊല്ലവൎഷം ആരംഭിക്കുന്നതിനും ൬൦ വൎഷത്തിനമുൻപൽ ശുകപുരം ഗ്രാമത്തിൽ പെരിയാററിനുംവടക്കു ആലുവായിൽ നിന്നും ൨ നാഴിക ദൂരമുള്ളകാലടിഎന്നസ്ഥലത്ത ഒരുനംപൂരിയുടെ ഇല്ലത്തിൽ ശ്രീമഹാദെവൻെറ അംശമായ എത്രയും പ്രസിദ്ധനായ ശ്രീമൽശംകരാചാൎയ്യസ്വാമി അവതരിച്ചു-

൩൮ അദ്ദെഹത്തിൻെറ അച്ശൻ ഗൎഭാധാനത്തിൻെറ ശെഷംസന്ന്യസിച്ചു പുണ്യസ്ഥലങ്ങളിൽ യാത്രപൊയി- അമ്മക്കുവൈധവ്യംഭവിച്ചിരുന്നസമയം ജനിച്ചതിനാൽ നംപൂരിമാർഅടുക്കളദൊഷംശംകിച്ചു പുറത്താക്കി വച്ചിരുന്നു- പരമാൎത്ഥത്തിൽ അച്ശൻ തീൎത്ഥയാത്ര പൊകുന്നതിനമുൻപു തന്നെ ഗൎഭംഉല്പാദിച്ചിട്ടുണ്ടായിരുന്നു എന്നാണ കെട്ടിരിക്കുന്നത- സ്വാമികൾ വളരെബുദ്ധിമാനും ബാല്യത്തിലെതന്നെ വളരെവിദ്വാനുംആയിരുന്നു- ൭ വയസ്സിൽസന്ന്യസിച്ചു- നംപൂരിമാരുടെ ആചാരത്തെയും വെദാദ്ധ്യയനമുറകളെയുംകുറിച്ചു സ്വാമികൾആക്ഷെപിക്കയാൽ അവർ അദ്ദെഹത്തിനെയും അമ്മയെയുംക്ഷെത്രവിരൊധംചെയ്തു-അദ്ദെഹം ബാല്യത്തിങ്കൽതീൎത്ഥയാത്രപുറപ്പെട്ടുപലപുണ്യസ്ഥലങ്ങളിലും ആശ്രമങ്ങളിലും സഞ്ചരിച്ചുകാശിയിൽവച്ചുഗൊവിന്ദസ്വാമികളൊടു ഉപദെശംവാങ്ങി ബദൎയ്യാശ്രമത്തുവന്നു ചെന്നു- അവിടെവച്ചുസൂത്രഭാഷ്യംഉണ്ടാക്കി അതിനെഅവിടെഅദ്ദെഹത്തിനു പ്രത്യക്ഷമായി കാണാറായ ശ്രീവെദവ്യാസ മഹൎഷിയെകാണിച്ചു അദ്ദെഹംസമ്മതിച്ചു സ്വല്പനാൾകൂടെ അവിടെതാ

മരിച്ചു- അപ്പൊൾ സ്വാമികൾ ൧൬ വയസ്സായിരുന്നു- അതിന്റെ ശെഷം സ്വദെശത്തു വന്നു- ആസമയം സ്വാമിയുടെ അമ്മ മരിച്ചു- ആ ക്രിയകൾക്ക നമ്പൂരിബ്രാഹ്മണർ എതിൎത്തതിനാൽ സ്വഗൃഹത്തിൽ ഹൊമകുണ്ഡം ഉണ്ടാക്കി മലലിക്കുട്ടി ശൂദ്രന്റെ സഹായത്തൊടുകൂടി ദെഹത്തെ അതിൽ ഹൊമംകഴിച്ചു- ശൂദ്രനില്ലാതെ മലയാളത്തിൽ ബ്രാഹ്മണൎക്കു ക്രിയയും ബ്രാഹ്മണനില്ലാതെ ശൂദ്രൎക്കുക്രിയയും ഇല്ലെന്നും നിശ്ചയിച്ചു- ഇങ്ങിനെ ഇതുവരെ അടിമശെഖരത്തിൽ വിചാരിച്ചുവന്ന ശൂദ്രജാതികൾക്ക ഒരു ശ്രെയസ്സിനിടയായിതീൎന്നു- വീണ്ടും സ്വാമികൾ ദെശസഞ്ചാരത്തിനായിട്ടു പുറപ്പെട്ടു·

ഉടൻ ബദൎയ്യാശ്രമത്തിൽ ചെന്നു അവിടെവച്ചു ഒരു ശിഷ്യൻ ഉണ്ടായി- ഇരുവരും ഒന്നിച്ചു ഗയായാത്രപൊയി ശ്രാദ്ധം മുതലായ്തു കഴിച്ചു- അവിടെവച്ചു ഒരു പണ്ഡിതനുമായി തൎക്കത്തിന്നിടവന്നതിനാൽ അദ്ദെഹം ഒരു ശിഷ്യനായിതീൎന്നു- മൂവരും ഒന്നിച്ചു ഗൊകൎണ്ണത്തു വന്നു അവിടെ ഒരു ബ്രഹ്മചാരി ശിഷ്യനായിതീൎന്നു- കാളഹസ്തി- കാഞ്ചീപുരം- ശ്രീരംഗം- രാമെശ്വരം- സെതു ൟ സ്ഥലങ്ങളിൽ കൂടി സഞ്ചരിച്ചു ഒടുവിൽ മലയാളത്തിൽ തൃശ്ശിവപെരൂര വന്നു- അപ്പൊൾ നമ്പൂരിമാൎക്ക അല്പം ശങ്കഉണ്ടായി ശപിക്കുമൊ എന്നുഭയന്നു ഗൊവിന്ദസ്വാമിയുടെ നിയൊഗത്താൽ കെരളഭൂമിയിലെ വൃത്താന്തം ൨൪൦൦൦ ഗ്രന്ഥമായിട്ടു ഉണ്ടാക്കി-

൬൪ നൂറ ഗ്രാമക്കാരെയും വരുത്തി അവൎക്ക ആചാരങ്ങളിൽ വളരെ ഭെദഗതികൾ ചെയ്തു ൧൮ ജാതിയും അവൎക്കുള്ള ഭെദങ്ങളും മൎയ്യാദയും നിശ്ചയിച്ചു- ഒടുവിൽ മലയാളത്തിൽ നിന്നും പുറപ്പെട്ടു പല സ്ഥലങ്ങളിലും സഞ്ചരിച്ചു പലമഠങ്ങളും സ്ഥാപിച്ചു ബദൎയ്യാശ്രമത്തിൽ ചെന്നു സൎവ്വജ്ഞപീഠം കയറി അവിടെവച്ചു ൩൨ാമത്തെ വയസ്സിൽ സ്വൎഗ്ഗാരൊഹണം ചെയ്തു-

ഇത്രയൊഗ്യതയുള്ള ബ്രാഹ്മണൻ അതിന്മുമ്പെയും അതിൽപിന്നീടും ൟമലയാളത്തിൽ ഉണ്ടായില്ലാ- നാമമാത്രം കൊണ്ടു പൂജ്യതയായി എല്ലാരും വിചാരിക്കണമെന്നു താല്പൎയ്യം എല്ലാവൎക്കും നന്നാ ഉണ്ടെങ്കിലും ബ്രാഹ്മണയൊഗ്യങ്ങളായ കൎമ്മങ്ങൾ വഴിയെ ചെയ്യുന്നവർ നന്നാ ചുരുക്കം തന്നെ-

൬൮- വെദം വെദാന്തംമുതലായ ചില ഗ്രന്ഥങ്ങൾക്ക സ്വാമികൾ ചില വ്യാഖ്യാനങ്ങൾ ഉണ്ടാക്കീട്ടുണ്ട- അവയെ ഇപ്പൊഴം പണ്ഡിതന്മാരായുള്ള ഇംഗ്ലീഷുശാസ്ത്രജ്ഞന്മാർവളരെ ശ്ലാഘിച്ചുപറയുന്നു- ശിഷ്യന്മാരും വളരെ ഗ്രന്ഥങ്ങൾ ചമച്ചിട്ടുണ്ട- ഒക്കെ സംസ്കൃതമാകയാൽ അവയെ കുറിച്ചു ഇവിടെ അധികംപ്രസ്താവിക്കുന്നില്ലാ- സ്വാമികൾ മലയാളത്തിൽ ചെയ്തിട്ടുള്ള ഏൎപ്പാടിനെപ്പററിയും ഇവിടെഒട്ടുംവൎണ്ണിക്കുന്നില്ലാ- സ്വാമികാരണം നികൃഷ്ടന്മാരെന്നു വിചാരിച്ചുവന്ന ശൂദ്രൎക്ക ഒരു ഉൽകൎഷത്തിനും അതുകൊണ്ട സ്വഭാഷക്ക സ്വല്പപരിഷ്കാരത്തിനും ഇടയായി തീൎന്നു-

൬൯- അന്യദെശക്കാററു കച്ചവടത്തിനായും മററും മലയാളത്തിൽ സഞ്ചാരംതുടങ്ങി ഗ്രീക്കൊററ- റൊമാക്കാററ- ഠരംജിംഗ്യകാററ- ഇവര അവരുടെ പ്രാബല്യ കാലത്തു മലയാളത്തിൽ കച്ചവടത്തിനായിട്ടു വന്നു യൂറൊപ്യൻനാണയങ്ങളും യൂറൊപ്യൻ സാമാനങ്ങളും മലയാളത്തിൽ കൊണ്ടുവന്നു ചെലവഴിച്ചിരുന്നു- ഇങ്ങനെ കച്ചവടത്തിനായിട്ടല്ലാതെ ചിലജാതിക്കാററു അവരുടെമതംപ്രസിദ്ധമാക്കുന്നതിനുവെണ്ടിട്ടും ഇവിടെ ആഗമിച്ചിരുന്നു- വളരെമലയാളികൾ ആ മതങ്ങൾ സ്വീകരിക്കയും അതുനിമിത്തം ചിലശബ്ദങ്ങൾ മലയാളഭാഷയിൽചെൎന്നു നടപ്പാകുന്നതിനു ഇടവരികയുംചെയ്തു-

൭൦- എന്നാൽ ഇങ്ങിനെ ചെൎന്നിട്ടുള്ള ശബ്ദം വളരെ അപൂൎവമാകുന്നു- അതും അനെകം സംവത്സരത്തിനിടക്കാണ- അതിനുകാരണം മലയാളികൾ തന്റെനാട്ടിൽ താമസിക്കുന്നവരായാലും അന്യമതക്കാരൊടുംനാട്ടുകാരൊടുമുള്ള സഖ്യത്തിനു പ്രിയമില്ലാത്തവരായിരുന്നതാകുന്നു- മത വിഷയംസംബന്ധിച്ചുംമററും ആദ്യം മലയാളത്തിൽ വന്നിട്ടുള്ളവരുടെ ചരിത്രം ചുരുക്കമായി താഴെപറയുന്നു-

൭൧- അപ്പൊസ്തലന്മാരിൽ ഒരുവനായ സെന്റ തൊമസ്സ കൊല്ലവൎഷം ആരംഭിക്കുന്നതിനു ൭൭൩ സംവത്സരത്തിനുമുമ്പ ക്രിസ്തുവൎഷം ൫൨-ൽ മലയാളത്തിൽവന്നുവെന്നുംകെ ലശ്രെഷ്ഠന്മാരായ ബ്രാഹ്മണര ശൂദ്രര മുതലായ അനെകം പെര നീരണം- ചായൽ- കൊല്ലം- പാലൂര- കൊടുങ്ങല്ലൂര-

ഗൊകൎണ്ണംഗൊ ൭൦സ്ഥലങ്ങളിൽക്രിസ്തുമതത്തെ സ്വീകരിച്ചു ക്രിസ്തിയാനികൾ ആയിഎന്നും മെലെഴുതിയ സ്ഥലങ്ങളിൽ ഒക്കെ ഓരൊ സിറിയൻപള്ളി കെട്ടിച്ചുഎന്നും പറയുന്നുണ്ടു-

൨൫- പിന്നീടു ഒടുവിലത്തെ പെരുമാളായ ചെരമാൻ പെരുമാൾഭാസ്കരരവിവൎമ്മന്റെകാലത്ത കൊല്ലവൎഷംതുടങ്ങു ന്നതിനും ൨൪൦ വൎഷത്തിനുമുമ്പ ക്രിസ്തുവൎഷം ൫൮൫-ൽ കാനാതാമാ എന്നആൾ കച്ചവടത്തിനായി മലയാളത്തിൽവന്നു എന്നും ആസമയം ഇവിടെ പാൎപ്പുള്ള ക്രിസ്തിയാനികളുടെ ചരിത്രംകെട്ടു രണ്ടാമതു വന്നപ്പൊൾ ഒരു മെത്രാനെയുംഅനെകം സിരിയൻ ജാതിക്കാരെയും കൂട്ടികൊണ്ടുവന്നു മലയാളത്തിൽപാൎപ്പിച്ചുവെന്നുംകാണുന്നു-

൨൬- ഇങ്ങനെ മലയാളത്തിൽ പുരാധീനമായിട്ടുതന്നെ സിറിയൻ ക്രിസ്തിയാനികൾ ഉണ്ടായിവന്നു- ഇവര മലയാള ഭാഷ പഠിച്ചുതുടങ്ങിഎങ്കിലും അവരുടെ ഇടയിൽഉപയൊഗിച്ചുവന്നത സുറിയാനി ഭാഷ തന്നെആയിരുന്നു- ഇവരകാരണം മെലിൽ മലയാളത്തിൽ യൂറൊപ്യൻ പാതിരിമാര വരുന്നതിനും അച്ചടി ഉണ്ടാകുന്നതിനും പുസ്തകങ്ങൾ വൎദ്ധിക്കുന്നതിനും ഇടയായതീൎന്നിരിക്കുന്നതുകൊണ്ടു അവരുടെ ആഗമം മാത്രമെങ്കിലും ഇവിടെ പ്രസ്ഥാപിച്ചെച്ചുമതിയാവൂ-

൨൭- അറെബിയായിൽ മഹമ്മദ ജനിച്ചു മഹമ്മദമതം പ്രസിദ്ധമാക്കിയതിന്റെശെഷം ആ ജാതിക്കാറരു കച്ചവടത്തിനായുംമററും ആദ്യമെതന്നെ മലയാളത്തിൽ വന്നു പാൎത്തുതുടങ്ങി- അവരുടെജാതി മലയാളത്തിൽ വൎദ്ധിച്ചതിൽ വച്ചു ഹിന്തുസ്ഥാനി- പാൎസ്സി- അറബിക്ക മുതലായ ഭാഷകൾ കൂടികലരുന്നതിനും ഇടവന്നു- എന്നാൽ മലയാളഭാഷക്ക ഒരു ജാതിക്കാറരിൽനിന്നും ഗുണമൊന്നും ഉണ്ടായിട്ടില്ലെന്നുമാത്രമല്ല ദൊഷമെ ഒടുവിൽ ഉണ്ടായെയൊള്ളു- മലയാളികളുംഅറബികളുമായിട്ടു ആദികാലങ്ങളിൽ സഹവാസം ചുരുക്കമായിരുന്നതിനാൽ അവരുടെ വാക്കുകൾ ഉപായമായിട്ടെ മലയാളത്തിൽ ചെൎന്നിട്ടുള്ളു-

൨൮- ജൂതന്മാരും നസ്രാണിമാപ്പിളമാരും ക്രിസ്ത്യാബ്ദം ൧൪൨൦-നമെൽ ൧൫൦൦-ന അകം ചിലസ്ഥാനമാനങ്ങൾകൊണ്ടുതിട്ടുള്ളത ചെമ്പുപട്ടയത്തിൽ എഴുതി നടപ്പുണ്ടായിരുന്നതു

യാളഭാഷയിൽ ആകുന്നു- ഇതിൽ മൂന്നുപട്ടയം ഇപ്പഴും ഉള്ളതായി കേൾക്കുന്നു- അത കണ്ടിട്ടുള്ളവരെ വിശ്വസിക്കാമെങ്കിൽ അതിന്റെ വാചകരീതിയും മററും തമിഴ അനുസരിച്ചാണെന്നുകാണുന്നു- ഇത മദ്ധ്യകെരളത്തിൽ ഉണ്ടായിട്ടുള്ളത- ഈ രെഖകൾകൊണ്ട ക്രിസ്ത്വാബ്ദം ൮൨൫-ന കൊല്ലവൎഷംതുടങ്ങുന്നതിനു ൨൦൦-ാം വൎഷംമുൻപുവരെയും മലയാളം മദ്ധ്യകെരളത്തിലും പരിഷ്കാരപ്പെട്ടിട്ടില്ലെന്നു നിശ്ചയിക്കാം-

---:0:---

## ൨-ാം അദ്ധ്യായം

---

൨൯- മലയാളഭാഷയുടെ ഉത്ഭവവും ആദ്യകാലം മുതൽ കൊല്ലവൎഷം ആരംഭം വരെ അതിന്റെ സ്ഥിതിയും ൧-ാം അദ്ധ്യായംകൊണ്ട സ്പഷ്ടമാണല്ലൊ- ഈ അദ്ധ്യായത്തിൽ കൊല്ലം ൧-ാമാണ്ടുമുതൽ ൬൦൦-ാമാണ്ടുവരെ മലയാള ഭാഷക്കുവന്നിട്ടുള്ള ഭെദഗതികളെയും അതിൽ ഉണ്ടായിട്ടുള്ള ഗ്രന്ഥകൎത്താക്കന്മാരുടെയും അവര ഉണ്ടാക്കീട്ടുള്ള ഗ്രന്ഥങ്ങളുടെയും വിവരങ്ങളെയും കുറിച്ചു പ്രസ്താവിക്കുന്നതാകുന്നു-

ഈ കാലത്ത മലയാളദെശം (കെരളം) വളരെ ഭാഗങ്ങളായിപ്പിരിഞ്ഞു അനെകം രാജാക്കന്മാരാലും ഇടപ്രഭുക്കന്മാരാലും ഭരിക്കപ്പെട്ടിരുന്നു- അതിൽ മുഖ്യമായിട്ടുള്ള രാജ്യങ്ങൾ തിരുവിതാംകൂർ അല്ലെങ്കിൽ തൃപ്പാസ്വരൂപം- കൊച്ചി അല്ലെങ്കിൽ പെരുമ്പടപ്പുസ്വരൂപം-കോഴിക്കൊട അല്ലെങ്കിൽ നെടിയിരിപ്പുസ്വരൂപം-കോലസ്വരൂപം ഇങ്ങിനെനാലും ഇടപ്രഭുക്കന്മാരാൽ ഭരിക്കപ്പെട്ടുവന്നതിൽ ദെശിങ്ങനാട എന്നു പറയുന്ന കൊല്ലം- കായംകുളം അല്ലെങ്കിൽ ഓണനാട- ഇളയെടത്തുസ്വരൂപം- തെക്കുംകൂറ- വടക്കുംകൂറ- ചെമ്പകശ്ശെരി- പാലക്കാട- കടത്തനാട- വെള്ളുവനാട- ഏറനാട- മുതലായതുംആയിരുന്നു-

൩൦- ഈ രാജാക്കന്മാരും ഇടപ്രഭുക്കന്മാരും അന്നു തങ്ങളിൽ സദാ ചില്ലറയുദ്ധങ്ങളിൽ പ്രവെശിച്ചു കലഹിച്ചുംകൊണ്ടിരുന്നതല്ലാതെ അവര പ്രജകൾക്ക വിദ്യാഭ്യാസം ഉണ്ടാ

ക്കിക്കൊട്ടുകാരെയൊ സ്വഭാഷയിൽ വിദ്വാന്മാൎക്ക ഗ്രന്ഥങ്ങൾ ചമെക്കുന്നതിനുള്ള സഹായങ്ങൾ ചെയ്കയൊ ഒന്നുംചെയ്തില്ലാ- അവരിൽചിലര അപൂൎവ്വമായി സംസ്കൃത പണ്ഡിതന്മാരായി നാടകാലംകാരാദി ശാസ്ത്രങ്ങളിൽ രസിച്ചു വ്യൎത്ഥാനെരം കളഞ്ഞു-

൧൮- നംപൂരിമാര അധികം ഉള്ളത മദ്ധ്യകെരളത്തിൽ ആകയാൽ അവിടെ സംസ്കൃതം വെഗംവൎദ്ധിക്കുന്നതിനും മലയാളഭാഷതമിഴിന്റെ രീതി വെഗംവിടുന്നതിനും ഇടയായി തീൎന്നു- എന്നാൽമലയാളഭാഷയുടെരീതി ആ സമയം എങ്ങിനെആയിരുന്നുഎന്നും ഗ്രന്ഥകൎത്താക്കന്മാരഉണ്ടായിരുന്നൊ എന്നുംഅറിവാൻപാടില്ലാ- അറിവുള്ളവർ എഴുതി അയച്ചാൽ സന്തൊഷത്തൊടെ സ്വീകരിക്കുന്നതാകുന്നു-

൧൯- തെക്കൻകെരളത്തിൽ സംസ്കൃതംഅധികം കലരാതെഉള്ളമലയാളം തന്നെആസമയം നടപ്പായിരുന്നു എന്നു അപ്പൊൾഉണ്ടാക്കീട്ടുള്ള ചിലകവിതകളാൽ നിശ്ചയിക്കാം- അവമലയാളഗ്രന്ഥകൎത്തക്കന്മാരാൽ ഉണ്ടാക്കപ്പെട്ടതും തമിഴരീതി അനുസരിച്ചുള്ളതും ആകുന്നു-

൨൦- ആദ്യകാലം നംപൂരിമാരുടെ എൎപ്പാടിൻ പ്രകാരംസ്ഥാവരവസ്തുക്കൾ അവൎക്കമാത്രമെ അനുഭവം ഉണ്ടായിരുന്നുള്ളു- കാലാന്തരത്തിൽശൂദ്രരമുതലായ ജാതിക്കാരും സ്ഥാവരവസ്തുക്കൾ സമ്പാദിച്ചുതുടങ്ങി- ഇങ്ങിനെഉള്ളകൊടുക്കൽവാങ്ങൽഉണ്ടാകുന്നസമയം വ്യവഹാരങ്ങൾ വൎദ്ധിക്കുമെന്നും അവതീൎച്ചമാനിക്കുന്നതിനു ഒരുഗ്രന്ഥം ഇല്ലാഞ്ഞാൽ പൊരാ എന്നുംവിചാരിച്ചു നംപൂരിമാര വ്യവഹാരമാലഎന്നഗ്രന്ഥം സംസ്കൃതത്തിൽനിന്നും മലയാളത്തിൽ തൎജ്ജിമചെയ്തു- അതുകൂടാതെക്രയവിക്രയാദികൾക്ക ഉപയൊഗം ആവാൻതക്കവണ്ണം കണക്കധികാരംഎന്നഗ്രന്ഥവും മലയാളത്തിൽപരിഭാഷപ്പെടുത്തിയതായും കെട്ടിരിക്കുന്നു-

൨൧- വ്യവഹാരമാലയും കണക്കധികാരവും ഇപ്പൊൾ നടപ്പുള്ളഗ്രന്ഥങ്ങൾതന്നെയൊ ആദ്യകാലത്തിൽ ഉണ്ടാക്കീട്ടുള്ളത എന്നു നിശ്ചയിക്കാൻപാടില്ലാ- ഒരുവെള അവപിന്നീടുപരിഷ്കാരം ചെയ്തിട്ടുള്ളതായുംവന്നെക്കാം- പ്രാചീന ഗ്രന്ഥങ്ങളായിട്ടുംഇരിക്കാം- എരുമെശംഇരവത്തുരാമൻ തൎജ്ജിമചെ

ഴപ്പെട്ടത ആചാൎയ്യസ്വാമിയുടെ കാലത്തിനിപ്പുറം കൊല്ലവൎഷം ൨൦൦ മാണ്ടിനുമുമ്പായിരിക്കണം-

൨൬- മദ്ധ്യകെരളത്തിൽ ആ കാലത്ത ഉണ്ടാക്കിയതായ കൃഷിപ്പാട്ട ഓണപ്പാട്ട മുതലായ ചില ചെറിയ ഗ്രന്ഥങ്ങളുംഉണ്ട- അവ നമ്പൂരിമാര അവരുടെ കൊഴവന്മാരുടെ ഉപയൊഗത്തിനായി ഉണ്ടാക്കിയതായിരിക്കാം-

൨൭- കൊല്ലം ൫൦൦ മാണ്ടിടക്ക തിരുവിതാംകൊട്ട രാജ്യം ഭരിച്ചിരുന്നഒരുതമ്പുരാൻ തിരുമനസ്സകൊണ്ട ഉണ്ടാക്കീട്ടുള്ള രാമചരിതം മലയാളത്തിന്റെ പൂൎവ്വാകൃതിക്കു ഒരു ലക്ഷ്യമാകുന്നു- ൟ ഗ്രന്ഥം ഇപ്പൊഴ മലയാളത്തിൽഉള്ള എല്ലാഗ്രന്ഥങ്ങളെക്കാളും വളരെപഴക്കംഉള്ളതാകുന്നു-അതിൽ സംസ്കൃതവാക്കുകൾ വളരെഅപൂൎവ്വമാകയാൽആത സംസ്കൃതം തെക്കൻകെരളത്തിൽ അധികംനടപ്പവരുന്നതിനുമുൻപിൽഉണ്ടാക്കപ്പെട്ടതെന്നു നിശ്ചയിക്കാം- ഏകദെശം ൭൦൦ കൊല്ലത്തിനുമുൻപുള്ളകവിതയെന്നല്ലാതെഇത്രാമാണ്ടഇന്നാരഉണ്ടാക്കിയതെന്നു പറവാൻപ്രയാസം- ആഗ്രന്ഥംഇപ്പൊഴഒരുനല്ലമലയാളിവായിച്ചാൽമനസ്സിലാകുന്നതിനു പ്രയാസമാകുന്നു എന്നാൽഅക്കാലത്ത ഇപ്രദെശത്തു സാധാരണയായിരുന്ന ഭാഷയിൽതന്നെ ആ ഗ്രന്ഥം എഴുതിയിരിക്കുന്നു എന്നാംനിശ്ചയമാകുന്നു-

൨൮· ൟകവിതമുഴുവനും അച്ചടിച്ചിട്ടുള്ളതായി കാണുന്നില്ലാ- അതിലെഭാഷശുദ്ധമായിട്ടുള്ള ഇലക്കണതമിഴും അല്ലാ- ഇലക്കണരീതിവിട്ടശുദ്ധമലയാളമാകുന്നതിനുള്ള മാൎഗ്ഗത്തിലാകുന്നു- കൊട്ടയത്ത അച്ചടിച്ചുപ്രസിദ്ധം ചെയ്തിട്ടുള്ള പാഠമാലയിൽ രാമചരിതത്തിൽനിന്നും ചിലഭാഗങ്ങൾ എടുത്തചെൎത്തിട്ടുണ്ട- അതിൽനിന്നും വായനക്കാൎക്ക ഭാഷാരീതി അറിയുന്നതിനുവെണ്ടി ചിലഭാഗം താഴെ ചെൎത്തിരിക്കുന്നു-

൧ ഇടയിടെ അരികളക്കൊത്തിതങ്കൾ മാരുതിവിളങ്കാ-
അടലിടെവെന്നി കൈക്കൊണ്ടരക്കർ കൊനണയകണ്ടു-
ചുടരൊളി മാടംതൊറും ചുരുങ്കിടമാർ തെളിന്തു.
മട്ടമലർകളവമ്മാലെയം ഇവപൊഴിന്താർ-

൨. നകരിതൻകണ്ണുനീരെ നലമെഴ തുടക്കുന്നെൻ ഞാൻ.
ഉകലിൽ വെന്നിന്ന്എന്നെല്ലാം ഇരാവണനിയമ്പ കെട്ടു.
മകിലൊലി പതറുംഞ്ചൊല്ലാൽ മനിന്തവൻതനയസ്ഥാരിൽ-
തികവതുടയൊനാകം തിറിചിരാ വിതുമൊഴിന്താൻ-

൮ പററു നവുയിരൊട്ടും മത്തനടൽ പത്തുനൂറുനൂറുങ്ങാനപൊ ത ററത്തുമ്പമൊട്ടണേന്നേ്യന്നട നരക്കനെററിനൻ ഉലക്കയാൽ തെററെനത്തടഞ്ഞുലക്കകൊണ്ടു തിറമ്പററെഴുംവനതനെററിനാ ൻനെററിമെൽവിലങ്ങതൊററക്കനും നിലച്ച്വ നിന്നങ്ങുപൊ രുത്തനൻ.

൯ ഒത്തിവർഎല്ലാം ഒട്ടലരക്കൊ ന്നൊക്കമുടിക്കും നാമിനിഎന്നെ പത്തുതിചെക്കം ക്രൂടരിയൊരാപത്തുകൊട്ടക്കം വമ്പടച്ചൂഴാ എ ത്തിനർഅങ്കം പത്തിനൊട്ടുംക്രുടെനപ്പൊർ കെട്ടിനിമുമ്പെന്നിട്ടി ത്തര മ്പാൽ മുമ്പിൽ മുടിപ്പാൻ ഇഛയൊടൊന്നാർ തമ്മെവി രെന്തെ.

൰ അരക്കർമാണിവമ്പുായ കമ്പനനടൽക്കെന്നേട്ടത്തളവിൽ അങ്ക ദൻ അടത്തൊരചലത്താൽ തിരിച്ചെറിഞ്ഞനെരം ഉയിർവിട്ടട ൽനുറുക്കിത്തിലത്തൊളുംതകർന്തപടികണ്ടുചിനമീടിതരിത്തവളർ തെരൊട്ടുംഅനന്തരമണെന്താൻ തനിച്ചിലയുമത്തിരങ്ങളും തിരി ണ്ടു കയ്യിൽ തരിത്തവളർ ചൊണിതവിലൊചനൻ മറുപ്പൊർ തനിക്ക കലകാലനരികൾക്കരെച നൻമുമ്പാൽ-

**൩൬- എഴുത്തച്ഛന്റെ കാലത്തിനുമുൻപിൽ ഉദ്ദേശം കൊല്ലം ൭൦൦ മാണ്ടിടക്ക കൽക്കുളത്തുകാരൻ ഒരുആശാൻ തമ്പുരാൻപാട്ടു എന്നപെരൊടുകൂടി ഒരുകൃതിഉണ്ടാക്കിയിട്ടു ണ്ടു അതഅത്രയും തമിഴരീതി അനുസരിച്ചാകുന്നു എന്നാൽമ ലയാളത്തിന്റെ ആരംഭവും അതിൽ കാണുന്നുണ്ടു-**

൧ കരത്തിൽമാനും മഴുവുംതരിത്തംകരൻ വനത്തിൽ കളിത്തം കാനത്രുപമതാകവെ-
കരുണയൊടു മലമകളും കരിണിയതാകവടിവൊടുചമഞ്ഞു മ നത്തുയരക്കളിത്തുയിരാ കവെവിളയാടുന്നാൾ
തിരിച്ച പഞ്ചശരത്താൽ കളിത്തപൊതുമയാൾക്കുതിരുവയററി ലന്നകരി ഉണറുററനാൾ-
തിറമൊടരനരുളാലെ വനമതിലന്നു വന്നഴകൊടുപുറന്തന ചെ ൽവനെ കരിപൊലെ മുഖമഴകായവാ-

൨ പരിത്തകുടവയറും പിന്നെഅഞ്ചുകരത്തൊടെ പുരിനൂലും മ തവാനക്കവട്ടമായി.
പുറന്തകരിമുഖനായ ഗണപതിയെഉനക്കരസത്തൊടപ്പമുറ്റി ശ ക്കരതെനൊടെള്ളുട പൊരിമലർ
പട്ടതപമുററുനക്കനാൻപടത്തെപ്പൊത്തുംതരുവൻനാൻ പാട്ടുംപാ ട്ടി നീശതനടക്കുവാൻ-
മനസിലിരുളതകററിയടിയനുവാഴ്കവിക്കരുളെകിട്ടും തിരുമാൻ വങ്കാ ഹരിശ്രീ ഗണപതയെനമഃ-

൮ കാരാനമുഖവും കൈവിരൽ വണ്ണത്തോനാടൻ തൊന്തിക്കടവയ്യൂറ മതവാനകവട്ടമായി- കമലമൊത്തപറന്ത പൊതന്നഴകായ തിരുമുഖവടിവത്തൊനകംകൾ രണ്ടൊട്ട മുമ്പു ദന്തമൊട്ടന്തകര മൂ ചന്തമൊത്തനപെരാന വടിവാക പെരുമൻ തന്മകനാകപെണ്ണായ ഉമയാൾ പുത്തിരനാക പെരികിട്ടം വനമതിനകത്ത പിറന്തപാത ഉരുവാകവെപിതാവിനൊട്ട നടന്നകൈയ്യില അമന്നകന്നിറവാടിരുന്നതും ഓരാറുതലയൊനം കാരാനമുഖത്തൊനം ഉടനെ താതനാർ ഒരുഒറനിവക്ക ഓടിഇരുവരും ആരകൈയില പ്രദക്ഷണം നിമിഷത്തിൽ വരുമവർ ഉടനെ കനിയതെട്ടത്തതിക ഇതന്ന ശംകരകല്പനറ്റ്യടി നെരെവാഹനം കൊണ്ടുപറന്നാറുമുഖത്തൊനം നിമിഷംവലത്തുവത്തു വരും മുമ്പിൽ നിലയിൽനിന്നും പിതാവുതായാർ വട്ടമൊട്ടകനിക്കൈപ്പിടിത്തനനമ്മലാ ഹരി ശ്രീ ഗണപതയെനമഃ-

൨൯- ഏകദെശം കൊല്ലം ഒരെമ്പണ്ട ഇടക്ക നെയ്യാററംകരമണ്ടപത്തും വാതുക്കാൽ അപ്പട്ടത്തറ അയ്യിപ്പിള്ള ആശാൻ എന്നൊരുവിദ്വാൻ രാമകഥപാട്ടഎന്ന പെരെട്ട കൂടി ഒരുകവിതയുണ്ടാക്കീട്ടുണ്ട. ഒരംയാൾ ആദ്യയിൽ അക്ഷരജ്ഞാനം ഇല്ലാത്തൊരുകൃഷിക്കാരൻനായരായിരുന്നു എന്നും ഒരു ദിവസം വയലിൽമാടം കാത്തുകിടക്കുംപൊൾ തിരുവനന്തപുരത്ത മകരശ്രീബെലി തൊഴുവാനായിട്ട അനജനെ മാടത്തിൽ കിടത്തിച്ചു പൊനതയും പടഞ്ഞാറെ നടയിൽ ദീപാരാധനകഴിഞ്ഞ വെളിയിൽ ഇറങ്ങിയപ്പൊൾ ഒരുവയസ്സൻ പൊകുന്നതകണ്ട ആയാളുടെ പിറകെപൊയി തിരുവല്ലത്ത ആറകടന്ന ആ വയസ്സൻ മുട്ടയ്ക്കാട്ടമലയിൽ കെറുന്നതകണ്ട കൂടെ പൊയപ്പൊൾ അദ്ദെഹത്തിനെ തിരിഞ്ഞുനൊക്കി ഒരംയാളെ കാണുകയാൽ എവിടെപൊകുന്നുഎന്ന ചൊദിച്ചതിന എനിക്കയാതൊരുഗതിയും ഇല്ലാത്തതിനാൽ വല്ലതുംതരണമെന്നുപറഞ്ഞനും അദ്ദെഹം ആയാൾക്കൊരു വാഴപ്പഴം കൈ കൊടുത്തത തിന്നുകൊണ്ടുപൊയ്ക്കൊള്ളുഎന്ന പറഞ്ഞതായും ആ പഴം തൊലിച്ചതിന്നുടനെ അദ്ദെഹത്തിന ആത്മജ്ഞാനം ഉണ്ടായതായിട്ട ആ പഴത്തിന്റെ തൊട്ടഅനുജൻ ഒരുവിവരം അറിഞ്ഞ ചെന്ന എടുത്തതിനാൽ ആയാളും വിദ്വാനായിട്ട തീൎന്ന എന്നും രണ്ടുപെരുംവളരെപാട്ടുകൾ ഉണ്ടാക്കീട്ടുള്ളതായും ഒരു കഥ പറഞ്ഞ കെട്ടിയിരിക്കുന്നു-

൩൦- അതിൽ അയ്യിപ്പിള്ള ആശാൻ ഉണ്ടാക്കിയ രാമകഥപാട്ടഇപ്പഴംനടപ്പുണ്ട ഒരുകവിതയിൽ സംസ്കൃതപദംആ

പൂൎവ്വമായിചെന്നിട്ടുണ്ടെങ്കിലും തമിഴരീതിയനുസരിച്ചുതന്നെ പ്രയോഗം കാണുന്നു- അതിൽ ചിലഭാഗങ്ങൾ താഴെ ചെൎത്തിരിക്കുന്നു

൧ അരക്കർ കുലംവേരറുക്കവെണമമരർകളും അലൈകട
ലിൽ ചെന്റു മുറയിട്ടതും. ആഴിവണ്ണനന്നരുളി ചെയ്തതും
ചെയ്തതും മുനിവരന്റെ ഹോമകുണ്ഡം തന്നിൽനിന്നു ദിവ്യനാ
യ കനകമയം ചെയ്തതും ദശരഥർ മകിഴ്ന്തുവാങ്കികൊണ്ടതും
കൊണ്ടുടനവ തന്റെഭാൎയ്യമാൎക്കു പായസംകൊടുത്തതും കൌസല്യയത്താ
ൽ മങ്കമാർ ഭുജിത്തതും ഗുണംപെരിയമൈന്തർകൾ പിറന്ത
തും
പിറന്തമൈന്തരിൽ പെരിയരാമനും ഇലക്ഷ്മണനും പെരിയ ഗു
നിതൻ പിറകെപോനതും വലത്താടകയെ വധംചെയ്തതും-

൩൦- ക്രിസ്തുവൎഷം ൧൫൦൦ മാണ്ടിനു കൊല്ലം ൬൭൬ മാണ്ടിടക്കു പൊൎത്തുഗീസ്സുകാരരുകച്ചവടത്തിനായിട്ടും മററും മലയാളത്തിൽ ആദ്യംവന്നു ക്രമെണ അവരുടെക്രിസ്തുമതം മലയാളത്തിൽ പരത്തണമെന്നുദ്ദെശിച്ചു പാതിരിമാരും മററും സ്ഥിരമായിപള്ളികെട്ടി മലയാളത്തിൽ പാൎപ്പുതുടങ്ങി-

൩൧- ൧൫൯൯ൽ അവരിൽ ഗോവായിലെ പാത്രിസിറിയാനികളെ അവരുടെമതമായി റൊമൻ സഭയിൽ ചെൎക്കണമെന്നു വിചാരിച്ചു ആദ്യംകൊടുങ്ങല്ലൂരുംപിന്നീടു വയ്പിൻകൊട്ടയിലും പാഠകശാലകൾ വച്ചിച്ചു സുറിയാനികളെ അഭ്യസിപ്പിച്ചുതുടങ്ങിസാമൊപായത്താൽ അവരുടെമതം മാററുന്നതിന പ്രയാസമായികണ്ടു ഒടുവിൽ ചതുരുപായത്തെ തന്നെ പ്രയോഗം തുടങ്ങി- കൊല്ലം ൮൩൭ മാണ്ടിടക്കു അവരെ ഡച്ചുകാരരു (ലന്ത) ജയിച്ചു- പൊൎത്തുഗീസ്സുകാരുടെ മലയാളത്തിലെ ആഗമനത്താൽ അവരുടെമതവൎദ്ധനക്കു വെണ്ടിപള്ളിക്കൂടങ്ങൾ കെട്ടിക്കയുംമററും ചെയ്തിനാലും പൊൎത്തുഗീസ്സുവാക്കുകൾ വളരെമലയാളത്തിൽ ചെൎന്നു ലന്തക്കാരരിൽ നിന്നും ഗുണം അധികംഒന്നുംഉണ്ടായില്ല-

൩൨- അച്ചടി ആദ്യം ക്രിസ്തുവൎഷം ൧൫൭൭മാണ്ടനു കൊല്ലം ൭൫൨മാണ്ടിടക്കു- ജെസ്യൂട്ട ജാതിക്കാരൻ കൊടുങ്ങല്ലൂരന സമീപത്തഅംകാമലി എന്നസ്ഥലത്തിന വടക്കെഅംബലക്കാട്ട എന്നസ്ഥലത്താക്കപ്പെട്ടതിന്നും- ഇവിടെ അന്നു ഉദയം പെരൂരു സഭകാരണരം ൦൦ സ്ഥലത്തെ പള്ളി കെ

ട്ടി പാതിരിമാര പാൎത്തിരുന്നു എന്നും ക്രിസ്ത്വാബ്ദം ൲൫൱൫൰-ൽ അതൊരു പ്രധാനസ്ഥലമായിരുന്നു എന്നും അറിയുന്നു- ഇപ്പൊൾ ഒരു അപ്രധാനസ്ഥലമാണെന്നു കാണുന്നു- അവരതിൽ സംസ്കൃതം-തമിഴ-മലയാളം-സിറിയൻ- ഈ ഭാഷകളെ ഒക്കെയും പഠിച്ചു അവയിൽ പുസ്തകങ്ങൾ അച്ചടിപ്പിച്ചിട്ടുണ്ട- ഇപ്പൊൾ ആ പുസ്തകങ്ങളുടെ പെരുമാത്രമെ കെൾക്കാനുള്ളു-

൩൰൨- മലയാള അക്ഷരം അച്ചടിക്കു ആദ്യം കൊത്തിയത ക്രിസ്ത്വാബ്ദം ൲൫൱൭൰൭ കൊല്ലം ൭൱൫൰൨ാമാണ്ട കൊച്ചിയിൽ ജൊയാനീസ്സു ഗൊൺസാൽസ്സു ആകുന്നു എന്നു കെട്ടിരിക്കുന്നു-

൩൰൩- ൲൬൱൩൰ാമാണ്ടു ഇടക്കു വരാപ്പുഴെ താമസിച്ചിരുന്ന പൊൎത്തുഗീസ്സു ഇത്താലിയൻ പാതിരിമാര മലയാളഭാഷക്കു ഒരു നിഘണ്ഡു ചമച്ചിട്ടുള്ളതായി അറിയുന്നു- ഇത അച്ചടിച്ചു പ്രസിദ്ധം ചെയ്തിട്ടുണ്ടൊ എന്നു നല്ല നിശ്ചയം ഇല്ല-

൩൰൪- ഠരം അച്ചടിവന്നതിലും എഴുത്തച്ഛൻ കാരണവും മററും അനെകം കവികൾ ഉണ്ടായതുകൊണ്ടും മലയാളഭാഷയിൽ ഗ്രന്ഥങ്ങൾ വൎദ്ധിച്ചുവന്നുതുടങ്ങി- എന്നാൽ അച്ചടിയന്ത്രം കൊണ്ടുള്ള പൂൎണ്ണ ഉപയൊഗം വിശിഷ്ടന്മാൎക്ക സ്വല്പം പൊലും സിദ്ധിച്ചിട്ടില്ലാഞ്ഞു- അത ഇപ്പൊൾമാത്രം ആരംഭിച്ചുവരുന്നു-

൩൰൫- തുഞ്ചത്തുരാമാനുജൻ എന്ന എഴുത്തച്ഛന്റെ കാലംവരെ മലയാളഭാഷ വളരെ താണസ്ഥിതിയിൽ തന്നെ ആയിരുന്നു- അതുവരെ മലയാളഭാഷ, എഴുതിവന്ന വെട്ടെഴുത്തു അന്നുമുതൽ ക്രമെണ നടപ്പില്ലാതെ ആകയും അദ്ദെഹം മലയാളം എഴുതുന്നതിനു ഇപ്പൊൾ നാം ഉപയൊഗിച്ചുവരുന്ന ആൎയ്യ എഴുത്ത ഉപയൊഗപ്പെടുത്തുകയും ചെയ്തിരിക്കുന്നു- അന്നു ഉപയൊഗിച്ച അക്ഷരങ്ങൾ സംസ്കൃത അക്ഷരം ൫൰൦ അതുകൂടാതെ തമിഴവഴിക്കു എ- ഒ- റ- ഴ- ഠരം നാലു എഴുത്തുംകൂടി ചെൎത്ത ഇപ്പൊൾ നടപ്പുള്ള അക്ഷരങ്ങൾ ൫൰൪ ആകുന്നു-

൩൰൬- അതിനുമുൻപിൽ ഠരം കെരളസന്തതികൾക്ക ഠരം ശാസ്ത്രഗ്രന്ഥ വണപാഠാദിസൽകൃതസമ്പാദ്യത്തിനു ഒരുവഴിയും ഇല്ലാതിരുന്നു- ഠരം തുഞ്ചത്താചാൎയ്യരാൽ സംസ്കൃതത്തിൽനിന്നും അദ്ധ്യാത്മരാമായണം മുതലായി അനെകം സംസ്കൃ

തഗ്രന്ഥങ്ങളെ മലയാളത്തിൽ പരിഭാഷപ്പെടുത്തി നടപ്പാക്കുകയാൽ അന്നുമുതൽക്കു മലയാളികൾക്കു സംസ്കൃത ജ്ഞാനവും നമ്മുടെഭാഷക്കു പരിഷ്കാരവും വളൎന്നുവന്നു-

൩൧- തിരുവല്ലാ കണ്ണശ്ശ പ്പണിക്കരെന്നൊരുവിദ്വാൻ എഴുത്തച്ഛന്റെ കാലത്തുതന്നെ ഉണ്ടായിരുന്നു- അദ്ദെഹം എഴുത്തച്ഛൻ കവിതആരംഭിക്കുന്നതിനു മുൻപിൽ വാല്മീകി രാമായണരീതിയായിമുത്തമിഴിൽ (മലയാളവുംസംസ്കൃതവും തമിഴുംകൂടികലൎന്ന) നിരണവൃത്തം എന്നപെരുള്ളവൃത്തത്തിൽരാമായണംഉണ്ടാക്കീട്ടുണ്ട-അതപ്രാസവുംഅൎത്ഥവുംയുക്തിയുംഏറ്റവുംയൊജിപ്പായുംസ്വല്പംതമിഴിൽകൂടി പരിജ്ഞാനമുള്ളജനങ്ങൾക്കു അദ്ധ്യയനത്തിലെക്കും ശ്രവണത്തിലെക്കുംആനന്ദത്തെയുംഭക്തിയെയുംതത്വവിചാരത്തെയും കൊടുക്കുന്നതായുമുള്ള ഒരുകാവ്യമാകുന്നു- അത അച്ചടിപ്പിച്ചിട്ടില്ലാ-ചിലതാളിയൊലഗ്രന്ഥങ്ങൾകാണാനുണ്ട-അദ്ദെഹംഎഴുത്തച്ഛന്റെമഹിമയെകുറിച്ചുകെൾവിപ്പെടുകയും അന്യന്മാരൊടു ചൊദിച്ചറിയാതെ സ്വയമെവഅറിയണമെന്നാഗ്രഹിച്ചു അന്വെഷിച്ചുവരുംപൊൾഒരുശിവരാത്രിക്കു ആലുവാമണപ്പുറത്തഅനെകംജനസമൂഹങ്ങളുടെ ഇടയിൽ ഒട്ടൊഴിയാതെനടന്നു കൊണ്ടിരിക്കയും കാലുകൊള്ളുന്നവരെക്കയും ഗുരുവിന്റെ കാലെന്നുവിചാരിക്കണമെന്നുപറകയും ചെയ്യുതായുംഅപ്പൊൾഅതിൽഓരൊരുത്തരെക്കയും ദക്ഷിണയെന്നുവിചാരിക്കണമെന്നുപറഞ്ഞു എന്നുംഅപ്പൊൾസംശയപ്പെട്ടു ചൊദിച്ചഉടനെ ഇന്നാരെന്നുമനസ്സിലായിഅന്നുമുതൽക്കു അവരഏറ്റവും സഖ്യതയൊടുകൂടിഇരുന്നുഎന്നുംകാണുന്നു- പണിക്കരുടെരാമായണത്തിൽഒരുഭാഗംതാഴെചെൎത്തിരിക്കുന്നു

൧ ആരണകാരണനായറിവാനരുതായഴിയാവടിവായൊരു നാളും
പൂരണനായപുമാൻഅഖിലത്തിനുഭൂതിവരുംപടിമായയിനാലെ-
പാരിൽമനൊഹരനായുളനായപരൻപുരുഷൻശ്രീരാമൻതിരുവടി
മാരുതിഅന്നരചെസ്സുതുകെട്ടുമകിഴ്ന്നരുളിചെയ്യാൻ അവനൊടെ.

൨ ഏവരിവണ്ണംവിയററിമുടിപ്പവരെതൊരുകാൎയ്യവും അനിലസുതാ
പുന-രാവവരാഴികടപ്പാൻനീയെഅരുണാനുജപവനന്മാരെപ്പൊൽ
ആയതുമല്ല സുരാസുരജാതികളാമവരാലുള്ളലങ്കയിലെവം-
പൂവതിനുംപുക്കാൽഉയിരൊടെപൊരുവതിന്നുംഉടൻകവിവീരാ.

——:0:——

## ൩ാം അദ്ധ്യായം

---

൩൯- ഈ മലയാളഭാഷയുടെ പിതാവായ എഴുത്തച്ഛന്റെ ചരിത്രം അറിയാവുന്നെടത്തോളം താഴെപറയുന്നു -

തുഞ്ചത്തെഴുത്തച്ഛൻ എന്ന ദിവ്യനായ കവിയുടെ പെര രാമാനുജൻ എന്നായിരുന്നു- ഇദ്ദെഹം ജനിച്ചതാണ്ട ഏതെന്നു നിശ്ചയിപ്പാൻ മാൎഗ്ഗമില്ല- എങ്കിലും (ക്രിസ്താബ്ദം ൲൫൱൦ മെൽ ൲൬൱൦ നകം) കൊല്ലവൎഷം ൭൦൦-൮൦൦ ഈ ട്ടിടക്കുജീവിച്ചിരുന്നു എന്നുള്ളമാൎഗ്ഗം തൎക്കിപ്പാനിടയില്ല- ഇദ്ദെഹത്തിന്റെ ജന്മഭൂമി തൃശ്ശിവപെരൂരെന്നു ജനങ്ങൾ പറയാറുണ്ട- പിന്നയും ഓരൊരൊ സ്ഥലങ്ങളെ അദ്ദെഹത്തിന്റെ ജന്മഭൂമിയെന്നു ഓരൊരുത്തർ പറയാറുണ്ട- തിരുവല്ലാണ്ടിക്കു സമീപം ഉള്ള തൃക്കണ്ടിയൂര ക്ഷെത്രത്തിനു സ്വല്പം പടിഞ്ഞാറായിരുന്നു ഇദ്ദെഹത്തിന്റെ വീട എന്നുള്ള കെട്ടുകെൾവി സത്യമായിരിക്കണം- ഈ സ്ഥലം വെട്ടത്തു നാട്ടിലാകുന്നു-

ഇദ്ദെഹത്തിന്റെ ജനനത്തെപറ്റി വിശെഷമായി ഒരു കഥ പറഞ്ഞുകെട്ടിട്ടുള്ളത ഇവിടെയും പക്ഷെ പ്രസ്താവിക്കെണ്ടിയിരിക്കുന്നു- ഇദ്ദെഹത്തിന്റെ അച്ഛൻ ഒരു നംപൂരിയും അദ്ദെഹം സാമാന്യ വ്യുല്പന്നനായ ഒരു ജ്യൊതിഷിയും ആയിരുന്നു- തിരുവനന്തപുരത്തെക്കു പൊയി മടങ്ങി വരുന്ന വഴിക്കു വെട്ടത്തുനാട്ടിൽ വന്നിരുന്നു- അതു ഇപ്പൊഴത്തെക്കാൾ പൊകുന്ന വഴിക്കായിരുന്നു- നെരം രാത്രിയാകയാലും പക്ഷെ അക്കാലങ്ങളിലുള്ള ജനങ്ങൾക്കു യാത്ര ചെയ്യുന്നതിലുണ്ടായിരുന്ന ഓരൊരൊ ഉപദ്രവങ്ങളെകൊണ്ടും വിശെഷിച്ചും ഇപ്പൊഴത്തെക്കാൾ പിന്നെയും വളരെ ദൂരം ഉണ്ടായിരുന്നിരിക്കാവുന്നതിനാലും വല്ലടത്തും കെറി രാത്രിമുഴുവൻ താമസിക്കണമെന്നു നിശ്ചയിച്ചു ഒരു വീട്ടിൽ കെറുകയുണ്ടായി- ശൂദ്രവംശത്തിൽ താണ ഒരു വൎഗ്ഗമായ ചക്കാലന്മാരിൽ ഒരാളിന്റെ വീടായിരുന്നു അതു- ആ വീട്ടിൽ ഒരു വൃദ്ധയും തന്റെ പുത്രിയും മാത്രമെ ഉണ്ടായിരുന്നൊള്ളു- പുത്രിയുടെ പ്രായവും ആകൃതിയുടെ ലാവണ്യവും (അല്ലെങ്കിൽ വൈരൂപ്യവും) ഇപ്പൊൾ കെവലം ഊഹഗൊചരങ്ങളായിത്തന്നെ ഇരിക്കുന്നു- ഈ പുത്രിയിൽ എഴുത്തച്ഛ

ൻ ജനിച്ചു എന്നാകുന്നു പറവാൻപൊകുന്നത. എഴുത്തച്ഛ
ൻ കണ്ടാൽ സുന്ദരനായിരുന്നു എന്നുകെൾവിയുണ്ട- ശൂ
ദ്രസ്ത്രീകൾ മാതാവാകൽ വൈരൂപ്യം ആരൊപിപ്പാൻ തക്ക
ന്യായങ്ങൾ അധികംകാണുന്നില്ല- പ്രായംകൊണ്ടു നൊക്കു
മ്പൊൾ അതിയുവതിഅല്ലന്നു വരാമെങ്കിലും മദ്ധ്യമവയ
സ്സിന്നിപ്പുറം തന്നെ ആയിരുന്നിരിക്കണം-

നമ്പൂരിവീട്ടിൽവന്നതിന്റെശെഷം യഥായൊഗ്യം ആദരി
ച്ചു ഗൃഹത്തിൽ മാന്യമായ ഒരുസ്ഥലത്തു അദ്ദെഹത്തിനെ ശ
യിപ്പിച്ചു വൃദ്ധയുംപുത്രിയും നിദ്രയെപ്രാപിച്ചു- എന്നാൽരാ
ത്രിയിൽ ഇവരഉണൎന്നു നൊക്കുമ്പൊൾ നമ്പൂരി സ്വസ്ഥന
ല്ലാത്ത വിധത്തിൽ വെളിയിലിറങ്ങി നക്ഷത്രങ്ങളെ നൊക്കു
കയും തിരിയെകെറി കിടക്കയും മറ്റുംപലതവണയും ചെ
യ്യുന്നതുകണ്ടു ആവൃദ്ധയുടെപുത്രിതനിച്ചിറങ്ങി ബ്രാഹ്മണന്റെ
സമീപത്തിൽവന്നു ജാഗരണത്തിന്റെയും മറ്റുംഹെതുചൊ
ദിച്ചപ്പൊൾ അത്യുത്തമനായ ഒരുപുത്രന്റെ ഉല്പത്തിപ്രദമാ
യിരിക്കുന്ന സുമുഹൂൎത്തം അചിരെണ വ്യൎത്ഥമായികഴിയാൻ
പൊകുന്നു എന്നു വിചാരിച്ചു ഖെദിക്കുന്നു എന്നുകെട്ടു ആ
പുത്രസന്താനലാഭം തനിക്കായിട്ടു അഭ്യൎത്ഥിക്കയും താദൃശമാ
യസമയത്തിങ്കൽ ദയാലുവായ ആബ്രാഹ്മണൻ അതിനെ
അവൾക്ക പ്രദാനംചെയ്കയും ഉണ്ടായി എന്നും എഴുത്തച്ഛ
ൻ ഇങ്ങനെ ഉണ്ടായആളാണെന്നും ഒരുകിംവദന്തിയുള്ളതും
എല്ലാവരുംഅറിഞ്ഞിരിക്കാം-

൧൦ എഴുത്തച്ഛൻ വളരെ ബുദ്ധിമാനും ചെറുപ്പത്തി
ലെതന്നെ സംസ്കൃതപണ്ഡിതനും ആയിതീൎന്ന അദ്ദെഹംഭാ
നത്തിനുസമീപം ഉള്ളതിരുനാവായി ക്ഷെത്രത്തിൽ പതി
വായിട്ടസ്വാമിദൎശനത്തിന്നായി പൊയ്ക്കൊണ്ടിരുന്നു-അവിടെ
നമ്പൂരിമാര വെദാദ്ധ്യയനം ചെയ്യുന്നതുകെട്ടു കാട കാട എ
ന്നപതിവായിപറഞ്ഞുതുടങ്ങി- അതിന്റെതാല്പൎയ്യം നമ്പൂരിമാ
രവെദം ഉച്ചരിക്കുന്നതിലും മറ്റുംവളരെ തെറ്റുകൾഉണ്ടെ
ന്നായിരുന്നു- നമ്പൂരിമാര ഇതിന്റെവിവരം മനസ്സിലാക്കി
ക്കൊണ്ടു ഇത്ര യൊഗ്യനായിട്ടുള്ളവനെ വളച്ചുവെച്ചാൽ അവൎക്ക
പൊരാത്തതായിതീരുമെന്നുവിചാരിച്ചു ഒരുദിവസം സ്വാമിദ
ൎശനത്തിന്നവന്നസമയം തീൎത്ഥത്തിൽ [illegible] ജപിച്ചുകൊടു
ക്കയാൽ അതു സെവിച്ചപ്പൊൾ മുതൽക്ക ബുദ്ധിക്ക സ്ഥിരമി

ല്ലാതെ ആയിരുന്നുഎന്നുംകെട്ടിരിക്കുന്നു- ചിലരുടെഅഭിപ്രായത്തിൽ അദ്ദെഹം ബാല്യത്തിൽ വെദം കെട്ടു പഠിക്കയാൽ അത മാറ്റാൻവെണ്ടി ഒരു നമ്പൂരി പഴത്തിൽമന്ത്രം ജപിച്ചു കൊടുത്തു അതിൽവച്ചുബുദ്ധിക്കുമന്ദതഭവിച്ചുഎന്നുംമററും പലവിധത്തിൽ പറയുന്നുണ്ടു- നമ്പൂരിമാരിൽനിന്നുംഎഴുത്തച്ഛന്നു ഏതുപ്രകാരത്തിലൊ ഒരുദൊഷം സംഭവിച്ചുഎന്നുള്ളത നിശ്ചയംതന്നെ- എഴുത്തച്ഛൻെറ അച്ഛനായ നമ്പൂരി ൟ വിവരം ഗ്രഹിച്ചു അവിടെ വന്ന മദ്യം സെവിച്ചാൽ ഇതിന്നു ഒരു ഔഷധിയായി തീരുമെന്നുപറഞ്ഞു മദ്യംകൊടുപ്പിച്ചുഎന്നും അന്നുമുതൽക്കു മദ്യംസെവിച്ചാൽ ബുദ്ധിതെളിഞ്ഞു വന്നിരുന്നുഎന്നു ഒരു കഥ ഉണ്ടു- ൟ കാരണത്താൽ ഗുരുക്കൾ അവസാനകാലംവരെ മദ്യം സെവിക്കെണ്ടിവന്നുഎന്നുപറയുന്നു.

൧൫- എഴുത്തച്ഛൻെറ ആദ്യഗുരു മനക്കൊട്ടു ബാലരാമൻഎന്നനമ്പൂരി ആയിരുന്നു അദ്ദെഹം മനക്രൊഡനാഥൻെറഅനുജനായിരുന്നു-ഗുരുവെന്നുമാത്രമല്ല ബാല്യത്തിലും യൌവ്വനത്തിലും അദ്ദെഹം തന്നെ ഒരാശ്രയമായിരുന്നു- ഇതിലെക്കു ദൃഷ്ടാന്തമായി ശിവപുരാണത്തിൽ നിന്നും എടുത്തു താഴെചെൎത്തിരിക്കുന്നഭാഗം ഉപയൊഗപ്പെടും-

രുദ്രാക്ഷമാഹാത്മ്യം

മനക്കൊട്ടുവാഴും മഹാമാനശാലി
മനക്കാമ്പിലെററം കൃപാവാരിരാശി
ഇനിക്കാശ്രയം ബാലരാമാഭിധാനൻ
നിനക്കുന്നതെല്ലാംവരുത്താൻകരുത്തൻ
കുലവിദ്യകൾക്കെകമാധാരഭൂതൻ
കുലാചാരഭെദംഗ്രഹിക്കുന്നവിദ്വാൻ
മനക്രൊഡനാഥാനുജൻബാലരാമൻ
മനൊജ്ഞസ്വരൂപൻ ജയിക്കെണമെററം

ചിലരുടെ അഭിപ്രായത്തിൽ ഗുരുവല്ല ആശ്രയിച്ചിരുന്ന ഒരാളാണെന്നാകുന്നു- പല ലക്ഷ്യങ്ങൾകൊണ്ടു വിചാരിച്ചതിൽ ആദ്യഗുരുവെന്നുള്ള അഭിപ്രായംതന്നെ ശരിയെന്നു കാണുന്നു-

കുറെക്കാലം മനക്രൊഡൻെറഅടുക്കൽ ശിഷ്യപ്പെട്ടുവിദ്യാഭ്യാസം കഴിച്ചതിൻെറശെഷം മെപ്പത്തൂര നാരായണൻ

ഭട്ടതിരിയുടെ ശിഷ്യനായിരുന്നു- ഇത ഏകദെശം യൌവന സമയത്താണ- അദ്ദെഹത്തിന ഒന്നിൽഅധികംഗുരുക്കന്മാരുണ്ടായിരുന്നുഎന്നും അവര ബ്രാഹ്മണരായിരുന്നുഎന്നുംതാഴെ ചെൎത്തിരിക്കുന്ന സ്കാന്ദപുരാണത്തിൽനിന്നും എടുത്തിരിക്കുന്ന വാക്യംകൊണ്ടു നിശ്ചയിക്കാം-

മെദ്ദുരന്മാരായീട്ട മെൻഗുരുനാഥന്മാരും

ശിവപുരാണംഅതിന മുൻപിൽഉണ്ടാക്കീട്ടുള്ള കവിതയാകുന്നു- അതഉണ്ടാക്കുന്നസമയം അദ്ദെഹം പ്രസിദ്ധനായിട്ടില്ലാ- ഉദ്ദെശം ൨൦വയസ്സിൽ കവിതആരംഭിച്ചതായികെൾവി-

൮. എഴുത്തച്ഛന്റെ നാമത്തെഗുരു ബ്രാഹ്മണശ്രെഷ്ഠനായമെപ്പത്തൂർഭട്ടതിരിആകുന്ന- എന്നുംആകാലത്തുണ്ടായിരുന്നബ്രാഹ്മണവിശ്വാസവുംതാഴെഎഴുതിയിരിക്കുന്നതു കൊണ്ടു നിശ്ചയിക്കാം-

വെദജ്ഞാത്മന്മാർമാഹാത്മ്യങ്ങളാൎക്ക ചൊല്ലാം
പാദസെവകനായ ഭക്തനാംദാസൻബ്രഹ്മ
പാദജനജ്ഞാനിനാമാദ്ധ്യനായുള്ളൊരുഞാൻ
വെദസമ്മിതമായ മുമ്പുള്ളശ്രീരാമായണം
ബൊധഹീനന്മാക്കറിയാം വണ്ണംചൊല്ലീടുന്നെൻ
* * * *
അഗതിയായൊരടിയനനുഗ്രഹിക്കണം
* * * *
അഗ്രജന്മമസതാം വിദുഷാമഗ്രെസരൻ മൽഗുരുനാഥൻ
* * * *
വെദശാസ്ത്രങ്ങൾക്കധികാരി യല്ലെന്നതൊൎത്ത
ചെതസിസൎവ്വംക്ഷമിച്ചീടുവിൻ കൃപയാലെ

൯- എഴുത്തച്ഛന്റെകാലത്തനംപൂരിമാർ മുൻപിൽ ഇരുന്നസ്ഥിതിയിൽതന്നെ ആയിരുന്നു എന്നും ശൂദ്രരുടെ വിദ്യാഭ്യാസത്തിനവളരെതടസ്ഥങ്ങൾഉണ്ടാക്കിഇരുവിച്ചു എന്നും മാത്രമല്ലാ വെദാന്തം മുതലായിട്ടുള്ളതിനെ ഒന്നിനെയുംമലയാളഭാഷയിൽഉണ്ടാകുന്നതിന വിരൊധികളായും ഇരുന്നു-

ഇതിനസാക്ഷിയായി എഴുത്തച്ഛൻ ഉണ്ടാക്കീട്ടുള്ള ശാന്തിപൎവ്വത്തിൽഒടുവിൽപറയുന്നഭാഗം ഉപയൊഗപ്പെടും-

കെവലം ബ്രഹ്മപ്രതിപാദ്യമാം ശാന്തിപൎവ്വം
കെവലം ജ്ഞാനപ്രദമായിരിപ്പൊന്നാകയാൽ
വെദാന്തപ്രകരണമത്ര്യന്തംരഹസ്യമി
തിദ്ദെശംചൊല്ലീട്ടുകിൽനിന്ദിക്കും മഹാജനം

അതുപൊലെ അനുശാസനീക പൎവ്വത്തിന്റെ ഒടുവിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു

വിസ്തരിച്ചൊക്കെ ഞാൻ ഭാഷയായി ച്ചൊല്ലിയാൽ സിദ്ധമല്ലാ
യ്കയെന്നാകയല്ലീയെന്നുസംശയിച്ചിങ്ങിനെചൊല്ലിയെൻ

ശാന്തിപൎവ്വത്തിൽ മൊക്ഷധൎമ്മം ഉപദെശിക്കുന്നസ്ഥല ത്തഭീഷ്മർധൎമ്മപുത്രൎക്കായിക്കൊണ്ടു ഇന്നതെല്ലാം ഉപദെശിച്ചു എന്നല്ലാതെ വിസ്തരിക്കുന്നില്ലാ ഇതുംനംപൂരിമാരെഉള്ളഭയം കൊണ്ടാകുന്നു- നംപൂരിമാരുമായിട്ടു ആദ്യം വിരൊധത്തിനു കാരണമായഒരുകഥകെട്ടിട്ടുണ്ട- അതിനെതാഴെ ചെൎത്തിരിക്കുന്നു-

൧൭ ഗണപതിസ്തവവും ഗണാഷ്ടകവും സരസ്വതിസ്തവവുംസരസ്വത്യഷ്ടകവുംഗുരുവന്ദനവുംമുകുന്ദാഷ്ടകവുംമംഗലാഷ്ടകവും എഴുത്തച്ശന്റെബാല്യത്തിലുള്ളകൃതികളാകുന്നു- അവബാലന്മാൎക്ക അക്ഷരാഭ്യാസം കഴിഞ്ഞുടനെ പഠിപ്പിച്ചുവരുന്നപതിവായിരിക്കുന്നു- എഴുത്തച്ശൻ സ്വഗ്രഹത്തിനു സമീപം ഒരു പള്ളിക്കൂടം കെട്ടിച്ചു ആശാനായി കുട്ടികളെ പഠിപ്പിച്ചു കൊണ്ടിരിക്കുന്നത ചിലനംപൂരിമാര കെട്ടിട്ടു- ഇബ്ബാ എന്തു എത്രആട്ടംഎന്നു ആക്ഷെപമായിചൊതിച്ചു എന്നും അതിനുത്തരമായിഅദ്ദെഹംഎന്റെ ചക്കിൽ ൪-ം൩-ം ആട്ടമെന്നുപറഞ്ഞുഎന്നും ഒരുകഥകെട്ടിരിക്കുന്നു-ശൂദ്രനായ എഴുത്തച്ശൻ ഗണപതിസ്തവംമുതലായത ഉണ്ടാക്കി കുട്ടികളെഅഭ്യസിപ്പിക്കുന്നത കണ്ടിട്ടുള്ളഅസൂയകൊണ്ടനംപൂരിമാര നീചക്കാല അല്ലയൊ നിന്റെ ചക്കിൽ എത്രപറ എണ്ണആട്ടും എന്നു ആക്ഷെപമായിട്ടാണ ചൊദിച്ചത- അതിനുത്തരമായിട്ടതാൻചക്കാലതന്നെഎംകിലും ൪വെദവും ൬ശാസ്ത്രവുംതനിക്കുബൊധമുണ്ടെന്ന അൎത്ഥം വരത്തക്ക വിധത്തിൽ എഴുത്തച്ശൻ ഉത്തരംപറഞ്ഞിരിക്കുന്നു- അന്നുമുതൽക്കഅപ്രദെശത്തുള്ള നംപൂരിമാരുമായിട്ട വിരൊധംതുടങ്ങിഎന്നകെൾവി

൧൮ അദ്ദെഹംനാരായണീയം ഉണ്ടാക്കിയമെല്പത്തൂരനാരായണഭട്ടതിരിപ്പാട്ടിലെ ശിഷ്യനായിരുന്നു എന്നു ഇതിനു മുമ്പി

ൽ പറഞ്ഞിട്ടുണ്ടല്ലൊ ൟ ഭട്ടതിരിപ്പാട്ടിൽനിന്നും നാരായണീയം കഴിച്ചുതീൎത്തത ഗുരുവായൂര ക്ഷെത്രത്തിൽ വച്ച കൃസ്തുവൎഷം ൧൫൮൭ കൊല്ലവൎഷം ൭൬൨മാണ്ടിടക്കാണെന്ന അദ്ദെഹത്തിന്റെ കവിതയിൽ നിന്നുതന്നെ അറിയാം- ൟ തീയതികൊണ്ടും എഴുത്തച്ശൻ അദ്ദെഹത്തിന്റെ ശിഷ്യനായിരുന്നു എന്നുള്ളതുകൊണ്ടും എഴുത്തച്ശന്റെ കാലം നിശ്ചയിച്ചിരിക്കുന്നു-

൧൦ ൟ ഭട്ടതിരിപ്പാട്ടിൽ നിന്നുംകൂടെക്കൂടെ താമസം അമ്പലപ്പുഴെ ചെമ്പകശ്ശെരി രാജാവിനൊട കൂടിആയിരുന്നു- ആസമയങ്ങളിൽ ഒക്കെയും എഴുത്തച്ശനും അദ്ദെഹത്തിനൊടുകൂടി അമ്പലപ്പുഴക്ക പൊയികൊണ്ടിരുന്നു- ഒരുയാത്രയിൽ അമ്പലപ്പുഴെ താമസിക്കുന്നസമയം കാശിയിൽനിന്നും അദ്ധ്യാത്മരാമായണം മൂലഗ്രന്ഥം തെലുങ്കഅക്ഷരത്തിൽ ഒരുബ്രാഹ്മണൻ കൊണ്ടുവന്നു- ൟ ഗ്രന്ഥം അതിനുമുൻപിൽ മലയാളത്തിൽ ഇല്ലാതിരുന്നു- ചെമ്പകശ്ശെരി രാജാവ ആഗ്രന്ഥത്തിനെ വാങ്ങിച്ചു മെല്പത്തൂർ ഭട്ടതിരിപ്പാട മുഖാന്തരം മലയാളഅക്ഷരത്തിൽ പകൎത്തിഎഴുതി കൊടുക്കുന്നതിനു എഴുത്തച്ശനെ എല്പിച്ചു അദ്ദെഹത്തിനു തെലുങ്കഅക്ഷരം അറിയാമെന്നുള്ളതിനാൽ അതുപകൎത്തി എഴുതിയസമയം അതിൽനിന്നും അദ്ധ്യാത്മരാമായണം കിളിപ്പാട്ടായിട്ടു കൂടിതീൎത്തതായി കെട്ടിരിക്കുന്നു-

൧൧ ഇങ്ങനെ ചെമ്പകശ്ശെരി രാജാവുമായി ഇഷ്ടമായിട്ടുവന്നു ഗുരുക്കൾ ജാതിയിൽ ചക്കാലയാകയാലും ചക്കാലന്മാൎക്ക അന്നു ചക്കിട്ടു എണ്ണ ആട്ടുക സംപ്രദായം ഉണ്ടായിരുന്നതുകൊണ്ട അന്ന നംപൂരിമാര മുതലായവൎക്ക ഒരു ആക്ഷെപത്തിനിടയായിതീൎന്നു- ൟ ആക്ഷെപം സഹിക്കാൻ വഹിയാത്തതിനാൽ ചെമ്പകശ്ശെരി മുതൽ വടക്കൊട്ടുള്ള രാജാക്കന്മാരുടെ ഇഷ്ടം കൊണ്ടു അമ്പലപ്പുഴക്ക വടക്കുള്ള ചക്കുകൾ അത്രയും പറിപ്പിച്ചുകളകയും അന്നുമുതൽക്ക ആ ദിക്കിലെ ചക്കാലന്മാരെക്കൊണ്ട ആട്ടില്ലാതെ വരികയുംചെയ്തു-

൧൨ എഴുത്തച്ശൻ സംബന്ധം ചെയ്തിട്ടുണ്ടായിരുന്നു എന്നും അതിനാൽ മക്കൾ ഉണ്ടായിട്ടുണ്ടെന്നും അതിൽ ഒരു മകളുടെ കൈയ്യക്ഷരത്തിലാണ അദ്ദെഹത്തിന്റെ കവിതകൾ എഴുതിയുണ്ടാക്കിയിരിക്കുന്നതു എന്നും ചിലർ പറയുന്നു ചിലരുടെ അഭിപ്രായത്തിൽ അദ്ദെഹം ഒരു യൊഗിയായിരുന്നു

എന്നും സംബന്ധം ചെയ്തിട്ടില്ലെന്നും അനന്തിരവരുടെ കൈയ്യക്ഷരത്തിലാണ ഗ്രന്ഥങ്ങൾ എഴുതിയിരിക്കുന്നത എന്നും ചിലർ പറയുന്നു- ൟ അഭിപ്രായം ശരിയായി കാണുന്നു- അദ്ദെഹം യൊഗാഭ്യാസം ശീലിച്ചിട്ടുണ്ടെന്നു ശാന്തിപൎവ്വം കൊണ്ടു ദൃഷ്ടാന്തപ്പെടും-

ശാന്തിപൎവ്വം

ജീവനെ പര കലാത്മാറുടനൎപ്പിച്ചു
ഭാവിച്ചീടുംപൊൾ ബ്രഹ്മനാഡിതന്നുടെ യുണൎന്ന
ആവിൎഭാവത്തെത്തെടും ശക്തിയാം ജീവാത്മാവിൻ
പാവകജ്വാലാസമമാകിയ തെജഃപുഞ്ജം
നിത്യാനന്ദാത്മാ പരൻതന്നുടെ തെജസ്സിംകൽ
സത്വരം ലയിച്ചു സൎവ്വാത്മനാ വിശ്വാസെന
സമസ്തകൎമ്മസമൎപ്പണവും ചെയ്തൊന്നിച്ചു
തന്നൊടുമുന്നെ പിരിഞ്ഞീടിന ശക്തിയെക്കൊണ്ടു
അന്യൊന്യമൈക്യം പ്രാപിച്ചാനന്ദിച്ചിരിക്കുംപൊൾ
ലൌകികാത്മനാകനിന്നവനൊടരുൾചെയ്തു-

൧൯- അദ്ദെഹം എവിടെ പൊയാലും മാനനീയനും ശ്ലാഘനീയനുമായിരുന്നു- സാമൂതിരിപ്പാട മുതലായ രാജാക്കന്മാര അദ്ദെഹത്തിന്റെ യൊഗ്യതയെ അറിഞ്ഞ വൎഷാശനമായിട്ട കൊഴിക്കൊട്ടു മുതലായ രാജസ്ഥലങ്ങളിൽ കിഴിപതിവു വച്ചിരുന്നതായും അതഅദ്ദെഹം പതിവായിട്ട വാങ്ങിച്ചു വന്നതായും കെട്ടിട്ടുണ്ട-

൨൦- ഏകദെശം നൂറവയസ്സുവരെ ജീവിച്ചിരുന്നതായും വണ്ണം അധികം ഉണ്ടായിട്ട ഒരു ഒത്തആളായിരുന്നു എന്നും തമിഴിൽ കവിശ്രെഷ്ഠനായ കമ്പരുമായിട്ടു സ്നെഹമായിരുന്നു എന്നും ജ്യൊതിഷത്തിൽ നല്ല പരിചയം ഉണ്ടായിരുന്നു എന്നും അറിയുന്നു

൨൧- അദ്ദെഹത്തിന്റെ കവനങ്ങളിൽ വെദതത്വങ്ങളെയും ശൂദ്രൎക്ക അറിവാൻ വഹിയാത്ത രഹസ്യങ്ങളെയും പ്രയൊഗിച്ച നിമിത്തം അസൂയ മുഴുത്തിരുന്ന നമ്പൂരിമാർ ഉപദ്രവിപ്പാൻ തുടങ്ങിയതിനാൽ ഒടുവിൽ അദ്ദെഹം സാമൂതിരിപ്പാട്ടിലെ അടുക്കൽ നിന്നും ൨൦൦൦ പണം കിഴിയും വാങ്ങികൊണ്ടു ആലിക്കൽ ഇരിക്കുന്നതിന നമ്പൂരിമാരുടെ ശല്യം അധികം ഉണ്ടായിരുന്നതിനാൽ കുഡുംബസഹിതം വള്ളുവനാടെശമായ പാലക്കാട്ടചിററൎ ൟ പ്രദെശത്തെക്ക യാത്ര തിരിച്ചു

ചിറവരിൽവന്നു അദ്ദെഹം ഭാരതപ്പുഴയുടെ ഒരു പൊഷനദിയായതൈക്കപ്പുഴയുടെ വടക്കുഭാഗത്തു ശ്മശാനസമീപത്തിൽ യൊഗത്തിൽ ഇരിക്കുന്നതു ഒരുദിവസം മദ്ധ്യാഹ്നസമയം ചിറവരഎഴപത്തരാമമെനവൻകണ്ടുവളരെ അതിശയിച്ചു അദ്ദെഹത്തിൻെറസമാധിതീരുന്നതുവരെ അവിടെനിന്നു പിന്നീടുരണ്ടുപെരും ഒരുമിച്ചു മെനവൻെറ വീട്ടിലെക്കുപൊയി- അദ്ദെഹംഇരുന്നസ്ഥലം പഞ്ചവടിക്കുസമമാണന്നും അതവിലെക്കു വാങ്ങിക്കണമെന്നും മെനവനൊടുപറഞ്ഞു- അതചെമ്പകത്തമന്നാടിയാരുടെ വക ജന്മഭൂമിയായിരുന്നു- അതിനെപണം കൊടുത്ത എഴതിവാങ്ങിച്ചു- അതിൽഒരുവിഷ്ണുക്ഷെത്രവും ഒരു ശിവക്ഷെത്രവും ൧൦൮ മഠങ്ങളും പണികഴിപ്പിച്ചു ആ ൧൦൮ മഠങ്ങൾക്കുംമദ്ധ്യെ തൻെറസ്വന്തഉപയൊഗത്തിനായി ഒരുമഠവും പണിതു- ആക്ഷെത്രത്തിൽ നിത്യനിദാനംഉത്സവം മുതലായ അടിയന്തരങ്ങൾനടക്കുന്നതിനവെണ്ടവസ്തുവും വാങ്ങിച്ചു ൦ര൦ ൧൦൮ ഗ്രാമവും വസ്തുക്കളുംബ്രഹ്മസ്വമായിദാനംചെയ്തു-അദ്ദെഹത്തിൻെറ ജീവാവസാനംവരെഅവിടെപാൎത്തു ൦ര൦ഗ്രാമത്തിൻെറപെരു പുഴയ്ക്കൽഗ്രാമംഎന്നാകുന്നു- അതിൽതൻെറ മഠത്തിൽ താൻഉണ്ടാക്കീട്ടുള്ളതും തൻെറമകളുടെ കൈയ്യക്ഷരത്തിൽ എഴതീട്ടുള്ളതുംആയ എല്ലാ ഗ്രന്ഥങ്ങളും താൻ ഉപയൊഗിച്ചുവന്നമെതടിയുംദണ്ഡുംപീഠവും വച്ചു അവസൂക്ഷിക്കുന്നതിനുള്ളബാദ്ധ്യതബ്രാഹ്മണരിൽ സമൎപ്പിക്കയുംചെയ്തു- അദ്ദെഹത്തിൻെറമരണസ്ഥലം ഇന്നെടത്തെന്നും ഇത്രാമാണ്ടെന്നുംആൎക്കുംനിശ്ചയമില്ലാ- അദ്ദെഹത്തിൻെറ ജന്മഭൂമിയെ തുഞ്ചൻപറമ്പു എന്നു പറഞ്ഞു ഇപ്പഴം ബഹുമാനിച്ചുവരുന്നു-

൨൭- ഏകദെശം ൭൦വൎഷത്തിനമുൻപു മെലെഴതിയമഠത്തിൽനിന്നും ഭാഗവതം ഒഴികെ മറെറല്ലാഗ്രന്ഥങ്ങളും അഗ്നിബാധയിൽചെതം വന്നുപൊയെന്നുംപിന്നീടുവെറെ കൈയ്യക്ഷരത്തിൽ എഴതിശെഖരിച്ചുവച്ചിരിക്കുന്നതായും അറിയുന്നു- ചിലരുടെഅഭിപ്രായത്തിൽ ഗ്രന്ഥങ്ങൾ അഗ്നിബാധയിൽചെതം വന്നിട്ടില്ലന്നുംചിലർമൊഷണംചെയ്തതാണന്നും പറയുന്നു- ഭാഗവതവും ദണ്ഡും മെതടിയും ഇപ്പഴം വച്ചു പൂജിക്കുന്നൊണ്ടു- അതു കണ്ടിട്ടുള്ളവരായും വളരെപെരുള്ളതാകുന്നു-

വന- എഴുത്തച്ഛനെസംബന്ധിച്ചതായിചിലവൃദ്ധന്മാർപറഞ്ഞുകെട്ടിരിക്കുന്നകഥകളിൽ ചിലതതാഴെ ചെർത്തിരിക്കുന്നു- ഒട്ടുംസത്യമില്ലാതെ ഇങ്ങനെഉള്ള കഥകൾ ൧൦൦ കൊല്ലമായിട്ട സന്തതിപരമ്പരയായി പറഞ്ഞുഗ്രഹിച്ചുവരുന്നതല്ലെന്നും അവയിൽ പ്രസ്ഥാപിച്ചിരിക്കുന്നതത്രയും സത്യമല്ലെന്നും ഗ്രന്ഥകർത്താവ അഭിപ്രായപ്പെടുന്നു-

ഫ- എഴുത്തച്ഛൻമുൻപിൽ ഒരുഗന്ധർവ്വനായിരുന്നു എന്നും മഹാഭാരതയുദ്ധവുംമററും കണ്ടിട്ടുണ്ടെന്നും- ഒരുശാപവശാൽമനുഷ്യനായിട്ട വന്നുജനിച്ചതാണന്നുംകെൾക്കുന്നു- അതിനസാക്ഷിയായി താഴെചെർത്തിരിക്കുന്നതും എഴുത്തച്ഛൻ ഉണ്ടാക്കീട്ടുള്ളതും ആയ്യഭാഷാശ്ലോകം ഒരുസ്നെഹിതൻഎനിക്കഎത്തിച്ചു തന്നിരിക്കുന്നു-

"മുന്നംഞാൻ വാനൊർനഗരെ പാട്ടുവൊൻ ഇന്ദ്രഗെഹെ
സന്ധ്യാവെലക്കചെല്ലാഞ്ഞൊരുദിനമബലാരി കൊപിച്ചു
ധതാംഫുണ്ഡഭ്രമൌ പുറന്നീടിനെൻമാനുഷൻഞാൻ'

റ. മഹാഭാരതയുദ്ധം കണ്ടിട്ടുണ്ടന്നുള്ളതിലക്ക ലക്ഷ്യമായി പറയുന്നത എന്തന്നാൽ എഴുത്തച്ഛന്റെ പർവ്വത്തിൽ

വാരണവീരൻതലയററുവില്പററു
വീരൻഭഗദത്തൻതന്റെതലയററു
ന:ലാമതാനൻവാലുമരിഞ്ഞിട്ടു
കൊലാഹലത്തൊട്ടപ്പൊയിതുബാണാവും

എന്നൊരുഭാഗം കാണുന്നതിൽ അതഉണ്ടാക്കിയ സമയത്തകീഴപ്പാട്ടുകിടക്കുന്ന ആനയുടെവാല എങ്ങിനെ അററതെന്നു വിചാങ്ങലത്തസ്വാമിയാരുസംശയിച്ചു ആദ്ദെഹത്തിന ശ്രീകൃഷ്ണസ്വാമിപ്രത്യക്ഷമാകയാൽ അവിടെ അറിയിച്ചതിനു ഞാൻഅപ്പൊൾ വെറെ ഒരുജൊലിആയിരുന്നപൊയതിനാൽ സൂക്ഷിച്ചില്ലന്നും (പാൎത്ഥസാരഥി) ആസമയംകണ്ടുകൊണ്ടുനിന്നഒരുഗന്ധർവ്വനാണഎഴുത്തച്ഛൻഎന്നും ആയാളൊടുചൊദിച്ചാൽഅറിയാമെന്നുംകല്പിക്കയാൽ അപ്രകാരം ചൊദിച്ചതിന ഉത്തരമായി ആനക്കകൊമ്പുവരുംപൊൾ വാലുകിളത്തിപിടിക്കുന്ന പതിവാണെന്നുംഅതുപൊലെ കിളത്തിപിടിച്ചതിനാൽ അററതാണന്നും എഴുത്തച്ഛൻ മറുപടി പറഞ്ഞതായുംഒരുവൃദ്ധൻപറഞ്ഞിരിക്കുന്നു-

൨- എഴുത്തച്ശൻഎന്ന പെരുണ്ടായതിന കാരണമായിരരാം പറഞ്ഞിരിക്കുന്നതഎന്തന്നാൽ- ഗുരുക്കന്മവിദ്വാനായിരുന്നതുകൊണ്ടു നംപൂരിമാൎക്കവളരെ അസൂയ ഉണ്ടായിരുന്നുഎന്നും ഒരുദിവസംപരിക്ഷിക്കുന്നതിനായി വടക്കഒരുനംപൂരി ആഢ്യൻ സംസ്കൃതം ദെവിമഹാത്മ്യം താളിഓലഗ്രന്ഥത്തിൽ നാലുഎട്ട എടുത്ത ഒളിച്ചുവച്ചെച്ചു എഴുത്തച്ശനൊട അതകാണ്മാൻഇല്ലനംപകരംഉണ്ടാക്കികൊടുക്കണമെന്നു പറഞ്ഞുഎന്നുംആപ്രകാരംഅദ്ദെഹവും സമ്മതിച്ചു ഒരുദിവസം രാത്രിഒരുമുറിക്കകത്ത ഗ്രന്ഥവും ഒരുനാരായവും താളിഓലയും കുറെമദ്യവും വിളക്കും കൊണ്ടുവച്ചു എഴുത്തച്ശൻ അതിനുള്ളിൽകടന്നു വാതിലടച്ചു എന്നും എങ്ങിനെ എഴുതുന്നുഎന്നുള്ളതറിയുന്നതിന നംപൂരി തട്ടുംപുറത്ത കയറി ഒരുദ്വാരത്തിൽക്കൂടിനൊക്കിഇരുന്നുഎന്നും എഴുത്തച്ശൻ മദ്യവും പാനംചെയ്തു മത്തനായികിടന്നസമയം ഏററവും സുന്ദരിയായും യൌവനമുള്ളതായുംഒരുസ്ത്രീവന്ന അത്രയുംവെഗംഎഴുതികൊടുത്തതായും ഇതസാക്ഷാൽസരസ്വതിദെവിയെപ്പൊലെഇരുന്നതിനാൽഎഴുത്തച്ശൻ (എഴുത്ത=സരസ്വതി) എന്നപെരനംപൂരിമാര അദ്ദെഹത്തിനു അന്നുമുതൽകൊടുത്തതായും പറയുന്നു- അതിന മുൻപെ രാമാനുജൻ എന്നു മാത്രമെ അദ്ദെഹത്തിന പെരഉണ്ടായിരുന്നൊള്ളു

൩- കണ്ണപ്പം ഉണ്ടാക്കിയത മദ്യപാനവുംചെയ്തുകൊണ്ടു ഒരുപ്രദൊഷസന്ധ്യസമയം ഒരുശിവക്ഷെത്രത്തിന്റെനടയിൽ ഇരിക്കുംപൊൾ ദീപാരാധനസമയം ഹരാഹരാഹരാ ശിവാശിവാ ശിവാ- എന്നുപാടിയെന്നുംഅതിന്റെശിഷ്ടംകെൾക്കട്ടെഎന്നുഅവിടെനിന്നു ചില നംപൂരിമാരഹാസ്യമായിപറകയാൽ ശെഷം ആവൃത്തത്തിൽ കണ്ണപ്പം ഉണ്ടാക്കിയതായും കെട്ടിരിക്കുന്നു-

൪ കിളിപ്പാട്ടുഎന്നു ഒരുവകകവിതആദ്യം മലയാളത്തിൽ നടപ്പാക്കിയതു എഴുത്തച്ശനാകുന്നു- കിളിപ്പാട്ടിൽ ആദ്യംകവി കിളിയൊടകഥ പറയുന്നതിന അപെക്ഷിക്കയും അതിന്മെൽ കിളിയുടെവാക്കായിട്ടു പറഞ്ഞുതുടങ്ങുകയും ചെയ്യുന്നു- അതതമിഴിൽ ഒരംരടിഎന്ന വൃത്തത്തെ അനുസരിച്ചുള്ളപദ്യമാലആകുന്നു- ഉദാഹരണം

രാമായണം

കവി
ശ്രീരാമനാമംപാടിവന്നപൈംകിളിപ്പെണ്ണെ
ശ്രീരാമചരിതംനീ ചൊല്ലീടുമടിയാതെ
ശാരികപ്പൈതൽതാനും വന്ദിച്ചുവന്ദ്യന്മാരെ।
ശ്രീരാമസ്മൃതിയൊടെ പറഞ്ഞുതുടങ്ങിനാൾ

൮൫ കിളിപ്പാട്ടെന്നു പെരുവരാൻ കാരണം പറഞ്ഞുവെല്ലൊ- കിളിയെക്കൊണ്ടുപറയിക്കാൻ കാരണംഎന്തന്നാൽ കവിതാദൊഷങ്ങളെപൊക്കുന്നതിനും അറംമുതലായദൊഷങ്ങൾകവിതക്കാറനുവരാതിരിക്കുന്നതിനുംവെണ്ടീട്ടാണെന്നു വിദ്വാന്മാർ അഭിപ്രായപ്പെടുന്നു- ഇതഎല്ലാവരുടെയുംഏകൊപിച്ചഅഭിപ്രായംഅല്ലാ-മററചിലരുടെപക്ഷത്തിൽഅത ശുകമെന്ന വ്യാജെന ശ്രീശുക മഹൎഷിയെക്കൊണ്ടു കഥ വായിപ്പിക്കുക ആണെന്നും വെറെചിലർ എഴുത്തച്ശൻ ശുകരൂപമായിട്ടാണ ഭഗവാൻജ്ഞാനൊപദെശം ചെയ്തത എന്നും അതുകൊണ്ടാണന്നും ചിലര പൈംകിളിക്കണ്ണി പരാപരക്കണ്ണി എന്നുള്ള തമിഴകവിതകളെ എഴുത്തച്ശന്റെ കവിതകൾ അനുസരിക്കുന്നതു കൊണ്ടാണന്നും പറയുന്നു- ഇവയെല്ലാം യുക്തിക്കശരിയിട്ടിരിക്കുന്നു- ഇതിൽ ഇന്ന അഭിപ്രായം സത്യംഎന്ന തീൎച്ചയായി പറവാൻ ഇപ്പൊൾ പ്രയാസം-

൮൬ എഴുത്തച്ശന്റെപ്രധാനകവിതകൾതാഴെപറയുന്നതാകുന്നു-

൧ ശിവപുരാണം
൨ ദെവിമാഹാത്മ്യം
൩ സ്കാന്ദപുരാണം
൪ അദ്ധ്യാത്മരാമായണം
൫ ഭാരതം
൬ കെരളനാടകം
൭ രാമായണംഇരുപത്തിനാലുവൃത്തം
൮ വെതാളചരിത്രം
൯ ചിന്താരത്നം
൧൦ ഹരിനാമകീൎത്തനം
൧൧ പാതാളരാമായണം
൧൨ ഭാഗവതം

ഇതുകൂടാതെ അനെകം മണിപ്രവാള കീൎത്തനങ്ങളും ശ്ലൊകങ്ങളും ഗദ്യമായികെരളൊല്പത്തിയും ഉണ്ട-

൧൭ എഴുത്തച്ശന്റെ കവിതകൾ ഒക്കയും സംസ്കൃതത്തിൽനിന്നുംതൎജ്ജിമമാത്രം ചെയ്തതാകുന്നുഎന്നു ചിലർവിചാരിക്കുന്നു- ഇതഅത്രശരിയായ അഭിപ്രായംഅല്ലാ- കഥകൾ ഒക്കയും സംസ്കൃതത്തിലുള്ളതു തന്നെ എന്നുവരികിലും കവിതയും അതിലെപ്രയൊഗങ്ങളും മററുംതന്റെസ്വന്തചാതുൎയ്യത്താൽഉണ്ടായിട്ടുള്ളതാകുന്നു-

൧൮ കവിതകളിൽ സംസ്കൃതവാക്കുകൾ ധാരാളമായിട്ടുപയൊഗിച്ചിരിക്കുന്നു- പ്രാസംമുതലായ ശബ്ദാലംകാരങ്ങളും അൎത്ഥാലംകാരങ്ങളും വളരെഉണ്ട-

എഴുത്തച്ശന്റെ കിളിപ്പാട്ടുകൾ അൎത്ഥംകൊണ്ടും ശബ്ദംകൊണ്ടും നൊക്കുമ്പൊൾ നിസ്തുല്യങ്ങളാകുന്നു- പദങ്ങൾ മനൊഹരങ്ങളും അൎത്ഥം സൎവ്വത്ര ഗംഭീരവും ആയിരിക്കുന്നു- പാദപൂരണത്തിനായും മററുംഅനാവശ്യപദങ്ങളെ വൃഥാ ഉപയൊഗിച്ചിട്ടുണ്ടെംകിലും അത നന്നാക്കുറച്ചെ ഉള്ളു എന്നു അൎത്ഥജ്ഞാനത്തൊടുകൂടി വായിക്കുന്നവൎക്ക ഒക്കയും അറിയാം- വൎണ്ണനങ്ങളെകൊണ്ടു എഴുത്തച്ശന്റെസമീപെ ചെല്ലുന്നതിന ഇതുവരെഅധികം മലയാളകവികൾ ഉണ്ടായിട്ടില്ലാ- ഭക്തിരസത്തെ വിസ്തരിക്കുന്നതിൽ അദ്ദെഹത്തിനശരിയായിട്ടു മിക്കവാറും ആരുംഉണ്ടായിട്ടില്ലാ- അനാവശ്യമായി സംഗതികളെ വൎദ്ധിപ്പിക്കയും പതിവില്ലാ- ചിലെടത്തു രണ്ടൊ നാലൊവരികളെകൊണ്ടുപറഞ്ഞിട്ടുള്ള കാൎയ്യംരണ്ടൊ നാലൊ കടദാസുകളിൽ നിറച്ചെഴുതിയാലും ഭംഗിയായും പൂൎണ്ണമായും വെളിവാക്കുന്നകവികളെ വെറെവളരെകാണുന്നില്ലാ- ഈസംഗതികളെപററി പ്രത്യെകം ഒരുപുസ്തകം ഉണ്ടാക്കെണ്ടതല്ലാതെ മുഴുവനുംഇവിടെ സവിസ്തരംസൊദാഹരണം എഴുതിസ്ഥാപിക്കാൻപാടില്ലാത്തതുമാകുന്നു- എംകിലും സ്വല്പമായിമെൽ പ്രസ്താപിക്കാം-

൧൯- ശിവപുരാണം എഴുത്തച്ശന്റെ ആദ്യകവിതയാകുന്നു- ഉദ്ദെശം ൨൦ാമത്തെ വയസ്സിൽ ചമെച്ചതാണെന്നു ഊഹിച്ചിരിക്കുന്നു- ഇതിൽ താഴെ പറയുന്ന മാഹാത്മ്യങ്ങൾ അടങ്ങിയിരിക്കുന്നു- അവ നൈമിശാരണ്യത്തിൽ വസിക്കു

ന്ന മുനിന്ദ്രന്മാൎക്ക സൂതൻ ചൊല്ലി കെൾപ്പിക്കുന്നതാകുന്നു- സംസ്കൃതത്തിൽനിന്നു എഴുത്തച്ഛൻ തൎജ്ജിമ ചെയ്യുത അതി ലെകവിതാചാതുൎയ്യം അത്ര പ്രശംസിക്കാനില്ലാ-

൧ ശനിപ്രദൊഷമാഹാത്മ്യം
൨ പ്രദൊഷമാഹാത്മ്യം
൩ ശിവരാത്രിമാഹാത്മ്യം
൪ സൊമവാരവ്രതമാഹാത്മ്യം
൫ ഉമെശാനവ്രതമാഹാത്മ്യം
൬ ചതുൎദ്ദശിമാഹാത്മ്യം
൭ പഞ്ചാക്ഷരമാഹാത്മ്യം
൮ ശിവയൊഗിമാഹാത്മ്യം
൯ ഭസ്മമാഹാത്മ്യം
൧൦ ശംബരമാഹാത്മ്യം
൧൧ കാശിമാഹാത്മ്യം
൧൨ രുദ്രാക്ഷമാഹാത്മ്യം

൯൦- ഠരം മാഹാത്മ്യങ്ങൾ ഓരൊ കഥകൾ കൊണ്ട കവി വൎണ്ണിച്ചിരിക്കുന്നു- ശനിപ്രദൊഷമാഹാത്മ്യത്തിൽ പറയുന്നകഥ മഹാകാള ക്ഷെത്രവാസിയാം മഹാശംകരന്റെ ഭക്തൻ ഉജ്ജയിന്യാഖ്യപുരത്തിൽ ദിവ്യയവുംവലുരെയാഗങ്ങളും ദാനങ്ങളുംചെയ്തു സുഖമായി വസിക്കുംപൊൾ മാണിഭദ്രനെന്നു ഒരു മഹൎഷി അൎക്കതുല്യമായ തെജസ്സുള്ളതും കാമിച്ചതൊക്കെ നൽകുന്നതും ആയ ചിന്താരത്നം രാജാവിനായി കൊടുത്തു- രത്നവിശെഷം മററ രാജാക്കന്മാര ധരിച്ചു അതിനെ ആഗ്രഹിച്ചു കിട്ടാഴികയാൽ എല്ലാവരും കൂടി പൊരിന്നായിക്കൊണ്ട വന്നു- രാജാവ മഹാകാള ക്ഷെത്രത്തിൽചെന്നു ദെവനെ സെവിച്ചു ലൊഭംകൂടാതെ മാല വിളക്ക ഹൊമംമുതലായത കഴിച്ചു- ആ സമയം ൫ വയസ്സുള്ള ഒരു പുത്രനൊടുകൂടി ഒരു ഗൊപസ്ത്രീ വന്നു തീൎത്ഥവുംവാങ്ങി അവളുടെ ഗൃഹത്തിൽ ചെന്നു ജൊലിനൊക്കുന്ന സമയത്തിൽ പുത്രൻ ഒരു കല്ലുപ്രതിഷ്ഠിച്ചു കളിയായിട്ടു പൂജകളും മററുംകഴിച്ചു ശിവനെ സെവചെയ്തു- മാതാവ ഭക്ഷണത്തിന്നായി വിളിച്ചപ്പൊൾ ബാലൻ പൊകാഴികയാൽ അവനെ താഡിച്ചു- അതിന്റ അജ്ഞാനത്തിനാൽ അച്ഛനബിംബം തച്ചുമറിച്ചു പുഷ്പങ്ങളെയും കളഞ്ഞു കൊപത്തൊടു ഗൃഹത്തിൽപൊയിവസിച്ചു- ബാ

ലൻ വ്യസനിച്ചു ശിവനെ സ്തുതിച്ചു കരഞ്ഞപ്പൊൾ അല്പം മൊഹാലസ്യമായി തറയിൽവീണുകിടന്നു കണ്ണു തുറന്നുനൊക്കിയപ്പൊൾ തന്റെഗ്രഹം പൊന്മയമായും അതിന്റെമകളിൽ ഒരു ശിവലിംഗവിഗ്രഹവും കണ്ടു അതിശയിച്ചു പ്രാൎത്ഥിച്ചു.

ത്ര്യംബകപുരാന്തകപാഹിമാം ജഗല്പതെ
അമ്മതാനപരാധം ചെയ്തതുക്ഷമിക്കണം
ചിന്മയാകൃതെഭവാൻ കാരുണ്യം പൂണ്ടമയി
തൽപ്രഭാവത്തെ ഗ്രഹിക്കായ്കയാൽവിമൂഢയാം
മൽപ്രസൂമഹാപാപംചെയ്തിതുമഹെശ്വരൻ

ഇങ്ങിനെപ്രാൎത്ഥിച്ചു നമസ്കരിച്ചു ഗ്രഹത്തിനകത്തു ചെന്നപ്പൊൾ അമ്മ ഒരു സ്വൎണ്ണപൎയ്യംകത്തിൽ കിടന്നു ഉറങ്ങുന്നതു കണ്ടുവിളിച്ചുണൎത്തി അവരും അതിശയിച്ചുസന്തൊഷത്തൊടുകൂടി ഇരിക്കുമ്പൊൾ മഹാരാജാവും മന്ത്രിമാരുംമററും ഒരു വൃത്താന്തംകെട്ടു അവിടെ ചെന്നുവിസ്മയിച്ചു- പൊരിന്നായി വന്നരാജാക്കന്മാരും ഒരു വൎത്തമാനംകെട്ടു വൈരവും വെടിഞ്ഞു പുരത്തിനകത്തു ചെന്നു എല്ലാവരും ഗൊപപുത്രനു രത്നവും രാജ്യങ്ങളും ദാനംചെയ്തു- അപ്പൊൾ ഹനുമാൻ പ്രത്യക്ഷമായി ശൈവപൂജയെപ്പററി പ്രസ്താവിച്ചു ആവംശത്തിൽ ശ്രീകൃഷ്ണൻ ജനിക്കുമെന്നുപറഞ്ഞു-

മന്ദവാരവും പുനശ്രീമഹാപ്രദൊഷവും
ഒന്നിച്ചുവന്നദിനമീശനെസെവിക്കയാൽ
വന്നിതുവിഭൂതിയും വിദ്യയും പ്രഭുത്വവും
വന്ദനീയനാം പശുപാലബാലകനിപ്പൊൾ

ശെഷം മാഹാത്മ്യങ്ങൾ ഇതുപൊലെ ഓരൊ കഥകൊണ്ടു ഘൊഷിപ്പിച്ചിരിക്കുന്നു-

പ്രദൊഷമഹാത്മ്യം

കൃത്തിവാസസ്സായദെവൻ പ്രദൊഷെഷു
നൃത്തമാടീടുന്നു കൈലാസപൎവ്വതെ
ബ്രഹ്മനും വിഷ്ണുവും ചന്ദ്രനമിന്ദ്രനും
ബ്രഹ്മമുനികളുംദെവകദംബവും
സൎവ്വദെവൌഘംപ്രദൊഷവെലാവിധൌ
ശൎവ്വശൈലെവസിച്ചിടുന്നു സാദരം -

മാഘമാസത്തിൽവരുംകൃഷ്ണയാംചതുർദ്ദശി
ശ്ലാഘനീയയെന്നിഹ ചൊല്ലുന്നുബുധജനം
അന്നുപവാസംചെയ്തുനിദ്രയുമുപെക്ഷിച്ചാൽ
ഇന്ദുശെഖരനൊടു ചെരുമെവനെന്നാലും
രാത്രിയിലുറങ്ങാതെശൈവപൂജയാശിവ
രാത്രിനാളുപവാസം ചെയ്യുന്ന നരന്മാർക്ക
ധാത്രിയിൽജനിക്കയുംധാതൃകല്പിതങ്ങളാം
ഗാത്രനും ക്ലെശങ്ങൾക്കും സംഗതിവരാന്നുനം

൯൧- ദെവിമാഹാത്മ്യം മൂലഗ്രന്ഥമായ സംസ്കൃതദെവിമാഹാത്മ്യത്തിന്റെ ചുരുക്കമായുള്ള പരിഭാഷയും മൂലം സംസ്കൃത മാർക്കണ്ഡെയപുരാണത്തിന്റെ ഒരുഭാഗവുംആകുന്നു- മൂലത്തിൽ ൧൩ അദ്ധ്യായം ഉള്ളതിൽ ൧൨ അദ്ധ്യായം ഏഴുതാമ്പുറൻ പരിഭാഷപ്പെടുത്തിയിരിക്കുന്നു- പുത്രഭൃത്യാദിജനങ്ങളാൽ രാജ്യഭണ്ഡാരാദികൾ അടക്കിക്കൊണ്ട ഉപെക്ഷിക്കപ്പെട്ട സുരഥൻ എന്ന രാജാവിനും അതുപൊലെ പുത്രന്മാരാൽ ദ്വെഷ്യനായി നിരസ്തനായി ചമഞ്ഞ ഒരുവൈശ്യനും കൂടി ഒരു മഹർഷി ഉപദെശിക്കുന്നപ്രകാരമാണകാണുന്നത- അതിൽ ചിലഭാഗം താഴെചെർത്തിരിക്കുന്നു-

സർവ്വജന്തുക്കൾക്കുമുണ്ടൊക്കംപൊൾജ്ഞാനംപുനർ
ഉർവ്വിന്നുമുള്ളിൽ ജ്ഞാനമമാനുഷർക്കില്ലനൂനം
വെവ്വെറെജന്തുക്കൾക്കു വിഷയങ്ങളുമുണ്ട
ഉറ്വാരമത്തുമഹൽജ്ഞാനികളാലുമൊർത്താൽ
കെചിൽപ്രാണികൾദിനാന്ധങ്ങളായുള്ളുഭുവി
കെചിൽപ്രാണികളെല്ലാംരാത്രിയിലന്ധങ്ങളാം
തുല്യദൃഷ്ടികൾമനുജന്മാരെന്നെല്ലൊചൊല്ലു
സത്യമല്ലതുനിരൂപിച്ചാൽ കെവലംജ്ഞാനം
ചിത്തത്തിൽപശുപക്ഷിമൃഗജാതികൾക്കെത്ര
പക്ഷികൾ മുട്ടയിട്ടുപട്ടിണിയിട്ടുകിടന്ന
ഒക്കവെകൊത്തിപ്പിരിച്ചുരികെചെർത്തുകൊണ്ട
പക്ഷങ്ങൾതൊറുംവച്ചുവളർത്തുദിനംതൊറും
ഭക്ഷിപ്പാൻകൊക്കിൽകൊത്തിക്കൊണ്ടന്നുകൊടുത്തുടൻ
നാൾതൊറുംപറക്കയുംപഠിച്ചുവളർത്തിയാൽ
ഏതുമെ മമതയില്ലവററിലൊട്ടുംപിന്നെ
മർത്ത്യന്മാർപുത്രന്മാരിൽപ്രത്യുപകാരംചിന്തിച്ചു
എത്രയുംമൊഹിക്കുന്നൊരജ്ഞാനനിമിത്തമായി
സൃഷ്ടിപാലനമൂലമായതൻപ്രഭാവത്താൽ
പുഷ്ടമൊഹനരൂപംമജ്ഞാനംഭവിക്കുന്നു
ദെവവശനുടെയൊഗനിദ്രയായിട്ടമ്മായ
ദെവിതൻപ്രഭാവമത്യുൽകൃതമെപ്പൊഴുതാൽ

മാധവനുടെമഹാമായതൻപ്രഭാവത്താൽ
ചെതനാരൂപംജഗത്തൊക്കവെമൊഹിക്കുന്നു
വിദ്യാരൂപിണിയായവിഷ്ണുതന്മഹാമായാ
ഭക്തന്മാൎക്കെല്ലാമ്മുക്തികൊടുക്കുന്നതുണ്ടനം-

൯൨- ശെഷിപ്പുള്ള അഞ്ച അദ്ധ്യായം കിളിപ്പാട്ടായിട്ട ഉണ്ടാക്കീട്ടില്ലാ- പൂജാവിധിയും മറവമാകയാൽ ഗദ്യമായി ശ്ലൊകങ്ങളുടെ അൎത്ഥം മാത്രം പറഞ്ഞിട്ടുണ്ട- ഇത അച്ചടിച്ചുകാണുന്നില്ലാ-

൯൩- സ്കാന്ദപുരാണം ഗ്രന്ഥക്കളുടെ മൂന്നാമത്തെകവിതയാകുന്നു- അത വെദവ്യാസപ്രൊക്തമായ അഷ്ടാദശപുരാണങ്ങളിൽ ഒന്നായ സംസ്കൃത സ്കാന്ദപുരാണത്തിന്റെ പരിഭാഷയാകുന്നു- മൂലം എല്ലാ പുരാണങ്ങളെക്കാലും വലുതായുള്ളതും ലക്ഷം ഗ്രന്ഥം അടങ്ങീട്ടുള്ളതും ആണ- അതിൽ ശിവരഹസ്യം അടങ്ങിയതായും സാരമായും ഉള്ള ശംകര സംഹിത ൫൦൦൦൦ ഗ്രന്ഥമുണ്ട- അതിൽ നിന്നുംചുരുക്കിയാണ എഴുത്തച്ഛൻ സ്കാന്ദപുരാണം ചമെച്ചിരിക്കുന്നത- അതിനെ അഞ്ച കാണ്ഡമായിഭാഗിച്ചിരിക്കുന്നു-

ഒന്നാമത സംഭവകാണ്ഡം- അതിൽ മൂലത്തിലെ ൭൦ അദ്ധ്യായം അടങ്ങിയിരിക്കുന്നു-

രണ്ടാമത ആസുരകാണ്ഡം- അതിൽ ൧൫ അദ്ധ്യായം അടങ്ങിയിരിക്കുന്നു-

മൂന്നാമത വീരമാഹെന്ദ്രകാണ്ഡം- അതിൽ ൭ അദ്ധ്യായം അടങ്ങിയിരിക്കുന്നു-

നാലാമത യുദ്ധകാണ്ഡം- അതിൽ ൩൫ അദ്ധ്യായം അടങ്ങിയിരിക്കുന്നു-

അഞ്ചാമത ദെവകാണ്ഡം- അതിൽ അഞ്ച അദ്ധ്യായത്തിന്റെ ചുരുക്കം അടങ്ങിയിരിക്കുന്നു- ഠരം പുരാണത്തിൽനിന്നൊരുഭാഗംഎടുത്തതാഴെചെൎത്തിരിക്കുന്നു

ശംകരനമൊനമഃപാൎവ്വതീപതെജയ
സംകടമൊഴിക്കെണംപംകജവിശിഖാരെ
ഝംകൃതിയൊടുംകൂടി ശ്രുതപത്മാവൃതാനും
സംകടംവളൎക്കുന്നഞങ്ങൾക്കുദിനംപ്രതി
സാരമായിരിപ്പൊരുവസ്തുവായതുംഭവാൻ
ഘൊരമായിരിപ്പൊരുസ്ഥൂലമായതുംഭവാൻ
നിരഹംകാരമായ മൂൎത്തിയായതുംഭവാൻ
പരിചിൽസൂക്ഷ്മമായപരനായതുംഭവാൻ

സൎവജന്തുക്കളുടെജീവനായതുംഭവാൻ
ഉൎവീഭാരത്തെബതഹരിക്കുന്നതുംഭവാൻ
ചിരവിൽ ഭൂമിതന്നെവഹിക്കുന്നതുംഭവാൻ
ദുരിതനാശിപ്പാനായിസന്തതംനമൊസ്തുതെ
ഇങ്ങിനെസ്തുതികെട്ടനെരത്തുപരമീശൻ
തിങ്ങിനകൃപയൊടുമാനനങ്ങൾക്കത്തൊടും
മംഗലാതരകരഭാദശത്തൊടുംകൂടി
ഭംഗംകൂടാതെയുള്ളൊരക്ഷികൾപതിനെട്ടാൽ
അംഗനാരത്നമാകുംപാൎവ്വതിമുഖംനൊക്കി
മംഗലശീലന്മാൎക്കസംകടംകളവാനായി
അംഗജൻദഹിച്ചൊരുകൺകളിലുളവായി
ഭംഗിയിൽതെജസ്സൊടുമഗ്നിതൻപ്രഭയെക്കാൾ
പാരതിൽപതിച്ചിതങ്ങാറായിപ്രഭയൊടെ
നാരായണാദികളുന്നടുങ്ങിവാങ്ങിനിന്നു
താരിൽമാതാവാംദെവിയൊടിനാൾമടിയിന്നു
ചരണങ്ങളിൽചെൎത്തചിലംപുതമ്മിൽതട്ടി
പാരാതെഭൂമിതന്നിൽ ചിതറി തരിരത്നം
നാരിയാംപാൎവതീടെയംഗത്തിൽചരായതട്ടി
നാരിമാരുടെരൂപംനവരത്നത്തിൽതൊന്നി
വരനാംശിവനപ്പൊൾശക്തിയുമുണ്ടായ്വന്നു
ധരിച്ചുഗൎഭമവൾവാഴുന്നകാലത്തിംകൽ
ഘൊരവീരന്മാരായിജനിപ്പാൻതുടങ്ങുമ്പൊൾ
നാരിമാരംഗങ്ങളിൽ വിയൎത്തവിന്ദുലക്ഷം
വീരരാംനവവീരർപുറത്തുജനിച്ചപ്പൊൾ
വിങ്ക്കൾജലംവീരന്മാരായിഭവിച്ചിതു
വന്നിതുവിഷ്ണുപ്രമുഖന്മാരാം സമൂഹവും
വന്ദിച്ചുപുരാരിയൊടുണൎത്തിച്ചിതുമന്ദം
ഇന്ദുശെഖരഭവാനരുളിച്ചെയ്യവെണം
ഇന്നഹൊരെതസ്സിനെയെങ്ങിനെവെണ്ടു വെന്ന
നന്നായിയരുൾചെയ്തുഭഗവൻ ഭക്തപ്രിയ
നരന്നെരമരുൾചെയ്തു അഗ്നിവായുക്കളൊട
ഒന്നിച്ചുകൂട്ടിക്കൊണ്ടുഗംഗാതൻതീരത്തിങ്കൽ
ശരമാംതൃണമതിലാക്കിപ്പൊരികയെന്നു
പരമെശ്വരന്താനുമരുളിച്ചെയ്തശെഷം
വിരവിൽശിവന്തന്നെവണങ്ങിയവർകളും
പാരിന്നങ്ങുധരിച്ചുലാളിച്ചുകൊണ്ടുപൊയി
ആദരാൽഗംഗാതീരെശരാരണ്യത്തിൽവച്ചു
മൊദെനപൊന്നുവന്നുപരനെവണങ്ങിനാർ
സാദരം ധാതാദികൾമൊദമുൾക്കൊണ്ടുവെഗാൽ
വെദകാരണമൂൎത്തിപാദങ്ങൾപണിഞ്ഞഥ
ഇന്ദുശെഖരന്തന്റെസാന്ദ്രമാംജ്യൊതിസ്സിന്നു
ചെന്താടൎന്നുനംനൽകിലാളിച്ചുപാലിപ്പാനായി

ളന്തവെവിളിച്ചടനൊന്നരുൾചെയ്തുവിഷ്ണു
ളനുകാൎത്തികതന്നെകല്പിക്കവെണംനീയും
എന്നതുകെട്ടുചന്ദ്രൻഭാൎയ്യയൊടുരചെയ്തു
ഒന്നുനീചെയ്യവെണംലൊകകാൎയ്യാൎത്ഥമായി
സ്വാന്തശിതദൈവ ഴംഹരന്റെരെതസ്സിനു
ചെന്നുനീസ്തനംനൽകിരക്ഷിക്കസുഖത്തൊടെ
എന്നതുകെട്ടുമൊദാൽസത്സ്വാത്രുപിണിചെന്നു
വിന്ദുവെയെടുപ്പാനായിഭാവിച്ചനെരത്തിങ്കൽ
ആറായിച്ചമഞ്ഞിതുബാലന്മാർകതുഹലാൽ
ക്രൊടെയെടുത്തവൾമുലയുംകൊടുത്തിതു
നിറഞ്ഞിയുന്നപരൻപുത്രനെസുഖത്തൊടെ
ഉൎവ്വിയിൽവസിച്ചഹൊവളൎക്കുംകാലത്തിങ്കൽ

൯൨- അദ്ധ്യാത്മരാമായണം മദ്ധ്യവയസ്സിൽ ഉണ്ടാക്കീട്ടുള്ളതാകുന്നു- അത കിളിപ്പാട്ടായിട്ടു ചമെക്കാൻ ഇടവന്ന സംഗതികൾ ഇതിനുമുൻപിൽ പ്രസ്ഥാപിച്ചിട്ടുണ്ടു- അത സംസ്കൃതഅദ്ധ്യാത്മരാമായണത്തിൽ നിന്നും പരിഭാഷപ്പെടുത്തീട്ടുള്ളതും വാന്മീകിരാമായണംപൊലെഏഴുകാണ്ഡമായി ഭാഗിച്ചുഓരൊകാണ്ഡത്തിനുപെരുംകല്പിച്ചിട്ടുള്ളതുമായഒരു ഗ്രന്ഥമാകുന്നു-മൂലത്തിന്റെകൎത്താവ ഒരുവെദാന്തിയായവൈഷ്ണവബ്രാഹ്മണനെന്നു വിചാരിച്ചിരിക്കുന്നു- അതിന്റെഉദ്ദെശം ശ്രീരാമൻസാക്ഷാൽപരബ്രഹ്മമൂൎത്തിയാണെന്നും സീതാമായാദെവിഎന്നുംകാണിക്കണമെന്നാകുന്നു- അതിൽ രണ്ടു അദ്ധ്യായംവളരെരഹസ്യമായിട്ടുള്ളതാണ- ൧- ഒന്നാംകാണ്ഡത്തിൽ ൧ാംഅദ്ധ്യായമായരാമഹൃദയം അതിൽരാമന്റെയുംപരമാത്മാവിന്റെയും ഐക്യതയെ കാണിക്കുന്നു- ൨- ഏഴാംകാണ്ഡത്തിൽഅഞ്ചാംഅദ്ധ്യായമായ രാമഗീത- അതിൽ സകലവൃത്തിയുംഉപെക്ഷിച്ച പരമാത്മാവിന്റെ മഹത്വത്തെ വിചാരിച്ച ഐക്യംഅപെക്ഷിക്കുന്നത നന്നെന്നുകാണിക്കുന്നു-ശെഷം രണ്ടു അദ്ധ്യായവും എഴുത്തച്ശൻ നംപൂരിമാരെ ഭയപ്പെട്ടു പരിഭാഷപ്പെടുത്തീട്ടില്ലാ-

൯൩- അദ്ധ്യാത്മരാമായണം മൂലം വിശ്വാമിത്രമഹൎഷിഉണ്ടാക്കീട്ടുള്ളതാണെന്നു ചിലർ അഭിപ്രായപ്പെടുന്നു- അതിനു കാരണം ചില അച്ചടിഗ്രന്ഥങ്ങളിൽ അപ്രകാരം കാണ്കയാലത്രെ- ഇതു തെറ്റാണ- വ്യാസപ്രൊക്തമെന്നാണ ചിലപുരാണങ്ങളിലും മറ്റും പറയുന്നത- സകലസാരാന്വെഷികളായഇംഗ്ലീഷുശാസ്ത്രജ്ഞന്മാരുടെഅഭിപ്രായത്തിൽഅതഒരു

വൈഷ്ണവമതക്കാരനാൽ ഉണ്ടാക്കപ്പെട്ടതാണെന്നുകാണുന്നു-

എഴുത്തച്ഛൻെറ തൎജ്ജിമയിൽ കാണുന്നത താഴെ എഴുതുന്നു-

”വെധാവ്വശതകൊടിഗ്രന്ഥവിസ്താരംപുരാ
വെദസമ്മിതമരുൾചെയ്തിതു രാമായണം
വാല്മീകിപുനരിരുപത്തുനാലായിരമായി
നാന്മുഖൻനിയൊഗത്താൽമാനുഷമുക്ത്യൎത്ഥമായി
ചമച്ചാനതിലിതുചുരുക്കിരാമദെവൻ
നമുക്കുമുപദെശിച്ചീടിനാൻഏവംപുരാ
അദ്ധ്യാത്മ രാമായണംഎന്നപെരിതിന്നിദം
അദ്ധ്യയനംചെയ്യുന്നൊൎക്ക അദ്ധ്യാത്മജ്ഞാനം ഉണ്ടാം-

൯ മലയാളരാമായണംമൂലത്തിൻെറനെരു തൎജ്ജിമ എന്നുപറയുന്നതശരിതന്നെ-അതിൽപ്രയൊഗിച്ചിരിക്കുന്നമിക്കപദങ്ങളും മൂലത്തിലുള്ളതത്രെ ആകുന്നു- ഭക്തിമാൎഗ്ഗത്തിന്നു ഇതൊരുനല്ലപുസ്തകമെന്നു നിശ്ചയം- കുംഭസംഭവാദിമഹൎഷിമാരുടെ സ്തുതികളിൽതത്വങ്ങളായിപലതും പറഞ്ഞിട്ടുള്ളതകൊണ്ടുഭക്തിക്കും തൻമൂലം മുക്തിക്കും നല്ലമാൎഗ്ഗമാണ- അതിൽ ഭഗവാൻെറ ഉപദെശങ്ങൾഉണ്ട-ലക്ഷ്മണനൊട നിവൃത്തിമാൎഗ്ഗമായും പ്രവൃത്തിമാൎഗ്ഗമായും ഉള്ളഉപദെശങ്ങളിൽ ഒന്നാമത്തത വളരെനന്ന-

൰ ഗുരുക്കളുടെ കവിതാമാധുൎയ്യത്തെ സ്വല്പം പ്രദൎശിപ്പിക്കുന്നതിന്നു വെണ്ടി രാമായണത്തിൽനിന്നും കുറച്ചു എടുത്ത താഴെ ചെൎത്തിരിക്കുന്നു-

ആരണ്യകാണ്ഡം

മൃത്രമാംസാമെദ്ധ്യാസ്രുപുൽഗലപിണ്ഡമാകും
ഗാത്രമൊൎത്തൊള മതികശമലമത്രെംകല്യള്ള
ആസ്ഥയാംമഹാമൊഹപാശബന്ധവുംഛെദിച്ചു
ആൎത്തിനാശനഭവാൻവാഴകെന്നുള്ളിൽനിത്യം

ഭക്തിരസത്തെവൎണ്ണിക്കുന്നതായി ഒരുസ്തുതിതാഴെ ചെൎത്തിരിക്കുന്നു-

നിന്തിരുവടിയുടെ തത്വമിതൊരുവൎക്കും
ചിന്തിച്ചാലറിഞ്ഞുകൂടാവതല്ലെന്നാകിലും
നിന്തിരുവടിതന്നെസ്തുതിപ്പാൻതൊന്നീടുന്നു
സന്തതമന്ധതാം കൊണ്ടെന്തൊരു മഹാമൊഹം
അന്തവുമാദിയുമില്ലാതൊരു പരബ്രഹ്മം

അന്തരാത്മനി തെളിഞ്ഞുണൎന്നുവസിക്കണം
അന്ധകാരങ്ങളകന്നാനന്ദമുദിക്കണം
ബന്ധവുററുമൊക്ഷപ്രാപ്തിയുമരുളന്നം
അവ്യക്തമതിസൂക്ഷ്മമായൊരുഭവദ്രൂപം
സുവ്യക്തഭാവെനദെഹദ്വയവിലക്ഷണം
ദൃഗ്രൂപമെകമന്യത്സകലംദൃശ്യംജഡം
ദൃഗ്ഗ്രാഹ്യമനാത്മക മാകയാലജ്ഞാനികൾ
എങ്ങനെയറിയുന്നുമാനസവ്യതിരിക്തം
മങ്ങിടാതൊരുപരമാത്മാനംബ്രഹ്മാനന്ദം
ബുദ്ധ്യാത്മാ ഭാസങ്ങൾക്കുള്ളൈക്യ മായതുജീവൻ
ബുദ്ധ്യാദിസാക്ഷിഭൂതം ബ്രഹ്മമെന്നതുനൂനം
നിൎവ്വികാരബ്രഹ്മണിനിഖിലാത്മനി നിത്യെ
നിൎവ്വിഷയയാല്ലെ്യ ലൊകമജ്ഞാനമൊഹവശാൽ
ആരൊപിക്കപ്പെട്ടൊരുതൈജസം സൂക്ഷ്മദെഹം
ഹൈരണ്യമതുവിരാൾപ്പുരുഷനതിസ്ഥൂലം
ഭാവനാ വിഷയമായൊന്നതു യൊഗീന്ദ്രാണാം
കെവലം തത്ര കാണായീടുന്നു ജഗത്തെല്ലാം
ഭൂതമായതുംഭവ്യമായതും ഭവിഷ്യത്തും
ഹെതുനാ മഹത്തത്വാദ്യാവൃതസ്ഥൂലദെഹെ
ബ്രഹ്മാണ്ഡ കൊശെ വിരാൾ പ്പുരുഷെകാണാകുന്നു
സന്മയമെന്നപൊലെലൊകങ്ങൾ പതിന്നാലും
തുംഗനാംവിരാൾപ്പുമാനാകിയഭഗവാൻതൻ
അംഗങ്ങളെല്ലൊ പതിന്നാലുലൊകവുംനൂനം
പാതാളം പാദമൂലംപാൎഷ്ണികൾമഹാതലം
നാഥതെഗുല്ഫംരസാതലവും തലാതലം
ചാരുജാനുക്കളെല്ലൊസുതലംരഘുപതെ
ഊരുകാണ്ഡങ്ങൾതവവിതലമതലവും
ജഘനംമഹീതലംനാഭിതെനഭസ്ഥലം
രഘുനാഥൊരസ്ഥലമായതു സുരലൊകം
കണ്ഠദെശംതെമഹല്ലൊകമെന്നറിയണം
തുണ്ഡമായതുംജനലൊകമെന്നതുംനൂനം
ശംഖദെശംതെതപൊലൊകമങ്ങതിന്മീതെ
പങ്കജയൊനിവാസമാകിയ സത്യലൊകം
ഉത്തമാംഗംതെപുരുഷൊത്തമ ജഗൽപ്രഭൊ
ശക്രാദിലൊകപാലന്മാരെല്ലാം ഭുജങ്ങൾതെ
ദിക്കുകൾ കൎണ്ണങ്ങളുമശ്വികൾനാസികയും
വക്ത്രമായതുവഹ്നിനെത്രമാദിത്യൻതന്നെ
ചിത്രമെത്രയും മനസ്സായതു ചന്ദ്രനെല്ലൊ
ഭ്രൂഭംഗമെല്ലൊകാലം ബുദ്ധിവാക്പതിയെല്ലൊ
കൊപകാരണമഹംകാരമായതുരുദ്രൻ
വാക്കെല്ലാം ഛന്ദസ്സുകൾദംഷ്ട്രങ്ങൾ യമനെല്ലൊ

നക്ഷത്രപംക്തിയെല്ലാംദ്വിജപങ്ക്തികളെല്ലൊ
ഹാസമായതുമൊഹകാരിയാം മഹാമായാ
വാസനാ സൃഷ്ടിസ്സ്വാപാംഗമൊക്ഷണമെല്ലൊ
ധൎമ്മംനിൻപുരൊഭാഗ മധൎമ്മംപൃഷ്ഠഭാഗം
ഉന്മെഷനിമെഷങ്ങൾദിനരാത്രികളെല്ലൊ
സപ്തസാഗരങ്ങൾനിൻകുക്ഷിദെശങ്ങളെല്ലൊ
സപ്തമാരുതന്മാരും നിശ്വാസഗണമെല്ലൊ
നദികളെല്ലാംതവനാഡികളാകുന്നതു
പൃഥിവീധരങ്ങൾ പൊലസ്ഥികളാന്നതും
വൃക്ഷാദ്യൌഷധങ്ങൾതെരൊമങ്ങളകുന്നതും
ത്ര്യക്ഷനാംദെവൻതന്നെ ഹൃദയമാകുന്നതും
സൃഷ്ടിയയതും തവരെതസ്സെന്നറിയണം
പുഷ്ടമാം മഹിമാതെകെവലജ്ഞാനശക്തി

൯൯ മഹാഭാരതം ഭാഗത്തെകവിതയും മദ്ധ്യവയസ്സിൽ ഉണ്ടാക്കീട്ടുള്ളതും ആണ അത പരിഭാഷപ്പെടുത്തിയതിൽ മൂലത്തിനൊട അത്ര അടുത്തിട്ടില്ലാ- സംസ്കൃത മൂലത്തിന്റെ ഒരുസംഗ്രഹം എന്നുതന്നെ പറയെണ്ടിരിക്കുന്നു ഓരൊ പൎവ്വങ്ങളിലുള്ള കഥകളെ ഭാഷയായി അതാതപൎവ്വങ്ങൾ പറകയെന്നല്ലാതെ രാമായണത്തിലെ പൊലെ പ്രതിശ്ലോകതൎജ്ജിമയായിട്ടില്ലാ- മൂലത്തിന്റെ സംഗ്രഹ പരിഭാഷ എന്നു പറയുന്നത ശരിയായിരിക്കും-

൧൦൦ അതിൽ അതിമനൊഹരമായും ചമല്ക്കാരമായും ഉള്ളപ്രയൊഗങ്ങൾ അസംഖ്യംഉണ്ട-സംഭവപൎവ്വത്തിൽശാകുന്തളം സുഭദ്രാഹരണം മുതലായഭാഗങ്ങൾ അത്യന്തവിശെഷം- പ്രയൊഗരീതി മനസ്സിലാവാൻ അവയിൽ ചിലഭാഗങ്ങൾ താഴെചെൎത്തിരിക്കുന്നു- ഭാവത്തിൽ രണ്ടൎത്ഥം ജനിക്കുന്നതായും ശബ്ദംകൊണ്ടുതന്നെ രണ്ടൎത്ഥം ജനിക്കുന്നതായും വളരെ പ്രയൊഗങ്ങൾഭാരതത്തിൽഉണ്ട-

൧൦൧ വൎണ്ണനശക്തിയെ പ്രദൎശിപ്പിക്കുന്നതായി ചില ഭാഗം താഴെചെൎത്തിരിക്കുന്നു-

(൧) ദ്യുമണി തന്റെ രശ്മിപൊലും അങ്ങണയാത
ഹിമവാൻ തന്റെ തെക്കെപ്പുറത്തെ പെരും കാട്ടിൽ
പെരിക രസംപൂണ്ടു കളിച്ചു മരുവിനാൻ
ഗിരിശൃംഗങ്ങൾതോറും അതികൌതുകത്തൊടെ
കരിണീയുഗ മദ്ധ്യഗതനായിമദിച്ചൊരു
കരിവീരനെപ്പോലെ മദനവിവശനായി

കരിണീഗമനമാരാകിയ ഭാൎയ്യമാരാം
തരുണീമണികളാം കുന്തിയും മാദ്രിതാനും
സരസീരുഹ ശരസമനാം കാന്തൻ തന്നെ
ശരതൂണീര കരാഗ്രോജ്ജ്വലൽ കരവാള
ധരനായി ശരാസനകരനായി കാണുന്തോറും
സരസീരുഹ ശരനികര പരവശ
തരമാനസമാരായിമരുവീടിനനേരം
ഹരിണാഹരി കരികിരി ശാൎദ്ദൂലാദികൾ
അരികെദരിമുഖ ഗതങ്ങളായി കാണുമ്പോൾ
ശരങ്ങൾകൊണ്ടുവീണ മരണഭയംകൊണ്ടു
മരങ്ങൾമറഞ്ഞു പോയി നിന്നുനോക്കീടുന്നതും

(൨) എത്രയുംദുൎഗ്ഗമാൎഗ്ഗം ദുഗ്രാവാഗ്രോഗ്രാഗ്രാഗ്രാഹ്യം
പൃഥ്വീശോത്തമ മഹൽ പൃഥ്വീധ്ര ശൃംഗോദ്ദേശം
ഉത്തുംഗം ഉത്തമാംഗം ഉത്തരോത്തര ഹിമം
ഉത്തുംഗസ്ഥനികളാം പത്നികൾ എന്തേചെയ്വൂ
യക്ഷരാക്ഷസ ഗന്ധൎവ്വോരഗനിഷേവിതം
പക്ഷിസഞ്ചാരഹീനം രഹിതമൃഗഗണം
അപ്സരസ്ത്രീകളോടുംദേവകൾ കളിപ്പെടം
പുഷ്പസൌഗന്ധ്യം പൂണ്ട മന്ദമാരുത സേവ്യം

(൩) ബദ്ധഗോധാംഗുലിത്ര യുക്തനായിഖഡ്ഗിയായി
ന്നദ്ധനായി കവചിയായി ബ്രഹ്മനിൎമ്മിതമായ
ഗാണ്ഡീവം ധനുസ്സുമായി ശോഭിച്ചാൻ അന്നേരം
പാണ്ഡുനന്ദനനായകൌന്തേയൻ ഇന്ദ്രപുത്രൻ
എങ്കിലൊദഹിച്ചാലും ഖാണ്ഡവാരണ്യം എന്നാൻ
പങ്കജനേത്രനൊടും കൂടവെകിരീടിയും
പിടിച്ചുദഹനനും ദഹിച്ചുതുടങ്ങിനാൻ
പിടച്ചൽതുടങ്ങിനാർ ദുഷ്ടജന്തുക്കൾഎല്ലാം
പാണ്ഡവകരഗത ഗാണ്ഡീവ വിലാസവും
ഖാണ്ഡവാരണ്യാഗത പാവകവിലാസവും
പന്നഗപക്ഷിമൃഗ ജാലങ്ങൾ ദഹിച്ചോക്ക
സ്സന്നങ്ങളാകുന്നേരം ഉണ്ടായവിലാപവും
പക്ഷികൾപറന്നന്തരീക്ഷെ പൊങ്ങീടുന്നേരം
പക്ഷങ്ങൾകരിഞ്ഞു വെന്തഗ്നിയിൽ പതിക്കയും
വൃക്ഷങ്ങൾവെന്തുപൊട്ടി യലറിവീഴുന്നതും
ഋക്ഷങ്ങൾചാടിച്ചാടി പ്പിടഞ്ഞുകേഴുന്നതും
ഒട്ടൊഴിയാതെകേട്ടു രുഷ്ടനായിശതക്രതു
പുഷ്ടമേഘങ്ങളോടും നിഷ്ഠുരനാദത്തോടും
ദൃഷ്ടികൾചുവപ്പിച്ചു ദേവവാഹിനിയോടും
നഷ്ടംതുടക്കവൻ അഗ്നിതന്നെ ഞാൻകണ്ടുകൊൾവിൻ
നന്ദനൻഎന്നാകിലും സോദരൻ എന്നാകിലും
നിന്ദിച്ചാൽ ഒടുക്കുവൻ ഇല്ലസംശയം എന്നും

ഇത്തരംപറഞ്ഞുതൻ മത്തെഭൻ കഴിഞ്ഞറി
സതപരം വജ്രം ഓങ്ങി ക്രുദ്ധനാംവൃത്രാരാതി
കെല്പോടുപുറപ്പെട്ടു സേനാനായകനോടും
കല്പാന്തവരിഷവും തുടങ്ങിയതുനേരം
നിഷ്ഠുരതരം ഇടി വെട്ടിയും ത്രിഭുവനം
ഞെട്ടിയും മരംവെന്തു പൊട്ടിയും തെരുതെരെ
ദൃഷ്ടികൾമിന്നൽ കൊണ്ടു നഷ്ടമായി ചമകയും
ഘോരമാരുതവേഗാൽ ഓരോരൊ ദിക്കുകളും
വാരിധിപൂരങ്ങളും ഇളകിമറിയുന്നു
അർക്കസഞ്ചയം പരന്നഭ്രവും മറയുന്നു
വിഭ്രമംപൂണ്ടു ജഗദ്വാസികൾ മറുകുന്നു
ശൈലങ്ങൾ ഏററു സപ്പങ്ങൾ ഉരുകുന്നു
ശൃംഗങ്ങൾതോറും ഉഷ്ണംഉൾപ്പുക്കു പിടയുന്നു
ഗന്ധവാഹനൻ അഗ്നിതനിക്കും ദേവെന്ദ്രനും
ബന്ധുവായിനിന്നാൻ (വിദഗ്ദ്ധന്മാർ അങ്ങിനെയുള്ളു)

൧൦൩- ശൃംഗാരം താഴെ ചത്തിരിക്കുന്നതിൽ പ്രതിഷ്ഠിപ്പിക്കുന്നു-

ഭഗവൻ പ്രസീദമെഭഗവൻപ്രസീദമെ
സുകൃതംഎല്ലൊ, മമഭവത്സംഗമംഇപ്പോൾ
ശൈശവംകൊണ്ടുചിലകൌതുകം ഉണ്ടാകയാൻ
വൈശിഷ്ട്യംഏറും ഭവാനൊടുഞാൻചോദിക്കുന്നു-

* * *

തരുണാധരീമന്ദം തരംവന്നുംചൊദിച്ചപ്പോൾ
തരുണെതരകുലജാതനാകിയപാൎത്ഥൻ
പ്രണയസുഖപരമാസക്തിമൊടുചൊന്നാൻ
ഗുണശാലിനിയൊടു സകലവൃത്താന്തവും
അന്ന്യോന്ന്യസല്ലാപവും ചെയ്തുമെവുന്നനെരം
അന്ന്യോന്യംകൌതുഹലംപൂണ്ടുപുഞ്ചിരികൊണ്ടു
സന്ന്യാസിതന്നെനൊക്കിപിന്നയുംസുഭദ്രയാം
കന്ന്യകാസഗൽഗദംമെല്ലവെചൊല്ലീടിനാൾ
അന്ന്യായംഅല്ലൊരഹസ്സല്ലാപംനമ്മിൽഭവാൻ
ധന്ന്യൻആകയാൽ അതുംയൊഗ്യംഎന്നതെവരു

* * *

ഫൽഗുനൻഅപരാധംപൊകുവാൻതീൎത്ഥത്തിന
നിൎഗ്ഗമിച്ചിരിക്കുന്നിതെന്നംതാകെട്ടുവെല്ലൊ
ഇക്കാലംഏതുദിക്കിൽസഞ്ചരിക്കുന്നിതവൻ
ദുഃഖിപ്പാൻപാത്രം അല്ലഭാഗ്യവാൻഎല്ലൊപാൎത്ഥൻ

* * *

വിവശഭാവത്തൊടും തരംവന്നുംചൊദിച്ചപ്പോൾ
അവളൊടുരചെയ്തു മന്ദഹാസവുംപൂണ്ടു
ചൊല്ലീടുകെതാൻഇങ്ങനൊരുകിംവദന്തിയും കെട്ടു ്

കാലംവൈകാതെപരമാൎത്ഥവും അറിഞ്ഞീടാം
രഹസ്യംചൊല്ലീടരുതംഗനമാരൊടെന്നു
മഹൽസംവാദംഎന്നാകിലുംചൊല്ലീടുവൻ
ദ്വാരകാപുരിതന്നിൽസന്ന്യാസവെഷംപൂണ്ടു
മാരമാൽകലൎന്നിരിക്കുന്നിതുധനഞ്ജയൻ
കൃഷ്ണസൊദരിയായസുഭദ്രാതന്നിൽഅതി
തൃഷ്ണപൂണ്ടിരിക്കുന്നൊൻ അൎജ്ജുനൻഎന്നുകെട്ടു
മന്ദാക്ഷഭാവംകൊണ്ടും പ്രെമാനുരാഗംകൊണ്ടും
സുന്ദരീസുഭദ്രയുംകമ്പിട്ടാൾഅപ്പൊൾതന്നെ
കാൽവിരൽകൊണ്ടു ഭുവിവരച്ചുവരച്ചുടൻ
കൊൾമയിർകൊണ്ടുചെറുവിറച്ചുവിറച്ചെവം
നിൽക്കുന്നസുഭദ്രയിൽചെല്ലുന്നചിത്തം തന്നെ
നിൽക്കെന്നുവിലക്കീട്ടുപിന്നെയും ചൊന്നാൻപാൎത്ഥൻ
ഞാൻതന്നെധനഞ്ജയൻ അറികന്നതറികനീ-

൧൩- ഭാരതത്തിൽനിന്നു എടുത്തീട്ടുള്ള ചിലസദാചാര വാക്യങ്ങൾ താഴെചെൎത്തിരിക്കുന്നു- ഇവപൊലെ അനെകം എഴുത്തശ്ശന്റെ മറ്റുള്ളഗ്രന്ഥങ്ങളിൽ അടങ്ങീട്ടുണ്ട-

(൧) നിൎണ്ണയം നരകമുണ്ടസത്യം ചൊല്ലീടുകിൽ
സത്യത്തെയുപെക്ഷചെയ്തസത്യം ചൊല്ലുന്നവർ
പുത്രസന്തതികൾക്കു മില്ലൊരുനാളുംഗതി
(൨) നല്ലതുശമമെല്ലൊനല്ലവൎക്കെല്ലാവൎക്കും
കല്ല്യാണമതിൽ പ്പരമില്ലന്നു-
(൩) സുജ്ഞാനിജനങ്ങളൊടൊന്നും പറകയില്ല
(൪) ജന്തുക്കളെല്ലാമൊക്കമൊന്നും കൊല്ലരുതല്ലൊ
(൫) കൊല്ലുന്നജന്തുക്കളെ കൊല്ലുകന്നതെവരു
(൬) അദണ്ഡ്യന്മാരെ വൃഥാദണ്ഡിപ്പിച്ചീടുന്നൊരെ
ദണ്ഡഹസ്തനുംപിന്നെദണ്ഡിപ്പിച്ചീടും
ഘൊരനരകങ്ങളിലാക്കി
(൭) മംഗലമല്ലചതിക്കരുതാരയും
(൮) പാരംപ്രഭുതാമുണ്ടെന്നാകിലും
ആരുംകൃശന്മാരെനിന്ദിയാതെന്നതും
(൯) വ്യാധിയറിഞ്ഞു വെണം ചികിത്സിപ്പതി
നെതൊരുവൈദ്യനുമെന്നു ധരിക്കണം
(൧൦) സപ്തവ്യസനങ്ങളുണ്ടാം നൃപന്മാൎക്ക
തെപ്പൊഴുമൊൎക്കിൽ പ്രജകൾപൊറുക്കണം
അവത്തിനാലുള്ള സപ്തവ്യസനങ്ങൾ
ശൊഭിക്കയില്ല നൃപൊത്തമന്മാൎക്കെതും
സ്ത്രീസെവ ചൂതുനായാട്ടു സുരാപാനം
വാക്ക്യ പാരുഷ്യവും ദണ്ഡപാരുഷ്യവും
എഴാമതാമൎത്ഥദൂഷണമായതും-
(൧൧) നല്ലതുചെയ്യുന്നൊൎക്ക നല്ലതുവരുംഎന്നും

നല്ലതില്ലാകാത്തതുചെയ്തീടുന്നവക്കെന്നം
(൧൨) സത്സംഗംകൊണ്ടല്ലയൊ നല്ലതുവന്നുകൂടു
(൧൩) പ്രകൃതിഗുണവശാൽഉള്ളവാസനകളെ
സുകൃതംഉള്ളവക്കുംനീക്കവാൻകവലയത്രെ
(൧൪) ശത്രുമിത്രൊദാസീന ഭെദമില്ലൊൎത്താലും
നിത്യനാം ശംശൻതനിക്കെല്ലൊരും ഒരുപോലെയത്രെ
(൧൫) കൊപകാമാദികളെ ക്ഷമയാജയിപ്പവൻ
താപസശ്രെഷ്ഠൻ എന്നുചൊല്ലുന്നു വിദ്വജ്ജനം-
(൧൬) നിഷ്ഠുരകൎമ്മികൾക്ക തങ്ങൾക്കെഫലങ്ങളും
ഗുണമുള്ളവരുടെഗുണത്തെക്കെടുപ്പാനായി
ഗുണംഇല്ലാതജനംചെയ്തതിൻഫലങ്ങളും
ഗുണങ്ങളായെവരു മെൽക്കമെൽ ഗുണികൾക്കും
ഗുണക്കെടതുചെയ്യുന്നവൎക്കെയകപ്പെട്ട
(൧൭) പ്രെമത്താൽ എല്ലൊനാശംഎല്ലാക്കും വന്നുകൂടി
(൧൮) ആപദ്ധൎമ്മങ്ങൾക്കെതും ദൊഷംഉണ്ടാകയില്ലാ
(൧൯) ആത്മാവെ വഞ്ചിച്ചീടും ചൊരനല്ലൊരു പാപം
ആത്മനാനിരൂപിക്കിൽ മറ്റൊരുവനുംഉണ്ടൊ-
(൨൦) കളത്രവാക്യംഅനുസരിക്കുംജനത്തിനു
കളത്രം ഉണ്ടാകാതെയിരിക്കതന്നെനല്ല
(൨൧) ധൎമ്മത്തിൻ ഗതിയെതുംഅറിവാൻവശംഅല്ല
കൎമ്മംഉള്ളവയെല്ലാം വരുമെന്നതെവെണ്ടു
(൨൨) സ്ത്രീകൾക്കതാൻതാൻ പെറുപുത്രന്മാർ ഇല്ലന്നാകിൽ
ശൊകത്തിന്നൊരിക്കലുംഇല്ലൊരുശാന്തിനൂനം
(൨൩) ആചാൎയ്യനിയൊഗത്തെപാലിക്കുംജനങ്ങൾക്ക
നാശങ്ങൾഒന്നുംഅനുഭവിക്കയില്ലയെല്ലൊ
(൨൪) ശംശരവിലാസങ്ങൾആൎക്കപൊൽതടുക്കാവു
(൨൫) ആപത്തുവരുംകാലംതാപത്തിൽ മുഴുകാതു
പാപത്തെക്കളെവാനായി ശംശരസെവചെയ്തു
സംപത്തുവരുംകാലംസന്തൊഷിക്കയുംവെണ്ടാ
തമ്പുരാൻതന്റെയൊരുലീലകൾഅത്രെയെല്ലൊ
(൨൬) പ്രകൃതിഗുണവശാലുള്ള വാസനകളെ
സുകൃതംഉള്ളവൎക്കുനീക്കവാൻവെലഅത്രെ
(൨൭) കടുകിന്മണിമാത്രംഉള്ളൊരുപരദൊഷം
ഉടനെകാണുന്നുനീനിന്നുടെദൊഷംപിന്നെ
കണ്ടാലുംഗജമാത്രംകാണുന്നില്ലെതുമത്രം
പണ്ഡിതന്മാൎക്കപൊലുമുള്ളൊരുശീലമത്രെ
(൨൮) കണ്ണാടികാണുമ്പൊളവും തന്നുടെമുഖമെറ്റം
നന്നെന്നുനിരൂപിക്കുംഎത്രയുംവിമുഖന്മാര
മറ്റുള്ളജനങ്ങൾക്കുകുറ്റങ്ങൾ പറഞ്ഞീടും
മുറ്റുംതന്നുടെകുറ്റംഒന്നറികയുമില്ല-

൬൦- രാമായണം ൨൪-വൃത്തം എഴുത്തച്ഛന്റെ ഗുരുവായ മെപ്പത്തൂർഭട്ടതിരിയുടെ അകായിലുള്ള സ്ത്രീകൾക്കു തിരുവാതിരകളിക്കു പ്രയോഗപ്പെടുവാൻതക്കവണ്ണം പട്ടേരിയുടെ അപേക്ഷപ്രകാരം ഉണ്ടാക്കിയതാകുന്നു- ഓരോ ശ്ലോകത്തിലെ പൂർവാർദ്ധം എഴുത്തച്ഛനും ഉത്തരാർദ്ധം പട്ടേരിപ്പാട്ടിൽനിന്നും ഉണ്ടാക്കിയതാകുന്നു എന്നു ചിലരു വിചാരിക്കുന്നു- ഇരുപത്തിനാലു വൃത്തം എന്നുള്ള നാമധെയംകൊണ്ടു ഇരുപത്തുനാലു പ്രത്യെക വൃത്തം ഉണ്ടെന്നു അൎത്ഥമാക്കരുത- ഒരുവൃത്തം തന്നെ ഒന്നിൽ അധികം സ്ഥലത്ത ഉപയൊഗിച്ചിട്ടുണ്ടു- അതിലെ വൃത്തങ്ങൾ മിക്കവാറും സംസ്കൃതത്തെ അനുസരിച്ചുതന്നെ എംകിലും ചില തമിഴരീതിയും അനുസരിക്കുന്നുണ്ടു- എഴുത്തച്ഛനു തമിഴിൽ നല്ലപരിജ്ഞാനം ഉണ്ടായിരുന്നു എന്നു ഇതിനുമുൻപിൽ പ്രസ്താപിച്ചിട്ടുണ്ടല്ലൊ-ശ്ലോകങ്ങൾ എല്ലാം ഒരൊഭഗവന്നാമങ്ങളെകൊണ്ടു അവസാനിപ്പിച്ചിരിക്കുന്നു-ഇതിൽ പ്രയൊഗിച്ചിട്ടുള്ള കവിതാസാമൎത്ഥ്യം വളരെ ആശ്ചൎയ്യമെന്നെ പറവാനുള്ളു- അനുഭവശ്ലോകങ്ങൾ അസംഖ്യം ഉണ്ടു- ഒരുവസ്തുവിനെ വൎണ്ണിക്കുഎന്നുവച്ചാൽ ആവസ്തു നമ്മുടെമുമ്പിൽ ഇരിക്കുന്നു എന്നുതന്നെതൊന്നും- ദശരഥമഹാരാജാവിന്റെ രാജധാനിയായിരിക്കുന്ന അയൊദ്ധ്യാപുരിവൎണ്ണന വളരെഭംഗിയായിരിക്കുന്നു- അതിനെ താഴെ ചെൎത്തിരിക്കുന്നു

(൧) സൂൎയ്യവംശെപിറന്ന ഭൂപാലന്മാർ
കൊസലവിഷയങ്ങളിലുണ്ടായി
നാമധെയമയൊദ്ധ്യയെന്നിങ്ങനെ
രാജധാനീപുര ഹരിഗൊവിന്ദ

(൨) നാലുപാടുംവളഞ്ഞൊഴുകീടുന്ന
നീലതൊയസരയൂനദികൊണ്ടു
സാരമായകിടങ്ങൊണ്ടുതീൎത്തിട്ടു
ചാരത്താമ്മാറുമെല്ലത്തിൽഗൊവിന്ദ

(൩) ഇന്ദ്രസമ്പത്തിനെക്കൂടെതാഴ്ത്തീടും
ഭദ്രസമ്പത്തങ്ങുണ്ടതിലെത്രയും
ചന്ദ്രമണ്ഡലത്തൊടുരുമ്മീടുന്ന
രത്നമാടങ്ങളുണ്ടതിൽഗൊവിന്ദ

(൪) ദിവ്യരത്നങ്ങളെക്കൊണ്ടുദീപങ്ങൾ
സവ്യസാചികൾവില്ലാളിവീരന്മാർ
ഹവ്യകവ്യങ്ങളെക്കൊണ്ടുനിത്യവും
ദിവ്യദെവതാപൂജനംഗൊവിന്ദ

(൫) പത്തരമാററിൽപൊന്നകൾരത്നത്താൽ
വിസ്താരത്തിൽചമച്ചുകിടക്കുന്ന
പത്തനങ്ങളും പത്തുനൂറായിരം
ചിത്തരമ്യമിതെത്രയും ഗോവിന്ദ

൯൩ ഒരുമനോവികാരത്തെകുറിച്ചുവിസ്തരിക്കഎന്നുവെച്ചാൽ വായിക്കുന്നവനുംകൂടി ആവിധവികാരത്തെ ജനിപ്പിക്കും" ഇതിലേക്കുദൃഷ്ടാന്തം സീതാമോഷണശേഷം ഉണ്ടായശ്രീരാമന്റെവിരഹതാപത്തെവർണ്ണിക്കുന്നതുതന്നെയാകുന്നു- അത താഴെ ചെത്തിരിക്കുന്നു- ഇത്രഭംഗിയായും അനുഭവത്തിന്നു ചെന്നതായും മലയാളത്തിൽ വെറെ കാണുമൊ എന്നു സംശയം-

(൧) പ്രണതജനപാലൻദശരഥതനുജൻ
പ്രണയിനിയെവെറായളവഴലെരിഞ്ഞും
മനസിജശരാത്ത്യാമനമുരുകിവെന്തും
സകലജനബന്ധുപരമശിവശംഭൊ

(൨) ചടുലമിഴിസീതാമിടയിടവിളിച്ചും
തടമുലകൾപുൽകാഞ്ഞുടലണിവിയൎത്തും
കൊടിയനെടുവീൎപ്പും തിരുമിഴിയിൽബാഷ്പം
തടവിയൊഴുകിച്ചും പരമശിവശംഭൊ

(൩) മമതരുണിസീതെപുനരെവിടെനീപൊയി
അരികിൽമമവാവാസകലഗുണപൂൎണ്ണെ
തവമുഖസരൊജം തരളമിഴികാണാഞ്ഞാ
അഴൽമനസിപാരം പരമശിവശംഭൊ

(൪) കനകമൃഗത്തിന്നാപെരുതുപുനരെങ്കിൽ
കഴിവതിനുമുണ്ടെന്നറികമമസീതെ
കമലമുഖിചന്ദ്രെഹരിണമിതവാവാ
കലഹമിഹപൊരും പരമശിവശംഭൊ

(൫) മൃഗതരുണിമാലെവരികരികിൽബാലെ
മൃഗനയനമാരാഭരണമണിസീതാ
കമലമുഖിദീനാപുനരെവിടെലീനാ
പറകപരമാൎത്ഥം പരമശിവശംഭൊ

൯൪ വെതാളചരിത്രം സംസ്കൃതവിക്രമാദിത്യചരിത്രത്തിൽനിന്നും എടുത്തുകിളിപ്പാട്ടായിട്ടുപരിഭാഷപ്പെടുത്തിയതാകുന്നു ഒരുദിവസം രാത്രിയിലത്തെ വൃത്താന്തം ൨൫ കഥയിലായിട്ടുവസാനിപ്പിച്ചിരിക്കുന്നു- ശിവൻ പാൎവ്വതിക്കു ആരുമറിയാത്ത ഒരു കഥപറഞ്ഞുകൊടുത്തതുഒരു ബ്രാഹ്മണൻ ഒളിച്ചുനിന്നു

കൊൾകയാൽ അതപാരസ്യമായവിവരം പരമീശ്വരൻ അറിഞ്ഞ ബ്രാഹ്മണനെ വെതാളമായിഭൂമിയിൽ വാഴകഎന്നും വിക്രമാദിത്യരാജാവിനാൽ മൊക്ഷം കിട്ടുമെന്നും ഇങ്ങിനെ ശാപമൊക്ഷാദികൾ നാകി- ഇപ്രകാരം വെതാളത്തിന്റെ ഉത്ഭവം ഒരു മഹർഷിയുടെ അപെക്ഷ പ്രകാരം ൨൦ വെതാളത്തെ പിടിച്ചു കെട്ടി കൊണ്ടുവരുന്നതിന്ന വിക്രമാദിത്യ രാജാവ വനത്തിൽ പൊയി പിടിച്ചു കൊണ്ടു വരുന്ന സമയം ഒരു കഥ വെതാളം പറഞ്ഞിട്ടു അതിൽ ദൊഷം ആൎക്കെന്നു രാജാവിനൊടു ചൊദിച്ചു- രാജാവു സദുത്തരം വചിച്ചുടനെ സന്തൊഷത്തൊടെ ബന്ധനത്തിൽനിന്നും വെർപെട്ടു വൃക്ഷത്തിന്റെ മുകളിൽ കയറുകയും പിന്നയും പിടിച്ചുകൊണ്ടു വരുംപൊൾ അതുപൊലെവെറെ ഒരുകഥ പറകയും ചെയ്തതായും ഇങ്ങനെ ൨൦ കഥ ചൊദ്യമായിട്ട പറഞ്ഞതിന അതുക്കും രാജാവുഉത്തരം പറഞ്ഞതായിട്ടും കാണുന്നു-

അതിൽ ഒരുകഥ മാത്രയും അതിലെചൊദ്യവും ഉത്തരവും ഇവിടെ ചെൎക്കുന്നതായാൽ സ്ഥലം അധികം വെണ്ടിവരുന്നതുകൊണ്ടു ഉപെക്ഷിച്ചിരിക്കുന്നു-

൨൦ ചിന്താരത്നംകിളിപ്പാട്ടു എഴുത്തച്ഛൻ വെദവ്യാസപ്രൊക്തമായിരിക്കുന്ന വെദാന്തം ഭഗവൽഗീതമുതലായതുകളെ നൊക്കി അതിൽനിന്നും സംഗ്രഹമായി ചമച്ചിട്ടുള്ളതാകുന്നു- അതിന്നു ലക്ഷ്യം

"വെദാന്തവാക്യസ്മൃതിഗീതയെന്നിവയൊരൊ
കഥകളതിലുള്ള സാരൊപദെശങ്ങളെ
പുതുതായ്പരിഭാഷയായിഹലൊകന്തന്നിൽ
മൂഢമാനസന്മാരായുള്ളവൎജനങ്ങൾക്കും
മൂഢഭാഷിണിയായനിനക്കുംവഴിപൊലെ
പരമാത്മജ്ഞാനമുണ്ടാവതിന്നെളുപ്പമാം
ചരിതാമൃതം ചിന്താരത്നമാനന്ദൊദയം
പരമാചാൎയ്യനായിപ്പരമാത്മാവായി

*        *        *

മരുവീടുന്ന ശ്രീകൃഷ്ണാചാൎയ്യസ്വാമിയുടെ ചരണം
ഉരചെയ്യുന്നെൻ നന്നാതെളിഞ്ഞുകെൾക്കപൊലെ

മെലെഴുതിയതിൽ "നിനക്കു" എന്നുപറഞ്ഞിരിക്കുന്നത എഴുത്തച്ഛന്റെമകൾ അല്ലെങ്കിൽ മരുമക്കൾക്കായിട്ടാകുന്നു എന്നാകുന്നു-

പരമാനന്ദപദംകാണ്മതിന്നാശയൊടു
മരികെവന്നുവിനയാനതവക്ത്രത്തൊടു
മരുവുംസുമംഗലെനിന്നുടെമനൊരഥം
അറിഞ്ഞീടിനെനഹമെന്നുമല്ലമെമ്പെൽ

ഒടുവിൽ കവി പറയുന്നത എന്തന്നാൽ

"ഭാഷയെന്നൊത്തുനിന്ദാഭാവത്തെത്തെടീടൊലാ
കാവ്യനാടകാദികൾ ധരിച്ചമഹാജനം
യൊഷമാക്കറിവാനായ്ക്കൊണ്ടുഞാൻചുരുക്കമായി
ഭാഷയായുരചെയ്തെൻക്ഷമിക്കസമസ്തരും
ചിന്തിക്കുന്തൊറുംരസമൊണ്ടിതിലതുമൂലം
ചിന്താരത്നമെന്നപെരിട്ടനുഭക്തിയൊടും"

൱൮ മൊക്ഷത്തിനുഇഛയുള്ളവർഒരുപുസ്തകത്തിൽഅടങ്ങിയിരിക്കുന്ന- വെദാന്തസാരങ്ങളപഠിക്കെണ്ടതആവശ്യം അത്രെ-മനുഷ്യജന്മസാഫല്യത്തിനും സംസാരസാഗരത്തിൽമഗ്നന്മാരായിതീരാതെ ഇരിക്കുന്നതിനും രാഗദ്വെഷാദി മാനാഹംകാരാദിദൊഷങ്ങളൊടു വെർവിട്ടു ആത്മജ്ഞാനം ഉണ്ടായി പരമാനന്ദത്തെ പ്രാപിക്കുന്നതിനും ഇതഒരുനല്ലചെറിയ പുസ്തകമാകുന്നു-

ചിന്താരത്നത്തിലെ വ്യവഹാരംഷഡ്ദൎശനശാസ്ത്രങ്ങളിൽ ഒന്നായസാംഖ്യശാസ്ത്രത്തിലെഅഭിപ്രായത്തിനു അധികം അനുസരണമായി കാണുന്നു-

൱൯- എഴുത്തച്ഛൻ ഹരിനാമകീൎത്തനംമുതലായ അനെക കീൎത്തനങ്ങൾ ഉണ്ടാക്കീട്ടുണ്ടു-

ഹരിനാമകീൎത്തനമിതുരചെയ്യുതിന്നുഗുരു
വരുളാലെദെവകളുമരുൾചെയ്കഭൂസുരരും
നരനായിജനിച്ചുഭുവി മരണംഭവിപ്പളവുമു
രചെയ്വതിന്നരുൾക നാരായണായനമഃ

ആദ്യത്തെ ൨ കീൎത്തനം താഴെചെൎത്തിരിക്കുന്നു

(൧) ഓംകാരമായപൊരുൾ മൂന്നായിപിരിഞ്ഞുടനെ
ആങ്കാരമായതിനു താന്താന്നസാക്ഷിയതു
ബൊധംവരുത്തുവതിനാളായിനിന്ന
പരമാചാൎയ്യരൂപഹരിനാരായണായനമഃ
(൨) ഒന്നായനിന്നെയിഹ രണ്ടെന്നുകണ്ടളവി
ലുണ്ടായൊരിണ്ടൽ ബതമിണ്ടാവതല്ലമമ
പണ്ടെക്കണക്കെ വരുവാൻ നിൻകൃപാബ്ധിയിൽ
മുണ്ടാകയെങ്ങലിഹ നാരായണായനമഃ

(൯) ആനന്ദചിന്മയ ഹരേ ഗോപികാരമണ
ഞാനെന്ന ഭാവമതു തോന്നായ്കവേണമിഹ
തോന്നുന്നതാകിലഖിലം ഞാനിതെന്നവഴി
തോന്നേണമേ വരദ നാരായണായ നമഃ
(൰) അക്കാനലാദിവെളിവൊക്കെ ഗ്രഹിക്കുമൊരു
കണ്ണിന്നു കണ്ണു മനമാകുന്ന കണ്ണതിനു
കണ്ണായിരുന്ന പൊരുൾ താനെന്നുറക്കുമള
വാനന്ദമെന്തു ഹരിനാരായണായ നമഃ

൧൧ ഭാഗവതം എഴുത്തച്ഛന്റെ ഒടുവിലത്തെ കവിതയും വളരെ സാരമായിട്ടുള്ളതു ഒരു ഗ്രന്ഥവും ആകുന്നു അതിൽ ൧൨ ഭാഗങ്ങൾ ഉണ്ടു അതിൽ ഏകാദശവും ദ്വാദശവും മൂലഗ്രന്ഥത്തിന്റെ നേരെ തൎജ്ജമ അല്ല- ഇതിൽ ഏകാദശം വേദാന്തവിഷയം അടങ്ങീട്ടുള്ളതും വളരെ കഠിനമായിട്ടുള്ളതുമാണ എഴുത്തച്ഛൻ ഒരു അദ്വൈതിയാണെന്നു ഇതിൽ അദ്ദേഹം സൂചിപ്പിച്ചിട്ടുണ്ടു- രാമായണവും ഭാരതവും നടപ്പുള്ളതുപോലെ ഭാഗവതം നടപ്പില്ലാതിരുന്നു- എന്നാൽ ഇപ്പോൾ വേദാന്തികളായിട്ടുള്ള അനേകം പേര നിത്യവും ഭാഗവതം പാരായണം ചെയ്യുന്നതായി കാണുന്നു- മൂലത്തിന്റെ നേരു തൎജ്ജിമ എന്നു പറവാൻ പാടില്ലാ- ചില സ്ഥലങ്ങളിൽ പരിഭാഷകൂട്ടം തന്നെ മൂലത്തിനു ശരിയായി കാണുന്നില്ലെന്നു മാത്രമല്ല വിപരീതാൎത്ഥമായും കാണുന്നുണ്ടു-

൧൨- ദശമത്തിൽനിന്നും ഒരു ഭാഗം താഴെ കാണിക്കുന്നു-

മൎത്ത്യന്മാർ കേചിൽ ജനിച്ചീടിനാലപ്പോൾതന്നെ
മൃത്യുവിൻ വശംപ്രാപിച്ചീടുവൊരതുമെന്ന്യെ
മദ്ധ്യമവയസി കേചിൽ മൃതി ഭവിക്കുന്നു
വൃദ്ധന്മാരായും മരിച്ചീടുന്നു ചിലരെല്ലാം
ആൎക്കുമെ മരണമില്ലാതവരകിലതിൽ
ഭാക്കിലിങ്ങൊരുത്തരില്ലെന്നുമിക്കതും ചൊല്ലാം
സൂതികാകാലം മുതലാദിയായൊരു നൂററി
മ്മീതിരുപത്തഞ്ചാണ്ടിലേറെയില്ലിരിപ്പാക്കും
മാനുഷൎക്കഹോ തത്തൽപൂൎവ്വകൎമ്മത്തിന്നവ
സാനകാലത്തു മൃത്യു ഭവിക്കെന്നതും
നിജമാതാവിന്നുദരത്തിലുത്ഭവിച്ചപ്പോൾതന്നെ
ധാതാവിന്നിയോഗമതന്തരംവരായെല്ലൊ
ഹേതുവും മരണകാലത്തിങ്കലൊരൊവിധം
ജാതമായീടും പൊഴെ കല്പിപ്പൊന്നത്രെന്തനം
പുണ്യപാപങ്ങൾ താന്താൻ ചെയ്വതിൻ ഫലമൊഴിഞ്ഞു
അന്യമറെറാരുതുണയില്ലെന്നു ധരിക്കേണം

൧൫൩- ഭാഗവതം ഗുരുക്കളുടെ ഒടുവിലത്തെ കവിതയെ ന്നുപറഞ്ഞുവെല്ലൊ- ദശമത്തിൽ "ബാലനിവൎണ്ണനം ചാൽവാനായിക്കൊണ്ടതുനിൎമ്മിത്തത്" എന്നകാണുന്നു- ഈസ്ഥിതിക്കുദശമം പരിഭാഷപ്പെടുത്തിയസമയം അദ്ദെഹം ബാലനായിരിക്കണമെന്നുംഭാഗവതം മുഴുവനും കുറതീൎത്തത ഒടുവിലായിരിക്കാമെന്നും ഊഹിക്കെണ്ടിയിരിക്കുന്നു- രാമായണത്തിലും ഭാരതത്തിലും അടങ്ങീട്ടുള്ളതപൊലെ അനെകം സദാചാരവാക്യങ്ങളും ശൃംഗാര- വീര- കരുണ- ഭക്തി- മുതലായ രസങ്ങളെ പ്രദശിപ്പിക്കുന്നഭാഗങ്ങളും ഭാഗവതത്തിൽ ഉണ്ട- അവയിൽചിലത ഇവിടെചെൎക്കുകഎന്നുവച്ചാൽ പുസ്തകംവലുതാകയില്ലയൊഎന്നു സംശയിച്ചുഉപെക്ഷിക്കുന്നു-

൧൫൪- പാതാളരാമായണംകിളിപ്പാട്ടഎഴുത്തശ്ചൻെറകവിതയാണെന്നുചിലവിദ്വാന്മാരഅഭിപ്രായപ്പെടുന്നുഇപ്പൊൾ ഈംപെരൊടുകൂടിഅച്ചടിച്ചുപ്രസിദ്ധംചെയ്തിരിക്കുന്ന പുസ്തകം എഴുത്തശ്ചൻെറകവനം തന്നെയൊഎന്നും സംശയം ഉള്ളതുകൊണ്ട അതിനെയും കെരളനാടകം എന്നഒരുകവിത ഗ്രന്ഥം ഉണ്ടാക്കീട്ടുണ്ടെന്നുപറഞ്ഞുകെൾവിഅല്ലാതെഗ്രന്ഥം കാണ്മാനിടവന്നിട്ടില്ലാഴികയാൽഅതിനെയും കുറിച്ചുഇവിടെ ഒന്നുംപറയുന്നില്ലാ- കെരളൊല്പത്തിആദ്യം ഗദ്യംആയിട്ട ഉണ്ടാക്കീട്ടുള്ളത എഴുത്തഛൻതന്നെഎന്നാൽ ഇപ്പൊൾ നടപ്പുള്ളപുസ്തകം അദ്ദെഹത്തിൻെറ താണെന്നതൊന്നുന്നില്ലാ- പിന്നീടുവെറെ ചിലരാൽഗുരുക്കളുടെ ഗദ്യത്തെആധാരമായിവച്ചുകൊണ്ട ഉണ്ടാക്കീട്ടുള്ളതാണ-

൧൫൫- എഴുത്തച്ഛൻെറകവിതകളെ കുറിച്ചു കൊച്ചുണ്ണിനെടുങ്ങാടിഅവർകൾ പറഞ്ഞിരിക്കുന്നഅഭിപ്രായംതാഴെചെൎത്തിരിക്കുന്നു-

"ഈമലയാളത്തിലെക്കആദ്യകവിയായ തുഞ്ചത്തുഗുരുനാഥൻ പൈംകിളിക്കണ്ണി പരാപരക്കണ്ണി ഇവയായ തമിഴക്കവിയെനൊക്കിതന്നെ തൻെറ കിളിപ്പാട്ടുകളെ തീൎത്തു- എന്നാൽ ആശീലുകളുടെ ഗാനരീതി ആ മഹാത്മാവിൻെറ ഉള്ളിൽനിന്നും പുറപ്പെട്ടുംപൊലെഅല്ലാതെ കെവലംതമിഴരീതിക്കു ചെൎന്നിരിക്കയുമില്ലാ- കാകളി- കെകാ- അന്നനട- കളകാഞ്ചി-" ഈംമെല്പറഞ്ഞ നാലുശീലുതന്നെ തുഞ്ച

ൻെറപാട്ടിലെല്ലാംപ്രധാനമായതും-തുഞ്ചനെപിന്തുടൎന്നമററു ഭാഷാഗാനകവികൾ പാടിയതും ആകുന്നു- തുഞ്ചൻ ഭാരതത്തിൽ ചിലപൎവ്വത്തിൻെറ ആദ്യംനാലഞ്ചുശീലു കാകളിയെ മാത്രയൊജിപ്പിച്ച അക്ഷരഭെദംചെയ്തുപയൊഗിച്ചിട്ടുണ്ടു

---

## ൭-ാംഅദ്ധ്യായം

### കൊല്ലം ൭൦൦ മുതൽ ൯൫൦ വരെ

൧൧൩ എഴുത്തച്ശൻെറശിഷ്യന്മാരായിട്ടു പരമ്പരയായി വ ഗുരുക്കന്മാരുടെപെരുകെൾക്കാറുണ്ടു- അവരഇനാതെല്ലാംകവിതകൾ ഉണ്ടാക്കീട്ടുണ്ടെന്നു നല്ലനിശ്ചയംഇല്ലാ അവരുടെപെരു കരുണാകരൻ ചിറമ്മൽ സൂൎയ്യനാരായണൻ- ഗൊപാലൻ- എന്നാകുന്നു-

൧൧൪ എഴുത്തച്ശൻെറകാലത്തുതന്നെ കൊലത്തുനാട്ടിൽ ചെറുശ്ശെരിഎന്ന ഇല്ലപ്പെരുള്ളഒരുനംപൂരി കൊലസ്വരൂപത്തിൽ ഉദയവൎമ്മരാജാവിൻെറകല്പനയാൽ ഭാഗവതം ദശമംമുഴുവനും മണിപ്രവാളമായി ഒരുപാട്ടായിട്ടുചമച്ചു- ഇതിനെ വടക്കൻദിക്കുകളിൽ കൃഷ്ണഗാഥഎന്നും കൃഷ്ണപ്പാട്ടു എന്നും തെക്കൻദിക്കുകളിൽ ചെറുശ്ശെരിഎന്നും പറയുന്നു- അതിൻെറഉത്ഭവം രാജാവിൻെറ ഭാൎയ്യക്കു സംഗീതജ്ഞാനം ഇല്ലന്നു കല്പിച്ചതിനാൽ അതഉണ്ടാക്കാമെന്നു നംപൂരിരാജാവിനൊടുപറഞ്ഞ അവരെകൊണ്ടു പാടിക്കുന്നതിലെക്കായി ചതുരംഗംവയ്ക്കുന്ന സമയം ആട്ടന്തിഎന്നതിനെ "ആട്ടന്തി" എന്നരാഗത്തിൽ പറയിച്ച ആ രാഗംശരിയിട്ടു ഠരംപാട്ടു ഉണ്ടാക്കിയിരിക്കുന്നതായി കെട്ടിരിക്കുന്നു- ഠരം ഗ്രന്ഥംമുക്കാൽപംക തീൎന്നസമയം പല വിദ്വാന്മാരും കവിത സാരമില്ലെന്നുള്ള അൎത്ഥത്തിൽ എരിശ്ശെരിയിൽ കഷണമില്ലെന്നു പറകയാൽ വ്യസനിച്ച എഴുത്തച്ശനെ കാണിച്ച അദ്ദെഹത്തിൻെറ അഭിപ്രായപ്രകാരം ശെഷം അത്രയും കറ തീൎത്തു കൊടുത്ത ഇനി കഷണമില്ലെന്നു പറയുന്നതായിരുന്നാൽ ഇളക്കിനൊക്കുന്നതിനു എഴുത്തച്ശൻ പറഞ്ഞതായിഒരു കഥ പറയുന്നുണ്ടു- തുഞ്ചനെഅനുസരിച്ചതന്നെഠരംകവിതതീൎത്തിരിക്കുന്നു- ആശ്ചൎയ്യനിൎണ്ണയം പ്രമാണം

൰൮ കൃഷ്ണഗാഥയിൽ ഒടുവിൽ ചെൎത്തിരിക്കുന്ന ശ്ലൊകംകൊണ്ടു അതു കൊലഭൂപതിയായ ഉദയവൎമ്മരാജാവിന്റെ കല്പനപ്രകാരം ഉണ്ടാക്കിയതെന്നു നിശ്ചയിക്കാം-

അജ്ഞയാകൊലഭൂപസ്യ
പ്രാജ്ഞസ്യൊദയവൎമ്മണഃ
കൃതായാംകൃഷ്ണഗാഥായാം
കൃഷ്ണസ്യൊൎദ്ധതിരീരിതാ

൰൯ ഉപമാലംകാരപ്രയൊഗങ്ങൾ ഇതിൽ വളരെ ഉണ്ടു- കവിതയെ എഴുത്തച്ഛന്റെ കവിതയുടെ അത്ര ശ്ലാഘിക്കാൻതക്കവണ്ണമില്ലെങ്കിലും ആ കാലത്ത ആൎയ്യബ്രാഹ്മണനായ ഒരു നംപൂരിക്ക മണിപ്രവാളത്തിൽ ഒരു കവിത ചമെക്കണമെന്നുതൊന്നിയത ഒരു ജനങ്ങളുടെ ഭാഗ്യംഎന്നെപറവാനുള്ളു-എഴുത്തച്ഛനാൽപരിശൊധനചെയ്തിട്ടുള്ള ഒടുവിലെഭാഗംഅത്രയുംവളരെനന്നായിരിക്കുന്നു-ഇതിൽ "കാകളിയുടെപിന്നടിക്ക രണ്ടു അക്ഷരം കുറച്ചുകാണുന്ന ശീലിന്നു മഞ്ജരി എന്നു പെരുപറയുന്നു- അതിന്റെ ഗാനരീതിക്ക എല്ലാഅക്ഷരങ്ങളും ഗുരുവായിതന്നെഉച്ചരിക്കണം"

൨൰ ഈ കവിതയെക്കുറിച്ചു ഒരുവിദ്വാന്റെഅഭിപ്രായം താഴെ ചെൎത്തിരിക്കുന്നു-

തുഞ്ചെൻപാട്ടിനൊടു ഏകദെശം അനുസരിച്ചും എന്നാൽഅല്പംഭെദത്തൊടുകൂടിയും കൃഷ്ണഗാഥ എന്നൊരു ഗ്രന്ഥമുണ്ടു- ശൃംഗാരരസം ഇത്രപൂൎണ്ണമായിപ്രയൊഗിച്ചിട്ടുള്ള പുസ്തകം മലയാളത്തിൽഇല്ല- ഋതുവൎണ്ണനം- രാസക്രീഡ- മുതലായത വളരെ ഭംഗിയായിരിക്കുന്നുഎന്നല്ലാതെ മറ്റെന്തു പറയെണ്ടു- സംസാരത്തിൽ ഉപയൊഗിക്കാത്തതും സാധാരണ കവികൾ പ്രയൊഗിക്കാത്തതുമായ നൎണ്ണിമ കളര മുതലായഅപൂൎവ്വശബ്ദങ്ങൾ ഈപുസ്തകത്തിൽവളരെവരുന്നുണ്ടു-

൨൰൧ കൃഷ്ണഗാഥയിലെഋതുവൎണ്ണനംതാഴെചെൎത്തിരിക്കുന്നു

ഗ്രീഷ്മവൎണ്ണനം

ഉഷ്ണതകൊണ്ടുവറട്ടിച്ചമച്ചന്റു
ഗ്രീഷ്മമായുള്ളൊരുകാലംവന്നു
താപംകൊണ്ടെല്ലാരുംവെലുറ്റുകാവിലും
വാപികൾതീരത്തുമായത്തുടങ്ങി
ആലവട്ടങ്ങൾക്കചാലച്ചുഴന്നുനി

ന്നാലസ്യമായുള്ളനാളിൽ നാളിൽ
വാതായനങ്ങൾക്കുംപ്രാഭവംഉണ്ടായി
സെവകൾമെന്മേലെചൊല്ലുകയാൽ
പാനീയശാലകൾമാനിച്ചുനിന്നുതെ
ദീനങ്ങളായുള്ളചാതകങ്ങൾ
മന്ദിരംതൊറും നടന്നുതുടങ്ങിനാൻ
മന്ദസമീരണനന്തിനെരം
ഇഛരാതിരണ്ടുള്ളമച്ചകമെല്ലാമെ
കച്ചുതുടങ്ങിതുപിന്നപ്പിന്നെ
പച്ചൊടമെന്നുപറഞ്ഞുതുടങ്ങുംപൊൾ
ഉൾച്ചൂടുതാനെയെഴുന്നുകൂടും
ഇന്ദുതൻനന്മണികൊണ്ടുപട്ടത്തങ്ങു
സുന്ദരമായുള്ളമന്ദിരത്തിൽ
ചന്ദ്രികയൊറ്റുകിടന്നുതുടങ്ങിനാർ
സുന്ദരിമാരുന്തൻകാന്തന്മാരും
ആഹാരമായതിക്കാലത്തിനൊക്കുംപൊൾ
നീഹാരമെന്നങ്ങവന്നുകൂടും
നീഹാരമിന്നിന്നുകാണ്മതില്ലെതുമെ
ആഹാരംകൂടാതെയാരുമില്ലെ
ശീതമായുള്ളൊരുമാനിന്നുകെസരി
പ്രീതമായ്തെവുമിക്കാലന്തന്നെ-

൯൨൨ ാംകാലത്തിൽഉത്തരകെരളത്തിൽഒരുരാതിക്കാരന്റെ ദാസവൃത്തിയെചെയ്തുംകൊണ്ടു ശിവദൎശനനിഷ്ഠയൊടുകൂടിയിരുന്ന "വാസു" എന്ന പെരായ ഒരു ഭട്ടതിരി ഉണ്ടായിരുന്നു- അദ്ദെഹത്തിന്നു അക്ഷര ജ്ഞാനം ഒട്ടും ഇല്ലായിരുന്നു- ആ ജാതിക്കാൎക്കു വെണ്ടുന്ന നിത്യാനുഷ്ഠാന മന്ത്രങ്ങളിലെ അക്ഷരംപൊലും വ്യക്തമായിഉച്ചരിപ്പാൻവഹ്യാത്തതിനാൽ അദ്ദെഹത്തിനെ പരിഹാസമായി "വാതു" എന്നു വിളിച്ചുവന്നു- ഒരുദിവസം അദ്ദെഹംശിവദൎശനത്തിനുപൊകുന്നതിനു നെരം അകാലമാകയും കാലം വൎഷമായിരുന്നതിനാൽ ഇടവിടാതെ മഴപെയ്തും കൊണ്ടിരിക്കയും ചെയ്യുതിനാൽ തൊഴുതു തിരിയെ പൊന്നസമയം വഴിക്കുണ്ടായിരുന്ന ഒരു പുഴ കടക്കാനുള്ള തോണി മറുകരയിൽ അകപ്പെട്ടുപൊയി ഒരുവിധത്തിൽ അദ്ദെഹം മഴ നനഞ്ഞു വിറച്ചുംകൊണ്ട ശിവാലയത്തിലെക്കുതന്നെ തിരിച്ചുപൊന്നു നാലമ്പലത്തിൽ കിടന്നു- പകൽ തീക്കാടെ പൊയി പാചകം ചെയ്തുകൊണ്ടിരുന്നതിനാലും മഴനനഞ്ഞുഓടിയതിനാലുമുള്ള ക്ഷീണവും കു

ച്ചിത്വംകൊണ്ടു ഉറക്കംവരാതെ വ്യസനിച്ചുംകൊണ്ട കിടക്കും പൊറ ഇതാ വിറക തെക്കെപ്പുള്ളിയിൽ കിടക്കുന്നു തീയുംഉ ണ്ട കത്തിച്ചു കായുകെവെണ്ടു എന്നു അശരീരി ഉണ്ടായി- അതുകെട്ടു അദ്ദെഹം പൊയി നൊക്കിയപ്പൊറ പറഞ്ഞതു പൊലെ വിറക എരിച്ചു കത്തിച്ചു കാഞ്ഞു കുളിരുമാററി- അ പ്പൊറ വിശപ്പടക്കാൻ ഒന്നുംഇല്ലല്ലൊ കഷ്ടം എന്നിങ്ങനെ വിചാരിച്ചുംകൊണ്ടിരിക്കെ ഹെ ഒരുകൊല കദളിപ്പഴം ആ മൂലയിൽ ഉണ്ട ഭക്ഷിക്ക എന്ന അശരീരികെട്ട അതിനെഎ ടുത്ത ഭക്ഷിച്ചപ്പൊറ അദ്ദെഹം അതിവിദ്വാനായി തീരുകയും കവിതകറ ഉണ്ടാക്കാൻ ശക്തിമാനാകയും ചെയ്തു-

൱൰൩ പിറെറദിവസം പുലർകാലെക്ഷെത്രശുദ്ധി ചെ യ്യുന്നതിനുവാദ്ധ്യന്മാരു വന്നപ്പൊറഅവർതലെദിവസം നിവെ ദ്യം വെക്കാൻ കെട്ടിവച്ചിരുന്നവിറകകാണാഴികയാൽഒരു നമ്പൂ രിയൊടകയൎത്തുചൊദ്യംചെയ്തു- അതിനുഉത്തരമായിഅദ്ദെ ഹംകവിതയായി വിറകെട്ടപ്പാൻ പിറകെട്ടുത്തെൻ എന്നുംമ ററുംആദ്യകവിതഉണ്ടാക്കി- അങ്ങിനെ പ്രാഭവംചെൎത്തആ ദ്യകവിത നിൎമ്മിച്ചതിനാൽ പിന്നീട അദ്ദെഹംഉണ്ടാക്കിയ യു ധിഷ്ഠിരവിജയം എന്ന കവിതയും മമ്പിലത്തെതിനെപിൻതു ടൎന്നു എകദെശം എല്ലാ ശ്ലൊകങ്ങളും അദ്ദെഹംഒരുപൊലെത ന്നെ ഉണ്ടാക്കി- അദ്ദെഹം വെറെ അനെകം ഭാഷാശ്ലൊക ങ്ങളും ഉണ്ടാക്കീട്ടുണ്ടു- അതുകറ ഒററശ്ലൊകങ്ങളുടെകൂട്ടത്തി ൽ കിടക്കുന്നതല്ലാതെ എകീകരിച്ചതായ ഒരു ഗ്രന്ഥവും ഇ പ്പൊറകാണ്മാനില്ലാ-

൱൰൪ എഴുത്തച്ശൻറകാലത്തിനിപ്പുറംവന്നിട്ടുള്ള പ ല കവികളും അവരുടെ കവനങ്ങളിൽ എല്ലാ വിഷയത്തിലും തുഞ്ചത്തുഗുരുക്കളെ അനുസരിച്ചും മററും ഇരിക്കുന്നു-

൱൰൫ തിരുവില്വാമലക്കാരൻ ഒരുനമ്പിയാരുഎഴുത്ത ച്ശൻറകാലം കഴിഞ്ഞതിൻറശെഷം വിലപുരാണം മ ലയാളത്തിൽ പാട്ടായിട്ടു ഉണ്ടാക്കി-

൱൰൬ എഴുത്തച്ശൻറകാലം[illegible]മുതൽഇങ്ങൊട്ടുള്ളമലയാ ളകവിതകളെ [illegible]മെന്നുംപറയുന്നു- മണി പ്രവാളം എന്നപദത്തിൻറഅൎത്ഥം മുത്തുകളും പവിഴങ്ങളും കലൎന്ന കൊൎത്ത മാലപൊലെ സംസ്കൃതവാക്കുകളും മലയാ

ളുവാക്കുകളും കൂടി കലൎന്നിട്ടുള്ള കവനമെന്നാകുന്നു- ൟ പ ദം അന്നുണ്ടായ സംസ്കൃതപണ്ഡിതന്മാരാൽ നിൎമ്മിച്ചതാകുന്നു

൱൨൧ ൟ സമയംതന്നെ ബ്രഹ്മാണ്ഡപുരാണം മലയാളംകിളിപ്പാട്ടായി ചമയ്ക്കപ്പെട്ടു- ഇന്നാരാൽ ചെയ്തെന്നു നല്ലനിശ്ചയമില്ലാ- എഴുത്തച്ഛന്റെ ശിഷ്യന്മാരിൽ ഒരാളാലാണെന്നു ചിലർനിശ്ചയിച്ചിരിക്കുന്നു- ആകവിതയുടെ ഒടുവിൽ പറയുന്നത

ധാത്രിദേവേന്ദ്രശ്രേഷ്ഠനാകിയതപോനിധി
നേത്രനാരായണന്തന്നാജ്ഞയാവിരചിതം
രാമഭക്ത്യാഢ്യനായരാമശിഷ്യനാലിദം
സോമനാംകണ്ഡപുരാധിശൻതന്നനുഗ്രഹാൽ
ബ്രാഹ്മണശ്രീപാദപാംസുക്കൾക്കുനമസ്കാരം
ബ്രാഹ്മണഭക്തിമമവൎദ്ധിച്ചുവരേണമെ

൱൨൨ നേത്രനാരായണൻ ആഴ്വാഞ്ചേരി തംപ്രാക്കളാകയാൽ അദ്ദേഹത്തിന്റെ കല്പനപ്രകാരം ഉണ്ടാക്കീട്ടുള്ളതാണ- രാമശിഷ്യൻ എഴുത്തച്ഛന്റെശിഷ്യനെന്നു അൎത്ഥമാകുന്നുഎന്നു ചിലർ വിചാരിച്ചിരിക്കുന്നു- കണ്ഡപുരാധീശൻ ആരെന്നുനിശ്ചയമില്ല-

൱൨൩ മലയാളബ്രഹ്മാണ്ഡപുരാണംഅഷ്ടാദശപുരാണങ്ങളിൽഒന്നായസംസ്കൃതബ്രഹ്മാണ്ഡപുരാണത്തിൽമദ്ധ്യഭാഗത്തിന്റെതൎജ്ജിമയാകുന്നു- മൂലത്തിൽഎമ്പത്തയ്യായിരം ഗ്രന്ഥം ഉള്ളതിൽനിന്നും മദ്ധ്യഭാഗമായതൊണ്ണൂറൊമ്പതദ്ധ്യായത്തിൽ അടങ്ങിയിരിക്കുന്നകഥകളും സംക്ഷെപപരിഭാഷയായി മലയാളത്തിൽ ആക്കിയിരിക്കുന്നുമൂലംഹിരണ്യരാജാവിനുജൈമിനിമഹൎഷിപറഞ്ഞതകെൾപ്പിക്കുന്നപ്രകാരംകാണുന്നു-

൱൨൪ അതിൽ ഒരുഭാഗംതാഴെചെൎത്തിരിക്കുന്നു

(൧) ധൎമ്മരക്ഷണത്തിനായിചെയ്യുനകൎമ്മമെല്ലാം
ധൎമ്മമായ്വരുമത്രെനിൎമ്മലന്മാൎക്കുനൂനം
(൨) മൂത്രമാംസാമെദ്ധ്യാദിപാത്രമാംദെഹത്തിങ്കലാസ്ഥയുണ്ടാമൊ വിദ്വാന്മാൎക്കുള്ളിലത്രയല്ല
വൈരാഗ്യമുണ്ടാമപ്പൊൾജ്ഞാനവുംലഭിച്ചീടും
ശാരീരവിചാരംകൈവല്യസാധനഹെതു
മൊക്ഷകാരണം ദെഹമാകയാൽബ്രഹ്മംതന്നെ
യൊൎക്കുമ്പോൾ ദെഹമെന്നുധന്മാർചൊല്ലീടുന്നു-

൧൨൭ ഇങ്ങനെ കിളിപ്പാട്ടുകളും കീൎത്തനം മുതലായ്തും മലയാള ഭാഷയിൽ ഉണ്ടായതിന്റെ ശെഷം സംസ്കൃതത്തിൽ നാടകങ്ങൾ ഉള്ളതു പൊലെ മലയാളത്തിൽ ഇല്ലാതിരുന്നു- ഈ ന്യൂനതയാദ്യം കൊട്ടാരക്കരെ തമ്പുരാനാൽ തീൎക്കപ്പെട്ടു നാടകങ്ങളെ മലയാളത്തിൽ ആട്ടക്കഥകൾ എന്നുപറയുന്നു- അവ അഷ്ടപദിപൊലെ പദ്യഗദ്യങ്ങൾകൂടികലൎന്ന പ്രബന്ധമെന്നല്ലാതെ സംസ്കൃതനാടകത്തൊടു സദൃശീകരിക്കാൻപാടില്ല- ഇവററിൽ ശ്ലൊകങ്ങളും പദങ്ങളും ഉണ്ടു- ശ്ലൊകങ്ങൾമിക്കതും പൂൎണ്ണസംസ്കൃതമായും അപൂൎവ്വമായി ചിലത ഭാഷയായും ഇരിക്കും പദങ്ങൾ രണ്ടൊമൂന്നൊപെർതമ്മിലുള്ള സംഭാഷണമാകുന്നു- ഗദ്യഭാഗങ്ങൾമിക്കതും മണിപ്രവാളമായിരിക്കും

൧൨൮ ഇവയിൽ ശ്ലൊകങ്ങൾ സംസ്കൃതവൃത്തം അനുസരിച്ചു- മററപദ്യങ്ങൾ ഗാനരീതിക്കതക്കതായിമാത്രഭെദത്തൊടുകൂടിഉപയൊഗിച്ചിരിക്കുന്ന മലയാളവൃത്തങ്ങളാകുന്നു ആട്ടക്കഥആദ്യംമലയാളത്തിൽഉണ്ടാക്കിയത കൊട്ടാരക്കരതമ്പുരാൻ ആ തമ്പുരാന്റെ പെരും കാലവും നല്ലനിശ്ചയമില്ലാഎങ്കിലും എകദെശം അവ താഴെ പറയുന്നതിനെ കൊണ്ടു നിശ്ചയിക്കാം-

(൧) പ്രാപ്തൊനന്തഘനശ്രീയഃപ്രിയതമശ്രീരൊഹിണീജന്മനൊ
വഞ്ചിക്ഷ്മാവരവീരകെരളവിഭൊരാജ്ഞസ്സ്വസുസ്സൂനനാ
ശിഷ്യെണപ്രവണെനശംകരകവെരാമായണം വൎണ്ണ്യതെ
കാരുണ്യെനകഥാഗ്രണെനകവയഃകൎണ്ണൊതൽകൎണ്ണയൊഃ

൧൨൯ കൊട്ടാരക്കരതമ്പുരാക്കന്മാരതിരുവിതാംകൊട്ടു സംസ്ഥാനത്തിലെ രാജവംശത്തൊടു ദൂരസംബന്ധം ഉണ്ടായിരുന്നവരാകുന്നു- അവർ മുൻപിൽ ചെംകൊട്ടു- ക്ലാങ്ങാട- കാൎക്കടി- ഈ ദെശങ്ങളും നെടുമങ്ങാട- കൊട്ടാരക്കര പത്തനാപുരം ഈ മണ്ടപത്തുംവാതുക്കലുകളും കൂടി ഉൾപ്പെട്ട ഇളയടത്തസ്വരൂപത്തിൽ ചെൎന്നവരാകുന്നു- മുൻപിൽരാജധാനിവള്ളിയൂരായിരുന്നു- അവിടെനിന്നും കൊല്ലം ൬൨൯ൽ രണ്ടാം രാജാവിനൊടുള്ള കലഹം നിമിത്തംപുറപ്പെട്ട തിരുവനന്തപുരത്തവന്ന ആശ്രയിച്ചു കൊട്ടാരക്കരെ താമസിച്ചുവന്നു- കൊല്ലം ൯൦൯ൽ മാണ്ട ഇടക്കൊട്ടുരാജ്യത്തിൽ ആളില്ലാതെ ക്ഷയിച്ചുപൊകയാൽ തിരുവിതാംകൊട്ടൊടു ചെൎക്കപ്പെട്ടു മെലെഴുതിയതിൽനിന്നും ആട്ടക്കഥ ഉണ്ടാക്കിയ കൊട്ടാരക്കരതമ

പുരാൻെറകാലം എഴുത്തച്ഛൻെറ കാലത്തിനിപ്പുറം ൮൦൦ാമാണ്ടിനു മുമ്പായിരിക്കണം- രൊഹണിനാൾ ജനിച്ചവീരകെരളരാജാവിൻെറ അനന്തിരവളിടെ മകനാകുന്നു എന്നും ശ്രീശംകരകവിയാണെന്നും നിശ്ചയിക്കാം-

൧൨൭ ഠരംരാജാക്കന്മാരിടെപ്രാബല്യകാലത്താണത്തുട്ടക്കഥചമച്ചത- കൊല്ലം൯൩ത്തിൽ കൊട്ടാരക്കരെപ്രബലന്മാരായരാജാക്കന്മാരഇല്ലാതിരുന്നു-അതിനാൽ൧൩൦ശംരം൨ംപുരാൻെറകാലംകൊല്ലം ൭൦൦മാണ്ടിനും ൯൫൦മാണ്ടിനുംമദ്ധ്യെ ആയിരുന്നു എന്നുവിചാരിക്കണം- പെരകെരളൻ എന്നായിരുന്നു എന്നുഒരു വൃദ്ധൻ പറഞ്ഞിരിക്കുന്നു- അതിനുമുൻപു തന്നെ ഉത്തരകെരളത്തിൽ ജെയദെവൻെറ സംസ്കൃതഅഷ്ടപദിപാടി കൃഷ്ണാട്ടംനടപ്പുണ്ടായിരുന്നുഎന്നുംകൊട്ടാരക്കരെകൂത്തടിയന്ത്രത്തിനുഇവരെഅയ്ക്കണമെന്നു ക്ഷണിച്ചതിനുതെക്കൻ കെരളവാസികളിൽ അഷ്ടപദിയുടെസാരം മനസ്സിലാകത്തക്കവിദ്വാന്മാര ഇല്ലായ്കയാൽ അയക്കുന്നതല്ലെന്നുപൊഴീക്കൊട്ടരാജാവു പറകയാൽ അതകാരണം മത്സരിച്ചാണുരാമനാട്ടംഎന്നപെരൊട്ടുകൂടി ഠരംവകകവിതകണ്ടാക്കിയതെന്നും ഒരു വദന്തി ഒണ്ട-

൧൨൮ കൊട്ടാരക്കരെതംപുരാൻെറആട്ടക്കഥകളാഅദ്ധ്യം രാമായണത്തിൽസ്ഥാപിച്ചിട്ടുള്ളതാകുന്നു-എട്ടുകഥകളാണ ഒണ്ടാക്കിട്ടുള്ളതു അവയുടെപെരുകൾ താഴെപറയുന്നു-

൧ രാമായണംപുത്രകാമെഷ്ടി
൨ സീതാസ്വയംബരം
൩ വിഛിന്നാഭിഷെകം
൪ ഖരവധം
൫ ബാലിവധം
൬ തൊരണയുദ്ധം
൭ സെതുബന്ധനം
൮ യുദ്ധം-

൧൨൯ ഇവയിൽശ്ലൊകങ്ങളാഅപൂവമായിട്ടചിലതസംസ്കൃതത്തിൽഒള്ളതല്ലാതെശെഷംഅദ്ധ്യംമണിപ്രവാളമാകുന്നു- പദങ്ങളാഅദ്ധ്യം സാധാരണമലയാളമെന്നു മാത്രമല്ലാ സംസ്കൃതപരിജ്ഞാനംഒട്ടും ഇല്ലാത്തവൎക്കമനസ്സിലാകുന്ന

തിനു എളുപ്പമാകുന്നു- എങ്കിലും ഇവകളിൽ കവിതാചാതുൎയ്യത്തെ ആശ്ചൎയ്യപ്പെടാൻതക്കവെണ്ണം ഒന്നുമില്ല-

വന്ദനശ്ലോകം

മദഗജവദനന്തംവിഷ്ണുവിധൈരദക്ഷം
സരസിജഭവജായാംഭാരതീംസോമമീശം
നിശിചരകുലകാലംരാഘവംജാനകീഞ്ച
പ്രതിദിനമതിഭക്ത്യാനൌമിവാല്മീകിമാൎയ്യം

" ഇവയിൽകവിതാരസികത്വംലവലെശംപൊലും ഇല്ലെന്നുതന്നെപറയണം- സംഗീതമട്ടു നൊക്കിയാൽ പാട്ടുകാൎക്കു രസിക്കുവാനുംകൊപ്പുകൾപൊരാ- ആടുന്നതിനും മെല്പടിതന്നെ- അതിനാൽരാമകഥകൾ ജനങ്ങൾഅധികമായി ആടിക്കുന്നില്ലാ" തൊരണയുദ്ധംമാത്രം അല്പംഭെദമാണെന്നു പറയാം- മെൽപ്രകാരംഒരുആൾഅഭിപ്രായപ്പെടുന്നു"- അതശരിതന്നെ എങ്കിലും സംസ്കൃതപണ്ഡിതന്മാരു അല്ലാത്തമലയാളികൾക്കു രാമതംപുരാന്റെ കവിതകൾ വളരെ ശ്ലാഘ്യമായിട്ടുതന്നെഇരിക്കുന്നു- തെക്കൻദിക്കുകളിൽ രാമകഥകൾ സാധാരണയായി ആടിവരുന്നുണ്ടു- ആദ്യം ഈവിധംകവിതമലയാളത്തിൽഉണ്ടാക്കിയതിൽവച്ചു ആ തംപുരാനു സിദ്ധിച്ചിട്ടുള്ള ഖ്യാതിമലയാളഭാഷയുള്ള നാളത്രയുമിരിക്കുന്നതാകുന്നു-

ഭാഷാ ശ്ലോകങ്ങൾ

(൧) മനുകുലമഹിപന്മാരാണ്ടെഴുംരാജധാന്യാം
കനിവൊടുധരണീംതാംരക്ഷചെയ്യാളുമപ്പൊൾ
നരവരനജനാകുംഭൂമിപൻതന്റെസൂനു
ദശരഥനരപാലൻതംവസിഷ്ഠംബഭാഷെ

* * *

(൨) എവംപറഞ്ഞുമുനിമാരൊടുമാമുനീന്ദ്രൻ
താവജ്ജഗാമനൃപനാശുസുമന്ത്രനൊടും
സൌവൎണ്ണചാപലതികാലസമാനപാണി
രന്തഃപുരംസപദിവൃക്കജഗാദദാരൻ

* * *

(൩) ഉച്ചത്തിൽഗ്രഹമഞ്ചുമഞ്ചിതമതാംക്രൂരംശവുംലഗ്നവും
സാപത്ഥ്യംകൎക്കടമായരമ്യസമയെലൊകൈകരക്ഷാൎത്ഥമായി
ഭക്തൻപംക്തിരഥന്നുചിത്തകുതുകം ചെമ്മെ വരുത്തീടുവാൻ
ചിത്രംവന്നുജനിച്ചുകൌസലമഹാരാജാത്മജായാംഹരിഃ

* * *

൯൨. ഈ കഥകൾ ആദ്യം വെഷംകെട്ടി ആടിയസമയം ഇപ്പൊൾനടപ്പുള്ളതുപൊലെ മുഖത്തുമനയോലതെക്കുകയും കറുപ്പെഴുതുകയും ദെഹത്തിൽ പലനിറമുള്ള ഉടുപ്പുകൾ ധരിക്കയുംശിരസ്സിൽ കിരീടാദികൾവസ്ത്രവും മററംചെയ്യുന്നനടപ്പ ആരംഭിച്ചിട്ടില്ലായിരുന്നു. ഈ പ്രദെശങ്ങളിൽ കണിയാന്മാരു കൊലംകെട്ടി ബെലികഴിക്കുന്നതു വായനക്കാരിൽമിക്ക പെരുംകണ്ടിരിക്കുന്നതിന്നിടയുണ്ട- അതിൽഎങ്ങിനെ ആണൊ കമുകിൻപാളയിൽ ഓരൊ സ്വരൂപങ്ങൾ എഴുതി വച്ചുകെട്ടിക്കൊണ്ടുകളിക്കുന്നതു അതുപൊലെ ഈ രാമായണംആട്ടക്കഥകൾ ആദിയിംകൽ അരങ്ങെററവും കുറെദിവസത്തെക്കു ആട്ടവും ആ അപരിഷ്കൃതസ്ഥിതിയിൽതന്നെആയിരുന്നു എന്നുകെട്ടിരിക്കുന്നു- ആദ്യംഅരങ്ങെററംകഴിഞ്ഞതു കൊട്ടാരക്കരെഗണപതിക്ഷെത്രസന്നിധിയിൽ വച്ചായിരുന്നു -

൯൩. ആ കാലങ്ങളിയിൽ വെഷം കെട്ടി കളിച്ചവന്നവർതന്നെ പാടിവന്നതായിട്ടും ഇങ്ങനെ കുറെദിവസം കഴിഞ്ഞതിൻെറശെഷം കളിക്കാർ കലാശം ചവുട്ടുന്നതിലും മററും വച്ചുക്ഷീണിക്കുന്നതിനാൽ പാട്ടിനു വെടിപ്പില്ലെന്നു കണ്ടഒരുനമ്പൂരിയാലാണപാട്ടിനു പ്രത്യെകം ആൾ നിയമിക്കപ്പെട്ടതെന്നും ചെണ്ടയുംആസമയംമുതൽഉപയൊഗിച്ചുവന്നു എന്നും കാണുന്നുണ്ട-

---

## ൭ാം അദ്ധ്യായം
## കൊല്ലം-൮൦൦മുതൽ ൯൦൦വരെ

൯൪. കൊല്ലവർഷം ൮൬൨-ാമാണ്ടുമുതൽ ൧൩ വർഷം തിരുവിതാംകൊട്ടരാജ്യഭാരംചെയ്തആദിത്യവർമ്മരാജാവു നാടുനീങ്ങിയസമയംആവിടത്തെക്കു മരുമക്കളായിട്ടു ഉമയമ്മറാണിയും അതിൽതാഴെ ബാല്യമായിട്ടു ആറ ആൺവഴിതമ്പുരാക്കന്മാരും മാത്രമെഉണ്ടായിരുന്നൊള്ളു. അക്കാലത്തു മാടമ്പിമാരുടെയും എട്ടുവീട്ടിൽപിള്ളമാരുടെയും ശല്യംനിമിത്തം ഏതൽരാജവംശംപുത്തൻകൊട്ടയിൽ താമസിക്കുന്നസമയം ൫ രാജകുമാരന്മാരെയും മാടമ്പിമാരുടെകുട്ടികൾ കളിപ്പാൻകുളത്തിൽവച്ചു അപായം വരുത്തുകയാൽ റാണിയും ൯ വയസ്സുള്ളഒരു പുത്രനും കൂടിനെടുമങ്ങാട്ടുരാജധാനിയിൽ പൊയിതാമസിച്ചു-

൧൱൨ കൊല്ലം ൯൭൩൫ൽ മുകിലൻ എന്ന ഒരു മഹമ്മദുകാരൻ ആരുവാമൊഴി മാൎഗ്ഗം ഒരു സൈന്യത്തോടുകൂടി കടന്നു തിരുവിതാംകോടിനെ ആക്രമിച്ചു- അവിടത്തെ അരാജകത്വം അവന്നു സഹായമായിരുന്നു അവൻ തിരുവനന്തപുരത്തു മണക്കാട്ടു പാളയം അടിച്ചു കിടക്കയും ഇടവാമുതൽ തെക്കോട്ടുള്ള രാജ്യത്തെ കരം പിരിപ്പിക്കയും മൂന്നു സംവത്സരം രാജ്യം ഭരിക്കയും ആ പ്രദേശങ്ങളിലെ ആചാരത്തിനു ഭേദം വരുത്തുകയും ചെയ്തു- ആ സമയം ക്ഷേത്രങ്ങൾ പൂജയില്ലാതെ അടച്ചുപൂട്ടിയിടുകയാണ ചെയ്തത-

൧൱൩ ഒരു കാരണത്താൽ വളരെ മഹമ്മദുകാരു സ്ഥിരമായി തിരുവനന്തപുരത്ത പാൎക്കുന്നതിനിടവന്നു അവന്റെ ആക്രമം നിമിത്തം വളരെ ആയുധാഭ്യാസവും ബുദ്ധിസാമൎത്ഥ്യവും ഉള്ള കോലസ്വരൂപത്തിൽ ചെന്ന കൊട്ടയത്ത കെരളവൎമ്മൻ തമ്പുരാനെ വരുത്തി- ആദ്ദേഹം മുകിലനെ യുദ്ധത്തിൽ അപായപ്പെടുത്തി പുത്തൻകൊട്ടയിൽ കെട്ടിയിരുന്ന കൊട്ടാരം പൊളിച്ചു തെവാരത്തു കൊയിക്കലും വലിയ കൊയിക്കലും പണിയിച്ചു അതിൽ വലിയ കൊയിക്കൽ അവിടുന്നു എഴുന്നെള്ളി താമസിച്ചു- അവിടെ വച്ചു കെരളവൎമ്മരാമായണം ഉണ്ടാക്കി-

൧൱൪ ഒരു കാലത്തു തന്നെ അഞ്ചു കൊച്ചു തമ്പുരാക്കന്മാരെ കളിപ്പാൻകുളത്തിൽ വച്ചു അപായപ്പെടുത്തിയതിനെക്കുറിച്ചു അന്നു ഒരു ദിക്കിൽ ഉണ്ടായിരുന്ന ചില വിദ്വാന്മാര അഞ്ചുതമ്പുരാൻപാട്ട ഉണ്ടാക്കീട്ടുണ്ട-

## കെരളവൎമ്മരാമായണം

൧൱൫ ഒരു കിളിപ്പാട്ടു ഉണ്ടാക്കിയതു കൊട്ടയത്തു കെരളവൎമ്മൻ തമ്പുരാനെന്നും അത തിരുവനന്തപുരത്തു വച്ചായിരുന്നു എന്നും ലക്ഷ്യങ്ങൾ അതിൽ തന്നെ അടങ്ങീട്ടുണ്ട-

(൧) പുരളിവരാ വഞ്ചി കെരള നരപാലൻ
കരളിലിരുന്നരുളീടുക വാണിമാതെ

(൨) ശ്രീപതിയായീടുന്നാസ്യാനന്ദുരെശൻ തന്റെ
ശ്രീപാദത്തിങ്കൽനിന്ന ശ്രീപാദങ്ങളും കൂപ്പി
ശ്രീരാമചരിതത്തെ സാദരം ചൊല്ലീടുന്നെൻ-

മെലെഴുതിയതിൽ പുരളി എന്നത കൊലത്തു നാട്ടിൽ ഒരു കൊട്ടയുടെ പെരാകുന്നു- അതിൽനിന്നും പുരളീശൻ എന്നവാക്കുഉത്ഭവിച്ചു- അത കൊലസ്വരൂപത്തിൽ ചെന്ന കൊട്ടയത്ത തംപുരാക്കന്മാരുടെ പെരാകുന്നു- ഒരംപെർവഞ്ചി കുലശെഖരവംശമായ തിരുവിതാംകൊട്ടു തംപുരാക്കന്മാൎക്കുംഉ പയൊഗപ്പെട്ടതതിവന്നിരുന്നു-

സ്യാനന്തൂരെശൻ ശ്രീപത്മനാഭനാകുന്നു- സ്യാനന്തൂരപുരം എന്നത തിരുവനന്തപുരത്തിൻെറ സംസ്കൃത പെരും അതിലെ ഈശൻ ശ്രീപത്മനാഭനും ആകുന്നു ശ്രീപാദത്തിൽവച്ചു ഒരംകവിതയുണ്ടാക്കി എന്നൎത്ഥം-

എഴുത്തച്ചൻെറ അദ്ധ്യാത്മരാമായണവും രാമചരിതം രാമകഥപ്പാട്ടു മുതലായ പലഭാഷാകവിതകളും ഉള്ളസ്ഥിതിക്കു ഒരംകവിതയുടെ ഉപയൊഗം ഇന്നതാകുന്നു എന്ന കവിയുടെ താഴെ എഴുതിയിരിക്കുന്ന വാക്കിനാൽ സ്പഷ്ടമാകുന്നു-

പലരുംപലവിധംഭാഷയിൽചൊല്ലുന്നുണ്ട
ഫലമെന്തതിലെററമിതിലെന്നതുംചൊല്ലാം
മൂലത്തിലുള്ളകഥായൊടുമെയൊഴിയാതെ
ചാലവെപറവൻഞാൻഗ്രന്ഥവിസ്താരത്തൊടെ
ശബ്ദാൎത്ഥാലംകാരങ്ങൾപാരമായി ദീക്ഷിച്ചില്ല
ശ്രദ്ധമായുള്ളപൊരുൾമൂഢൎക്കന്തിരിയുമാർ
ഉൗഢമാവെശദ്യമായിചൊല്ലുവെൻമടിയാതെ-

കൂടാതെ മെലെഴുതിയതുകൊണ്ടുകെളവൎമ്മരാമായണംകിളിപ്പാട്ടുവാന്മീകിരാമായണത്തിൻെറ നെരുതൎജ്ജിമഎന്നുവിചാരിച്ചുകൊള്ളണം എംകിലുംകൎത്താവുആതിൽവാന്മീകിഅനുസരിച്ചു എല്ലാം ഭാഷയായി തൎജ്ജിമചെയ്തിട്ടില്ലന്നുള്ളതിലെക്കുലക്ഷ്യം താഴെ പറയുന്നു-

ചൊല്ലെറും രഘുപതിതന്നുടെപരമാൎത്ഥം
നല്ലൊരുഗുരുചൊല്ലിമിക്കതുമറിഞ്ഞുഞാൻ
അവൊളംവെളിയാക്കിചൊല്ലുവൻപലദിക്കിൽ
ഒക്കവെവെളിയാക്കിചൊല്ലുവാൻഭയമുണ്ട
ദെവഗുഹ്യങ്ങളെല്ലാംഗൊപ്യമായിരിക്കണം
വല്ലഭമുള്ളജനംനമ്മുടെചൊല്ലിലുള്ള
മൎമ്മങ്ങൾനൊക്കുംനെരംമിക്കതുംവെളിയാകും-

൧൮൭ വാല്മീകിരാമായണം ഉണ്ടാക്കുവാനുള്ള കാരണം പറഞ്ഞിരിക്കുന്നതായി ആ ഗ്രന്ഥത്തിൽ നിന്നും എടുത്തിട്ടുള്ള ഭാഗം താഴെ ചേൎത്തിരിക്കുന്നു-

രാഘവവരന്മാരിൽ പ്രാഭവമേറീടുന്ന
രാഘവൻ രാവണാദിരാക്ഷസരെയും കൊന്നു
പൂരിതകീൎത്തിയായി പാരിതു പരിപാലി
ച്ചീടിന കാലത്തിങ്കൽ താമസതീരത്തിന്നു
വല്ലകിപ്രിയനായ നാരദമുനിയോടു
മെല്ലവെ ചോദിച്ചിതു വാല്മീകിമുനിവരൻ
പാരിതു പരിപാലിച്ചീടിന നൃപന്മാരിൽ
ആരിന്നു മഹാഗുണ ധൎമ്മവാനെന്നു ചൊൽക
എന്നപ്പോൾ അരുൾചെയ്തു നാരദമുനിവരൻ
ഇന്നുള്ള നൃപന്മാരിൽ രാമനെന്നുണ്ടു നൃപൻ

ജാഹ്നവീസമീപത്തിലുള്ളൊരു തമസയിൽ
വാല്മീകിമുനിവരൻ സ്നാനാൎത്ഥമെഴുന്നള്ളി

സാന്ദ്രമായുള്ള മഹാവിപിനം കണ്ടങ്ങതിൽ
സഞ്ചരിക്കുന്ന നേരം കാണായിതൊരുദിക്കിൽ
പഞ്ചബാണാൎത്തിയായി ക്രീഡിച്ചങ്ങിരിക്കുന്ന
ക്രൌഞ്ചപക്ഷിയെ വ്യാധസായകവിദഗ്ദ്ധമായി
കണ്ടിതങ്ങതിനുടെ ഭാൎയ്യയാം ക്രൌഞ്ചിപാരം
ഉണ്ടൽ പൂണ്ടാകുലയായ് സ്ഖരിയുന്നതു കേട്ടു

മാമുനി ശപിച്ചിതങ്ങന്നിഷാദനെയപ്പോൾ
ശോകമേറ്റേറത്തുള്ള ശ്ലോകമായി വന്നു കൂടി
എന്നപ്പോൾ മുനിവരൻ ചിന്തിച്ചു മനതാരിൽ
എന്തിതിൻ ഹേതുവെന്നു ചൊല്ലിനാൻ ശിഷ്യനോടു
ഖിന്നനായിരിക്കുന്നൊരെന്നുടെ വാക്യമിപ്പോൾ
നന്നെടൊ പദ്യമായി വന്നതു നിരൂപിച്ചാൽ
എന്തതിൻ ഹേതുവെന്നു ചിന്തിച്ചങ്ങിരിക്കവെ
നാന്മുഖനെഴുന്നള്ളി വാല്മീകിസമീപത്തിൽ
അൎഘ്യപാദ്യാദി കൊണ്ടു പൂജിച്ചാർ മുനിയോടു
ചിത്തസമ്മതം പൂണ്ടു നാന്മുഖനരുൾചെയ്തു
ചിന്തപൂണ്ടിരിക്കുന്നതെന്തെടൊ മുനിവര
ചിന്തിക്കവെണ്ടാ ചെറ്റുമിന്നിതിന്നറിഞ്ഞാലും
മന്നിയോഗത്താൽ വന്നു പദ്യമായി നിന്റെ വാക്യം
ഇത്തരം പദ്യങ്ങളെക്കൊണ്ടു നീ ചമച്ചാലും
വ്യക്തമായി രഘുവരവിസ്മയകഥാമൃതം
അക്കഥയൊക്കവെ നിന്നുൾക്കാമ്പിലുദിക്കുമെന്നു
ഇത്തരം വരങ്ങളും കൊടുത്തു ചതുൎമ്മുഖൻ

സത്വരമെഴുന്നള്ളിസത്യലോകത്തിലപ്പോൾ
വിസ്മയംപൂണ്ടുമുനിതന്നിയോഗത്താലെല്ലാം
വിസ്തരിച്ചുരചെയ്യാൻ തുടങ്ങുന്നേരത്തിംകൽ
അക്കഥയൊക്കെമനക്കാംപിൽവിശദമായി
സൽക്കവിവരൻകണ്ടുസാക്ഷിഭൂതനെപ്പോലെ

ഇതിന്റെമൂലശ്ലോകം വാല്മീകിരാമായണപ്രകാരംതാഴെപറയുന്നു

മാനിഷാദപ്രതിഷ്ഠാന്ത്വം
അഗമശ്ശാശ്വതീസ്സമാഃ
യൽക്രൌഞ്ചമിഥുനാദെകം
അവധീഃകാമമോഹിതം-

ഫരവ്വ- സുന്ദരകാണ്ഡംവരെതീൎന്നിട്ടുള്ളു കുറതിക്കുന്നതിനുമുൻപിൽ അദ്ദേഹം അപായപ്പെട്ടുപൊയി- ഇതിലെ ആരണ്യസുന്ദരകാണ്ഡങ്ങൾ വളരെആശ്ചൎയ്യമായിട്ടുള്ളതാണ-

ഫരൻ ൦രം കെരളവൎമ്മൻ തംപുരാൻ വൈരാഗ്യ ചന്ദ്രോദയം എന്നപെരൊടുകൂടി ഒരുകവിതഉണ്ടാക്കീട്ടുണ്ട- അതഏകദെശം മുകിലനെജയിച്ചുകഴിഞ്ഞഉടനെആണെന്നുതൊന്നുന്നു തിരുവനന്തപുരത്തുവച്ചാണ ഉണ്ടാക്കിയതെന്നുള്ളതിലെക്ക ലക്ഷ്യങ്ങൾ ആകവിതയിൽതന്നെഉണ്ടു- ഇതഏത്രയും നന്നായിട്ടുള്ളതും വിദ്വാന്മാരാൽ സമ്മതിക്ക പ്പെട്ടിട്ടുള്ളതും ആകുന്നു

ഹഓം അതിൽനിന്നും ചിലഭാഗങ്ങൾ എടുത്തു താഴെചെൎത്തിരിക്കുന്നു- ഠരംഗ്രന്ഥംമുഴവനും അച്ചടിച്ചിട്ടുള്ളതായികാണുന്നില്ലാ- ഏത്രയുംസാരമുള്ള കവിതയാകയാൽ ഇതുമുഴവനംപ്രസിദ്ധം ചെയ്യാനുള്ളതായികാണുന്നു

നാളെയാമെന്നങ്ങൊരു നെരവുംനിനയാതെ
നാഴികപൊകുന്നെരം കാലങ്ങൾകഴിഞ്ഞുപൊം
കാലങ്ങൾകഴിയുമ്പൊൾകാലനുമണഞ്ഞീടും
കാലൻറെവരവിനു നാളെതെന്നറിയാമൊ
കാല്യനാഴികപൊലും കാലങ്ങൾകഴിയാതെ
കാലകാലനെഭജിച്ചീടുകനിരന്തരം
അജ്ഞരാംജനങ്ങളൊടൊത്തുനീവസിക്കാതെ
പ്രാജ്ഞരായുള്ളൊരൊടു ചെൎച്ചയുമുണ്ടാകണം
ചഞ്ചലാക്ഷിമാരുടെ പുഞ്ചിരിപ്പുതുമയും
വഞ്ചനമയമായ കൊഞ്ചലും വിലാസവും
അഞ്ജനാഞ്ചിതനയനങ്ങളുമവരുടെ
ശൃംഖലപിണഞ്ഞഹൊ ചിന്തയിലുഴലാതെ

മഞ്ജുളതരമായ മന്ദിരങ്ങളുമെല്ലാം
ഒന്നുമെവരാ മരണാന്തികെ ഒരുവനും
വീണാവാണികളായഗെണികജനങ്ങളെ
കാണിനെരവുംമനതാരതിൽനിനയാതെ
കെവലംപരവധൂസംഗമംത്യജിക്കെണം
ധൎമ്മവുമധൎമ്മവു മെന്നിവരിരുപെരും
എന്നിയെസഹായം മററില്ലൊരുവനുംതദാ
ഉടുത്തവസ്ത്രം പൊലുംഎടുപ്പാൻകഴിവരാ
തടിച്ചദെഹംകൂടെ കിടക്കെന്നതെവരും
അന്തികെവരുംയമ കിങ്കരരെന്നുതദാ
ബന്ധുവില്ലപ്പൊളാരുംകണ്ടവരൊരുത്തരും
സ്വസ്ത്രീയിലല്ലാതുള്ള സംഗമംവൎജ്ജിക്കെണം
നിത്യമല്ലാതവസ്തു സതാരംകാണുന്നെരം
ദുഃഖവുംപൂണ്ടുനീതെളിഞ്ഞിട്ടുനടക്കവെണ്ടാ
സകലബന്ധുക്കളും നിഷ്ഫലംമരണാന്തെ

സത്യവുംദയാമന ശുദ്ധിയുംവെണംപിന്നെ
ചക്ഷുരാദികൾഎല്ലാം അടക്കീടണംസദാ
കൊപത്തെഅടക്കണംദാനവുംചെയ്തീടണം
അതിഥിപൂജവെണം സതതമറികടൊ
ജ്ഞാനവുംഎല്ലാടവും സമബുദ്ധിയുംവെണം
അല്പസന്തുഷ്ടന്മാരായി എപ്പൊഴുമിരിക്കണം
പ്രാണയാനങ്ങൾചെയ്തും ധൎമ്മത്തെരക്ഷിക്കെണം
ശുനികൾപിടിപെട്ടു പിന്നാലെപൊകുന്നൊരു
ശപാവിനെപ്പൊലെ ചിലർചെതസിധരിക്കെടൊ
കെവലംപശുപ്രായമാനസന്മാരാംഅവർ
അഗ്നിസാക്ഷിണിയായപത്നിയെത്യജിച്ചഹൊ
ദുഷ്കൃതംവളൎത്തീടും വിപ്രനെങ്കിലുംചിലർ
പാപകൎമ്മങ്ങൾചെയ്തു പൊയീടുംനരകത്തിൽ
അത്രയല്ലിഹലൊകെ ചെററുമെസുഖമില്ലാ
അൎത്ഥവുംക്ഷയിച്ചുപൊം വിദ്യയുംമറന്നുപൊം
സത്യവും അകന്നുപൊം വിദ്യയുംകെട്ടുനൂനം
ബന്ധുക്കൾവെടിഞ്ഞീടും സന്തതികുറഞ്ഞുപൊം
എന്നതിൽപരം മാനഹാനിയുംഉണ്ടായ്വരും
എത്രയുണ്ടെന്നാകിലും തൃപ്തിയുംവരാധനം
പത്തുകിട്ടിയാൽശതംകിട്ടിയാൽമതിയെന്നും
നൂറുകിട്ടിയാൽ എനിക്കായിരം മതിയെന്നും
ആയിരംകിട്ടുമപ്പൊൾഅയുതംവെണമെന്നും
ആശയാൽബന്ധിക്കുന്നു മായയിൽവലഞ്ഞഹൊ
ലുബ്ധരായിരുന്നഹൊ ചത്തുപൊകുന്നനെരം
ദുൎഗ്ഗതിവരുമെന്നു ബുദ്ധിയിൽ തൊന്നീലെല്ലൊ

ആജ്ജിച്ചധനങ്ങളും നിൽക്കയില്ലിഹലൊകെ
എത്രയുണ്ടാപത്തുകൾ ചിന്താബാഹുല്യമുണ്ടാം
അൎത്ഥമാജ്ജിച്ചീടുവാൻദുഃഖമെന്നിയെഉണ്ടൊ
ൎക്ഷിപ്പാനതിലാപത്തെത്രയുണ്ടനവധി
തസ്കരന്മാരെക്കൊണ്ടും അഗ്നിഭീതികൾകൊണ്ടും
അൎത്ഥങ്ങൾനശിക്കമ്പൊൾ ദുഃഖിതന്മാരാമപ്പൊൾ
ചത്തീടും ചിലരുടൻ ഉൾത്താപമുണ്ടാകയാൽ

൱൫൧- കൊട്ടാരക്കരെ തംപുരാന്റെ കാലത്തിനിപ്പുറം ൻ൦ ൰ാമാണ്ടെക്കുമുംപു വടക്കൻകൊട്ടയത്തു കൊലസ്വരൂപത്തിൽചെൎന്ന കെരളവൎമ്മൻ തംപുരാൻ ഭാരതത്തിൽ പ്രസിദ്ധാപിച്ചതായും സംസ്കൃതം അധികം പ്രയൊഗിച്ചും നാലു ആട്ടക്കഥകൾഉണ്ടാക്കി- അവയുടെപെരുകൾ താഴെ പറയുന്നു- ഇതിൽ കവിതാചാതുൎയ്യം അത്ഭുതമായിരിക്കുന്നു- തംപുരാൻ ഒരു നല്ല വയ്യാകരണൻ ആയിരുന്നു എന്നു കവിതകൊണ്ടു തന്നെനിശ്ചയിക്കാം-

൧- കൃമ്മീരവധം
൨- നിവാതകവചവധം
൩- വടക്കൻബകവധം
൪- വടക്കൻകല്യാണസൌഗന്ധികം

൱൫൨- ഠരം ആട്ടക്കഥകളുണ്ടാക്കിയകാലത്തു കൊട്ടയത്തുതംപുരാക്കന്മാർ പ്രബലന്മാരും സ്വരാജ്യ ഭരണമുള്ളവരുമായിരുന്നു- ഠരം കെരളവൎമ്മൻ തംപുരാൻ വാല്മീകിരാമായണം കിളിപ്പാട്ടായി ഉണ്ടാക്കിയതംപുരാന്റെ അനുജനായിരുന്നുഎന്നു ആട്ടക്കഥയിലുള്ള ചില ലക്ഷ്യങ്ങൾകൊണ്ടു നിശ്ചയിച്ചിരിക്കുന്നു- അദ്ദെഹത്തിന്റെ കവിതയിൽ കാടെനമുക്കഗതി എന്നൊരുഅറം വന്നിട്ടുള്ളതുപൊലെ ആ തംപുരാന്റകാലം ഒടുവിൽ ശത്രുക്കൾ സ്വരാജ്യം അത്രയും കൈവശത്താക്കിക്കൊണ്ടു അദ്ദെഹത്തിനെ കാക്കകുന്നു എന്നസ്ഥലത്തിനു സമീപത്തുള്ള ഒരു വനപ്രദെശത്തിൽ കൊണ്ടുചെന്നു ബന്ധൊവസ്ഥായിപാൎപ്പിക്കയും അവിടെവച്ചു അദ്ദെഹം പരലൊകംപ്രാപിക്കയുംചെയ്തു-

൱൫൩- "ആട്ടക്കഥകളിൽ മുംപിൽ പെരുപറയെണ്ടതും പറഞ്ഞുവരുന്നതും കൊട്ടയത്തു തംപുരാനെആകുന്നു- ആടുവാനും പാടുവാനും ഇതുനല്ലകഥകൾ ഇതുവരെഎഴുതിട്ടില്ലെ

ന്നതന്നെ പറയണം- കവിതയും അതുപൊലെതന്നെ- എന്നാൽ സംസ്കൃതാംശംഅല്പം അധികമായിഎന്നുള്ള ചിലരുടെപക്ഷം തീരെ അസത്യമല്ല- ഭാഷാ ശ്ലോകങ്ങൾ ഒന്നൊരണ്ടൊമാത്രമെ കാണുമായിരിക്കുമെന്നു തന്നെയുമല്ല പദങ്ങങ്ങളും ചിലത സംസ്കൃതകെട്ടാണ- എംകിലും ആട്ടവാനായിട്ടുള്ളൊരുകഥക്കവെണ്ടതായ ലക്ഷണങ്ങൾ ഇത്രപൂൎണ്ണമായി മറ്റൊന്നിലുംഇല്ലാ"

ഏതെ- മെലെഴുതിയപ്രകാരം ഒരാൾഅഭിപ്രായപ്പെട്ടന്നു- ഇതിൽ ഞാൻപൂൎണ്ണമായിചെരുന്നില്ലാ- അശുതിതിരുനാൾതിരുമനസ്സിലെകവിത ഒട്ടും ഒരുവിധത്തിലും താണതല്ലാ-അതിനെക്കുറിച്ചുമെൽപ്രസ്ഥാപിക്കും- രംതംപുരാന്റെ കഥ മലയാളികളിൽ സംസ്കൃത പരിചയം ഇല്ലാത്തവൎക്കുമനസ്സിലാവാൻവളരെപ്രയാസം- കഥ മനസ്സിലാകുന്നതിലെക്കായിട്ടാണ ശ്ലോകങ്ങൾചെൎത്തിരിക്കുന്നത- അല്ലാതെ ഒരു ഉപയൊഗംഇല്ലാ- അങ്ങിനെയുള്ളശ്ലോകങ്ങൾഅത്രയുംപൂൎണ്ണസംസ്കൃതമായും അവ വലിയ പണ്ഡിതന്മാരായിട്ടുള്ള വൈയാകരണന്മാൎക്കപൊലും മനസ്സിലാകുന്നതിനു പ്രയാസമായും ഇരുന്നാൽ സംസ്കൃതലെശം ഇല്ലാത്ത മലയാളിഎങ്ങിനെ കെട്ടു രസിക്കും- മലയാളത്തിൽ ആട്ടക്കഥ ഉണ്ടാകുന്നത മലയാളികളുടെ ഉപയൊഗത്തിനായിട്ടല്ലയൊ- ഗീൎവ്വാണത്തിൽ രസിക്കുന്നവൎക്ക വെറെ അനവധി നാടകങ്ങൾഉണ്ടല്ലൊ- മറ്റെന്തുഗുണംഉണ്ടായിരുന്നാലും രംഗുണംഇല്ലാതിരുന്നാൽ ആ കവിതകൊണ്ടുഎന്തുപ്രാപ്യം-

ഏതെ- അദ്ദെഹത്തിന്റെകാലത്ത വെഷം കെട്ടുന്നതിലുംമറ്റും ചിലഭെദഗതികൾ വരുത്തുകയും പാളു ഉപയൊഗിച്ചുവന്നതുനിറുത്തുകയുംചെയ്തു- അദ്ദെഹത്തിന്റെ ആട്ടക്കഥയിൽനിന്നും ചിലഭാഗം താഴെ ചെൎത്തിരിക്കുന്നു-

(പ്ര) ഭൂഭാരംതീൎപ്പതിനായിഭൂമിയിൽവന്നവതരിച്ചു
ഭുവനൈകനായകന്മാർഭൂരികൃപാസാഗരന്മാർ
വിണ്ണവൎന്നാഥാൎത്ഥിതന്മാർഉണ്ണികളായായൎകുലെ
പുണ്യവധൂഭവനംതൊറുംവെണ്ണ കവൎന്നുണ്ണുന്നൊർ
അവിനീതന്മാരാകുംഅവനീശന്മാരെവെന്നു
അവനീതലംഅഴകൊടെഅവനംചെയ്തീടുന്നൊർ
കാലികളുംമെച്ചുവനെബാലകന്മാരായിനടന്നൊർ
കാലിണകൈതൊഴുതവരെകാലഭയാൽവെൎപെടുത്തുന്നൊർ

മാനിനിമാർമനമലിയുംമൊഹനമയിശൊഭയുള്ളൊർ
വാരിധിയിൽവിലസീടുംദ്വാരകയാംപുരിതന്നിൽ
പൌരജനങ്ങളുമായിസ്വൈരമൊടെവാഴുംകാലം
അന്തികമാഗതന്മാരാകുംകുന്തീതനുജന്മാരെ
ഹന്തതദാകാണ്മതിനായിചന്തമൊടങ്ങെഴുന്നള്ളീ

(൨) നാനാജനങ്ങളുംകെട്ടുകൊൾവിൻനാളൊരുനാഴികനെരംപൊലും
നാമംപലതുണ്ടതിലൊരുനാമന്നാംകീൎത്തനംചെയ്യെണംനാണംവിനാ
മാനവന്മാരെധരിച്ചുകൊൾവിൻ മാനുഷജന്മം പഴുതാകാതെ
മാനസതാരിൽമറന്നുപൊകാതെ സ്മരിച്ചുകൊള്ളെണമെസാംബശി
മൃത്യുഞ്ജയത്രിപുരാന്തകമാംമൃത്യുഭയാദിഹപാഹിതമാം (വം
ഭക്താജനപ്രിയജന്മാന്തരെപിച്ചദെഹിഭവദീയഭക്തിമിമാം
തംബുരുരുദ്രവീണാദികളുംതാംബൂലമാലതിമാലകളും
അംബുജലൊചനമാരുമല്ലാനന്ദമാനന്ദമൂൎത്തിയെചിന്തിക്കുംപൊൾ
ജീവജന്തുക്കളെയൊക്കെമെലിൽജീവിതെശൻകൊണ്ടുപൊകുന്നനം
രംവെണ്ണമുള്ളിലുറപ്പിച്ചെല്ലാവരുമാവൊളംനല്ലതുചെയ്തുകൊൾവിൻ
വഹ്നിയിൽപാററകൾവീഴുംപൊലെമത്സ്യംവലയിലണയുംപൊലെ
വല്ലാതെചാറ്വംഗിമാരെകടാക്ഷവലയിൽവീണിടായ്കസജ്ജനമെ
നന്നല്ലകാമവിനൊദമഹൊനമ്മുടെനാഥൻമഹെശ്വരനെന്നനന്നായി
സെവിച്ചുകൊൾവിനെല്ലാവരുംനാനാവിഷയങ്ങൾകൈവെടിഞ്ഞു

(൩) ഇന്ദ്രാണിയെത്തൊഴുതുചന്ദ്രാസ്യയാഭരണൻമന്ദംനടന്നഥ തു
ടങ്ങീഖെദവുമടങ്ങീ മുദപിഹൃദിതിങ്ങീ തദനുശചിയുടെനയന മനുഗ
മനമതുചെയ്തു പുനരലസമിവബത മടങ്ങീ-

തുംഗാഭസൌവിപുലഹൎമ്മ്യാദിറങ്ങി പലശൃംഗാടകെ ഖലുവിള
ങ്ങീ വിജയനുടെഭംഗീ വിരവിനൊടു പൊങ്ങീ അഖിലസുരയുവതി
ജനം മദനശര വിവശതയൊടതികുതുക വാരിധിയിൽമുങ്ങി

അംഗീകരിച്ചുചിലർസംഗീതരീതി.ചിലർ ശൃംഗാരചെഷ്ടകൾതു
ടങ്ങിചിലർ മതിമയങ്ങിചിലർ തലവണങ്ങീഅതുപൊഴുതുവിജയനു
ടെരൂപഗുണമാലൊകകുഹ ചിദപികുസുമശരനൊതുങ്ങീ

ഉദ്യൊഗമാൎന്നു നിരവാദ്യാംഗിമാർ ചിലർസുരൊദ്യാനസീമനി
നടന്നു കൌതുകമിയന്നു കാമിനികളന്നുകുസുമനിര പറിചിനൊടി
റുത്തുനിജകചമതിലണിഞ്ഞു ബതശൊഭതടവുന്നു

പൂന്തെൻനുകൎന്നസുരകാന്താജനങ്ങൾ നിജകാന്താനഹൊബത
മറന്നു മന്ദതയുമന്നു ചിന്തയിലകന്നുചിന്തുമൊരുചന്തമൊടു ബന്ധുര
തരാംഗികളുമാഹന്ത നൃത്തംതുടൎന്നു

൬൯- ആട്ടക്കഥ ഉണ്ടാക്കിയ കൊട്ടയത്തുതമ്പുരാൻ
മൊക്ഷദായകപ്രകരണംഎന്നപെരൊടുകൂടി ഒരുഗ്രന്ഥം ഉ
ണ്ടാക്കീട്ടുണ്ട- അതഉദ്ദെശം ൧൦൦ കൊല്ലത്തിനുമുമ്പുണ്ടായി
രുന്നപ്രസിദ്ധനായ കൃഷ്ണമിശ്രൻ എന്ന സംസ്കൃതകവിയുടെ

പ്രബൊധചന്ദ്രോദയത്തിൽസ്ഥാപിച്ചതായികാണുന്നു- അതിൽഒരുഭാഗം താഴെ ചെൎത്തിരിക്കുന്നു-

## മാനസരാജന്റെ ലീലകൾ

കൎമ്മാംകടൽക്കരെദെഹമാം ദ്വീപുതന്നിൽ
ചൎമ്മാദിയാംഎഴുകൊട്ടനിൎമ്മാണംചെയ്തു
ദ്വാദശനിലയുള്ളമാടങ്ങളതും തീൎത്തു
ദ്വാദശാന്തമാം ജയസ്തംഭവും മൂന്നുനാട്ടി
നാട്ടിലെ പ്രജകളെ പാലനം ചെയ്വാനായി
വാട്ടമെന്നിയെപതിന്നാലുമന്ത്രികളോടും
മാനസസരസിജമാകിയപുരിതന്നിൽ
മാനമൊടിരിക്കുന്ന കാലമങ്ങൊരുദിനം
ലീലയാപുറപ്പെട്ടു നൊക്കീടുംനെരത്തുംകൽ
മാലെത്തുമാമ്മാറുള്ളൊരാപത്തു കാണായ്വന്നു
നരയൻവെള്ളെഴുത്തൻ കുരയൻദന്തഹീനൻ
ജരയൻമുമ്പായുള്ളശത്രുരാജാക്കന്മാരാൽ
കൊട്ടകളൊക്കെ തകൎത്തിട്ടടൻശത്രുവൃന്ദം
ക്രുദ്ധമായിഅകംപുക്കുനിൾപ്പതുകണ്ടുരാജാ
വാടിയമനസ്സൊടുമന്ദിരമകംപുക്കു
തെടിയാൻ ഗുരുവരൻതന്നെയുമതുകാലം
കാണായനെരത്തുംകൽഉത്ഥായസസംഭ്രമം
വീണുദീൎഘമാം ദണ്ഡനമസ്കാരവും ചെയ്തു
കെണുകെണരികത്തുനിൾക്കുന്നനരെന്ദ്രനെ
പാണികൾകൊണ്ടു പിടിച്ചിരുത്തിഗുരുവരൻ
എന്തെടൊമനൊരാജൻചിന്തയിൽനിനക്കിപ്പൊൾ
സന്താപമുളവാവാൻ എന്തുകാരണം ചൊൽനീ
നിന്നുടെഅമാത്യരിൽ രാഗാദിത്രയൊദശം
നിന്നുടെ അരികൾക്കുവശന്മാരായല്ലൊ്പ്പീ
തന്നുടെഅമാത്യഭൃത്യാദിവൎഗ്ഗങ്ങളുടെ
ദുൎന്നയപ്രവൃത്തികൾ നീയറിയുന്നീലയൊ
മത്തരായിഇരുന്നുനീഭക്തിശ്രദ്ധാദികളാം
ശക്തരെയുപെക്ഷിച്ചകാരണാൽ നിനക്കിപ്പൊൾ
അത്തൽവന്നകപ്പെട്ടു തകററിവച്ചിട്ടുവാൻ
എത്തിഞാനവിടെക്കെന്നറിക നൃപൊത്തമ
നിന്നുടെ ശത്രുക്കളാം പഞ്ചരാജാക്കന്മാരെ
വെന്നീടുവതിനുള്ളസാധനംകെട്ടാലുംനീ

൫൰- വടക്കുംകൂറ്റിപ്പുറമ്പത്തുരുവിദ്വാൻഅമ്മാടി എന്നപെരൊടുക്കൂടിഒരുകവിതഉണ്ടാക്കീട്ടുണ്ടു- ഇന്നകാലത്തെന്നുംമററുംവിവരം ഇല്ലാ എംകിലും ഉദ്ദെശം ൱ം മാണ്ടിടക്കെന്നുചിലർവിചാരിച്ചിരിക്കുന്നു- അതിൽഗീൎവ്വാണപ്രയൊ

ഗം ഒട്ടുംതന്നെ ഇല്ല്യാ- ബാലന്മാൎക്ക അറിവ ഉണ്ടാകുന്ന തിന ഒരുനല്ലഗ്രന്ഥമാണ-

൧൪൨- അതുമുഴവനും അച്ചടിച്ചിട്ടുള്ളതായി അറിവുകിട്ടിയിട്ടില്ല്യാ- ചിലഭാഗംപാഠമാലയിൽ ചെൎത്തുകാണുന്നതിൽ നിന്നുംഅല്പംതാഴെചെൎത്തിരിക്കുന്നു-

പലരൊട്ടും നിനയാതെദുരുകാൎയ്യംതുടങ്ങൊല്ല്യാ
പണംമൊഹിച്ചൊരുത്തനെചതിച്ചീടൊല്ല്യാ
അറിവുള്ളജനങ്ങളൊടെതിൎപ്പാനും നിനെക്കൊല്ല്യാ
അരചനെക്കെട്ടത്തൊന്നും പറഞ്ഞീടൊല്ല്യാ
ഗുരുനാഥന്മാർചെയ്താൽ എതിർവാക്കപറകൊല്ല്യാ
മരണംഉണ്ടെനിക്കെന്നതൊരിക്കലും മറക്കൊല്ല്യാ
ധനംകണ്ടാൽഅഹംഭാവംനടിച്ചീടൊല്ല്യാ
വ്യസനംഎന്നതിനെ മറ്റൊരുത്തൎക്കുംവരുത്തൊല്ല്യാ
ബഹുലീലാവചനത്തെപറഞ്ഞീടൊല്ല്യാ
അതിർനീക്കിവിളയിപ്പാൻഒരുനാളുംനിനെക്കൊല്ല്യാ
അഴകണ്ടഎപ്പൊഴുംമെയ്യിൽധരിച്ചീടൊല്ല്യാ
ആരാന്റെമുതൽക്കാശപെരുത്തീടൊല്ല്യാ
ആദിത്യൻഉദിക്കുംപൊൾഉറങ്ങീടൊല്ല്യാ

൧൪൩- ഏകദെശം ൨൦൦ ചില്ല്വാനം സംവത്സരത്തിനമുമ്പവടക്കഒരുനമ്പൂരി ജ്ഞാനപ്പാനഎന്നപെരൊടുകൂടിഒരുകവിതനിൎമ്മിച്ചിട്ടുണ്ട- കുഞ്ഞിന്റെചൊറൂണിനഅയല്ക്കാരെക്ഷണിച്ചുവരുത്തിയവർമെൽപുടകഅറിയാതെ കുഞ്ഞിനെകിടത്തിയിരുന്നപഴ്യംകത്തിന്മീതെഇട്ടു ശ്രമിക്കാൻപൊയി മുഹൂൎത്തംസമയമായി ശിശുവിനെ എടുത്തു നൊക്കിയപ്പൊൾശ്വാസംമുട്ടിമൃത്യുഭവിച്ചതായി കണ്ടു- ആകുഞ്ഞിന്റെഅച്ഛൻനമ്പൂരിവ്യസനനിവൃത്തിക്കായി തല്ക്കാലംഉണ്ടാക്കിയകവിതയെന്നകെൾവി-നമ്പൂരിയുടെഇല്ലപ്പെരുംമററുംവിവരംഇല്ല്യാ- കവിത നന്നാണ-

൧൪൪- അതിൽനിന്നും ഒരുഭാഗം താഴെചെൎത്തിരിക്കുന്നു.

സ്ഥാനമാനങ്ങൾചൊല്ലികലഹിച്ചുനാണംകെട്ടുനശിക്കുന്നിതു ചിലർ
മദമത്സരംചിന്തിച്ചുചിന്തിച്ചുമതിയുംകെട്ടുവീഴുന്നിതുചിലർ
ചഞ്ചലാക്ഷിമാർവീട്ടുകളിൽപുക്കുകഞ്ചിരാമനായാടുന്നിതു ചിലർ
കൊലകങ്ങളിൽസെവകരായിട്ടുകൊലംകെട്ടിതുള്ളിയുന്നിതു ചിലർ
അഗ്നിസാക്ഷിയായൊരുപത്നിയെ
സ്വപ്നത്തിൽപൊലുംകാണുന്നില്ല്യാചിലർ
സത്തുക്കൾകണ്ടുശിക്ഷിച്ചുചൊല്ലു പൊൾ
ശത്രുവെപ്പൊലെ ക്രുദ്ധിക്കുന്നുചിലർ

വഞ്ചിതന്മാരെകാണുന്നനെരത്തു
നിന്ദ്ച്ചെത്രപറയുന്നതുചിലർ.
അൎത്ഥംഎത്രവളരെഉണ്ടായാലും
തൃപ്തിവാരാമനസ്സിന്നൊരുകാലം.
സത്തുക്കൾചെന്നിരന്നാലയൎത്ഥത്തിൽ
സ്വല്പമാത്രംകൊടാചിലദുഷ്ടന്മാർ
ചത്തുപൊന്നെരംവസ്ത്രംഅതുപൊലും
എത്തിടാകൊണ്ടുപൊവാൻ ഒരുത്തൎക്കും
എണ്ണിഎണ്ണികുറുകുന്നിതായുസ്സും
മണ്ടി മണ്ടികരെറുന്നു മൊഹവും.

ഉണ്ണികൃഷ്ണൻമനസ്സിൽ കളിക്കവെ
ഉണ്ണികൾമററുവെണമൊമക്കളായി

൧൩൧ ഈസമയംതന്നെ കൊഴിക്കൊട്ടു സാമൂതിരിമഹാരാജാവു അമ്മതംപുരാന്റെ ആവശ്യത്തിനായി കെദാരവ്രതം മലയാളപദ്യമായിട്ടു ചമച്ചു- ഇന്നതംപുരാനാൽ ആണെന്നും ഉദ്ദെശംഇന്നപ്പൊൾഎന്നുംനിശ്ചയമില്ലാ- ടിപ്പുവിന്റെ കാലത്തിനുമുൻപു കൊലത്തിരിതംപുരാക്കന്മാൎക്ക രാജ്യംഉണ്ടായിരുന്ന സമയമാണെന്നു നിശ്ചയംതന്നെ- അച്ചടിപുസ്തകമാകട്ടെ താളിയൊലഗ്രന്ഥമാകട്ടെ അന്വെഷിച്ചതിൽ ഇതുവരെ കിട്ടാഴികയാൽ കവിതാവിശെഷം അറിയുന്നതിനു ഒട്ടുംഇവിടെ ചെൎക്കാൻപാടില്ലാതെ തീൎന്നിരിക്കുന്നു

൧൩൨ പാലക്കാട്ടുശെരി രാജാവായ ഇട്ടിക്കൊമ്പി മന്നൻ പഞ്ചതന്ത്രംഎന്ന പെരൊടുകൂടി ഒരുഗ്രന്ഥംചമച്ചിട്ടുള്ളതായി പാഠമാലയിൽകാണുന്നു- അതിൽനിന്നും ചിലവാക്യങ്ങളും പാഠമാലയിൽ ചെൎത്തിട്ടുണ്ടു- പഞ്ചതന്ത്രം കുഞ്ചൻനമ്പിയാരാണ ഉണ്ടാക്കീട്ടുള്ളത- അതല്ലാതെഒരുപഞ്ചതന്ത്രഗ്രന്ഥം അച്ചടിച്ചുകണ്ടിട്ടുമില്ലാ- ഇതുസംശയമുള്ള ഭാഗമാകയാൽ ഇവിടെഅധികം വിസ്തരിക്കുന്നില്ലാ-

൧൩൩ അതിൽനിന്നും രണ്ടുവാക്യം താഴെചെൎത്തിരിക്കുന്നു

൧ ഉണ്ണിക്കിടാങ്ങൾ പിഴച്ചുകാൽ വെക്കിലും
കണ്ണിന്നുകൌതുകംഉണ്ടാം പിതാവിനു
എന്നപൊലെഞാൻ പിഴച്ചൊന്നുചൊൽകിലും
മന്നിൽപ്രസാദിക്കവെണംമഹാജനം

൨ ഉണ്ടാഫലംകുറവും ഗൎഭിണിവും
രണ്ടുമില്ലാതപശുവിനെകൊണ്ടെഹൊ-

൬൭ ഗണിതശാസ്ത്രം- കണക്കുസാരം- വൈദ്യശാസ്ത്രം- ജ്യോതിഷം- വ്യവഹാരമാല- ഇതുകൂടാതെ വെദാന്ത വിഷയമായ ചില ഗ്രന്ഥങ്ങൾ ഇവകൾക്കയും ഇടക്കാലത്ത മലയാളത്തിൽ തൎജ്ജിമചെയ്യപ്പെട്ടു- അതിൽ ചിലതഅത്രയും ഗദ്യമായും ചിലതസംസ്കൃതശ്ലോകം പദ്യമായും ശെഷംവ്യാഖ്യാനം ഗദ്യമായിട്ടുംആകുന്നു- ഒടുവിൽ പറഞ്ഞിരിക്കുന്നവെദാന്തവും അദ്വൈതവും സംബന്ധിച്ചുള്ള ഗ്രന്ഥങ്ങൾ തമിഴിൽനിന്നും തൎജ്ജമചെയ്തിട്ടുള്ള താകയാൽ അതിൽവാചകം തമിഴരീതിഅനുസരിച്ചുതന്നെ കാണുന്നു- ഇവകൾക്കയും ഒന്നിച്ചുണ്ടായിട്ടുള്ളതല്ല- ഓരൊസമയം ഓരൊ വിദ്വാന്മാരാൽ ചെയ്യപ്പെട്ടിട്ടുള്ളതാകുന്നു- ഇന്നാരാൽ ഇന്നകാലത്തു ഇന്നതകൾ ഉണ്ടാക്കപ്പെട്ടിരിക്കുന്നു എന്നുള്ള നിശ്ചയമായ അറിവു ഇപ്പോൾ എത്രഅന്വെഷണംചെയ്തിട്ടും കിട്ടുന്നില്ല- പരംപരയായി നടന്നുവരുന്ന അഷ്ടവൈദ്യന്മാരിലൊജ്യൊത്സ്യന്മാരിലൊ ചിലർ അവരുടെ ശിഷ്യന്മാരായ വ്യുല്പത്തിയില്ലാത്തവരുടെ ഉപയൊഗത്തിനായി ആദ്യംഇങ്ങനെ ഭാഷയാക്കീട്ടുള്ളതായി വിചാരിക്കണം- വെദാന്തം പാണ്ടിയിൽനിന്നും മലയാളത്തിൽ പലപ്പൊഴംവന്നു താമസിക്കുന്നവിദ്വാന്മാരാൽ അവരുടെശിഷ്യന്മാൎക്ക പഠിപ്പിച്ചു അവര പരൊപകാരത്തിനായി ചെയ്തിട്ടുള്ളതായിരിക്കാം

൬൮ വൈദ്യശാസ്ത്ര സംബന്ധമായ ഗുണപാഠത്തിൽനിന്നും ൨ ശ്ലോകം താഴെചെൎത്തിരിക്കുന്നു

൧ പ്രാണനുള്ള ജനത്തിന്റെ ജീവനായതു ജീവനം
  ആയതില്ലാതൊരുത്തൎക്കുംപൊറുക്കാവതല്ലൊരിക്കലും
൨ ഉണ്ണുന്നതും വെള്ളമില്ലാഞ്ഞാൽ മൂഌ്ണ്ടായതൊക്കയും
  നരതിഷ്ഠക്കലങ്ങൾക്ക സങ്കടംവലുതായിവരും

വൈദ്യശാസ്ത്ര വിഷയമായ നിദാനത്തിൽ നിന്നുംരണ്ടു ശ്ലോകം താഴെചെൎത്തിരിക്കുന്നു

൧ തന്റെയഗ്നിബലത്തിന്നു തക്കതല്ലാത്തഭക്തിയും
  ദെഹത്തിന്റെ ബലത്തിന്നു തക്കതല്ലാപ്രവൃത്തിയും
  ഉണ്ടാകുമ്പൊൾ ത്രിദൊഷങ്ങൾ കൊപിച്ചാമാശയാശ്രിതം
  ജഠരാഗ്നിയെനീക്കീടും കൊഷ്ഠത്തിന്നുപുറത്തുടൻ
൨ രാഗയക്ഷ്മാവണയുമ്പോൾ
  മൂക്കവാൎകചുമക്കയും
  തലനൊന്തീടമന്നത്തിൽ
  രുചിയില്ലാതെയുംവരും

൧൩൬ വ്യവഹാരമാലയിൽനിന്നും സ്വല്പം താഴെ ചെത്തിരിക്കുന്നു-

വിവാദത്തിൽവിളിച്ചെവം
ചൊദിക്കെണംനൃപാജ്ഞയാ
ചിന്തിച്ചകാൎയ്യമെന്തെന്നും
എന്തുചൊല്ലിവിവാദവും
അന്തൎഗ്ഗതങ്ങൾഎല്ലാമെ
ഹന്തസത്യെനചൊല്ലുവിൻ

ഗണിതശാസ്ത്രം കണക്കുസാരം മുതലായു പദ്യമായിട്ടും ഗദ്യമായിട്ടും ഉണ്ട- മലയാളത്തിൽ ൨൦ വക ഗ്രന്ഥങ്ങളും മുൻപിനാലെ ഉണ്ടെന്നു കാണിക്കണമെന്നല്ലാ ശാസ്ത്രവിഷയത്തിൽ കവിതാചാതുൎയ്യം നൊക്കാനില്ലല്ലൊ-അതിനാൽ ഇവയെപ്പററി ഇനി ഒന്നും പറയുന്നില്ലാ

൧൩൭- താഴെ പെരെഴുതിയിരിക്കുന്ന ഗ്രന്ഥങ്ങൾ മലയാളത്തിൽ ഉണ്ട-ഇവയുടെ കൎത്താക്കന്മാരആരെന്നും എപ്പൊൾ ഏതുദെശത്തവെച്ചുണ്ടാക്കിയെന്നും നിശ്ചയമില്ല- ഉദ്ദെശം എഴുത്തച്ഛന്റെ കാലത്തിനിപ്പുറം ടിപ്പുവിന്റെ യുദ്ധത്തിനമുമ്പായിരിക്കണം-

൧ അദ്വൈതശതകം
൨ കൈവല്യനവനീതം
൩ തത്വബൊധം
൪ തന്ത്രസംഗ്രഹം
൫ സിദ്ധാന്തദീപിക
൬ കുമാരഹരകഥ
൭ ലക്ഷ്മീപാൎവ്വതിസംവാദം
൮ ഉമെശാനവൃത്താം
൯ ശബരീവാക്യം
൰ സന്താനഗൊപാലം
൧൧ ഭീമൻകഥ
൧൨ പ്രഹ്ലാദചരിതം
൧൩ സഹദെവവാക്യം
൧൪ മത്സ്യപുരാണം
൧൫ ഏകാദശിമാഹാത്മ്യം
൧൬ ശതമുഖരാമായണം

൧൭ കൃഷ്ണാൎജ്ജുനൻപാട്ട
൧൮ കാൎത്തവീൎയ്യാൎജ്ജുനൻപാട്ട
൧൯ കാവെരിമാഹാത്മ്യം
൨൦ ദമയന്തിനാടകം
൨൧ മമ്മണി
൨൨ രാമകൎണ്ണാമൃതം
൨൩ കൃഷ്ണകൎണ്ണാമൃതം

൧൮- മെലെഴുതിയിരിക്കുന്ന ഗ്രന്ഥങ്ങളിൽ ആദ്യ ത്തെൻ- ദമയന്തിനാടകവുംഗ്രന്ഥങ്ങളുടെപെർമാത്രംമെസ്സർ ഉണ്ടാട്ടസായ്പിന്റെ നിഘണ്ഡുവിലും വ്യാകരണത്തിലും കണ്ടിട്ടുള്ളതല്ലാതെഅച്ചടിപ്പിച്ചുപ്രസിദ്ധം ചെയ്തിട്ടുള്ളതായികാണുന്നില്ലാ- അദ്വൈതശതകംമുതലായ്യവെദാന്തഗ്രന്ഥങ്ങളും കുമാരഹരകഥ മുതലായ്യ പാട്ടുകളുമായിരിക്കാം-

൧൯- സന്താനഗൊപാലംമുതൽ കാവെരിമാഹാത്മ്യം വരെഉള്ള ഗ്രന്ഥങ്ങളിൽ ചിലതഅച്ചടിച്ചും ചിലതഅല്ലാതയും സാധാരണനടപ്പുണ്ട- സന്താനഗൊപാലവും ഭീമൻ കഥയും തെക്കൻകെരളത്തിൽ ഉത്ഭവിച്ചിട്ടുള്ളതായികാണുന്നു അവയിൽഗീൎവ്വാണപ്രയൊഗംഇല്ലാ- രാമകൎണ്ണാമൃതവും കൃഷ്ണകൎണ്ണാമൃതവും പൂൎണ്ണസംസ്കൃതമാകുന്നു-

൨൦- സന്താനഗൊപാലത്തിൽനിന്നുഒരുഭാഗം താഴെചെൎത്തിരിക്കുന്നു-

സന്താനഗൊപാലംചൊല്ലുന്നതുണ്ടുഞാൻ
സന്തതിക്കെറ്റം പ്രധാനമെല്ലൊ
സന്തൊഷമുണ്ടാകും സമ്പത്തുമുണ്ടാകും
സന്താനഗൊപാലം കെട്ടുകൊണ്ടാൽ
നാരായണൻതന്റെ നാരിമാരുമായി
ദ്വാരകാതന്നിൽവസിക്കുംകാലം
വീരൻവിജയനുംവന്നാനതുകാലം
വാരിജനെത്രനെവന്ദിപ്പാനായി
അക്കാലമങ്ങൊരുവിപ്രനുനാലഞ്ചു
മക്കൾപിറന്നുമരിച്ചുപൊയി
ദുഃഖംപൊറാഞ്ഞവനക്കാലംദ്വാരക
പുക്കുമുകുന്ദനൊടെവംചൊന്നാൻ
ബാലമരണംനീകെട്ടില്ലെഗൊപാല
നാലഞ്ചുബാലന്മാർനഷ്ടമായി-

൧൭൧ ഭീമൻകഥയിൽനിന്നുംഒരുഭാഗം താഴെ ചെൎത്തിരിക്കുന്നു-

അംബുജവൈരികുലത്തിൽ ഉള്ള
വാകിയപാണ്ഡവരഞ്ചും
അമ്മയുമായൊരുനാളിൽ അര
ക്കില്ലവു വെന്തുനടന്നു
അന്നുവിലഭൊരംപൂണ്ടു കുന്തി
പുത്രരുമായിനടകൊണ്ടു
ചാതുപ്പുഴയ്ക്കല്ലുംചെന്നുകുന്തി
തീരംകടപ്പതിന്നായി
തൊണിപ്പുഴയുടെയൊന്നെ കണ്ടു
വെദനയൊടെപറഞ്ഞു-

൧൭൨- മമ്മണി അഷ്ടാംഗഹൃദയ വൈദ്യ ശാസ്ത്രമൂല ഗ്രന്ഥത്തിൽനിന്നും മമ്മവിഭാഗം എന്ന അദ്ധ്യായവുംചികിത്സയും മലയാളത്തിൽ പരിഭാഷപ്പെടുത്തീട്ടുള്ള ഗ്രന്ഥമാകുന്നു-

൧൭൩- സഹദെവവാക്യത്തിൽ കലിവൎണ്ണനത്തിൽസ്വല്പം പാഠമാലയിൽനിന്നുംഎടുത്തു താഴെ ചെൎത്തിരിക്കുന്നു-

മിത്രനടിച്ചമദ്ധ്യാഹ്നമാവൊളവും
പുത്രകളത്രാദിലാളനം കൊണ്ടുടൻ
നിത്യകൎമ്മങ്ങളെവിപ്രൻ ഉപെക്ഷിക്കും
തുംഗമാംക്രൊധവുംകാമലൊഭാദിയും
മംഗലംപൊക്കുംമദത്തെയുംകൈക്കൊണ്ടു
മന്ത്രികളായിനടക്കുംനൃപന്മാരവർ
വാണിഭംചെയ്തുകപടംപറഞ്ഞുടൻ
കാണംകൊതിച്ചുതൻപ്രാണനുപെക്ഷിക്കും
അക്ഷരാഭ്യാസമവൎക്കുകുറഞ്ഞുപൊം
ശിക്ഷയുംവെദപാഠങ്ങളുമെറ്റവുമ്പിന്നും

൧൭൪- പ്രഹ്ലാദചരിതത്തിൽനിന്നും ഒരുഭാഗം താഴെ ചെൎത്തിരിക്കുന്നു-

പാപസമൂഹം ജഗത്തിൽഒക്കയും
വ്യാപിച്ചീടാതെതടുപ്പതുസജ്ജനം
മാച്ചെറീടുംമുകുരത്തിൽനൊക്കീടുകിൽ
കാണ്മുഉണ്ടൊപുനരെന്നതുപൊലെയാം
പാപമാംപാകമെല്ലാംകളഞ്ഞതദരാൽ
നല്ലവിരക്തിയാകുംസുഗന്ധത്തിനാൽ
മെല്ലവെതെച്ചുതെച്ചുജ്ഞാനംവിരവൊ
കാന്തിയുള്ളതാംമനതന്നിലെതാപൃതാൻ

൧൭൭ ഏകാദശിമാഹാത്മ്യംനൊക്കിയതിൽ തിരുവില്വാമലക്കാരൻഒരുചിദമ്പരൻ ഉണ്ടാക്കിയതായും കിളിപ്പാട്ടായിട്ടും കാണുന്നു- അതിൽ ഒരുഭാഗംതാഴെ ചെൎത്തിരിക്കുന്നു-

ശ്രീമഹാ ഗണെശനും വാണിയുംഗിരീശനും
ശ്രീമണാളനുംമഹാലക്ഷ്മിയുംഭവാനിയും
ശ്രീമതിജനനിയും ശ്രീഗുരുപാദങ്ങളും
ശ്രീമതാംബരന്മാരുംഭൂസുരശ്രെഷ്ഠന്മാരും
നാലുവെദങ്ങൾക്കെല്ലാമാശ്രയമായുള്ളൊരു
നാന്മുഖഭഗവാനും നാരദവ്യാസന്മാരും
ബാലഗൊപാലകൃഷ്ണസ്വാമിയും സദാനമ്മെ
പാലനംചെയ്തീടണംഞാനിതാവണങ്ങുന്നെൻ
വില്വാമാമലതന്നിൽവിശ്രമിച്ചരുളുന്ന
വീരരാഘവസ്വാമിദെവനെധ്യാനംചെയ്തു
ചൊല്ലെടൊകിളിപ്പെണ്ണെവിഷ്ണുദെവന്റെലൊകെ
ചെല്ലുവാനെളുപ്പമായുള്ളൊരുപെരുവഴി
ചൊല്ലിനാളുതുകെട്ടുമെല്ലവെകിളിപ്പെണ്ണും

൧൭൮- കാവെരിമാഹാത്മ്യം മുതലായും നല്ല കവിതകളാണ- അച്ചടപ്പിച്ചിട്ടില്ലാ- താളിയൊല ഗ്രന്ഥമായി കണ്ടിട്ടുണ്ട- കവിതയുടെ സ്വഭാവം ഏകദെശം മെൽ കാണിച്ച മാതിരിയാകയാൽ അവയിൽ നിന്നും ചില ഭാഗങ്ങൾ എടുത്തുചെൎക്കുന്നില്ലാ-

൧൭൯- ഒന്നാംവകുപ്പിൽപറഞ്ഞിരിക്കുന്നഗ്രന്ഥങ്ങളുടെകൎത്താക്കന്മാരുടെയുംമററും വിവരങ്ങൾ അറിയാമെന്നുള്ള ആളുകൾ ഈ ഗ്രന്ഥകൎത്താവിന്റെപെൎക്കു എഴുതി അയക്കുന്നതായിരുന്നാൽ അതിനെഈപുസ്തകത്തിന്റെ രണ്ടാംപതിപ്പിൽകൂടിസന്തൊഷത്തൊടുകൂടെചെൎക്കുന്നതാകുന്നു-

## ൨ാം അദ്ധ്യായം

### കാൎത്തികതിരുനാൾതംപുരാനുംഅശ്വതി തിരുനാൾതംപുരാനും

൧൮൦- കാൎത്തികതിരുനാൾ തിരുഅവതാരം ചെയ്തരുളിയ വലിയതംപുരാൻതിരുമനസ്സുകൊണ്ടു ൭ ആട്ടക്കഥ ഉണ്ടാക്കീട്ടുണ്ട- അവ ഒക്കെ ഭാരതം കഥയിൽ സ്ഥാപിച്ചതാകു

ന്നു- തിരുമനസ്സിലെ തിരുനാമം രാമവൎമ്മമഹാരാജാവെന്നാകു
ന്നു-ഇൻഡ്യാമുഴുവനും ധൎമ്മരാജാ എന്നു അവിടത്തെ പെർ പ്ര
സിദ്ധമായിരിക്കുന്നു- തിരുമനസ്സുകൊണ്ടു കൊല്ലവൎഷം ൯൦൦
മാണ്ടു ജനിച്ചു- ൯൩൩ മാണ്ടു ൩൪-ാം തിരുവയസ്സിൽ പട്ടംകെ
ട്ടി രാജ്യഭാരം തുടങ്ങി- ൯൭൩ മാണ്ടു നാടുനീങ്ങി- ഈ മഹാരാജാ
വിന്റെ രാജ്യഭരണകാലത്തിലെ വിശെഷങ്ങൾ തിരുവിതാം
കൂർ ചരിത്രത്തിൽ ഉൾപ്പെട്ടിട്ടുള്ളതാകയാൽ ഇവിടെ ചുരുക്കു
ന്നു-

൧൬൯- അവിടത്തെ രാജ്യഭാരത്തിൽ രാജ്യസമൃദ്ധി
യോടുകൂടി ഇരുന്നതുകൂടാതെ തിരുമനസ്സിലെ മാധുൎയ്യവാക്കും
ആശ്രിതവാത്സല്യവും സാഹിത്യം സംഗീതം മുതലായ എല്ലാ
വിദ്യകളിൽ ഉള്ള നിപുണതയും മറ്റു അനെക ഗുണങ്ങളും ഹെ
തുവായിട്ടു വളരെ വിദ്വാന്മാർ വന്നു തിരുമനസ്സിലെ ആശ്രയിച്ചു
തിരുവനന്തപുരത്തു സ്ഥിരമായി പാൎപ്പായി- മലയാളത്തിൽ അ
ന്നുണ്ടായ മഹമ്മദന്മാരുടെ ആക്രമംകൊണ്ടു തിരുവിതാംകൊ
ട്ടെക്കു ഓടിപ്പോന്ന മലയാളബ്രാഹ്മണർ പ്രഭുക്കന്മാർ രാജാക്ക
ന്മാരു മുതലായവരെ എല്ലാവരെയും യഥായോഗ്യം സംരക്ഷണം
ചെയ്തു അതിലെക്കു തിരുമനസ്സിലെ സഹായിയായിട്ടു കുന്നത്തൂ
ർ രായ കെശവദാസ്സ ദിവാൻജി അവൎകളും ഉണ്ടായിരുന്നു-

൧൭൦- അന്നു മഹാരാജാവു ഈ സംരക്ഷണ ചെയ്യാ
തെ ഇരുന്നുവെങ്കിൽ മലയാളികൾ അശെഷം മഹമ്മദു മത
ക്കാരാകുന്നതിനും മലയാളഭാഷ അശെഷം നശിച്ചു ഹി
ന്തുസ്ഥാനി മുതലായ ഭാഷകൾ മലയാളത്തിൽ നടപ്പു വരുന്ന
തിനും ഇടയായി തീൎന്നെനെ- തിരുമനസ്സിലെ രാജ്യഭാരത്തി
ലുള്ള മറ്റു എല്ലാ വിശെഷസംഗതികളും ഗൌനിക്കാതെ ഇതു
ഒരെ സംഗതികൊണ്ടു മലയാളത്തിന്റെ രക്ഷകൎത്താവു എ
ന്നുള്ള പെരു തിരുമനസ്സിലെക്കു ലഭിക്കാവുന്നതാകുന്നു-

൧൭൧- വീണ്ടും ഈ രാജ്യഭാരത്തിൽ മലയാള ഭാഷയു
ടെയും മലയാളത്തിന്റെയും വൎദ്ധനക്കു ഹെതുവായി തീൎന്നതാ
യ ഒരു സംഗതികൂടി ഉണ്ട- അതു ഇംഗ്ലീഷുകാരുമായി ഉണ്ടാ
യിട്ടുള്ള ഉടമ്പടിയാകുന്നു- ഇവരുടെ ആഗമനത്തിൽ നിന്നും
ഉണ്ടായിട്ടുള്ള ഗുണം മെൽ പ്രസ്താവിക്കുന്നതാകുന്നു- അതി
ലെക്കു ആദ്യമൊരുവട്ടം മുൻതന്നെ ഉണ്ടായിട്ടുള്ളതു ഈ സമ
യം ഒന്നു ബലമായി ഉറപ്പിച്ചു ഇളക്കമില്ലാതാക്കിത്തീൎന്നു-

൧൯൨- ആ കാലത്തു മലയാളത്തിൽ പ്രസിദ്ധകവികളായിരുന്ന കുഞ്ചൻനമ്പ്യാര ഉണ്ണായിവാൎയ്യര ചെലപ്രത്തു നംപൂരി മുതലായ വിദ്വാന്മാര തിരുവനന്തപുരത്തുവന്നു തിരുമനസ്സിലെ മുഖംകാണിച്ചു അനെകനാൾ ആശ്രയിച്ചുപാൎക്കയും അവൎക്ക യഥായൊഗ്യം സമ്മാനാദി മുതലായതു കല്പിച്ചുകൊടുക്കയുംചെയ്തിട്ടുണ്ട-

൧൯൩- താഴെ പറയുന്ന ആട്ടക്കഥകൾ കല്പിച്ചുണ്ടാക്കിട്ടുള്ളതാകുന്നു ൟ കവിതകൾ സാമാന്യം നന്നാണ- ഇവ കൂടാതെ അനെകം ഭാഷാ ശ്ലൊകങ്ങളും ഉണ്ടാക്കീട്ടുണ്ട.

൧- രാജസൂയം
൨- നരകാസുരവധം-
൩- സുഭദ്രാഹരണം
൪- ബകവധം
൫- ഗന്ധൎവ്വവിജയം
൬- പാഞ്ചാലിസ്വയംബരം
൭- കല്യാണസൌഗന്ധികം

൧൯൪- തിരുമനസ്സിലെകാലത്തു കഥകളിയും തുള്ളലും പരിഷ്കാരപ്പെടുത്തപ്പെട്ടു- ഇപ്പൊൾ നടപ്പുള്ള കെട്ടിയുടുപ്പുമുതലായതുംമററും ആ കാലത്തുഏൎപ്പെടുത്തീട്ടുള്ളതാകുന്നു- കൊട്ടാരത്തിൽപതിവായിട്ടു ഉത്സവം നവരാത്രിപൂജമുതലായ അടിയന്തരങ്ങൾക്ക ആട്ടത്തിനും തുള്ളലിനും അമ്പലപ്പുഴ രാജ്യം പിടിക്കുന്നതിന്ന മൻപാമാണ്ടെ നാടുനീങ്ങിയതിരുമനസ്സിലെക്ക സഹായിച്ചു മാത്തൂർപണിക്കരെ മുതലായിട്ടു ഏല്പിച്ചുതീൎത്തുഇന്നുംനടന്നുവരുന്നു-

൧൯൫- തിരുമനസ്സിലെകവനങ്ങളിൽ ശ്ലൊകങ്ങൾ മിക്കവാറും പൂൎണ്ണസംസ്കൃതവുംപദങ്ങൾ അത്രയും മണിപ്രവാളവുംആകുന്നു- ഭാഷാശ്ലൊകങ്ങൾ വളരെ അപൂൎവ്വം- രാജസൂയംകഥയിലുള്ള ഒരു ഭാഷാശ്ലൊകം താഴെചെൎത്തിരിക്കുന്നു-

ശ്രീവാസുദെവനൊടു രാജവിസൃഷ്ടദൂതൻ
എവംപറഞ്ഞളവുനാരദമാമുനീന്ദ്രം-
കാൎണ്ണന്തുസമുപാഗതരന്തികെതം
പ്രാവൊചദംബുജഭവസ്യസുതംസമൊദം-

നരകാസുരവധത്തിൽനിന്നും കുമ്മി താഴെ ചെൎത്തിരിക്കുന്നു-

(൬) ജയജയലൊകാധിനാഥവിഭൊ
ജയജയപാകനിഷൂദനഭൊ
ജയജയരൂപവിനിന്ദിതമന്മഥ
ജയസുരനായകവന്ദ്യമഹെ

(൭) നാകനിതംബിനിമാരെനാം
നവരസനടനങ്ങൾചെയ്തീടെണം
പാകാരിതന്നുടെമാനസതാരിൻകൽ
പരിചിനൊടാനന്ദമുണ്ടാക്കെണം-

(൮) ഇന്ദുലെഖെസഖിയാട്ടുകനീ
ഇന്ദ്രസഭാഞ്ചിതദിവ്യലീലെ
സുന്ദരിമാർകുലമൌലിമാലെ
സഖിസുമധുരഗാനംനീചെയ്യരംഭെ

(൯) ചിത്രമഹൊതവനടനമിദം
ചിത്തജമൊഹനദിവ്യലീലെ
ചിത്രലെഖെതവലാസ്യമിതുപൊലെ
യിത്രിലൊകത്തിൻകലില്ലധന്യെ

(൰) മെനകെതൊഴിനീഗാനംചെയ്ക
മാനിനിമാർകുലമൌലിമാലെ
ഞാനിന്നുനിന്നുടെഗാനാനുകൂലമായി
മാനിച്ചുനൎത്തനംചെയ്തീടുന്നെൻ-

൧൮൩൰- ൯൭൭മാമാണ്ടു നാടുനീങ്ങിയതിരുമനസ്സിലെമരുമകൻ അശ്വതിതിരുനാൾ തിരുമനസ്സുകൊണ്ടു ഒരുവലിയ വിദ്വാനും പ്രസിദ്ധനുമായിരുന്നു- കൊല്ലം ൯൩൧മാമാണ്ടു ജനിച്ചു ൯൬൩മാമാണ്ടു നാടുനീങ്ങി- ടി തിരുമനസ്സുകൊണ്ടുനാലുആട്ടക്കഥ ഉണ്ടാക്കീട്ടുണ്ടു- കവിത അതിശയമായിരിക്കുന്നു-

൧- അംബരീഷചരിതം ൩- രുഗ്മിണീസ്വയംബരം
൨- പൂതനാമൊക്ഷം ൪- പൌണ്ഡ്രകവധം

ഇതുകൂടാതെ അനെകം കീൎത്തനങ്ങളും പദങ്ങളും വൎണ്ണങ്ങളും ഉണ്ടാക്കീട്ടുണ്ടു- അവയിൽമിക്കതും ഇപ്പൊൾ അച്ചടിപ്പിച്ചു കാണുന്നു-

൧൮൩൧- അംബരീഷചരിതത്തിൽനിന്നും ചില ശ്ലൊകങ്ങളും പദങ്ങളും താഴെ ചെൎത്തിരിക്കുന്നു-

ത്രൈലൊക്യാംകണജാംഘ്രികൊന്ദടഭുജാടൊപെനയെനാജനി
സ്വൎഗ്ഗസ്ത്രീകുചകുംഭവത്രരചനാ വൈലക്ഷണ്യാനികൊവാസവഃ
സൊയംഭാനുകുലാബ്ധികൌസ്തുഭമണിൎന്നാഭാഗഭാഗ്യൊദയ
സ്സ്യൌജന്യാംബുധിരംബരീഷനൃപതിശ്രീമാനഭൂദിശ്രുതഃ-

ഗാഢൊൽക്കണ്ഠാവിലാസിജാലവിവിധക്രീഡാനിദാനെദിനെ
സദ്യസ്സ്വീകൃതവിക്രിയാനഭവനെവാസന്തികെസന്തികെ
ഇത്യാലാപിനികൊകിലാരവമിഷാൽ കെളീവനെ ജാതുചിൽ
രാജാനിജ്ജിത രാജരാജ വിഭവഃ പ്രൊചെവചഃപ്രെയസീഃ

കനകരുചിരുചിരാംഗിമാരെ
കനിവൊടുകണ്ടിതൊകാനനവിലാസം-
മല്ലികാമുദ്ദമുകുളമിന്നുകാൺകമധുപരവശാലിവിലസുന്നു
മല്ലശരജയ ശംഖംഎന്നതൊന്നുന്നു
രജനിയുടെ മുഖമിതാനുകന്ന് ഇന്ദുരതികുതുകിപൊലെ
വിലസുന്നുവിജയായ മദനനുംവിരുതുതുടരുന്നു
ചന്ദ്രമണിശയനമതികാന്തം മൃദുലചാരു കിസലയലസദുപാ
ന്തം മന്ദെതരംവന്നു മാനയ നിതാന്തം

നരവരശിഖാമണെ നിശമയഗിരംമെ
വിരവിനൊടരികനീ വിപിനമതിവിജനം
മല്ലികാക്ഷാവലിവല്ലഭകളൊടു മിത
കൽഹാരകാനനെ കാൺകവിലസുന്നു
കമലാകരം ചാരുകാനനമഹീതന്റെ വിമലമുകുരം പൊലെവി
ലസുന്നപാരം
ചൂതങ്ങളിൽമധുപപൊതങ്ങൾവാഴുന്നു
ചൂതശരനാമലിപിജാതമതുപൊലെ

കളകണ്ഠിഗീതമിതു കാമനുടെചാപഗുണ
കളശിഞ്ജിതം പൊലെകാനനെ കെൾക്കുന്നു
മഞ്ജുതരകുഞ്ജമിതു മദനകെളിചെയ്യുതിന്നു
അഞ്ജസാപൊകനാം അംബുജവിലൊചനാ-

**ഫവ്വ പൂതനാമൊക്ഷത്തിൽ നിന്നും ഒരുഭാഗം താഴെ ചെൎത്തിരിക്കുന്നു**

ഏവന്നിശമ്യവസുദെവൻമുദാ തദനുഭാവംതെളിഞ്ഞു സുകുമാരം തനുവിജിതമാരം നിശിനിജ കുമാരം കരമതിലെടുത്തനതിചിരമഥ ഗമിച്ചു ബഹിരുരുസുകൃതനതുലമഹിമാരം

മന്ദുതുറന്നരരവൃന്ദങ്ങൾതാനെ ഘനവൃന്ദങ്ങൾ വമ്പെഴ പൊഴിഞ്ഞു പ്രഭുമനമറിഞ്ഞു ഫണിപതിയണഞ്ഞു ഫണപടലകുടകളുടെ നടുവിലതിചടുലമണിദ്യുതിഘടകളാൽ വഴിതെളിഞ്ഞു

ശൂരാത്മജൻ തദനുദൂരത്തുനീങ്ങിയൊരു സൂരാത്മജാമപി കടന്നനിട്ടതതകെലന്ന് നികടഭുവിചെന്ന് നന്ദനനുടെസദനമതിൽ മന്ദതയകന്നു നിജനന്ദനനെ വച്ചുസുഖമാന്ന്

ആയാസഹീനമവനാദായ തത്സുതയെ ആയാതവാനഥ തിരിച്ചു പ്രിയയൊടൊരുമിച്ചു തനയനെഅണച്ചു കെട്ടു ശിശുരൊദമഥ കൂട്ടങ്ങൾക്കുടിഭടർപെട്ടെന്നുനൃപനൊടറിയിച്ചു

രുഗ്മിണീസ്വയംവരത്തിൽ നിന്നും ഒരു ശ്ലോകം താഴെ ചേർത്തിരിക്കുന്നു-

സോൽക്കണ്ഠം കള കണ്ഠ കണ്ഠമുരളീനാളീഗളൽപഞ്ചമേ
കിഞ്ചിൽകിഞ്ചിദുദഞ്ചിതാഞ്ചിതലതാസഞ്ചാരനികുഞ്ജാന്തരേ
പ്രാചീനാചലമൗലിമണ്ഡനവിധിം പ്രാപ്തം വിധോർമ്മണ്ഡലം
ദൃഷ്ട്വാ തുഷ്ടമനാ ജഗാദ നൃപതിഃ പ്രേമാകുലഃ പ്രേയസീഃ

൧൮൯- ഠരംതിരുമനസ്സിലെ കീർത്തനങ്ങളിൽ ചിലതു താഴെ ചേർത്തിരിക്കുന്നു-

കളംകഹീനമംബുജങ്ങളിണ്ടൽപൂണ്ടുകുമ്പിട്ടും
നിലിംപവൃന്ദവന്ദിതം മുകുന്ദനിൻപദാംബുജം
പുലാപുകമ്പിലിന്നഖങ്ങളും വിരൽക്രമങ്ങൾ
പൊൽച്ചിലമ്പുരണ്ടുമെൻകലാശുപത്മനാഭപാഹിമാം

൧൯൦- ഠരംതിരുമനസ്സിലെ കവിതാചാതുര്യം നോക്കുംപോൾ അവിടുന്നു ബാല്യവയസ്സായ ൩൫ൽ നാടുനീങ്ങാതിരിക്കുന്നപക്ഷം ഒരു ശ്രുതിപ്പെട്ടമലയാളഗ്രന്ഥകർത്താവായി തീരുന്നതിനു സംഗതിവന്നേനെ- ഠരംശ്വരെക്കുറിച്ചായിരുന്നു; ൩൫ തിരുവയസ്സിനകം ചെയ്തിട്ടുള്ള സാഹിത്യത്തിൽവച്ചു അദ്ദേഹം നിതരാം ശോഭിക്കുന്നു-

---

## ൦ാം അദ്ധ്യായം

൧൯൧· കുഞ്ചൻനമ്പിയാരു ഉദ്ദേശം ൯൧൦ മാണ്ടിടക്കു കൊട്ടയംമണ്ടപത്തുംവാതുക്കൽ കിടങ്ങൂര എന്ന സ്ഥലത്തു ജനിച്ചു- സ്വദേശം കിള്ളിക്കുറിച്ചിമംഗലത്തിനു സമീപം കലക്കത്താകയാൽ ഇപ്പോഴും കലക്കത്തു കുഞ്ചൻ നമ്പിയാരെന്നു പറയുന്നു- അദ്ദേഹത്തിൻെറ അച്ഛൻ കിടങ്ങൂർ എന്തൊംപണികണ്ടായിരുന്നു കിടങ്ങൂർനിന്നും കൊട്ടയത്തു ഒരു ഭവനത്തിൽ പാർത്തിരുന്നതായും വിദ്യാഭ്യാസവും മററും അവിടെവച്ചായിരുന്നു എന്നും കേട്ടിരിക്കുന്നു-

൧൯൨- ബാല്യത്തിലെ തന്നെ കവിതയിൽവാസന ഉണ്ടായിരുന്നു- അദ്ദേഹം ആദ്യം കവിതആരംഭിച്ചതു ൨൦ാമതെവയസ്സിലാണെന്നുഅറിയുന്നു- ആദ്യത്തെകവിത ശീലാവതിപാട്ടും അതു ഉദ്ദേശം ൯൩൪ മാണ്ടിടക്കുകൊട്ടയത്തു വച്ചു

ണ്ടാക്കിയതും ആകുന്നു- ൯൱൩ മാണ്ടുമുതൽ അദ്ദേഹം അമ്പലപ്പുഴവന്നു താമസിച്ചു ആ സമയം അവിടെവെച്ചു ചില നമ്പൂരിമാരുടെ അപെക്ഷപ്രകാരം അകായിലുള്ളവരുടെ ഉപയൊഗത്തിനായി പത്തുവൃത്തം തിരുവാതിരപ്പാട്ടു ഉണ്ടാക്കി-

൯൱൬- അമ്പലപ്പുഴെവെച്ചു തന്നെ ൯൱൩ മാണ്ടു ശ്രീകൃഷ്ണവിലാസം സംസ്കൃതകാവ്യത്തിൽനിന്നും മണിപ്രവാള ശ്ലോകങ്ങളായിട്ടു ശ്രീകൃഷ്ണചരിതം ചമച്ചു- ൯൱൧- ൯൱൭ മാണ്ടു ഭാഗവതം കഥ അടങ്ങിയിരിക്കുന്നതായി എഴുത്തച്ഛന്റെ രാമായണം ൨൪ വൃത്തരീതി അനുസരിച്ചു ഭാഗവതം ൨൪ വൃത്തവും ഭാരതം കഥ അടങ്ങിയതായി ൪൪ വൃത്തവും ചില നമ്പൂരിമാരുടെ അപെക്ഷപ്രകാരം ഉണ്ടാക്കി-

൯൱൪- ഇങ്ങനെ ഉണ്ടാക്കീട്ടുള്ള കവിതകളാൽ പ്രസിദ്ധനായി അമ്പലപ്പുഴെ താമസിക്കുന്ന സമയം ഒരുദിവസം ഒരു ചാക്യാരുമായിട്ടു അല്പം കലശലിനു ഇടവന്നു- അതിന്റെ കാരണം കൂത്തു വിഷയമായിരുന്നു- ൧൨ കലശലിൽനിന്നും മലയാള ഭാഷക്കു ഒരു നൂതനകവിതാരീതി സിദ്ധിക്കയും അതിൽ വളരെ പദ്യങ്ങൾ ഉണ്ടാകയും ചെയ്തു- ഇങ്ങനെ നൂതനമായി സൃഷ്ടിച്ച കവിത തുള്ളക്കഥയാകുന്നു- അതിനുമുമ്പിൽ മലയാളഭാഷയിൽ ൧൨ വിധം കവിത ഇല്ലായിരുന്നു- കിളിപ്പാട്ടു എഴുത്തച്ഛനും ആട്ടക്കഥ കൊട്ടാരക്കരെ തമ്പുരാനും ആദ്യം സൃഷ്ടിച്ചതുപൊലെ തുള്ളക്കഥ എന്നു മാതിരി കവിതയുടെ ആദ്യകർത്താവു നമ്പിയാരാകുന്നു ഉദ്ദേശം ൪൦ ചില പാനംതുള്ളക്കഥ ഉണ്ടാക്കീട്ടുണ്ടു- അന്നു അദ്ദേഹം വളരെ ദരിദ്രനായിരുന്നതിനാൽ അവകൾക്കും അമ്പലപ്പുഴെ മാത്തൂപ്പണിക്കരെകുറെച്ചു പണം കൊടുത്തു വാങ്ങിച്ചതുള്ളൽ കൊലം കെട്ടിച്ചു നടപ്പാക്കി അതിനു ഗുരുസ്ഥാനം നമ്പിയാരു തന്നെ വഹിച്ചു-

൯൱൫- കുഞ്ചൻനമ്പിയാരുടെ വാസസ്ഥലം തുള്ളപ്പാട്ടുണ്ടാകുന്ന സമയം അമ്പലപ്പുഴ ആകുന്നു എന്നും പുരാധീന തറവാടു കിള്ളിക്കുറിശ്ശിമങ്ങലത്തു ആയിരുന്നു എന്നും താഴെ പറയുന്ന കല്യാണസൌഗന്ധികം തുള്ളക്കഥയിൽ നിന്നും എടുത്തിരിക്കുന്ന ഭാഗം കൊണ്ടു നിശ്ചയിക്കാം-

ചെമ്പകനാട്ടിന്നലങ്കാരഭൂതനാം
തമ്പുരാൻ ദെവനാരായണസ്വാമിയും

കമ്പം കളഞ്ഞെന്നെ രക്ഷിച്ചുകൊള്ളേണം
കമ്പിട്ടുന്നേൻ നിന്നുടെ പദാംബുജാതമഹോ
കിള്ളിക്കുറിശ്ശിയെന്നുള്ള പുരം തന്നിൽ
ഉള്ള പരദൈവമുള്ളത്തിൽ വന്നീടേൻ

൨൯൰- ൻ൧ന്മാമാണ്ടു നാടുനീങ്ങിയ തിരുമനസ്സിലെ കാലത്തു തിരുവനന്തപുരത്തു വന്നു- ഇതളുട്ടെശം ൻ൫മൊണ്ടിട ക്കാണന്നു കെട്ടിരിക്കുന്നു- തിരുമനസ്സിലെ മുഖം കാണിച്ചു ഏഴെട്ടു കൊല്ലം വരെ ഇവിടെ താമസിച്ചു- ഒരു സമയത്ത ഇവിടെ വച്ചു ശംബരവധം പാലാഴിമഥനം ഒരു ആട്ടക്കഥകൾ ഉണ്ടാക്കി അടിയറവച്ചു- തിരുമനസ്സിലെക്കു കഥകളിയിൽ വാസനയുള്ളതു കൊണ്ടു നമ്പിയാരു അവിടത്തെ സന്തൊഷത്തിനു വെണ്ടി ഉണ്ടാക്കിയതാണ-

൨൯൧- അന്നു തിരുവനന്തപുരത്തുണ്ടായിരുന്ന വിദ്വാന്മാരുമായിട്ടു തിരുമനസ്സിലെ സെവിച്ചുകൂറെനാൾ പാൎത്തതായും ഒരു ദിവസം മതിലകത്തു ഉത്സവത്തിനിടക്ക ശ്രീബലിക്കു എഴുന്നെള്ളിയ സമയം വിദ്വാന്മാര മുമ്പു രണ്ടുവരിയായി പൊകുമ്പൊൾ ശ്രീബലിയെക്കുറിച്ചു ഒരു ശ്ലൊകം ഉണ്ടാക്കുന്നതിനു കല്പനവന്നതായും അതു അനുസരിച്ചു ആയ്ദ്ദെഹം താഴെ എഴുതിയിരിക്കുന്ന ശ്ലൊകം ഉണ്ടാക്കിയതായും ചിലർ പറയുന്നു-

മുത്തണിഞ്ഞകുടചാമരം തഴ നിറം കലൎന്ന പവവാദ്യവും
പത്തുനൂറു നവസുന്ദരാംഗികൾ വിളക്കെടുത്തു പിറകെ വരാ
ഭക്തിപൂണ്ടു പദപാകജം തൊഴുതു ലൊകർ തിങ്ങിയുടനെങ്ങുമെ
ചിത്രമീ തിരുവനന്തമുൽപ്പുരമമൎന്ന ശീവെ ലിമഹൊത്സവം

൨൯൨- (൧) ഒരു ദിവസം ശ്രീപത്മനാഭസ്വാമിക്ഷെത്രത്തിൽ തൊഴുന്നതിനായി പൊയിരുന്നു എന്നും അപ്പൊൾ അവിടെ പൂജക്കാരൻ നമ്പി നമ്പിയാരൊടു ആരാണെന്നു ചൊതിച്ചതിനുത്തരമായി നമ്പിയാർ എന്നു പറഞ്ഞു എന്നും ഒരു ഉത്തരം കെട്ടു നമ്പി വളരെ കൊപിച്ചു എന്നും വിവരം തിരുമനസ്സറിവിക്കുന്നതിനായിട്ടു എഴുതി അയച്ചതായും കല്പിച്ചു നമ്പിയാരെ വരുത്തി ഉണ്ടായ പരമാൎത്ഥം ചൊതിച്ചപ്പൊൾ

നമ്പി ആരെന്നു ചൊദിച്ചു
നമ്പിയാരെന്നു ചൊല്ലിനേൻ
നമ്പി കെട്ടഥ കൊപിച്ചു
തമ്പുരാനെ ക്ഷമിക്കണം

എന്നു അറിയിച്ചതായും ഒരു കെൾവി ഉണ്ടു-

൮ നമ്പിയാരും ഉണ്ണായിവാരരും തിരുവനന്തപുരത്തു താമസിക്കുന്നസമയം ഒരുദിവസം ദ്രുഖംകാണിക്കാൻ പൊയപ്പൊാം എവിടെആയിരുന്നു കളിഎന്ന രണ്ടുപെരൊടും കല്പിച്ചു ചൊദിച്ചു- നമ്പിയാര ശ്രീവരാഹത്തു കുളത്തിൽ കളഭംകലക്കിയ സ്ഥലത്തായിരുന്നുഎന്നും വാഴ്മരകരികലക്കിയ സ്ഥലത്തായിരുന്നുഎന്നും അറിയിച്ചതായും ഇതിൽനിന്നും രണ്ടുപെരുടെയും യൊഗ്യത നിശ്ചയിക്കാമെന്നു ൯൩൦ മാണ്ടു നാടുനീങ്ങിയ വലിയതംപുരാൻ തിരുമനസ്സുകൊണ്ടു അവിടത്തെ മരുമകൻ അശ്വതി തിരുനാൾ തംപുരാനൊടു കല്പിച്ചതായും കെട്ടിരിക്കുന്നു

൯൯ നമ്പിയാര തിരുവനന്തപുരത്തുനിന്നും യാത്രഅറിയിച്ചുപൊകുന്നതിനുമുൻപു താഴെ എഴുതിയിരിക്കുന്ന ശ്ലൊകം എഴുതിതൃക്കൈയ്യിൽ കൊടുത്തതായി കെട്ടിരിക്കുന്നു

നാലഞ്ചക്ഷരവുംപഠിച്ചു ഗുരുവിൻപാദം തലൊടീചിരം
പാലഞ്ചുംമൊഴി തന്നപാംഗവലയിൽ ചാടീട്ടുഴന്നെൻ ചിരം
കൊലംകെട്ടുക കൊലകങ്ങളിൽ നടക്കെന്നുള്ള വെലക്കിനി
കാലം വാൎദ്ധകമാകകൊണ്ടടിയനെ ച്ചാടിക്കൊലാഭൂപതെ

൧൦൦ തിരുമനസ്സുകൊണ്ടു വളരെസന്തൊഷിച്ചു വീരശൃംഖലസമ്മാനിച്ചതുകൂടാതെ അമ്പലപ്പുഴെ ക്ഷെത്രത്തിൽനിന്നും ചൊറുംപാൽപായസവും കല്പനപ്രകാരം പതിച്ചുകൊടുത്തു

൧൦൧ അദ്ദെഹംപിന്നീടു പതിവായിട്ടു അമ്പലപ്പുഴെ തന്നെപാൎത്തുവന്നു- അന്നുപാൎത്തിരുന്നമഠംഇപ്പൊഴുംഉണ്ടെന്നുംകല്പിച്ചു പതിച്ചു കൊടുത്തിട്ടുള്ള പാല്പായസവും ചൊറും ഇപ്പൊഴും ശെഷക്കാറര വാങ്ങിവരുന്നതായും അറിയുന്നു

൧൦൨ ൬൦ാമത്തെ വയസ്സായ ൯൭൨മൊണ്ടു അമ്പലപ്പുഴെവച്ചു ഒരുപട്ടികടിച്ചകാരണത്താൽ മൃത്യുഭവിച്ചതായി അമ്പലപ്പുഴെക്കാറരു ചിലർപറഞ്ഞുകെട്ടിരിക്കുന്നു

൧൦൩ ഗ്രംവിദ്വാന്റെ യൊഗ്യതമുഴുവനും തുള്ളക്കഥകൾ കൊണ്ടറിയാം- നൈരംപൊക്കിനും വീരശൃംഗാരാദി

രസ വൎണ്ണനകൾക്കും തത്തുല്യനായി ഇതരകവികളെ അറിയുന്നില്ല-

൨൦൪ തുള്ളക്കഥകൾ കൂടാതെ നംപിയാരുടെ കവിതകളിൽ മുഖ്യമായിട്ടുള്ളതു താഴെ ചെൎത്തിരിക്കുന്നവയാകുന്നു-

൧ ശീലാവതി
൨ പത്തുവൃത്തം
൩ പതിനാലുവൃത്തം
൪ ഭാഗവതംവരവൃത്തം
൫ ശ്രീകൃഷ്ണചരിതം
൬ ശംബരവധംആട്ടക്കഥ
൭ പാലാഴിമഥനംആട്ടക്കഥ
൮ ഉത്തരരാമായണംകിളിപ്പാട്ട
൯ നളചരിതംകിളിപ്പാട്ട
൧൦ ചാണക്യസൂത്രം കിളിപ്പാട്ട
൧൧ പഞ്ചതന്ത്രംകിളിപ്പാട്ട

൨൦൫ ഇതിൽ ൧ മുതൽ ൭ വരെ ഉള്ള കവിതകൾ ഇന്നസ്ഥലത്തുവച്ചു ഉണ്ടാക്കിയതെന്നും ഉദ്ദേശം ഇത്രാമാണ്ടെന്നും ഇതിനുമുൻപിൽ പ്രസ്താവിച്ചിട്ടുണ്ട- ൮ മുതൽ ൧൧ വരെ ഉള്ള കിളിപ്പാട്ടുകൾഇത്രാമാണ്ട ഇന്നെടത്തുവച്ചുണ്ടാക്കിയതെന്നനല്ലനിശ്ചയമില്ലാ- ചിലരുടെ അഭിപ്രായത്തിൽതിരുവനന്തപുരത്തുനിന്നും തിരിച്ചുപൊയതിന്റെശെഷം ഉദ്ദേശം ൯൦൦മാണ്ടമുതൽ ൯൭൭ മാണ്ടിനകം അംപലപ്പുഴയുംവടക്കകിള്ളിക്കുറിശ്ശിമംഗലത്തുമായിട്ടു താമസിക്കുന്നസമയം കൃതിച്ചിട്ടുള്ളതാണെന്നു കാണുന്നു

൨൦൬- കൊല്ലവും സ്ഥലവും നിശ്ചയമില്ലെങ്കിലും ഇവ നംപിയാരുടെ കവിതകൾതന്നെ എന്നു നിശ്ചയമാണ- ചിലവിദ്വാന്മാരുടെ അഭിപ്രായത്തിൽ ചാണക്യസൂത്രവുംപഞ്ചതന്ത്രവും രാവണൊത്ഭവം ആട്ടക്കഥ ഉണ്ടാക്കിയ കല്ലെക്കുളങ്ങരെപിഷാരടിയുടെ കവിതയാണെന്നു കാണുന്നു ൟഅഭിപ്രായം തെററാണെന്നു ആപുസ്തകങ്ങളിലുള്ള അനെകം രെഖാമൂലമായ തെളിവുകൊണ്ടു നിശ്ചയിക്കാം-

൨൦൭- തുഞ്ചത്തു എഴുത്തച്ഛന്റെ കവിത കഴിഞ്ഞാൽ അധികം മലയാളർ ഉപയൊഗിച്ചുവരുന്നതു കുഞ്ചൻനംപി

യാതൊരുകവിതകളാകുന്നു-കിളിപ്പാട്ടുആട്ടക്കഥ മുതലായതൊക്കെഅച്ചടിപ്പിച്ചിട്ടുണ്ട- തുള്ളൽഅത്രയുംഅച്ചടിപ്പിച്ചിട്ടുള്ളതായികാണുന്നില്ലാ-എല്ലാംമാത്തുപ്പണിക്കരുടെപക്കൽഇരിപ്പുള്ളതാകുന്നു- ആകെഎത്രകഥഉണ്ടെന്നും ഓരൊന്നിനത്തിൽ എത്രവീതംഉണ്ടെന്നും വിവരംഅറിയുന്നതിനു ഒരുപുസ്തകകത്താവു എഴുതിയച്ചതിന്റെശെഷംഇതുവരെ മറുപടികിട്ടിയില്ലാ-അതിനാൽ ആഭാഗംസൂക്ഷ്മമായിപ്രസ്ഥാപിക്കാൻപ്രയാസമായിരിക്കുന്നു-

൨൰൪- അദ്ദെഹത്തിന്റെ ആദ്യ കൃതിയായ ശീലാവതിപ്പാട്ടു നല്ലമലയാളമായും സംസ്കൃതവാക്കുകൾ അധികം ഉപയൊഗിക്കാതെയുംഇരിക്കുന്നു- അത സ്ത്രീകൾപതിവായിട്ടു പഠിച്ചുവരുന്നു- അതിൽ ഒരുഭാഗം താഴെചെൎത്തിരിക്കുന്നു

൧ കണികാണ്മാൻപൊലുംഗുണമില്ലാത്ത
ഗണികമാരെക്കണ്ടുമൊഹിക്കുന്ന
പുരുഷന്റെജന്മംപഴുതെതന്നെ
ദുരിതമാംകൂപത്തിൽചെന്നുവീഴും
൨ കാട്ടിലിരിക്കുംനമുക്കെന്തൊരാധാരം
കൂട്ടിലിരിക്കുംകിളിയെപ്പൊലെ
൩ ഭൎത്താക്കന്മാരുടെവാക്കുനിരസിച്ചാൽ
ഭാൎയ്യമാൎക്കാപത്തുവന്നുകൂടും
൪ ചെറുപ്പംകൊണ്ടൊരൊന്നരുളുന്നുഞാൻ
വെറുപ്പുണ്ടായിടൊല്ലമാമുനീന്ദ്ര

൨൰൫- നംപിയാര രാമായണം ഇരുപത്തിനാലുവൃത്തത്തിന്റെരീതി അനുസരിച്ചാണ പത്തുവൃത്തവും പതിനാലുവൃത്തവും ഇരുപത്തിനാലുവൃത്തവും ഉണ്ടാക്കിയിരിക്കുന്നത- ഇവയിൽ തമിഴിന്റെരീതിഅശെഷംഇല്ലാ- ശ്ലൊകങ്ങൾ സൎവ്വത്ര സംസ്കൃതാനുസരണമായിട്ടുള്ളവയാകുന്നു-

൨൰൬- പത്തുവൃത്തത്തിൽ ഓരൊവൃത്തം ഓരൊ മാതിരിയായിരിക്കുന്നു രാഗവും അപ്രകാരം തന്നെ- ദശമവൃത്തത്തിൽ കൃഷ്ണന്റെ ചൊദ്യങ്ങൾക്കുരുഗ്മിണിയുടെഉത്തരങ്ങൾ താഴെചെൎത്തിരിക്കുന്നു-

വല്ലവിജനങ്ങളുടെജീവനാഥാ ഭവാൻ
വല്ലഭനായതുംമമഭാഗ്യമെല്ലൊ
വല്ലാത്തൊരുവല്ലഭനെന്നല്ലൊനാഥാ
ചൊല്ലരുതെന്നൊടുകാന്തവാസുദെവാ

ചെദിരാജൻമൂഢനവൻഖെദിക്കയാ ലൊരു
ചെതമിങ്ങില്ലതുകൊണ്ടുകൊണ്ടൽവൎണ്ണ
ചെതസിനിനച്ചിരുന്നുനിൻപാദാബ്ജമിന്നു
ചെരുവാൻസംഗതിമമവന്നുവെല്ലൊ
താതനുമിനിക്കുമെൻെറ മാതാവിനുമത്ര
ബൊധമില്ലെന്നാക്കീടൊല്ലാവല്ലഭാനീ
ജാതിഭെദമുണ്ടൊനിനക്കംബുജാക്ഷ പര
മാദിപൂരുഷൻനീയെന്നറിഞ്ഞുഞങ്ങൾ
പത്തുദിക്കുകൾക്കുംപഞ്ചഭൂതങ്ങൾക്കും പിന്നെ
പത്തുമൊരുനാലുമുള്ളലൊകങ്ങൾക്കും
സത്തുകൾക്കുമസത്തുകൾക്കുമാദിനാഥൻ ഭവാൻ
അൎത്ഥമില്ലെന്നുരചെയ്താൽആൎക്കുചെരും
സുന്ദരപൂരുഷന്മാരിലഗ്രഗണ്യൻഇന്നു
കന്ദൎപ്പനെന്നെല്ലാവൎക്കുംബൊധമെല്ലൊ
എന്നുള്ളൊരുകന്ദൎപ്പൻെറദൎപ്പമെല്ലാംകൃഷ്ണ
നിന്നുടൽകാണുന്നനെരംനിന്നുപൊകും-

൧൭൭- പതിനാലുവൃത്തത്തിൽനിന്നും ചിലഭാഗം താഴെ ചെൎത്തിരിക്കുന്നു-

൧ പരധനമടക്കാനതികുതുകികൾക്കും
പരനൃപതിമാരിൽഭയമിയലുവൊൎക്കും
പരതരുണിമാരിൽപ്രണയമുളവൊൎക്കും
കുറയുമിഹനിദ്രാപ്രണമതമുകുന്ദ

൨ പ്രണയിനിയെവെൎവിട്ടുഴലുമുദയവൎക്കും
പ്രണയകലഹംപൂണ്ടുഴലുമധമൎക്കും
പണമധികമുള്ളൊരബലമനുജൎക്കും
കുറയുമിഹനിദ്രാപ്രണമതമുകുന്ദ

൩ വലിയൊരഭിമാനക്ഷയമുടയവൎക്കും
വലിയവനൊടുള്ളിൽകലഹമുളവൊൎക്കും
പലപലവിമൊഹംഹൃദികരുത്തുവൊൎക്കും
കുറയുമിഹനിദ്രാപ്രണമതമുകുന്ദ

൧൭൮- ശ്രീകൃഷ്ണവിലാസത്തിൻെറ തൎജ്ജിമയാകുന്നു ശ്രീകൃഷ്ണചരിതം മണിപ്രവാളശ്ലൊകങ്ങൾ- ഇതിലുള്ളശ്ലൊകങ്ങൾവളരെ വിശെഷമായിട്ടുള്ളതാണ- കൃഷ്ണാവതാരംശ്ലൊകംതാഴെ ചെൎത്തിരിക്കുന്നു-

൧ പൂൎണ്ണെഗൎഭെസമസ്തത്രിഭുവനശുഭകൎമ്മങ്ങളെകത്തുകൂടി
പൂൎണ്ണാനന്ദ വിളങ്ങീടിനനവഘനപടലശ്യാമധാമാഭിരാമൻ
മംഗല്യെസമുഹൂൎത്തെമഹിതഗുണമിയന്നഷ്ടമീ രൊഹിണീഭ്യാം
സംഗെഭംഗ്യാജനിച്ചാനഴകൊടുജഗതീ മൂലകന്ദംമുകുന്ദൻ

൨ മിന്നുംപൊന്നിൻകിരീടംതരിവള കടകം കാഞ്ചിപൂഞ്ചേലമാലാ
ധന്യശ്രീവത്സസൽകൌസ്തുഭമിടകലരുംചാരുദൊരന്തരാളം
ശംഖംചക്രം ഗദാപംകജമിതിവിലസുംനാലുതൃക്കൈകളൊടെ
സംകീൎണ്ണശ്യാമവൎണ്ണംഹരിവപുരമലംപൂരയെന്മംഗലംവഃ–

൨൧൩– കൃഷ്ണചരിതത്തിൽനിന്നും ചിലവാക്യങ്ങൾതാഴെ ചെൎത്തിരിക്കുന്നു–

൧ ആകാതകാൎയ്യം തുനിയാഞ്ഞുവെണം
൨ അപെക്ഷയുള്ളൊരുജനത്തിനെല്ലാം
ഉപെക്ഷകൂടാതെകൊടുക്കമീശൻ
൩ കണ്ടാലുരക്കുന്നജനങ്ങളുണ്ടൊ
കപ്പാൻമടിക്കുന്നതരംവരുമ്പൊൾ
൪ തനിക്കുതാൻപൊന്നമഹാത്മകൾക്കും
ധനത്തിലുള്ളാഗ്രഹമല്പമല്ലാ–

൨൧൪– നളചരിതം കിളിപ്പാട്ടു ശ്രീഹൎഷൻെറ സംസ്കൃതകാവ്യമായനൈഷധം അല്ലംകിൽ നൈഷധീയത്തിൻെറ പരിഭാഷയാകുന്നു–ആ കാവ്യത്തിൻെറ മൂലം മഹാ ഭാരതത്തിൽ വന പൎവ്വത്തിൽ പറഞ്ഞിരിക്കുന്ന നളൊപാഖ്യനമായ നളൻെറയും ദമയന്തിയുടെയും കഥയിൽനിന്നും എടുത്തതത്രെ– ഇതിൽനിന്നുംതന്നെയാണു കാളിദാസൻെറ ചെറിയകാവ്യമായ നളൊദയം ഉണ്ടാക്കിയിരിക്കുന്നത–അതിൽ ൨൨൦ ശ്ലോകം മാത്രമെഉള്ളു– ശ്രീഹൎഷൻെറനൈഷധം ൨൨ കാണ്ഡം ഉണ്ട– അതിൻെറ ചുരുക്കമായപരിഭാഷയാകുന്നു നമ്മുടെനളചരിതംകിളിപ്പാട്ടു ഈഗ്രന്ഥത്തെ നാലുപാദമായിട്ടുഭാഗിച്ചിരിക്കുന്നുഅതിൽഒന്നാംപാദത്തിൽനളൻെറദൂതുവരെയും രണ്ടാം പാദത്തിൽദമയന്തിസ്വയംബരംവരെയും മൂന്നാംപാദത്തിൽ ദമയന്തിചെദിരാജ്യത്തുചെന്നുചെൎന്നതുവരെയുംനാലാംപാദത്തിൽ ൨-ാം സ്വയംബരംവരയുംഅടങ്ങിയിരിക്കുന്നു– ഓരൊ പാദത്തിൽ ഓരൊ മാതിരി അക്ഷരനിൎണ്ണയ വൃത്തമാകുന്നു–

൨൧൫– നളചരിതത്തിൽ നിന്നും എടുത്തിട്ടുള്ള ചിലസദാചാരവാക്യങ്ങൾ താഴെചെൎത്തിരിക്കുന്നു–

൧ തന്നുടെസൌഖ്യംവരുവതിന്നാഗ്രഹി
ച്ചന്ന്യാപകാരംപരിത്യജിച്ചീടൊല്ല
൨ മൎയ്യാദലംഘിക്കയൊഗ്യമല്ലൊട്ടുമെ
ധൈൎയ്യപ്രധാനംശരീരികൾക്കൊക്കവെ
൩ വെണ്ടതുപരൊപകാരാഗ്രഹംശരീരിണാം
൪ ശൊകംഎന്നതുവരുംനെരത്തുകൂട്ടത്തൊടെ

൨൱൩- ചാണക്യസൂത്രം അല്ലെങ്കിൽ മുദ്രാരാക്ഷസം കിളിപ്പാട്ട നമ്പിയാരു ഉദ്ദേശം ൧൦൦൦വൎഷത്തിനമുൻപുണ്ടായിരുന്ന വിശാഖദത്തൻ എന്നകവിയാൽ സംസ്കൃതത്തിൽ ഉണ്ടാക്കീട്ടുള്ള മുദ്രാരാക്ഷസ നാടകം പരിഭാഷപ്പെടുത്തീട്ടുള്ളതാകുന്നു- നാടകത്തിന്റെ പെര അതിൽ ഒരു പ്രധാനനായകനായ രാക്ഷസന്റെ മുദ്രമൊതിരം കൊണ്ട അടയാളപ്പെട്ടിട്ടുള്ള ഒരു കത്തിൽ നിന്നും മുദ്രാരാക്ഷസം എന്നു സംസ്കൃതത്തിലും അതിലെ പ്രധാനനായകനായ ചാണക്യന്റെ സംപ്രദായവും ബുദ്ധികൌശലവും നിമിത്തം ചാണക്യസൂത്രമെന്നു മലയാളത്തിലും ഉത്ഭവിച്ചിരിക്കുന്നു- നാടകത്തിനു ൭ അംഗങ്ങൾ ഉണ്ട- കിളിപ്പാട്ടിൽ എട്ടുപാദങ്ങൾ ഉണ്ട- അതിൽ ഓരൊ പാദത്തിൽ അക്ഷര നിൎണ്ണയമായ വൃത്തഭെദവും ഉണ്ട-

൨൱൪- ചാണക്യസൂത്രത്തിൽനിന്നു ചില സദാചാരവാക്യങ്ങൾ താഴെ ചെൎത്തിരിക്കുന്നു-

൧ വ്യാജത്താൽ എന്നാകിലും ആശ്രയിച്ചവർകളെ
  രാജാക്കന്മാൎക്ക പരിപാലിച്ചെ മതിയാവൂ
൨ താന്താൻ ഒട്ടൊഴിഞ്ഞിട്ടും ബന്ധുവാം ജനങ്ങളെ
  സന്തൊഷിപ്പിക്കയെല്ലൊ കാൎയ്യമാകുന്നതെടൊ
൩ ബന്ധുനിമിത്തം വരുന്ന വിപത്തുകൾ
  സന്തതം കൈക്കൊണ്ടു സഹിക്കെന്നതെ വരൂ
൪ ആശ്രയമില്ലാതവൎക്കീശ്വരൻ തന്നെ പുനർ
  ആശ്രയമാകുന്നതും എന്നല്ലൊ പറയുന്നു
  ആപത്തുവരും നെരം ഈശ്വരൻ തുണയുണ്ടാം
  താപത്തെ കളവാൻ എന്നുള്ളതകെട്ടിട്ടില്ലെ-

൨൱൫ ചാണക്യസൂത്രത്തിൽ നിന്നും രാക്ഷസാമാത്യന്റെ സന്താപ മനൊവിചാരം താഴെ ചെൎത്തിരിക്കുന്നു-

ദൈവത്താലുപഹതനായവനൊരിക്കലും
കൈവന്നീടുമൊ ശുഭം ഹാഹന്ത നിരൂപിച്ചാൽ
മാനുഷൎക്കുള്ള ഗുണദൊഷങ്ങളെല്ലാനാളും
കാണുന്നിതൊരൊ കാലമൊരൊരൊതരമെല്ലൊ
നന്ദഭൂപതി രാജ്യം വാണുകൊണ്ടിരിക്കുമ്പൊൾ
മന്നവൻ തന്റെ മന്ത്രിസത്തമനായീടിനെൻ
ഞാൻ മെറ്റും ഗൃഹത്തിങ്കൽ ഭൂപന്മാർ കാൎയ്യവശാൽ
കാണ്മാനായി വന്നു കെട്ടിക്കിടക്കുന്നവരൊട്ടും
കൂടിഞാനൊരുമിച്ചു രാജധാനിക്കപൊം പൊൾ
വീടതിലിരുന്നുള്ള പൌരന്മാരെല്ലാവരും
രാക്ഷസാമാത്യനിതാ പൊകുന്നുവെന്നു ചൂണ്ടി

പ്രെക്ഷകന്മാൎക്കകാട്ടിക്കൊടുക്കമെല്ലൊപുരാ
രാജാവിനൊളമുള്ളപദവിയൊടുംക്രൂടി
രാജാജ്ഞാകരനായിവാണുകൊണ്ടിരുന്നുഞാൻ
അയ്യൊകാൺവിധിബലംകള്ളനെപ്പൊലെയിപ്പൊൾ
പശ്ചവെജിന്റെസ്ഥാനംപുക്കൊളിച്ചിരിക്കുന്നു
ഈക്കാലം നിനക്കിതെ നീശ്വരൻ നിയൊഗിച്ചാ
ലക്കാലമത്രമനുഭവിക്കെന്നതെവരൂ-

൱൰൯- പഞ്ചതന്ത്രംസംസ്കൃതത്തിലുള്ളപഞ്ചതന്ത്രം അല്ലംകിൽപഞ്ചൊപാഖ്യാനംഗ്രന്ഥത്തിന്റെതൎജ്ജിമയാകുന്നു-മററദ്രാവിഡഭാഷകളിൽഎല്ലാററിലും ഇതു തൎജ്ജിമ ചെയ്തിട്ടുണ്ടുന്നുവരികിലുംമലയാളത്തിന്റെഅത്രനന്നായിട്ടില്ല-ഇതിനെനെരു തൎജ്ജിമഎന്നു പറവാൻപാടില്ല- മൂലത്തിനുംഇതിനും തങ്ങളിൽവളരെവ്യത്യാസംഉണ്ടു ചിലകഥകൾഇതിൽ വിട്ടുകളകയും ചിലതസ്ഥലംമാററിഇടുകയും ചെയ്തിട്ടുണ്ടു- അഞ്ചാംതന്ത്രത്തിനുവളരെ വ്യത്യാസംഉണ്ടു- എന്നാൽ ആകപ്പാടെ എകദെശം മൂലത്തിനുശരിയാകുന്നു കഥകൾമലയാളസംപ്രദായമാക്കീട്ടുണ്ടു-

൱൨൰- കവിതയിലെവാചകരീതി ഭംഗിയായിരിക്കുന്നുനെരമ്പൊക്കുകളാൽ മൂലത്തിനെക്കാൾ വളരെ നന്നായിട്ടുണ്ടു- അതിൽ ഉപയൊഗിച്ചിരിക്കുന്നു ചമ്പകവൃത്തം മുതലായവൃത്തങ്ങൾ വളരെലാഘവമായും അക്ഷര നിൎണ്ണയവും മാത്രനിൎണ്ണയവും ഉള്ളതായിട്ടും കാണുന്നു-

൱൨൰൧ കഥയുടെഉദ്ദെശംകവിതാഴെപറയുന്നു

ഗ്രന്ഥവിസ്താരഭയംഉള്ളബാലകന്മാൎക്കും
അന്തരംഗത്തിൽബൊധം ഇല്ലാത്തജനങ്ങൾക്കും
ചന്തമൊടറിവാനായിപഞ്ചതന്ത്രാഖ്യംനീതി
ഗ്രന്ഥതാല്പൎയ്യംകിഞ്ചിൽഭാഷയായിചൊല്ലീടുന്നെൻ

അഞ്ചു തന്ത്രങ്ങളുടെയും പെരുകൾ

മിത്രഭെദം- സുഹൃല്ലാഭം- സന്ധിവിഗ്രഹം ലബ്ധനാശം- അസംപ്രെക്ഷ്യകാരിത്വം- ഇവയാകുന്നു-

൧ അജ്ഞനപ്രിയംകരനമ്പലപ്പുഴക്കൂടിൻ
ഇളളുനങ്ങൾക്കപരമാശ്രയംപരമാകാന്തൻ

൨ അംബരാപഗാപുരെ വാണരുളീടും ദെവൻ
അംബുജവിലൊചനൻ പാൎത്ഥസാരഥികൃഷ്ണൻ
൩ അമരവരതടിനിയിലമന്ദരുളുംപര
മാനന്ദവിഗ്രഹം പാൎത്ഥസൂതംഭജെ

**൨൨൨ മെലെഴുതിയ മൂന്നു സ്തുതികൾകൊണ്ടപഞ്ചതന്ത്രം ഉണ്ടാക്കിയതു നംപിയാരുതന്നെഎന്നു നിശ്ചയിക്കാം**

**൨൨൩ പഞ്ചതന്ത്രത്തിൽനിന്നും എടുത്തിട്ടുള്ള ചില സദാചാരവാക്യങ്ങൾ താഴെചെൎത്തിരിക്കുന്നു**

൧ അൎത്ഥംഉണ്ടായാൽ അതുകൊണ്ടനുഭവിക്കാഞ്ഞാൽ
അൎത്ഥംഉള്ളൊരും ഇരപ്പാളിയും ഒരുപൊലെ
൨ സൽക്കാരവ്യയംതന്നെ രക്ഷണംദ്രവ്യത്തിന
൩ തങ്ങൾക്കഫലമില്ലാതുള്ളതു പ്രവൃത്തിച്ചാൽ
ഭംഗമെവരുംഎന്നു സൎവ്വരുംബൊധിക്കെണം
൪ ഭക്തിമാത്രമെയല്ല മാനികൾക്കഭിപ്രായം
ശക്തികാട്ടെണംഎന്നെ യെവൎക്കുംതൃപ്തിയുള്ളു

**൨൨൪ ഉത്തരരാമായണം നമ്പിയാരുടെ ഒരുപ്രധാന കവിതയും അത വാന്മീകി രാമായണത്തിൽ ഉത്തര കാണ്ഡത്തിൻെറപരിഭാഷയുംആകുന്നു- അതിനെ മൂന്നുഅദ്ധ്യായമായിട്ടു ഭാഗിച്ചിരിക്കുന്നു ഓരൊഅദ്ധ്യായത്തിലെ വൃത്തഭെദവും കവിതാരീതിയും താഴെചെൎത്തിരിക്കുന്ന ഭാഗങ്ങൾകൊണ്ടറിയാം**

൧ പിന്നെനീദശാസ്യനെക്കൊന്നുകൊണ്ടുലൊകർ
നന്നുനന്നെന്നുപുകഴ്ത്തുന്നതജ്ഞാനമത്രെ
സൎവ്വലൊകവും ജയിക്കാമെല്ലൊഭവാനിഹ
കെവലംദശാസ്യനെ ക്കൊന്നതെന്തൊരുചിത്രം
൨ ഇന്നിവൻതന്നിലുമെറ്റമധികനായി
വന്നക്രൂരുംഞാൻഅതിനില്ലസംശയം
എല്ലാംതപൊബലം കൊണ്ടെമനൊരഥം
എല്ലാവനുംസാദ്ധ്യമായ്വരുന്നൂന്നയം
൩ അച്യുതനൊടുസമനായരാഘവൻപുന
രിച്ചെയ്ത കൎമ്മമെന്തുമററുള്ളൊൎക്കറിയാവു

**൨൨൫ നമ്പിയാരുടെ ആട്ടകഥരണ്ടും അത്രനന്നായിട്ടു വിദ്വാന്മാർ വിചാരിക്കുന്നില്ല- അത്രഅധികം ഉപയൊഗപ്പെടുത്തിയും വരുന്നില്ലാ- ശംബരവധത്തിൽ നിന്നും വഞ്ചിപ്പാട്ടുതാഴെ ചെൎത്തിരിക്കുന്നു**

ആശയത്തിൽകനിവുള്ള ദാശരാജൻ ജയിക്കെണം
പാശപാണിഭഗവാനും പ്രസാദിക്കെണം

മീനരൂപംധരിച്ചോരു ദാനവാരിതുണക്കേണം
മീനമെല്ലാംകളത്തെന്നെകാത്തുകൊള്ളേണം
തോണിയെല്ലാംജലന്തന്നിൽ താണുപോകാതിരിപ്പാനും
ക്ഷീണഭാവംശമിപ്പാനും കടാക്ഷിക്കേണം
മത്സ്യഗന്ധിയൊരുകാലംമാനമോടെയിരുന്നനാൾ
വിസ്മയിച്ചുപരാശരൻ കണ്ടുകാമിച്ചു
മങ്കമാരിൽമണിയാളെ കൊംകരണ്ടും പുണരുവാൻ
ശംകക്രുടാതരികത്തുവരികബാലെ
ഇത്തരമങ്ങരുൾചെയ്തു ഉത്തമതാപസനൊട
ഞ്ഞുത്തരങ്ങളുരക്കാതെകന്യകാനിന്നാൾ
മാമുനീന്ദ്രനണഞ്ഞാശു കാമലീലാതുടന്നപ്പോൾ
ശ്യാമളാംഗനൊരുബാലൻ പിറന്നാനെല്ലൊ
ഭാസുരനാമവൻതന്നെ വ്യാസനെന്നുപറയുന്നു
ഭൂസുരന്മാക്കൊരുനാഥൻ താപസശ്രേഷ്ഠൻ
കമ്മദൊഷങ്ങളെനീക്കി ധമ്മമെകംനടത്തെണം
നിമ്മലാംഗമുനിവ്യാസാ കൈതൊഴുതീടാം

൨൨൩ പാലാഴിമഥനംകഥസംസ്കൃതനാടകമായസമുദ്രമഥനത്തിൽനിന്നു എടുത്തിട്ടുള്ളതാകുന്നു- ഇതുഉണ്ടാക്കിയത ഇന്നാരെന്നറിവാൻപാടില്ലെന്നാണപുസ്തകങ്ങളിൽ കാണുന്നത- എന്നാൽ "നന്ദനന്ദനനയനാനന്ദസുന്ദരാനനവന്ദെവന്ദെ" എന്നപദം ൭രംകഥയിലും ശംബരവധത്തിലും ഒരുപൊലെകാണുന്നതിനാൽ നമ്പിയാരുടെകവിത തന്നെന്നു നിശ്ചയിച്ചിരിക്കുന്നു

൨൨൪ നമ്പിയാരുടെ തുള്ളക്കഥകളിൽ അന്വെഷിച്ചതിൽ അറിവുകിട്ടിയെടത്തൊളം ഉള്ളവയും അവയിൽചില ഭാഗങ്ങളും താഴെചെത്തിരിക്കുന്നു

൧ കല്യാണസൌഗന്ധികം ശീതംകൻതുള്ളൽ

എങ്കിലൊപണ്ടു യുധിഷ്ഠിരൻഭീമനും
മംകമാർമൌലിയാം പാഞ്ചാലപുത്രിയും
മാദ്രീസുതന്മാരിരുവരുമപ്പൊഴും
അദ്രിവനാന്തെ നടക്കുംദശാന്തരെ
ഗന്ധവാഹത്താൽ സമാഹൃതമായസൌ
ഗന്ധികത്തെ കണ്ടു കൌതുകാൽപാഷതി
ഗന്ധവാഹാത്മജൻ തന്നൊടുചൊല്ലിനാൾ
ഗന്ധദീപപ്രൌഢ മന്ദസഞ്ചാരിണീ
കണ്ടാലുമാശ്ചര്യ പുഷ്പമെൻവല്ലഭാ
കണ്ടാൽമനൊഹരം കാഞ്ചനാഭംശുഭം
പണ്ടുഞാൻരംവന്നു മുള്ളൊരുവസ്തുവെ
കണ്ടറിയുന്നില്ലകാന്താധരിക്കെടൊ

തണ്ടാർമധുരസം തെണ്ടിപ്പറക്കുന്ന
വണ്ടുകൾഎല്ലാം മുരണ്ടുകുതൂഹലം
പൂണ്ടുവനങ്ങളിൽ പണ്ടുള്ളപുഷ്പങ്ങൾ
കൊണ്ടുള്ളനുഭവം തെണ്ടുന്നതല്ലന്നു
കണ്ടുടൻവൃന്ദവുംകൊണ്ടുപുറപ്പെട്ടു
മണ്ടിവരുന്നതുകണ്ടിലയോഭവാൻ

*   *   *

ദ്രുപദനന്ദിനീതൻെറ വചനമിങ്ങനെകെട്ടു
നൃപതിമാരുതിഭീമൻ ചിരിച്ചുകൊണ്ടുരചെയ്തു
ചപലസ്ത്രീകളെപ്പോലെ കഥിക്കുന്നെന്തെടൊബാലെ
സഫലംനിന്നുടെകാര്യം സപദിസംഭവിച്ചീടും

*   *   *

ഇത്ഥംപറഞ്ഞുഗദയും വഹിച്ചുകൊ
ണ്ടുത്ഥാനവുംചെയ്തുഗന്ധവാഹാത്മജൻ
ഉത്തരാശാമുഖം നൊക്കിപ്പുറപ്പെട്ടു
സത്വരാഹംകാരഗംഭീരപൂരുഷൻ

*   *   *

പുഷ്പങ്ങളെല്ലാമിറുത്തുസ്വരൂപിച്ചു
കെട്ടിത്തലയിലെടുത്തുപുറപ്പെട്ടു
പെട്ടെന്നുചെന്നുകപീന്ദ്രനെവന്ദിച്ചു
ഗന്ധവാഹാത്മജൻ മോദെനസാദരം

### ൨. നളചരിതം ഓട്ടൻതുള്ളൽ

ചഞ്ചൽപ്പുരികുഴൽതഞ്ചുംനളനുടെ
കൊഞ്ചൽപ്പുതുമയൊടഞ്ചിതമാകിന
പുഞ്ചിരികണ്ടുടനഞ്ചിമയങ്ങിന
ചഞ്ചലമിഴികടെ നെഞ്ചിൽപരിചൊടു
പഞ്ചായുധനുടെ ചഞ്ചൽക്കണകള
തഞ്ചുംകൊണ്ടുടനഞ്ചും വിഷരസ
സഞ്ചിതതാപവകാച്ചുട്ടെരിപൊരി
വാഞ്ഛിതയും ചിലർവാഞ്ഛിക്കുന്നു

### ൩. പാഞ്ചാലിസ്വയംബരം പറയൻതുള്ളൽ

ദ്രുപദൻെറ ഗിരംകെട്ടുപറഞ്ഞുധർമ്മജനപ്പോൾ
നൃപതെനീപരമാർത്ഥം ഗ്രഹിച്ചാലുംവഴിപോലെ
പനിമതികുലന്തന്നിൽ ജനിച്ചപാണ്ഡുഭൂപൻെറ
തനയന്മാരടിയങ്ങൾ അവനിവല്ലഭാസത്യം

### ൪. പാത്രചരിതംഓട്ടൻതുള്ളൽ

ധർമ്മപരായണ മാനസനാകിന
ധർമ്മാത്മജനുംപവനാത്മജനും
അർജ്ജുനനുംനകുലൻസഹദേവനു
മർജ്ജുനമൈവരുമവരുടെഭാര്യയും

സമ്പത്തും കല്പമാപത്തും കല്പ
മൻമ്പൊട്ടക്രുടിവസിച്ചീടുന്നൊ
രമ്പത്തെട്ടുസഹസ്രം വിപ്രരു
മിമ്പമിയന്നവനത്തിൽപുക്കു

## ൫ രുഗ്മിണിസ്വയംബരം ഓട്ടൻതുള്ളൽ

ഭീഷ്മകനെന്നുള്ളൊരുഭൂമിപാലെന്ദ്രൻപാരം
ഉത്കൃഷ്ടയുള്ളൊരുവീരൻഉഴിവാഴുന്നകാലം
രുഗ്മനെന്നൊരുപുത്രനുണ്ടായിഭീഷ്മകനു
രുഗ്മിതന്നുജന്മാരായി മൂന്നുപെരുണ്ടായിവന്നു
രുഗ്മിണിഎന്നുപെരായുള്ളൊരുകന്യകയും
രുഗ്മപ്രകാശംപൊലെ രൂപപ്രകാശത്തൊടെ
ഉണ്ടായിതവൾപിന്നെ കണ്ടാലെത്രയുംസുഖം

## ൬ കാളിയമർദ്ദനംശീതംകൻ തുള്ളൽ

ഗരളനായകകെൾക്ക വീരവൊട്ടഗിരംനിൻെറ
ഗരളംകൊണ്ടൊരുവനും പൊറുതിയില്ലറിഞ്ഞാലും
പ്രാണികൾക്കുപ്രാണനെല്ലൊ ജലമെന്നുധരിച്ചാലും
പ്രാണനാശംവരുത്തുന്നു കഷ്ടമെന്നെപറയാവു

## ൭ നിവാതകവചകാലകെയവധം ശീതംകൻ തുള്ളൽ-

ക്ഷീണപ്രഭാവംവെടിഞ്ഞുവിജയനും
പ്രാണിപ്രവരരാം ദാനവക്കൊക്കയും
പ്രാണപ്രയാണം ഭവിക്കുമാറിങ്ങനെ
ബാണപ്രയൊഗം തകൎത്തുതുടങ്ങിനാൻ

## ൮ ബാലിഉത്ഭവം ശീതംകൻതുള്ളൽ

സൂൎയ്യൻെറതെൎത്തടം തന്നിൽവിളങ്ങുന്ന
സാരഥിയായൊരരുണൻമഹാബലൻ
വീൎയ്യമെറുന്നഗരുഡൻെറപൂൎവ്വജൻ
സൂൎയ്യനെതാണുതൊഴുതൊന്നുണൎത്തിച്ചു

## ൯ ഐരാവതപൂജ ഓട്ടൻതുള്ളൽ

ഹാടകനിൎമ്മിത നാടകശാലകളൊട്ടുനടപ്പുര ക്രുത്തമ്പലവും
ഘൊടകശാലകൾ പാഠകശാലകൾ പാടാവുകൾ ചിലചാ
വടിമാടം

## ൧൦ ഗജെന്ദ്രമൊക്ഷം പറയൻതുള്ളൽ

ഇന്ദ്രശ്രീപദംപൊലെ വിളങ്ങും പാണ്ഡ്യരാജ്യത്ത
ഇന്ദ്രദ്യുമ്നനെന്നൊററം പ്രസിദ്ധംഭൂമിപാലെന്ദ്രൻ
ചന്ദ്രശ്രീമഹാകീൎത്തി പ്രകാശംകൊണ്ടഹൊരാത്രൌ
സാന്ദ്രശ്രെയഘൊലൊകം ജയിച്ചുവാണരുളുന്ന

## ൧൧ ധ്രുവചരിതം ശീതങ്കൻ തുള്ളൽ

ഇമ്പംകലൎന്നുള്ള വിഷ്ണുഭക്തന്മാരിൽ
മുമ്പനായുള്ള ധ്രുവന്റെ ചരിതത്തെ
വമ്പിച്ചവിദ്വജ്ജനങ്ങളെല്ലാവരും
അമ്പൊടുകെട്ടിന്നനുഗ്രഹിക്കെണമെ

## ൧൨ അഹല്യാമൊക്ഷം ഓട്ടൻതുള്ളൽ

അതികുടിലഘനസദൃശ നിറമുടയവെണിയും
അത്ഭുതമാകുംനിടിലപ്രദെശവും
രതിരമണകരകമല ചാപത്തിനെററവും
ആതങ്കമെറുന്നചില്ലീവില്ലാട്ടവും

## ൧൩ ഹിഡുംബവധം ഓട്ടൻതുള്ളൽ

ഹസ്തിരഥാദി സമൃദ്ധതപെരുകും
ഹസ്തിനപുരമതിലതിമതി സുഖമൊടു
നിസ്തുലധൃതിധൃത രാജ്യമഹീപതി
നിസ്തുലഭൂപതിവാഴുംകാലം

## ൧൪ കിരാതം ഓട്ടൻതുള്ളൽ

ശ്രീമധുസൂദന ഭക്തശിരൊമണി
സൊമകുലാംബുധി പൂൎണ്ണശശാംകൻ
ഭൂമിപുരന്ദരനായ യുധിഷ്ഠിര
ഭൂമിപനടവിയിൽ വാഴുംകാലം

## ൧൫ പ്രദൊഷമാഹാത്മ്യം ഓട്ടൻതുള്ളൽ

മുതനായുള്ളവിദൎഭാധിപനുടെ
പതിനെട്ടംഗനമാരവരെല്ലാം
കലശലുകൂടിയ സമയെശിവശിവ
പലവഴിഓടിക്കാടുകരെറി.

## ൧൬ ദുൎയ്യൊധനവധം ശീതങ്കൻതുള്ളൽ

ഉപ്പുംപുളിയുംകുടിച്ചുള്ള നീയെങ്കിൽ
ഉല്പതിച്ചീടെടാ വെള്ളത്തിൽനിന്നുടൻ
നീററിൽമുഴുകിക്കിടക്കുന്ന നിന്നെയി
ക്കാററിന്മകൻഞാൻവിളിക്കുന്നകെട്ടില്ലെ

## ൧൭ രാമാനുകരണം ഓട്ടൻതുള്ളൽ

ഉള്ളിൽനിനച്ചിതു രുഗ്മിണിദെവി
കള്ളിലഹംമതി യുണ്ടിഹകിഞ്ചിൽ
ഉള്ളനതാംഗി ജനങ്ങളിലതിശയ
മുള്ളവൾഞാനെന്നുണ്ടൊരുഭാവം

## ൮൮ ശീലാവതിചരിതം ഓട്ടൻതുള്ളൽ

ഭൎത്താവെന്തുപറഞ്ഞെന്നാലതു
ഭാൎയ്യാജനമുടനെ കെൾക്കെണം
ഗുണദൊഷങ്ങൾ വിചാരിക്കെണ്ടാ
ഗുരുജനമൊന്നു നിയൊഗിക്കുമ്പൊൾ

## ൮൯ നാളായണിചരിതം പറയൻതുള്ളൽ

വരിനെല്ലുകൊണ്ടുവന്നു ഉരലിലിട്ടുകുത്തി
അരിയാക്കിവെളുപ്പിച്ചു പരിചിൽപാകവുംചെയ്തു
ഉരിമാത്രംവിളമ്പിത്താനരികെ നിൾക്കുമന്നെരം
ഒരിക്കെവൊരിയുണ്ടിട്ടുക്കിഴവച്ചാർ ചകാരികും

## ൯൦- സഭാപ്രവെശം പറയൻതുള്ളൽ

തുളകൊണ്ടുപിരിച്ചുള്ള ചരട്ടെൽ പൊന്മണികൊൎത്തു
മാലയാക്കിഗളത്തന്നിൽധരിക്കുന്നു ധനികന്മാർ
മുത്തുകൊണ്ടും മാലകൊൾക്കും പവഴംകൊണ്ടുമുണ്ടാക്കും
പുത്തിലഞ്ഞിക്കുരുവുകൊണ്ടും കുന്നികൊണ്ടും ദരിദ്രന്മാർ

## ൯൧ ദക്ഷയാഗംപറയൻതുള്ളൽ
## ൯൨ ത്രിപുരദഹനം പറയൻതുള്ളൽ
## ൯൩ സത്യാസ്വയംബരംഓട്ടൻതുള്ളൽ
## ൯൪ സ്യമന്തകം ഓട്ടൻതുള്ളൽ
## ൯൫ ഹനുമൊത്ഭവം ഓട്ടൻതുള്ളൽ
## ൯൬ പൌണ്ഡ്രകവധം ഓട്ടൻതുള്ളൽ

൯൭ കുഞ്ചൻനമ്പിയാരെക്കുറിച്ചു കൊവുണ്ണിനെടുങ്ങാടി താഴെചെൎത്തിരിക്കുന്നത പൊലെ അദ്ദെഹത്തിൻെറ വ്യാകരണത്തിൽപറയുന്നു

"കുഞ്ചൻഎന്നു പ്രസിദ്ധനായകവി വിശെഷമായ ഒരു രീതിയിൽ തുള്ളലെന്നൊരുവക പാട്ടുണ്ടാക്കി- തുള്ളൽപലതരത്തിലുണ്ടെങ്കിലും മൂന്നുതരംപ്രധാനമാകുന്നു

ഓട്ടൻ
ശീതാകൻ
പറയൻ

ഇവയാകുന്നു- ഇവയെഎല്ലാം പലരും ആരങ്ങത്തു കൊട്ടുംപാട്ടും മെളിച്ചുകെട്ടി ആടുന്നപതിവുണ്ട-

ഓട്ടൻെറ സ്വഭാവം ഒരടിക്കുപതിനാറുമാത്ര- അങ്ങനെ രണ്ടടി ഒരുശ്ലൊകം. അടിക്കുള്ളൂ അക്ഷരമെന്നില്ലാ-

ശീതംകൻ ഇതതുഞ്ചൻപാട്ടിൽ കാകളീഎന്നു പറഞ്ഞതുതന്നെ- ഇതചൊല്ലുന്ന ഗാനരീതിമാത്രം മാറിവരും"

൨൨൯ നംപിയാരെകുറിച്ചും തുള്ളക്കഥയെക്കുറിച്ചും ബി-എ രാമമെനവൻ താഴെപറയുന്ന പ്രകാരം അഭിപ്രായപ്പെടുന്നു-

"മലയാളത്തിൽ തുള്ളൽഎന്നൊരുജാതി പദ്യങ്ങൾഉണ്ടഇതിലുള്ളവൃത്തങ്ങളും തുഞ്ചൻപാട്ടിലുള്ള വൃത്തങ്ങൾ തന്നെയാണ- എന്നാൽഗാനരീതിക്കു വ്യത്യാസംഉണ്ട- ഇതിൽഅക്ഷരക്രമമല്ലാ- താളവട്ടപ്രകാരം ഇത്രഅടിയെന്നും ഒരടിക്കുഇത്രമാത്രയെന്നും തന്നെയാണ- തുള്ളൽഎന്നുപറയുന്നഒരുജാതി മലയാളഭാഷയിലെക്കു പ്രത്യെകമായിട്ടുള്ളതാണ- ഇതിന്റെഛായ സംസ്കൃതത്തിലല്ലാതെ തമിഴിൽ കാണുന്നില്ലാ- കയ്യക്ഷരത്തിൽ എഴുതീട്ടുള്ള തുള്ളലുകൾ ശിഷ്യനായിരുന്ന കൃഷ്ണപ്പണിക്കരുടെ വീട്ടിൽഇരിക്കുന്നുണ്ടെന്ന കെൾപ്പാനുണ്ട തുള്ളൽ ആദ്യംതന്നെ ഉണ്ടാക്കുവാൻ ഉള്ളകാരണം ഒരു ചാക്ക്യാരൊട തമ്മിത്തല്ലിയതിനാലാണെന്നു ജനശ്രുതി

തുള്ളൽ ഓട്ടൻ ശീതംകൻ പറയൻ എന്നിങ്ങനെ മൂന്നുവകയായിട്ടാണ- തുള്ളലിൽഅധികവും ഓട്ടന്റെ മട്ടിലാണഅധികംവൃത്തങ്ങൾ അടങ്ങിയിരിക്കുന്നത- ഇതിൽതന്നെ ഇടയിൽ ശ്ലൊകങ്ങളാകട്ടെ പദങ്ങളാകട്ടെ ശീതംകനിലും പറയനിലും പ്രയൊഗിക്കുവാൻവഹ്യാ- ഓട്ടൻശീതംകനെക്കാൾ അധികം മുറുകിയതാകുന്നു- ഇവമൂന്നിലും അധികം പതിഞ്ഞത പായൻതന്നെ- ഓട്ടത്തിൽ പ്രധാനമായത നളചരിതം- കിരാതംമുതലായതും ശീതംകനിൽ കല്യാണസൌഗന്ധികം ധ്രുവചരിതം മുതലായതും പറയനിൽ ദക്ഷയാഗം ത്രിപുരദഹനം മുതലായവയുംആകുന്നു"

൨൩൦ സംസ്കൃതത്തിൽ നംപിയാര വായിച്ചിട്ടുള്ള ഗ്രന്ഥങ്ങളുടെപെര ധ്രുവചരിതത്തിൽ കാണുന്നതിനെ താഴെ ചെർത്തിരിക്കുന്നു

മാലതിമാധവം ശാകുന്തളംപിന്നെ
ബാലരാമായണം കർപ്പൂരമഞ്ജരി
മാളവികാഗ്നിമിത്രം ചമ്പൂരാശിയും
മെളംകലന്നൊരു മുദ്രാരാക്ഷസം
മല്ലികാമാരുതം നല്ലധനഞ്ജയം
കല്യാണസൌഗന്ധികം പ്രിയദർശികാ

വെണിസംഹാര പ്രബൊധചന്ദ്രോദയം
ബാണംപ്രഹാസനം പിന്നെരത്നാവലീ
ഉത്തരരാമചരിതം നളൊദയം
മാഘംകിരാതാൎജ്ജുനീകവുംഭട്ടയും
മെഘസന്ദെശം രഘുവംശവുംപിന്നെ
ചൊൽക്കൊണ്ട നൈഷധംനീലകണ്ഠൊദയം
സൽകൃതമാം ബാലഭാരതമെന്നിവ
കൌൎമ്മപുരാണവും വിഷ്ണുപുരാണവും
വാത്മീകിരാമായണം മഹാഭാരതം
അദ്ധ്യാത്മരാമായണം ഹരിവംശവും
ശുദ്ധമാംശ്രീഭാഗവതം വിശെഷിച്ച
സ്കാന്ദപുരാണവും വായുപുരാണവും
എന്നുതുടങ്ങിപ്പുരാണം പഠിക്കയും
പ്രക്രിയാകൌമുദി സിദ്ധാന്തകൌമുദീ
പ്രക്രിയാമഞ്ജരികാശികംവൃത്തിയും
പ്രക്രിയാസാരവും നല്ലമനൊരമം
പ്രക്രിയാസൎവ്വസ്വവും പദമഞ്ജരീ
ധാതുവൃത്തിശബ്ദ കൌസ്തുഭംഭൂഷണം
ധാതുവടംനല്ലശുദ്ധാശ്രുവൃത്തിയും

———:o:———

## ൮ാം അദ്ധ്യായം

———

൨൩൭- ഉണ്ണായിവാൎയ്യരുടെദെശംകൊല്ലം ൯൨൭മാണ്ടിടക്കകൊച്ചീസംസംസ്ഥാനത്തു മുകുന്ദപുരം കൊവിലകത്തുംവാതുക്കൽ ഇരിങ്ങാലക്കുടഅംശത്തിൽ ഇരിങ്ങാലക്കുടെക്ഷെത്രത്തിന്ന സമീപംഒരെടത്തു ജനിച്ചു- ബാല്യകാലത്തിലെതാമസവും വിദ്യാഭ്യാസം ചെയ്യതും ഇരിങ്ങാലക്കുടെ ആകുന്നു- ഏകദെശം പ്രാപ്തിആയസമയം തൃശ്ശിവപെരൂർപൊയിതാമസിച്ചുവിദ്യഅഭ്യസിച്ചു ൨൫- വയസ്സു പ്രായമായപ്പൊൾസംസ്കൃതത്തിൽ കാവ്യ നാടകാലംകാരാദികളിൽ നല്ലപണ്ഡിതനായിതീൎന്ന എന്നും അവിടെനിന്നും ൯൫൦മാണ്ടിടക്കതിരുവനന്തപുരത്തുവന്നു മുഖംകാണിച്ചു താമസിച്ചിരുന്നതായുംപറയുന്നു- ആസമയം കുഞ്ചൻനമ്പിയാരു തിരുവനന്തപുരത്തു ഉണ്ടായിരുന്നു- രണ്ടുവിദ്വാന്മാരും തമ്മിൽ ആദ്യപരിചയം ഉണ്ടായതിന്ന കാരണമായി ഒരുകഥപറയുന്നുണ്ട- ഒരു

ഉദ്ദേശംസൂക്ഷ്മമായിട്ടിരിക്കുമെന്ന വിചാരിച്ച താഴെചെൎത്തിരിക്കുന്നു-

൨൩൨- ഒരുദിവസം യദൃഛ്ശയായി രണ്ടുപെരുംഒന്നിച്ച പത്മതീൎത്ഥത്തിൽ കുളിച്ചുകൊണ്ടുനില്ക്കുന്നസമയം ഒരു ശൂദ്രസ്ത്രീയും ശിഷ്യത്തിയുംകൂടി പൊകുന്നതുകണ്ട വാൎയ്യരകാതിലൊല എന്നുപറഞ്ഞുഎന്നും അതിനുത്തരമായിട്ട അടുത്തു നിന്ന പരിചയം ഇല്ലാത്ത നമ്പിയാര നല്ലതാളി എന്നു പറഞ്ഞു എന്നും അന്നുമുതൽ രണ്ടുപെരും തങ്ങളിൽ ഇഷ്ടമായി എന്നും കെട്ടിരിക്കുന്നു- കാ- അതിലൊല- എന്നും നല്ലത- ആളിഎന്നുംഅൎത്ഥം-

൨൩൩- ഉണ്ണായിവാൎയ്യര തിരുവനന്തപുരത്ത താമസിക്കുന്നസമയമാണ ടിപ്പുവിൻെറയുദ്ധം ഉണ്ടായിട്ടുള്ളത- അതിനെക്കുറിച്ചുംവെറെപലകാൎയ്യങ്ങളെസംബന്ധിച്ചും അനെകംമണിപ്രവാളശ്ലൊകങ്ങളും അതുകൂടാതെ പലമാതിരി കീൎത്തനങ്ങളും ഉണ്ടാക്കീട്ടുണ്ട- ഇവഒന്നും ഇപ്പൊൾ അച്ചടിച്ച കാണുന്നില്ല- അന്വെഷിച്ചതിൽ കിട്ടുന്നുമില്ല-വാൎയ്യരുടെ പ്രധാനകവിതനള ചരിതം നാലുദിവസത്തെ ആട്ടക്കഥയും ഗിരിജാകല്യാണം പദ്യവുംആകുന്നു-

൨൩൪- ഈകവിതയെക്കുറിച്ചുവിദ്വാന്മാര ഒക്കയും വളരെശ്ലാഘിച്ചുപറയുന്നതുകൂടാതെ അതിൽനിന്നും അദ്ദെഹത്തിനുമലയാളഭാഷയിലെപ്രധാനകവികളുടെ ശെഖരത്തിൽഒരുസ്ഥാനം ലഭിച്ചു- നാലുദിവസത്തെയുംകഥയിലെ എല്ലാ പദങ്ങളും ശ്ലൊകങ്ങളും മനൊഹരങ്ങളായുള്ളതാകയാൽ അതിൽനിന്നും ഏറ്റവുംനന്നായിട്ടുള്ളത തിരിഞ്ഞെടുക്കുന്നതിനുപ്രയാസമാകുന്നു- എംകിലും ചിലശ്ലൊകങ്ങളും പദങ്ങളും താഴെചെൎക്കുന്ന താകുന്നു-

൨൩൫- അദ്ദെഹം ഈകൃതി തിരുവനന്തപുരത്തുവച്ച ഉണ്ടാക്കിയതായിചിലര പറയുന്നുണ്ട- അതിൻെറനല്ല സൂക്ഷ്മം അറിവാൻപാടില്ല- ഉദ്ദെശം നാല്പാമത്തെ വയസ്സിൽ ൯൭൦മാണ്ട ഇരിങ്ങാലക്കുടെവച്ചുമരിച്ചിരിക്കുന്നതായിട്ടും കെൾക്കുന്നു- അദ്ദെഹത്തിൻെറവംശംഅദ്ദെഹത്തൊടു അവസാനിച്ചതായി അറിയുന്നുണ്ട. വന്നതായിനള ചരിതംകഥയിലുള്ള ഒരുഅറംകൊണ്ട നിശ്ചയിച്ചിരിക്കുന്നു-

അപ്ഷമമദയിതാ
കളിയല്ലന്നതിചിരസൃതാ
പ്രാണനകളയുമതിവിധുരാ
എന്നാൽകുലമിതഖിലവുമറുതിവന്നിതു

൨൩൩- തിരുവനന്തപുരത്തുനിന്നും പൊകുന്നസമയം തിരുമനസ്സുകൊണ്ടു വീരശങ്ങലമുതലായുസമ്മാനംകൊടുത്തിട്ടുണ്ട-ഇത്രാമാണ്ടാണപൊയതന്നാം എത്രകൊല്ലംതിരുവനന്തപുരത്തുതാമസിച്ചുഎന്നുംനല്ലനിശ്ചയമില്ലാ-എംകിലും ഉദ്ദെശം ടിപ്പുവിന്റെ തിരുവിതാംകൊട്ടു ആക്രമംകഴിഞ്ഞ രണ്ടുവൎഷത്തിനിപ്പുറമാണന്നു ചിലർപറയുന്നു-ഈംഭാഗങ്ങളെകുറിച്ചുരെഖാമൂലമായതെളിവുകഠം ഇല്ലാത്തതിനാൽ വാക്കിനെമാത്രം വിശ്വസിച്ചുഎഴുതിയിരിക്കുന്നതാകകൊണ്ടു തെററായികണ്ടാൽ അറിവുള്ളവർ ക്ഷമിക്കണമെന്നു അപെക്ഷിക്കുന്നു-

൨൩൪- ശൃംഗാരവാരിനിധിയായ ഇദ്ദെഹത്തിന്റെ നളചരിതംകഥഒന്നാംതരമാണന്നുഇതിനുമുൻപിൽ പറഞ്ഞിട്ടുണ്ടല്ലൊ- പ്രാസംആദിയിലുംഅന്ത്യത്തിലും ഓരൊവരിഈരണ്ടുഅക്ഷരത്തിലുംഉണ്ട- പാട്ടിനെവിചാരിക്കുംപൊഠംല്ലൊകങ്ങഠം അത്രവെടിപ്പായിട്ടുള്ളതെന്നുപറവാനില്ലാ- മലയാളത്തിൽ മിക്കസ്ഥലങ്ങളിലും സ്ത്രീകളുംപുരുഷന്മാരും ഇതിലുള്ള പദങ്ങഠം പാട്ടിനുനല്ലതാകയാൽ അതിലെക്കായിപഠിച്ചുഉപയൊഗിച്ചുവരുന്നു- കവിക്കു ഈംകഥ ഉണ്ടാക്കുന്നതിനു മൂലമായിഉപയൊഗപ്പെട്ടത ശ്രീഹൎഷൻഉണ്ടാക്കീട്ടുള്ള നൈഷധംകാവ്യംതന്നെ ഈംകഥയിൽചിലഭാഗങ്ങളുടെഭാവങ്ങഠംനൈഷധത്തിൽകാണുന്നുണ്ട-

൨൩൫- വാൎയ്യരെക്കുറിച്ചു ഒരുവിദ്വാന്റെഅഭിപ്രായം താഴെചെൎത്തിരിക്കുന്നു-

"മണിപ്രവാളം ഇത്രനന്നായി മറെറാരുവനുംപ്രയൊഗിച്ചിട്ടില്ലന്നു നിശ്ചയംതന്നെ- പദങ്ങളുടെമട്ടു അല്പംദെശികമാകയാൽ ജനങ്ങഠംക്കുവളരെഇഷ്ടമാണ- പ്രാസംപ്രയൊഗിക്കഎന്നുവച്ചാൽ ഇത്രത്തൊളം മനുഷ്യനാൽസാദ്ധ്യമാകുമൊഎന്നുതൊന്നും- മിക്കപദങ്ങഠംക്കും ആദിയിലുംമദ്ധ്യത്തിലും അന്ത്യത്തിലും പ്രാസംഉണ്ട"-

൨൩൬- നളചരിതം ആട്ടക്കഥയിൽനിന്നുംചിലഭാഗം താഴെചെൎത്തിരിക്കുന്നു-

പുത്രൻതെൻമൊഴിമാർകലത്തിനരിയൊരുത്തംസമാംഭൈമിതൻ
ചിത്തംതാനഥപത്തിനഞ്ചവനറിഞ്ഞിത്ഥംകൃശാംഗ്യാഗിരാ
അത്യന്തംബതമുഗ്ദ്ധയൊടനുസരിച്ചെല്ലാമറിഞ്ഞീടുവാൻ
ഉദ്യോഗിച്ചവിദഗ്ദ്ധനാംഖഗവരൻവൈദൎഭിയൊടുക്തവാൻ

൧ പ്രീതിപൂണ്ടരുളുകയെ ചിന്തിതമെല്ലാം
ഭീമനൃപതിതനയെ
വീതശംകംസഖി മാരിലൊന്നെന്നെന്നെ
ഉറച്ചനീലജ്ജാഭാരം കുറച്ചനിരാകുലം-

൨ കാതരമിഴിമാർമൌലിമാലികെ- ദമ
സൊദരിനിനക്കബാലികെ
ഏതൊരുപുരുഷനിലുള്ളിൽകൌതുകംപാരി-
ലാദരണീയംതസ്യജാതകം
എണമിഴിപറവാൻമടിക്കരുതെ
നാണംകൊണ്ടിനിയെതുംമറയ്ക്കരുതെ
ഞാനുണ്ടതിനുതുണതവസുതനൊ
മാനഹാനിതവവരുത്തുവനൊ
ഹസ്തഗതന്തവവിധുമനീക്ഷിത
മുക്തമിദമ്മമസത്യമിദാനീം-

൩ ഉള്ളതുചൊന്നതിതെന്നാലന്യനം- നവ
പല്ലവതുല്യാംഗിതവകല്യാണം,
നല്ലതുനല്ലതിനൊടെചെരെണം- തവ
വല്ലഭനപരൻതുല്യൻനഹിനൂനം
മെഘവാഹനനെക്കാൾബലവാൻ
മൊഹനാംഗനവനതിഗുണവാൻ
കമനിരത്നകനകങ്ങളുടെ
ഘടനയെഘടനനിങ്ങളുടെ
വിസ്തരമസ്തു- നിശസ്തശശാംകനു
മസ്തഹരൻനളനൊക്കിൽനിനക്കു-

൪ ചെന്നിതുപറവൻനൃപനൊടഭിലാഷം- എന്നാൽ
നിന്നിലുമുണ്ടാമവനുംപരിതൊഷം
അന്യനിലയിതെവരുമൊസന്തൊഷം- എന്നാൽ
മന്നവനുണ്ടാമെന്നിൽബഹുരൊഷം
താതനൊരുവരനുകൊടുക്കുന്നിന്നെ,
പ്രീതിനിനക്കുമുണ്ടാമവനിൽതന്നെ
വിഫലമിന്നുപറയുന്നതെല്ലാം
ചപലനെന്നുപുനരെന്നെചൊല്ലാം
ഇത്ഥമനത്മമുദിതാരമാമതി
നുത്തരമൊതുകസത്വരമിപ്പൊൾ-

൫ നൈഷധനിവന്താനൊരീഷലില്ലമെനിക്കിന്നയം
വെഷമിവണ്ണമാകിൽദൊഷമെന്തിനിക്കിപ്പൊൾ
ഒന്നെനിനക്കുന്നെരംമൊഴിയെ

നളനിതെന്നതന്നെഉറപ്പുതുള്ളിൽവഴിയെ
വെഷംകാണുമ്പൊൾവന്നിടാതൊഷംനിന്നാലൊഴിയെ
വന്നതെൻപ്രാണസന്ദെഹമാപത്സിന്ധുച്ചുഴിയെ
തൊന്നുന്നതെല്ലാമുന്മയൊ
നെരാരുചൊല്ലുവതമ്മയൊ
ഋവനൊടുചെന്നാൽനന്മയൊ
ചാരിത്രത്തിനു വെണ്മയൊ
അറിയാവതല്ലെ-

൩ മാതാവെച്ചെന്നുകാണ്മനിന്നെ
ത്രൈലൊക്യത്തിനുമാതാവെചിന്തിച്ചുഞാൻമുന്നെ
നമ്മക്കലൊകനാഥാനുഗ്രഹംപൊരുമൊന്നെ
ധമ്മസംകടെമാതാവിനിക്കനല്ലന്തന്നെ
അതിലൊകരമ്യചെഷ്ടിതൻ
ഹതദൈവപാശവെഷ്ടിതൻ
ഖലനാശയാഗദീക്ഷിതൻ
അനപെക്ഷണീയൻവീക്ഷിതൻ
വെഷപ്രഛന്നൻ

൪ എൻകാന്തനെന്നൊടൊണ്ടൊവൈരം
ല്ലുന്നിരിക്കിൽഎന്തെതുടങ്ങിഇപ്രകാരം
ഇനിക്കഘൊരവൈകൊട്ടിൽആരുപൊൽപരിവാരം
ഏതുചെയ്താലുംവന്ദിപ്പതിനിങ്ങധികാരം
പാപമെതാപകാരണം
അതെല്ലാമിന്നുതീരണം
വിരഹംമെമന്മദാരണം
അതിലെറെനല്ലുമാരണം
അതിദാരുണം-

൨൬൭- പാൎവ്വതീസ്വയംബരം അല്ലെംകിൽഗിരിജാകല്ല്യാണംഎന്നപെരൊടുകൂടിമലയാളപദ്യംഉണ്ണായിവാൎയ്യരുടെ കവിതയാകുന്നു- അതുകിളിപ്പാട്ടിന്റെ രീതിയിൽതന്നെ ചമച്ചിരിക്കുന്നു-എന്നുവരികിലും കിളിയല്ലാ കവിതന്നെയാണ ഉരചെയ്യുന്നത- ചിലരുടെഅഭിപ്രായത്തിൽഇതവാൎയ്യരുടെ കവനമല്ലന്നുവന്നെക്കാം- തന്നെന്നുനിശ്ചയിക്കുന്നതിനു ആ കവിതയിൽപ്രത്യക്ഷ ലക്ഷ്യങ്ങൾ ഒന്നും ഇല്ലന്നുവരുകിലും ആ കപ്പാടെഅതിലെശബ്ദപ്രയൊഗങ്ങളുംനളചരിതം ആട്ടക്കഥയിലുള്ളതും കൂട്ടിനൊക്കുംപൊൾ ഊഹിക്കാം- വിദ്വാന്മാരായിട്ടുള്ള ചിലമദ്ധ്യകെരളവാസികൾഈഅഭിപ്രായം ശരിയെന്നു സമ്മതിച്ചും ഇരിക്കുന്നു-

൨൬൮- അതിനെ മൂന്നുഅദ്ധ്യായമായിട്ടു ഭാഗിച്ചിരിക്കുന്നു-

൧ാം അദ്ധ്യായം സംഭവകാണ്ഡം- പരമീശ്വരൻ അംഗനാനാശംകൊണ്ടുവിഷാദത്തൊടും വിരക്തിയൊടും കൈലാസത്തിൽതപൊനിഷ്ഠയായിരുന്നവൃത്താന്തംമുതൽപാൎവ്വതിയുടെജനനംവരെ-

൨ാംഅദ്ധ്യായം- തപസ്യകാണ്ഡം- പാൎവ്വതിയുടെ തപസ്സും പരമീശ്വരൻ പ്രത്യക്ഷ്യമായവിവരവും

൩ാംഅദ്ധ്യായം വിവാഹകാണ്ഡം- സ്വയംബരം

൨൱൨- ഠരംകവിത വളരെ നന്നായിട്ടുള്ളതും സാമാന്യം വലുതുംആണ- എന്നാൽഅത്രനടപ്പുള്ളതായി കാണുന്നില്ലാ- അൎത്ഥം ചിലസ്ഥലങ്ങളിൽസ്വല്പംപ്രയാസം- പ്രാസംമുതലായപ്രയൊഗങ്ങൾവെണ്ടുവൊളംഉണ്ടു- അതിൽ ചിലഭാഗംതാഴെ ചെൎത്തിരിക്കുന്നു-

൧ എംകിലൊകെൾക്കപണ്ടുശംകരൻതിരുവടി
അംകിലൊചനനരൻപുംഗവകെതുപുരാൻ
അംഗനാനാശംകൊണ്ടുതിങ്ങിനവിഷാദത്താൽ
മങ്ങിനമനസ്സിങ്കൽപൊങ്ങിനവിരക്തിയാൽ
തുംഗമാംഹിമാദ്രിമെലങ്ങൊരുഭാഗത്തിംകൽ
തൻകലെതന്നെ കണ്ടുതിംകൾമൌലിയുംവാണു
നന്ദികെശ്വരഭൃംഗിപുംഗവാദികൾഭൂത
വൃന്ദവുംതപസ്സിനുതന്നെയങ്ങൊരുംപെട്ടു
തന്നുടെതത്വംകണ്ടങ്ങന്യചിന്തയുംവിട്ടു
സന്തതമിരുന്നിതങ്ങന്തകാന്തകൻചിരം
൨ ഭൊഗികൾക്കൊക്കെയുംഭൊഗവിരഹെണ
ലൊകസ്ഥിതിക്കുമിളക്കംവരികയാൽ
ലൊകെശവാചാ ശതമഖസെവിത
ലൊകമാതാവായമായാഭഗവതി
ആദരപൂൎവ്വകംനാഥമതമറിഞ്ഞു
ആധിലൊകത്തിനുവന്നതുനീക്കുവാൻ
ഭൂധരരാജന്റപുത്രിയായിങ്ങനെ
ഭൂതലത്തിംകൽപുറന്നൊരനന്തരം-

൨൱൩- കലക്കത്തുരാഘവൻനമ്പിയാരു ഉദ്ദെശംകൊല്ലവൎഷം ൯൱൦മാണ്ടിടക്കു കിള്ളിക്കുറിശ്ശിമംഗലത്തു ജനിച്ചു കുഞ്ചൻ നമ്പിയാരുടെ തറവാട്ടുപെര ഉപയൊഗപ്പെട്ടുത്തിയിരിക്കുന്നതിനാൽ ആ തറവാട്ടിൽജനിച്ചആൾതന്നെഎന്നാ ചിലരും ചിലരുഅദ്ദെഹംകുഞ്ചന്റെഉടപ്പിറന്നവളുടെമകനാണെന്നുംപറയുന്നു- അദ്ദെഹത്തിന്റെ താമസവും വിദ്യാഭ്യാ

സവ്വം കിള്ളിക്കുറിശ്ശിമംഗലത്തുതന്നെആയിരുന്നു- തിരുവന ന്തപുരത്താകട്ടെ തൃപ്പൂണിത്തുറയാകട്ടെ വന്നാശ്രയിച്ചതായി അറിയുന്നില്ലാ-

൨൭൮- പാലക്കാട്ടുശെരിരാജാവിന്റെ ആശ്രിതനായി രുന്നുഷ്ണനാം- അവിടെവച്ചാണഅദ്ദെഹത്തിന്റെ പ്രധാന കൃതിയായശാകുന്തളം ആറദിവസത്തെ ആട്ടക്കഥയും ഉ ണ്ടാക്കിയതെന്നും സവ്വസമ്മതം- ശാകുന്തളം ആറദിവസ ത്തെ കഥയും കാളിദാസകവിശ്രെഷ്ഠന്റെ പ്രസിദ്ധപ്പെട്ട ശാകുന്തളനാടകത്തിൽനിന്നും തൎജ്ജിമചെയ്തു കെരളത്തിലെ നാടകമായആട്ടക്കഥസംപ്രദായത്തിൽആക്കീട്ടുള്ളതാകുന്നു- കവിതവളരെശ്ലാഘനീയംഎന്നുസജ്ജനസമ്മതമായിട്ടുള്ളതാ കയാൽ കൎത്താവിനു കീൎത്തിലഭിക്കപ്പെട്ടു-

൨൭൯- ശാകുന്തളത്തിൽ നിന്നും ചിലപദങ്ങളും ശ്ലൊ കങ്ങളും താഴെചെൎത്തിരിക്കുന്നു-

൧ അതിരമ്യമിദംരൂപംനിനക്കുന്നാകിൽ
അലർബാണൻരതിയെയുംമറക്കും
സതതംകാനനെമെവുംഇവൾക്കും
എവംമധുരതഭവിച്ചതുംവിചിത്രം
അധികംമൊടിചെൎന്നീടും ക്ഷിതിപാലാംഗനമാൎക്കും
ഇതുപൊലുള്ളൊരുകാന്തിഭുവനെകാണ്മതില്ല-
അനുവെലംപ്രതഭെദംവഹിച്ചും
പിന്നെമനതാരിൽബഹുഖെദംസഹിച്ചും
തനുഗാത്രിവനന്തന്നിൽചരിച്ചും
ഹന്തതളരുന്നുശിലകളിൽശയിച്ചും
അനുചിതമിവൾക്കെവം അതിഘൊരംതപൊധൎമ്മം
അനുശാസിക്കയാൽനൂനംമുനിനാഥനവിവെകി-
അതുലപുണ്യപൂരെണഭൊഗ്യം
രൂപംഇതഹൊമാമകനെത്രഭാഗ്യം
സതതംപ്രെക്ഷണങ്ങൾക്കയൊഗ്യം
പാൎത്താലധുനാവൽക്കലംകൊണ്ടുശ്ലാഘ്യം
മധുരമാംശരീരത്തിന്നഖിലംമണ്ഡനംതന്നെ
റിധുബിംബെകളങ്കംകൊണ്ടധികംശൊഭയുണ്ടല്ലൊ-

൨ എവംവദന്തംപ്രസമീക്ഷ്യകാന്തം
മനൊരഥംമൂൎത്തമിവൊപയാന്തം
തസ്യാംത്രപാസാധ്വസവിക്ലബായാം
സഖീജനഃപ്രാഹതമാദരെണ-

൨൭൯- കല്ലെക്കുളങ്ങരെ രാഘവപിഷാരടിയുടെഭവനം പാലക്കാട്ടുശെരിയിൽആകുന്നു- ൻ൦൦മാണ്ടിടക്ക ജീവിച്ചിരുന്നതായും രാഘവൻനംപിയാർ മുതലായവരുടെസഹജീവിയായിരുന്നുവെന്നും പാലക്കാട്ടു രാജാവിനെ ആശ്രയിച്ചു പാൎത്തിരുന്നുവെന്നും കെട്ടിരിക്കുന്നു- ഇദ്ദെഹം ബഹുവിദ്വാനം കവിതയിൽ സമൎത്ഥനം ആയിരുന്നു- അദ്ദെഹത്തിന്റെകവനങ്ങളിൽ രാവണൊത്ഭവം ആട്ടക്കഥമാത്രംഇപ്പൊൾ അച്ചടിച്ചുകാണുന്നു- ആ കവിത വളരെ നന്നം പദപ്രയൊഗങ്ങൾ മാധുൎയ്യമായിട്ടുള്ളതും വിദ്വാന്മാർ കെട്ടു ആനന്ദിക്കത്തക്കതുമാകുന്നു-

൨൮൦- പഞ്ചതന്ത്രവും ചാണക്യസൂത്രവും ഇദ്ദെഹംഉണ്ടാക്കിയതാണെന്നു ചിലരുടെഅഭിപ്രായം- അവയിൽപഞ്ചതന്ത്രം കുഞ്ചൻനംപിയാരുടെ കൃതിയാണെന്നുവളരെ വിദ്വാന്മാർ അഭിപ്രായപ്പെടുകയും വളരെലക്ഷ്യങ്ങൾ കാണുകയുംചെയ്തുകൊണ്ടു രാഘവപിഷാരടിയുടെ കവിത അല്ലെന്നു നിശ്ചയിച്ചിരിക്കുന്നു- ചാണക്യസൂത്രത്തിന്റെ കൎത്തൃത്വം സംശയംതന്നെ- ഒരുവെള പിഷാരടിതന്നെഎന്നും വന്നെക്കാം- കാളെജിൽ മുൻഷിയായിരുന്ന ശൂലപാണിവാൎയ്യരുടെ അഭിപ്രായത്തിൽ കുഞ്ചൻനംപിയാരുടെ കവിത എന്നാണ കാണുന്നത- രാവണൊത്ഭവം ഒരുകഥമാത്രംകൊണ്ടു പിഷാരടിയുടെയൊഗ്യതനിശ്ചയിക്കാം- ഇതുകൂടാതെഅനെകംകവിതകൾഅദ്ദെഹംഉണ്ടാക്കിയത ഇപ്പൊഴും വെളിപ്പെടാതിരിക്കാം-

൨൮൧- രാവണൊത്ഭവംകഥയിൽനിന്നും ചില ശ്ലോകങ്ങളുംപദങ്ങളും താഴെചെൎത്തിരിക്കുന്നു-

കാലെമാലിസുമാലിമാല്യവദതിപ്രഖ്യാതരക്ഷൊവരൈഃ
പ്രദ്ധ്വസ്താഖിലതാപസെന്ദ്രനിവഹാംസ്തുസ്തിൻസുരാധീശ്വരഃ
പ്രാപ്യാപായഭയാകലെനമനസാദുഗ്ദ്ധാബ്ധൌചനഞ്ജപ്രഭാൻ
നത്വാതാപസപുംഗവാനഥഗിരംവ്യത്രാരിരിത്യൂചിവാൻ-

൧ കെൾക്ക മെ മുനീശ്വരഗിരം-
ഉൾക്കാമ്പിലെപ്പൊഴുമെകനാമീശനെ
മിക്കവാറുംചെൎത്തുമെവുന്നനിങ്ങടെ
നൽക്കാരുണ്യലെശമുണ്ടായ്വരികിൽ
സാധിക്കാമെവൊന്നുപുരുഷാൎത്ഥമൊക്കവെ-
സജ്ജനത്തെക്കണ്ടാൽതാപമകന്നീടും

സഹ്യാശ്രനെക്കണ്ടൊരന്ധകാരംപൊലെ
ഇജ്ജനംചെയ്തസുകൃതഫലമിതെ
യദൃഛയാനിങ്ങളെക്കണ്ടതുംസാംപ്രതം-
കരുന്നിന്നത്രവരുന്നുനവ്യായയ
വാൎത്തയെന്തുള്ളുജഗത്തുംകലെന്നതും
ആൎത്തരായിവന്നതിൻകാരണവുംചൊൽക
രാത്രിഞ്ചരാൎത്തിയാലെന്നതൊന്നുമെ-
൨ നക്തഞ്ചരാധിപമാല്യവൻ
മദമത്തകായജിതമാല്യവൻ
ഉക്തിംമമശൃണുസാലകടംകട
പൌത്രനിശാചരവാരിധിചന്ദ്ര
ബുദ്ധിമാനെംകിലുംമാനസെ
തവശത്രുമതമറിയേണമെ
മത്തനായ്മെവുമ്പൊൾതെറ്റുംഉപകാൎയ്യം-
ബുദ്ധിമതാംബഹുമാനമതൊൎക്കിലൊ
പാകശാസനാദിവാനവർ
ക്ഷീരസാഗരെചെന്നങ്ങുണൎത്തിനാർ
പാരമാംനിങ്ങടെദൂഷണംകെട്ടപ്പൊൾ
നാഗാരിവാഹനൻകൊപിച്ചതുനെരം
൩ മാകരുശൊകംമമജനനീകെൾ
മാമകവചനമയെ
മതിയിൽനിനക്കൊരുതാപമിദാനീ
മധിഗതമാവതിനെന്തിഹമൂലം
അശ്രുജലധികൊണ്ടെന്നുടെമെയ്യിൽ
അധിവൎഷിപ്പതിനെന്തവകാശം
സാശ്രുജലവദനയായ്പാൎപ്പതിനു
ശശ്വദയിമനമെന്തിഹവദമെ
൪ ധനപതിതന്നുടെപൌരുഷമൊന്നും
മനസിസഹിക്കുന്നില്ലിതുദണ്ഡം
മുനിവരനെക്കണ്ടവനാകാശെ
കനിവൊടുപൊയതുകണ്ടീലയൊനീ
ഹൃദയഗതംമമതനയഗുണാലയ
സുനയഗിരംശൃണുമെ
വിശ്രവസ്സിന്റെസുതനവനുംനീയും
വിശ്രുതനായുന്നവൻനീബലഹീനൻ
ശാശ്വതമെവമുള്ളചിന്തയിനാലെ
ശാശ്വതമായ്മനംതപതിസദാമെ
൫ രാക്ഷസകുലജാതനായ്മരുവുംഞാൻ
യക്ഷെശനുസമമാകയൊവെണ്ടൂ
ഇക്ഷണമവനെഞാൻഹതിചെയ്യാഞ്ഞിൽ
പക്ഷെപറവതുപൊരുമിദാനീം

൧൮൯- ചെലപ്പറമ്പനമ്പൂരി മെലെഴുതിയ കവിശ്രെഷ്ഠന്മാരുടെ ഒരു സഹജീവിയായ ശൃംഗാരകവിയായിരുന്നു- അദ്ദെഹത്തിന്റെ ഇല്ലം കൊഴിക്കൊട്ടു ചാലിയത്തിനു സമീപമായിരുന്നു- ജനനസ്ഥലവും വിദ്യാഭ്യാസം ചെയ്തതും അവിടെതന്നെ ആയിരുന്നു- ബാല്യത്തിലെതന്നെ കവിതയിൽ നല്ലവാസനഉണ്ടായിരുന്നു- ആകാലത്തുവിദ്യപഠിച്ചുകൊണ്ടിരിക്കുന്നസമയം താഴെ ചെത്തിരിക്കുന്നശ്ലോകംഉണ്ടാക്കി അതിനെ ഒാതിക്കൻകെട്ടു എന്താണെന്നു ചൊദിച്ചപ്പൊൾ ഭയപ്പെട്ടു ആനിമിഷത്തിൽ അതിനുപകരം വെറെഒരു ശ്ലൊകംആക്കികെൾപ്പിച്ചു- അതുംതാഴെ ചെത്തിരിക്കുന്നു- ഒാതിക്കൻ അതിനെകെട്ടു വളരെ അതിശയത്തൊടും സന്തൊഷത്തൊടും ഇനി വിദ്യാഭ്യാസംമതിയാക്കാമെന്നു പറഞ്ഞു അന്നുമുതൽമതിയാക്കി-

ആദ്യംപറഞ്ഞശ്ലൊകം

ഭക്ത്യാഞാനെതിരെകളിച്ചുഭഗവൽപാദാരവിന്ദങ്ങളെ
ചിത്തെചെത്താരരക്ഷണംമിഴിയടച്ചമ്പൊടുവാഴുംവിധൌ
അപ്പൊൾതൊന്നിഇനിക്കമാരവിരുത്തുംമന്മസ്ഥിരപ്രൌഢിയും

*                    *                    *

മാറിപ്പറഞ്ഞശ്ലൊകം

ഭക്ത്യാഞാനെതിരെകളിച്ചു ഭഗവൽപാദാരവിന്ദങ്ങളെ
ചിത്തെചെത്താരരക്ഷണം മിഴിയടച്ചമ്പൊടുവാഴുംവിധൌ
അപ്പൊൾതൊന്നിഎനിക്കബാലശശിയുംകൊടീരവുംഗംഗയും
ബ്രഹ്മന്റെതലയും കറുത്തഗളവുംമറ്റുള്ളഭൂതാക്കളും

൧൯൦- അദ്ദെഹം പിന്നീടുകൊഴിക്കൊടു- തൃപ്പൂണിത്തുറ- തിരുവനന്തപുരം- ഈരാജസ്ഥലങ്ങളിൽവന്നു മഹാരാജാക്കന്മാരെ ആശ്രയിച്ചുവളരെനാൾ പാൎത്തും അവരുടെ പക്കൽനിന്നും വളരെ സമ്മാനങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട- നിമിഷകവനത്തിൽ വളരെയൊഗ്യനാകയാൽ നിമിഷകവി എന്നപെരലഭിച്ചു- ഇങ്ങനെതാമസിക്കുന്നസമയത്തും യൌവനകാലത്തുചാലിയത്തുവച്ചും ഉണ്ടായിട്ടുള്ളതായി അദ്ദെഹത്തിനെക്കുറിച്ചു അനെകംകഥകൾഉണ്ട- അവവിശ്വാസയൊഗ്യമല്ലെന്നുവിചാരിച്ചുഇവിടെ ചെൎക്കുന്നില്ലാ-

൧൯൧- അദ്ദെഹം അനെകം ശൃംഗാര ശ്ലൊകങ്ങൾ ഉണ്ടാക്കീട്ടുണ്ട- അതുകൂടാതെ ഭാഷാനൈഷധപ്രബന്ധം ഏ

ന്ന ഒരു കവിത കൂടി ഇദ്ദെഹം ഉണ്ടാക്കിയതല്ലയൊ എന്നു സം
ശയിക്കെണ്ടിയിരിക്കുന്നു ഒരു സ്നെഹിതന്റെ പക്കൽ വച്ചു ഒരു
ഗ്രന്ഥം ഞാൻ കണ്ടു- അതിൽ ആദ്യം ചെർത്തിരിക്കുന്ന ശ്ലൊകം
നംപൂരിയുടെതാകുന്നു എന്നു നിശ്ചയമുള്ളതുകൊണ്ടും കവിത
സാമാന്യത്തിലധികം നന്നായിരിക്കുന്നതുകൊണ്ടും ഒരു വെള്ള
നംപൂരിയുടെതായിരിക്കാമെന്നു വിചാരിക്കുന്നു- ഒരു സം
ശയം വിദ്വാന്മാർ തീർക്കട്ടെ-

ശ്ലൊകം

അൻപത്തൊന്നക്ഷരാളീകലിതതനുലതെ വെദമാകുന്ന ശാഖീ
കൊമ്പത്തെമ്പൊട്ടു പൂക്കും കുസുമതതിയിലെന്തുന്ന പൂന്തെൻകുഴമ്പെ-
ചെമ്പൊത്താർബാണഭംഗപ്രശമനസുകൃതൊപാത്തസൌഭാഗ്യലക്ഷ്മീ
സമ്പത്തെ കുമ്പിടുന്നെൻ കഴലിണ വലയാധീശ്വരി വിശ്വനാഥെ-

൨൭- നംപൂരിയുടെ ശൃംഗാര ശ്ലൊകങ്ങൾ എഴുതു
ന്നതു നീതിക്കു അത്രനന്നായിട്ടുള്ളതല്ലാത്തതും ജുഗുപ്സാവഹവു
മാണ- അങ്ങിനെയുള്ള ശ്ലൊകങ്ങൾ കാൎയ്യസാദ്ധ്യത്തിനെ ഉദ്ദെ
ശിച്ചു ചിലർ ഉണ്ടാക്കുന്നത സഹജമാണെന്നു വിചാരിക്കാം-
എന്നാൽ യാതൊരു ഉപയൊഗവുമില്ലാത്തതും കെവലം നൎമ്മ
ത്തിനെ ഉദ്ദെശിച്ചു മാത്രവുമായിട്ടു ചില അവസരങ്ങളിൽ
ചൊല്ലിയിട്ടുള്ള ശ്ലൊകങ്ങളെ നൊക്കുമ്പൊൾ കവിതയിൽ ന
ല്ലവാസനയുള്ള ആളും നിമിഷകവി എന്നുള്ള പെരു യഥാൎത്ഥ
വും ആകുന്നു എന്നു നിശ്ചയിക്കാം-

൨൮- ഒരു ദിവസം ഒന്നു രണ്ടു സ്നെഹിതന്മാരുമായിട്ടു
തൊട്ടത്തിൽ ഇറങ്ങിനിൽക്കുന്ന സമയം വെലിയിൽ പടൎന്നു കി
ടക്കുന്ന പാവലിൽ കായുള്ളതു കണ്ടു പറിക്കാനായി കൈനീട്ടി
അടുത്തപ്പൊൾ ആ കാ പറിക്കുന്നത അതിനെക്കൊണ്ടു ഒരു
ശ്ലൊകം പറഞ്ഞതിന്മെലെ ആവു എന്നു സ്നെഹിതന്മാർ പറ
കയാൽ കൈ തിരിച്ചു എടുക്കുന്നതു പൊരാ എന്നു വിചാരിച്ചു ഉ
ടൻ തന്നെ ഒരു ശ്ലൊകം പറകയും ആ കാ പറിക്കയും ചെയ്തതാ
യി കെട്ടിട്ടുണ്ടു- അതായത-

പാടത്തിൻകരെ നീലനീലനിറമാൎന്നുല്ലസിക്കൊരാരൊക്ഷമാ
യാടിത്തുങ്ങിയലഞ്ഞുലഞ്ഞു സുകൃതംകൊണ്ടിരിക്കും വിധൌ-
പാരാതെ വരികെന്റെ കയ്യിലധുനാ പീയൂഷധാമെന്നയും
ഞെട്ടിപ്പൊട്ടെ കയ്യുവല്ലിസരസ്സാപാരുള്ള ചെത്തങ്ങളെ-

൨൭൮- ഇരട്ടക്കുളങ്ങരെവാര്യർ- സ്വദെശം അമ്പലപ്പുഴമണ്ഡപത്തുംവാതുക്കലും ജനനസ്ഥലം ശ്രീകൃഷ്ണസ്വാമിക്ഷെത്രത്തിന സമീപവുംആകുന്നു ശെഷക്കാരങ്ങളിപ്പഴും ഉണ്ട ഉദ്ദെശം ൻ൦൦മാണ്ടക്കിപ്പുറമാണജീവിച്ചിരുന്നതെന്നകെട്ടിരിക്കുന്നു- മരണം കാളകുത്തിയാണെന്നു ആദെശത്തുകാരർ പറയുന്നു അദ്ദെഹം കിരാതം ആട്ടക്കഥ ഉണ്ടാക്കുന്ന സമയം ഒരു ദിവസം അമ്പലപ്പുഴെക്ഷെത്രത്തിൽപ്രദക്ഷിണം വച്ചുകൊണ്ട കഥാശെഷം ആലൊചിച്ചപ്പൊഴു "ജന്മമൊടുങ്ങുവാൻ വരാകന്മഷാരെതരെണമെ" എന്നും "ജീവിച്ചതുംപൊരുംപൊരും" എന്നും മനസ്സിൽതൊന്നിചൊല്ലുകയാൽ അതഅറമായിതീൎന്നു- അതിൽവച്ചു കാളകുത്തിമരിച്ചുഎന്നകെൾവി-

൨൭൯- കിരാതംകഥയിൽ സംസ്കൃത പ്രയൊഗം അത്രഅധികംഇല്ലാ- കവിതസാമാന്യം നന്നാകുന്നു-

(പാഞ്ചാലി) ശൃണുവല്ലഭഗുണവാരാന്നിധെ
ഞാൺമെയ്യിതെകാണുന്നെന്നിനിഞാൻ
വരപണ്ടെ:രുവരിഷം ഭവാനുരുതീൎത്ഥങ്ങൾ
കരുതിപ്പൊയി വരുവൊളവുമുളവായിതാപം
ഭവനെവഴിന്നൊരുനമ്മെഇപ്പൊൾ
വിപിനെവാഴിച്ചുരുമീശ്വരൻ
അവയെല്ലാംപറവതെന്തധുനാ-
പുരഹരനുടെചരണാംബുജംകരുതുമ്പൊഴും
പിരിയാതെന്നെനിരൂപിച്ചുകൊള്ളേണം നാഥ
മതിശെഖരനൊടുനീപൊയിവരവുംപാശുപതവുംവാങ്ങി
അതിമൊദം സുമതെവന്നാലും-

൨൮൦- വഞ്ചിപ്പാട്ടആദ്യംഉണ്ടാക്കി പ്രസിദ്ധപ്പെടുത്തിയത രാമപുരത്തുവാര്യരാകുന്നു- അദ്ദെഹംകൊച്ചിയിൽ കണയന്നൂർ കൊവിലകത്തുംവാതുക്കൽക്കാരനാണ- ചിലരുടെ അഭിപ്രായത്തിൽസ്വദെശംഎറണമാന്നൂരെന്നുംകാണുന്നു- സാമാന്യംവായിച്ചുവ്യുല്പത്തിയും കവിതാവാസനയുമുണ്ട- വളരെ ദരിദ്രനായിരുന്നു- വൈക്കത്തുക്ഷെത്രത്തിൽ ഭജനംഇരിക്കുമ്പൊൾ അവിടെ ൻ൨൫മാണ്ടുനാടുനീങ്ങിയ തമ്പുരാൻ എഴുന്നള്ളി-ആസമയംസ്വന്തകവനമായ ചിലകീൎത്തനങ്ങൾചൊല്ലുന്നതുകെട്ടുകല്പിച്ചു അനുഭവിച്ച വാരരുടെ വൃത്താന്തം മനസ്സിലാക്കി- വൈക്കത്തുനിന്നും തിരിച്ചെഴുന്നള്ളുന്ന സമയം അദ്ദെഹം കൂവിൽഹാജരായി എന്നെകൂടെകൊണ്ടു പൊക

ണമെന്നു അപെക്ഷിക്കയാൽ പള്ളിബൊട്ടിൽകൂടി കയറി കൊള്ളുന്നതിനകല്പിച്ചു- ബൊട്ടിൽവച്ചു കല്പനപ്രകാരം ഉണ്ടാക്കിയതാണ കചെലവൃത്തംവെള്ളപ്പട്ടു-കല്പിച്ചുവളരെ സന്തൊഷിച്ചുതിരുവനന്തപുരത്തുഎഴുന്നള്ളിയഉടനെവാരർ അറിയാതെ രാമപുരത്തു സൎക്കാർചിലവിന്മെൽ വാൎയ്യവുംപണിയിച്ചു നടയിൽ ൫൦ പറനിലവും കരംഒഴിവായി കൊടുത്തു- ഒരുസംവത്സരംകൊണ്ടു വാൎയ്യംതീൎന്നു- അപ്പൊൾ വാരരെ കല്പിച്ചുയാത്രഅയച്ചു- ഒന്നും കൊടുക്കാഴികയാൽ വ്യസനിച്ചു പൊയി വൈക്കത്തെചെന്നസമയം രാത്രിയായി- അവിടെ നിന്നും തഹശീൽദാർമുതലായവർവന്നു എതിരെററു തീവട്ടി വാദ്യഘൊഷത്തൊടുകൂടി വാൎയ്യത്തിലെക്കു കൊണ്ടുപൊയി. വാൎയ്യംസ്ഥാനം അവിടെഉണ്ടായിരുന്നു- വളരെസന്തൊഷിച്ചു-

൨൩൭- അതിൽനിന്നും ചിലഭാഗംതാഴെചെൎത്തിരിക്കുന്നു-

എംകിലെല്ലാവരുംകെട്ടുകൊള്ളുതിരുമനസ്സിന്നും
എംകലുള്ള പരമാൎത്ഥംപാട്ടുകൊണ്ടുണ്ടാം
പംകജനാഭാവതാരംപത്തിലുമാധിക്യമെറും
പംകമററനായകൃഷ്ണനെന്നറിഞ്ഞാലും
മാത്സ്യകഛപാദികളിലെഴുംവ്യാജംബലിയൊടു
മത്സരിച്ചുവടുളെളാംവലുതുപൊലും
മത്സ്യാമിരാമപുരത്തുഭഗവാനും ഗൊവിന്ദനാം
ചിത്സ്വരൂപപരബ്രഹ്മംമൂഴ്വവൻതന്നെ-

* * *

ദെവകിയുടെവയററിൽപിറന്നപിള്ളനന്ദന്റെ
ജീവനായയാകുമെശൊദക്കു മാത്രമാനം
ഭാവനാംഗംപത്തുമാസംചുമന്നുഞാൻപെററുണ്ടായ
ഗൊപാലനന്നറ്റിച്ചുപുത്രമെയൊപ്പു
രണ്ടമ്മയുംരണ്ടഛനുമൊരുത്തനുണ്ടായിട്ടുണ്ടൊ
പണ്ടുണ്ടൊനമീശ്വരന്റെകളിയാശ്ചൎയ്യം
ചെണ്ടകൊട്ടിക്കുമാരെയും ചതിക്കയില്ലാദ്യനന്യ
കൊണ്ടുചിലെടത്തുവെണ്ടിവരുംകൈതവം
പിള്ളയായിട്ടുപുറന്നുവീണപ്പൊഴെതുടങ്ങിയ
കള്ളവിദ്യശബരന്റെശരമെൽക്കുംപ്പൊളും
ഉള്ളുയൎന്നഭക്തിയൊടുചിന്തിപ്പൊരെകാത്തുകൊള്ളും
ഉള്ളുതരചെയ്യുന്നൊരംപുതയിരിക്കും
വീരാഭാരതയുംനല്ലനെരുംനടിച്ചെന്നൊരവും
ശ്രീരാമന്റെകൂട്ടുമന്നാലൊരുകാൎയ്യവും

സാധിക്കുന്നകാലമല്ലിതെന്നായിട്ടിരിക്കുംകൃഷ്ണൻ
തിരററകാവട്ട്യംകൊണ്ടുകളിച്ചതെല്ലാം-

൨൭൮- ൻ൧൯൩മണ്ടു നാടുനീങ്ങിയ തിരു മനസ്സുകൊണ്ടു ൻ൭ൻമാണ്ടുകാൎത്തികമാസത്തിൽരാമെശ്വരത്തു എഴുന്നള്ളിയതിനെക്കുറിച്ച ഏറ്റവമാനുക്കാരൻ ഒരുനായനസൃകൃംഇല്ലാത്തമാരാർ ഒരുതുള്ളൽകഥ ഉണ്ടാക്കീട്ടുണ്ടു- കല്പിച്ചതിന്റെ തിരുവനന്തപുരത്തുവന്നസമയം ശെഷ്വാളും തിരുവനന്തപുരത്തു വന്നു ശെംകഥ പാടിഅറിയിച്ചുഎന്നും ആയാൾ ദരിദ്രനായിരുന്നതിനാൽ കല്പിച്ചു ആയാൾക്കരാമപുരത്തു വാഴ്ക്കുകൊടുത്തപൊലെഎല്ലാം സമ്മാനിച്ചതായുംകെട്ടിരിക്കുന്നു-

൨൭൯ കഥയിൽസ്വല്പം താഴെചെൎത്തിരിക്കുന്നു-

ജലയാംബുധിമെഖലയായുള്ളൊരു
മലയാളംപരദെശങ്ങളിലും
ഉലയാതൊള്ളൊരുകീൎത്തിഅശെഷം
വിളയാടിച്ചൊരുവെണാട്ടധിപതി
പാരിടമഖിലംപുകഴപെരുകീടിന
ചാരുതകലരുമനന്തപുരത്തിൽ
പാരമതായൊരുഫണിവരതല്പെ
പരിചൊടുപള്ളിശ്ശയനംചെയ്യും
താമരനാഭൻതിരുവടിതന്നുടെ
താമരമലരടിസതതംമാനസ
താമരയിൽനിധിയസ്സുരുതുംശ്രീ
രാമമഹാനൃപകുലശെഖരനിഹ
ഭൂമിസുരന്മാൎക്കുമൊദ്യമരുകിന
സാമദയാംബുധിയായമഹീപതി
രാമെശ്വരമാം പരരാജ്യത്തിനു
രാജെശ്വരനെഴുന്നള്ളിയവാൎത്തകൾ
ശിഷ്ടന്മാർധരണീസുരർചൊല്ലി
കെട്ടപ്രകാരംപറയുന്നുഞാൻ-

൨൮൦- കൊട്ടൂർഉണ്ണിത്താൻഎന്ന പ്രസിദ്ധനായിട്ടു ഒരുവിദ്വാൻ ശെംകാലത്തുണ്ടായിരുന്നു- മാവെലിക്കരെ മണ്ടപത്തുംവാതുക്കലൊണഭവനം എന്നുകെട്ടിരിക്കുന്നു കൊട്ടാരം കൊട്ടു കൊട്ടൂര കുഞ്ചൻ ഉണ്ണായി രാഘവൻ എന്നആട്ടക്കഥഉണ്ടാക്കീട്ടുള്ളവരുടെപെരൊൽക്കൂടിചെൎത്ത പറയുന്ന കൊട്ടൂർ ഉണ്ണിത്താൻ ഇദ്ദെഹമാകുന്നു- എന്തെല്ലാംകവിതകൾ ഉണ്ടാക്കീട്ടുണ്ടെന്നുഅറിവാൻപാടില്ലാ- ആട്ടക്കഥയല്ലാതെ അധികംഒന്നും കണ്ടമെന്നുതൊന്നുന്നില്ലാ-

൯ാം അദ്ധ്യായം

൧൩൧- മലയാളത്തിൽ തെക്കും പടിഞ്ഞാറും സമുദ്രവും കിഴക്കു ഉന്നതങ്ങളായ പൎവ്വതങ്ങളും ഉണ്ടായിരുന്നതിനാൽ മററ രാജ്യങ്ങളിൽ ഉണ്ടായിട്ടുള്ളതുപൊലെ അതിൽ മഹമ്മദന്മാരുടെയും മഹാരാഷ്ട്രന്മാരുടെയും ആക്രമങ്ങൾ ആദ്യകാലങ്ങളിൽ ഉണ്ടായില്ലാ- എന്നാൽ മലയാളത്തിൽ അടങ്ങിയിരിക്കുന്നദെശങ്ങൾ കൂടിയും കുറഞ്ഞും ശക്തിഉള്ളതായ അനെകം രാജാക്കന്മാരാലും ഇടപ്രഭുക്കന്മാരാലും ഭരിക്കപ്പെട്ടുവന്നതുകൊണ്ടും ൟ രാജാക്കന്മാര സദാകലഹിച്ചുകൊണ്ടിരുന്നതിനാലും ഭാഷയിൽ ഗ്രന്ഥങ്ങൾവൎദ്ധിക്കുന്നതിനിടവന്നില്ലാ- എംകിലും കൊല്ലം ൭൦൦ാമാണ്ടെക്കിപ്പുറം അവരുടെ പ്രജകൾ ഗ്രന്ഥക്രിയ ആരംഭിച്ചുതുടങ്ങി ഇംഗ്ലീഷുകാരുടെ വരവൊടു കൂടി അഭിവൃദ്ധിയായി-

൧൩൨- ഇംഗ്ലീഷുകാർ ആദിയിംകൽ കെവലം കച്ചവടക്കാരായിരുന്നു- അവൎക്കമലയാളത്തിൽ അന്നുഅഞ്ചുതെങ്ങിൽ മാത്രമെകച്ചവടസ്ഥലം ഉണ്ടായിരുന്നുള്ളൂ- ഇതുആരംഭിച്ചതു കൊല്ലവൎഷം ൮൬൦ാമാണ്ടു മുതൽക്കാകുന്നു-ക്രമെണ അവർപ്രബലന്മാരായിതീരുകയുംഇവരുടെപ്രബലത്വംമലയാളത്തിന ൟ കാലങ്ങളിൽവളരെഗുണപ്രദമായിതീരുകയും ചെയ്തു-

൧൩൩- കൊല്ലം ൯൩൦ാമാണ്ടിടയ്ക്കു പാലക്കാട്ടു രാജാവു തന്റെ രാജ്യത്തിൽ ചില ഭാഗങ്ങളെ സാമൂതിരി അപഹരിച്ചെടുത്തിരുന്നതിനാൽ ആശത്രുവിനൊടു യുദ്ധം ചെയ്യുന്നതിനായി അപ്പൊൾ മൈസൂരിൽ ഉൽക്കൎഷം പ്രാപിച്ചുതുടങ്ങിയ ഭയംകരമായ ഹൈദരാലിയൊടു അപെക്ഷിച്ചു- ഇങ്ങിനെ ആദ്യം മഹമ്മദസൈന്യം മലയാളത്തിൽ കടന്നു- വീണ്ടും ഹൈദർ തന്നെ മലയാളത്തെ ആക്രമിച്ചു കണ്ണൂർ മുതൽ കൊച്ചിയിലെഅതൃത്തിവരെയുള്ള കൊലസ്വരൂപം നെടിയിരിപ്പുസ്വരൂപം ൟ ദെശങ്ങളെസ്വാധീനപ്പെടുത്തി- ൟ സമയം സാമൂതിരികൊവിലകം തീ വച്ചുകളഞ്ഞതായി കെട്ടിരിക്കുന്നു- മൂന്നാമത പിന്നെയും ഒരു ആക്രമണം ഉണ്ടായി പിന്നീടുഹൈദരിടെമരണശെഷം ടിപ്പു അതുപൊലെആരംഭിച്ചു- അതിന്റെവിവരം താഴെപറയുന്നു-

൨൱൪- ൧൭൯൦ാമാണ്ട ടിപ്പു മലയാളത്തെ ആക്രമിച്ചു- തനിക്കുവിരൊധികളായിരുന്ന ഹിന്തുക്കളൊടും മാപ്പിളമാരൊടും പ്രതികാരം ചെയ്യുന്നതിന തുനിഞ്ഞ നിൎദ്ദയന്മാരും അപരിഷ്കൃതന്മാരുമായ ജനങ്ങളുടെ ഒരു സംഘത്തൊടുകൂടി വന്നു തന്റെ മതത്തിൽ എത്രയും പ്രതിപത്തിയുണ്ടായിരുന്ന ടിപ്പു വളരെ തലമുറയാൽ ആൎജ്ജിക്കപ്പെട്ടിട്ടുള്ള അനവധി ദ്രവ്യങ്ങളുടെ നിധാനങ്ങളായ അനെകം പ്രാചീന ക്ഷെത്രങ്ങളെയും അനെകം നാളായിട്ട വളരെ പ്രയാസപ്പെട്ട താളി ഓലയിലെഴുതിയ മലയാളഗ്രന്ഥങ്ങൾ ഇരിപ്പുള്ള പാഠകശാലകളെയും അനെകം ഗ്രഹസ്ഥന്മാരായ നംപൂരിമാരുടെ ഇല്ലങ്ങളെയും നശിപ്പിക്കയും അവരെ പിടിച്ചു മരണത്തെക്കാൾ ഭയംകരമായിരിക്കുന്ന മതത്തിൽ ചെൎക്കയും ചെയ്തു- അപ്പൊൾ വടക്കുനിന്നും ഓടിപ്പൊവാനിടയുണ്ടായ നംപൂരിമാർ ഗ്രഹസ്ഥന്മാർ നായന്മാർ മുതലായവര സകലതും ഉപെക്ഷിച്ചു തിരുവിതാംകൂർ സംസ്ഥാനത്തെക്ക ഓടിപ്പൊകുന്നതിന ഇടയാകയും ചെയ്തു-

൨൱൫- ഇങ്ങനെ അതുവരെ വൎദ്ധിച്ചുവന്നു അന്നു മലയാളഭാഷക്കവലുതായ ഒരു ഗ്രഹപ്പിഴ ഉണ്ടായി- ശുദ്ധമലയാളം മംഗലപുരം മുതൽ തെക്ക കൊല്ലംവരെ ആകുന്നു- ഇവിടെയാണ അധികം വിദ്വാന്മാരുടെ വാസസ്ഥലം- അതിൽ വരാപ്പുഴവരെയുള്ള സ്ഥലം അത്രയും അതിക്രൂരനായ മൈസൂർശാൎദ്ദൂലത്തിനാൽ അവരുടെ അനെകനാളത്തെ അദ്ധ്വാനം അത്രയും നിഷ്ഫലമാക്കിത്തീൎത്തു എന്നു മാത്രമല്ല അതിൽവച്ചു മലയാളഭാഷക്ക വളരെ നഷ്ടവും സംഭവിച്ചു-

൨൱൬- വീണ്ടും മലയാളഭാഷാ സാവധാനത്തിൽ പുഷ്ടിയെ പ്രാപിച്ചുതുടങ്ങി- ഈ വൎദ്ധനക്ക മുഖ്യമായിട്ടുള്ള കാരണം മലയാളരാജ്യം ഇംഗ്ലീഷുകാരുടെ കൈവശം വന്നതാകുന്നു- യുദ്ധം രൊഗങ്ങൾ മുതലായിട്ടുള്ളവ കുറഞ്ഞും സമ്പത്ത വൎദ്ധിച്ചും വരികയാൽ വിദ്യാഭ്യാസം നാൾക്കുനാൾ കൂടിവന്നു-

൨൱൭- മലയാളത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന പലവക മിശ്യൻ സഭക്കാരിൽനിന്ന മലയാളഭാഷക്കുണ്ടായിരിക്കുന്ന സമ്പാദ്യം അപരിമിതമായിട്ടുള്ളതാകുന്നു അവർ ഈ നാട്ടിൽ അച്ചുക്കൂടങ്ങളും പാഠകശാലകളും ഏൎപ്പെടുത്തി നമ്മുടെ ഭാഷയിൽ പുസ്തകങ്ങൾ അച്ചടിപ്പിച്ചു വ്യാപിപ്പിച്ചതുകൂടാതെ മതസം

ബന്ധമായും ശാസ്ത്രസംബന്ധമായും മററും അനെകം പുസ്ത കങ്ങൾ ഇംഗ്ലീഷിൽനിന്നും മലയാളത്തിൽ തർജ്ജിമ ചെയ്തു മല യാളികളെ അഭ്യസിപ്പിച്ചും തുടങ്ങി- അവരുടെ ആഗമനവും വൃ ത്താന്തവും ചുരുക്കമായി താഴെ വിവരിക്കുന്നു-

൨൩൮- ാമത മംഗലപുരത്ത സ്ഥാപിക്കപ്പെട്ടിരിക്കുന്ന ബെസൽജർമ്മൻമിഷ്യൻ ആകുന്നു- ഇതിലെ ചെറ്പാതിരിമാർ മലയാളത്തിൽ പദ്യഗദ്യങ്ങളായിട്ടു എന്താണെങ്കിലും അ വരെക്കയും വായിച്ചു ഗ്രഹിച്ചു അജ്ഞാനികളുടെ ജ്ഞാനാഭിവൃദ്ധി ക്കായി വെദപുസ്തകങ്ങളും മററും മലയാളത്തിൽ തർജ്ജിമചെയ്തു അച്ചടിപ്പിച്ചുതുടങ്ങി-

൨൩൯- ാമത കൊട്ടയത്തു സ്ഥാപിക്കപ്പെട്ടിരിക്കുന്ന ചർച്ചമിഷ്യൻ സഭക്കാരരു- ഈ സഭക്കാരരു മലയാളത്തിൽ വരു ന്നതിൻ കാരണം താഴെ പറയുന്നു- ക്രിസ്തുവർഷം ൧൮൦൬ ാമാണ്ടു ഡാക്ടർ ബുക്കാനൻ സായ്പ മലയാളത്തിൽ വന്നിരുന്ന സമയം സുറിയാനി ഭാഷയിൽനിന്നും വെദപുസ്തകം മലയാളത്തിൽ ത ർജ്ജിമചെയ്യിപ്പിച്ചു- ഈ പുസ്തകങ്ങൾ മലയാളഭാഷയിൽ അച്ചടി പ്പിച്ചു പ്രസിദ്ധംചെയ്യുന്നതിനായി തിരുവിതാംകൊട്ടുനിന്നും സിറിയാനികൾക്ക ഇനാമായിട്ടു അപ്പൊൾ അവിടെ റസി ഡണ്ടായിരുന്ന മെസ്സർമണ്രൊസായ്പിന്റെ ഉത്സാഹത്തിനാ ലും ശിപാർശിനാലും ദ്രവ്യം കൊടുത്തു- തർജ്ജിമചെയ്യുന്നവ ർക്കും മററും സുറിയാനിക്കാർക്കു ത്രാണി പൊരാഴികയാൽ മ ണ്രൊസായ്പ മുഖാന്തരം ചർച്ചമിഷ്യൻ പാതിരിമാരുടെ സഹായ ത്തെ അപെക്ഷിച്ചു ൧൮൧൬-ൽ നൊർട്ടൻ എന്ന പാതിരി ആ ലപ്പുഴെ വന്നിറങ്ങി- ഈ പാതിരിയുടെ താമസം പതിവായിട്ടു ആലപ്പുഴെ ആയിപ്പൊയതിനാൽ റവറണ്ട മെസ്സർ ബെയിലി- മെസ്സർ ഫെൻ- മെസ്സർ ബെക്കർ ഈ മൂന്നു പാതിരിമാരും വ ന്നു കൊട്ടയത്ത താമസിച്ചു-

൨൪൦- വെദപുസ്തകം പെരുതിരിച്ചു അച്ചടിപ്പിക്കുന്ന തിനും സിറിയൻ മെത്രാപ്പൊലിത്തായൊടു കൂടി സിമ്മിനാറി വ കമതലിൽ ഉൾപെട്ട കാര്യങ്ങൾ അന്വെഷിക്കുന്നതിനും മററും ബെയിലി സായ്പും- സമ്മിനാറിയിലെ പഠിത്വം നടത്തിക്കുന്നതി ന ഫെൻ സായ്പും- വടക്ക കണ്ണൻകുളങ്ങര മുതൽ തെക്ക തി രുവനന്തപുരം വരെ സുറിയാനിഇടവകയിൽ പള്ളിക്കൂടങ്ങൾ

എഴുപ്പെടുത്തുന്നതിനും ചച്ചമിഷ്യൻവക മുതൽ കൊണ്ടു അവരെ പഠിപ്പിക്കുന്നതിനും ബെക്കർസായ്പും ആയിരുന്നു-

൨൯൪- കൊട്ടയം സിമ്മിനരിയിൽ സംസ്കൃതം-മലയാളം മുതലായ ഭാഷകൾ കൂടി പഠിപ്പിച്ചു- ഒടുവിൽ സിറിയൻസഭക്കാരും ചച്ചമിഷ്യൻസഭക്കാരും തങ്ങളിൽ രസമല്ലാതാകയാൽ വെർപെട്ട ചച്ചമിഷ്യൻവകക്കാററു കൊട്ടയത്തു പ്രത്യെകം ഒരു സിമ്മിനറിയും കൊച്ചി തിരുവിതാംക്കൂർ വടക്കൻ പ്രദെശങ്ങൾ ഇവിടങ്ങളിൽ പള്ളിക്കൂടങ്ങളും കെട്ടിച്ച അഭ്യസിപ്പിച്ചുതുടങ്ങി- കൊട്ടയത്ത ഒരു അച്ചുക്കൂടവും എഴുപ്പെടുത്തി-

൨൯൫- ഇതിനും അല്പം മുൻപു നാഗരുകൊവിലിൽ ലണ്ടൻമിഷ്യൻ സഭക്കാർ വന്നുചെന്നു- അവർ കന്യാകുമാരിമുതൽ തിരുവനന്തപുരം വരെയുള്ള പ്രദെശങ്ങളിൽ വിദ്യാഭിവൃദ്ധിക്കുവഴിനൊക്കി-

## ൧൦-ാം അദ്ധ്യായം

൨൯൬- ചൊതിതിരുനാൾ കുലശെഖരപ്പെരുമാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു ൯൮൮-ാമാണ്ടുമെടമാസത്തിൽ അവതരിച്ചു- അപ്പൊൾമുതൽക്കുതന്നെ രാജ്യത്തെക്കു അധിപതിയായിരുന്നു- എങ്കിലും ൧൬ തിരുവയസ്സുതികഞ്ഞു തിരുമാടമ്പ കഴിയുന്നതുവരെ ആ തിരുമനസ്സിലെ മാതാവിന്റെ സഹൊദരി ഉത്രട്ടാതിതിരുനാൾ റാണിപാവ്വതിഭായി അവർകൾ ആൾപ്പെരായി രാജ്യംഭരിച്ചു- ൧൦൦൪-ാമാണ്ടു തിരുമനസ്സിലെക്കു പട്ടംകെട്ടി രാജ്യഭാരംതുടങ്ങി- ആയാണ്ടിൽതന്നെ തുലാപുരുഷദാനവും ൧൦൦൫-ൽ പത്മഗർഭദാനവും കഴിച്ചു-

൨൯൭- ടി തിരുമനസ്സുകൊണ്ട രാജ്യകാൎയ്യങ്ങളിൽ സ്വബുദ്ധികൊണ്ടുതന്നെ ന്യായമായ തീൎച്ചയും വലിയ അധികാരികൾ കുററംചെയ്താലും ദാക്ഷിണ്യംകൂടാതെ നീക്കുകയും വളരെ ദാനധൎമ്മങ്ങൾ ചെയ്കയും ചെയ്തുകൂടാതെ പുത്തൻമാളിക രഥം മുതലായവിശെഷസാധനങ്ങളെ ഉണ്ടാക്കി അനുഭവിക്കയുംചെയ്തു- ൧൦൨൨-ാമാണ്ട ധനമാസത്തിൽ നാടുനീങ്ങി വൈകുണ്ഠലൊകത്തെപ്രാപിച്ചു-

൧൯൮- ഈ തിരുമനസ്സിലെ ഖ്യാതി കെട്ടു ദൂരദെശങ്ങളിൽനിന്നും വളരെവിദ്വാന്മാർതിരുവനന്തപുരത്തു വരികയും കല്പനപ്രകാരംഇവിടെപാൎക്കുകയുംചെയ്തിട്ടുണ്ടു- ഈ തിരുമനസ്സുകൊണ്ടു വളരെ ബുദ്ധിമാനും സാഹിത്യത്തിലും സംഗീതത്തിലും പലഭാഷകളിലും നല്ലപണ്ഡിതനുമായിരുന്നു-

൧൯൯- തിരുമനസ്സുകൊണ്ടു അനെകം കീൎത്തനങ്ങളും പദങ്ങളും വൎണ്ണങ്ങളും പ്രബന്ധങ്ങളും സംസ്കൃതം തെലുങ്കു മലയാള മണിപ്രവാളം മുതലായഭാഷകളിൽ ഉണ്ടാക്കീട്ടുണ്ടു- അവകളെയുംമലയാളത്തിലും പരദെശങ്ങളിലും ഭാഗവതന്മാർ ഇപ്പഴും പാടിവരുന്നു- മിക്കതുംഅച്ചടിച്ചിട്ടുള്ളതായുംകാണുന്നു-

൨൦൦- പ്രബന്ധങ്ങളിൽ മുഖ്യമായിട്ടുള്ളതു ഉത്സവവൎണ്ണനംമണിപ്രവാളപ്രബന്ധവും സംസ്കൃതത്തിൽ അജാമിളൊപാഖ്യാനവുംകുചെലൊപാഖ്യാനവും മണിപ്രവാള പദങ്ങളും സംസ്കൃതകീൎത്തനങ്ങളും പദങ്ങളുംആകുന്നു- തിരുമനസ്സുകൊണ്ടുണ്ടാക്കീട്ടുള്ള ഉത്സവവൎണ്ണനംമണിപ്രവാളം പ്രബന്ധത്തിൽ മൂന്നു ശ്ലൊകം താഴെചെൎത്തിരിക്കുന്നു-

൧ ദ്വിരദവദനനാകുംദെവനെയുംപ്രമൊദാൽ
സരസിജഭവജായാംശാരദാദെവിയെയും
ഗുരുവരനെയുമസ്മൽഗൊത്രജന്മാരെയുംഞാൻ
പരിചിനൊടുതഭക്ത്യാസന്തതംകൈതൊഴുന്നെൻ-

൨ ഫണിപരിവൃഢതല്പെയൊഗനിദ്രാമുപെത്യ
പ്രണയിനികളതാകുംശ്രീധരാഭ്യാംലസിക്കും
പ്രണതജനസമൂഹത്തിന്നുകല്പദ്രുകല്പൻ
തുണഇഹകവിതായാംചെയ്യണംപത്മനാഭൻ.

൩ ശ്രീമാധവന്റെചരിതങ്ങൾകഥിപ്പതിന്നു
കാമംസമൎത്ഥനഹമെന്നിതുരയ്പതെല്ലാം
സീമാവിഹീനദുരിതക്ഷതയെതദീയ
നാമാനുകീൎത്തനമൃതെപരമെന്തുപായം-

൨൦൧- ഇരവിവൎമ്മൻ തമ്പി- ഇദ്ദെഹത്തിംകൽനിന്നും മലയാളഭാഷക്കുവളരെ ഗുണങ്ങൾസിദ്ധിച്ചിട്ടുണ്ടു- ൯൫൮ാമാണ്ടു തുലാമാസത്തിൽ പൂരുരുട്ടാതി നക്ഷത്രത്തിൽ തിരുവനന്തപുരത്തു കൊട്ടയ്ക്കകത്തു കിഴക്കെമഠത്തിൽപിറന്നുണ്ടായി- ഇദ്ദെഹം ൯൭൩ാമാണ്ടു നാടുനീങ്ങിയവലിയതംപുരാൻ തിരുമനസ്സിലെഅനുജൻ വടക്കെകൊട്ടാരത്തിൽ ഇളയ തംപുരാ

ൻെറമകളുടെയും വിദ്വാനാകയാൽ ശാസ്ത്രിതംപാൻഎന്നുപ റയുന്ന നടുവിലെകൊവിലകത്തു കെരളവൎമ്മൻതംപാൻെറ യുംമകനാകുന്നു-

൨ൻ- ൯൩൦മാണ്ടുമുതൽ വിദ്യാഭ്യാസം ആരംഭിച്ചു- ഗുരു മൂത്താട്ടു ശംകരൻഇളെതായിരുന്നു- വളരെബുദ്ധിമാനാ യിരുന്നതിനാൽ സ്വല്പകാലംകൊണ്ടു സംസ്കൃതത്തിൽ തൎക്ക വ്യാകരണ പുരാണ നാടകാലംകാരങ്ങളിൽ അനെകംഗ്രന്ഥ ങ്ങൾ നൊക്കി വലിയവിദ്വാനും സംപന്നനുമായിതീൎന്നു- ആ ദ്യമെതന്നെ രാജവംശത്തൊടുള്ള സംബന്ധംകൊണ്ടു ഇവി ടെ കുലശെഖരപ്പെരുമാളെ ആശ്രയിച്ചുതന്നെ പാൎത്തു- ഇ ങ്ങനെ ൯൭൩- ൯൨൭- ൯൯൦- ൧൦൨൨- ൧൦൨൨- ൧൦൩൩ ഈ ആണ്ടുകളിൽ നാടുനീങ്ങീട്ടുള്ള മഹാരജാക്കന്മാരെ ആ ശ്രയിച്ചുസെവിച്ചു-

൨൨൦- ൧൦൩൧ാമാണ്ടു കൎക്കടകമാസത്തിൽ ൭൩ാം വ യസ്സിൽ മരിച്ചിരിക്കുന്നു- ഇദ്ദെഹത്തിൻെറകൃതികളിൽ അറി വുകിട്ടിയെടത്തൊളം താഴെകാണിക്കുന്നു-

ആട്ടക്കഥ ൩- ൧-കീചകവധം- ൨- ദക്ഷയാഗം- ൩ ഉത്തരാസ്വയംബരം- തിരുവാതിരപ്പാട്ടു ൨- സുഭദ്രാഹരണം രാസക്രീഡ- വാസിഷ്ഠംകിളിപ്പാട്ടു- മുറജപപ്പാന- അനെ കംമണിപ്രവാളശ്ലൊകങ്ങൾ-കീൎത്തനങ്ങൾ- പദങ്ങൾ-വൎണ്ണ ങ്ങൾമുതലായതു- അനെകം വാതൽതുറപ്പാട്ടും താരാട്ടു- കുമ്മി ഊഞ്ഞാൽപാട്ടു- നവരാത്രിപ്രബന്ധം- ഇതുകൂടാതെ അ നെകംസംസ്കൃതശ്ലൊകങ്ങൾ പദങ്ങൾ കീൎത്തനങ്ങൾ മുതലാ യതും ഉണ്ടാക്കിട്ടുണ്ടു-

൨൨൧- ഇതിൽമിക്കതും ഇപ്പൊൾഅച്ചടിപ്പിച്ചു കാണു ന്നുണ്ടു- ആദ്യം കവിതആരംഭിച്ചത ൧൪ാം മത്തെവയസ്സിലാ കുന്നു- ൧൪ാമത്തെവയസ്സിൽ ഒരുശ്ലൊകംഉണ്ടാക്കി- ൯൭൩ ൽ നാടുനീങ്ങിയതിരുമനസ്സിലെതിരുമുമ്പാകെഅടിയറവച്ചതി ൻെറശെഷം അതിനെക്കണ്ടുൎത്തൽക്കാലം സന്തൊഷിച്ചുകല്പി ക്കാതെഇപ്പൊൾകവിതകൾഉണ്ടാക്കാറായിട്ടില്ലന്നും ഇനിയും കുറെക്കൂടെപഠിച്ചതിനു മെൽ മതിയെന്നുംതിരുവുള്ളക്കെടുപൊ ലെ ഭാവിച്ചു അദ്ദെഹത്തിനെ ടും പിന്നീടു സെവകന്മാരി ൽചിലരൊടു ഞാൻ ഇപ്പൊൾ ശ്ലൊകത്തിനെ കണ്ടു സ

റെതാഷിച്ചുപറഞ്ഞാൽ ഇവൻപഠിത്വംമതിയാക്കി കവിതയിൽ ഉത്സാഹിയായിതീരുന്നതാകകൊണ്ട അങ്ങനെവരരുതെന്നു വിചാരിച്ചാണദെഷ്യപ്പെട്ടതുഎന്നും ൧൭ാം പ്രായത്തിൽഇങ്ങിനെശ്ലൊകംഉണ്ടാക്കിയതിൽസന്തൊഷമില്ലാഴികയാലല്ലെന്നും ഇവൻ മെലും നന്നായി വരുമെന്നും ഒരു അനുഗ്രഹമായും കല്പിച്ചതായികെട്ടിരിക്കുന്നു- ൧൯ാമത്തെവയസ്സിൽ ൻവന്നൽ മനസ്സിലെകല്പനപ്രകാരം ഉത്തരാസ്വയംബരം ആട്ടക്കഥ ഉണ്ടാക്കി-

൨൯൨- അദ്ദെഹംഉണ്ടാക്കീട്ടുള്ളകവിതകളിൽ ആദ്യം താഴെഎഴുതിയിരിക്കുന്നശ്ലൊകം കാണുന്നു-

രമ്യചൂതംചികവനം
പ്രവിശെതൃത്രസൂചിതാ
അത്രിവണ്ണ്യാല്പാല്പപാദെ
യാകവെൎമ്മാനദാഭിധാ-

ഇതിൽആദ്യപാദത്തിൽ ഒന്നാം അക്ഷരവും ൨ാം പാദത്തിൽ രണ്ടാംഅക്ഷരവും ൩ൽ മൂന്നാംഅക്ഷരവും നാലിൽ നാലാംഅക്ഷരവും എടുത്തചെൎത്തും ആദ്യത്തെ പാദത്തിൽ മൂന്നക്ഷരംതള്ളിശെഷംകൂട്ടിയുംനൊക്കിയാൽ ഇന്നാരുടെ കവനം എന്നൎത്ഥമാകുന്നു-

൨൯൩- ൧൦൧൨ാമാണ്ടിടക്ക പാണ്ടിയിൽനിന്നും മഹാവിദ്വാന്മാരായിട്ട രണ്ടശാസ്ത്രിമാർവന്ന തിരുമുമ്പിൽവച്ച പ്രസംഗംചെയ്തതായും അവരവളരെ പ്രയാസമായിട്ടരണ്ടശ്ലൊകംഎഴുതിതൃക്കയ്യിൽകൊടുത്തതിന്റെതാല്പൎയ്യം ഇരവിവൎമ്മൻതമ്പിഅദ്ദെഹം സഭയിൽവച്ച പറഞ്ഞതുകൂടാതെ സ്വയമായി ഉണ്ടാക്കപ്പെട്ടരണ്ടശ്ലൊകംകൊണ്ട ശാസ്ത്രിമാരെ മടക്കിയെന്നാംകല്പിച്ചവളരെസന്തൊഷിച്ചരണ്ടകൈക്കുംഅട്ടത്തൊടൻവീരശ്ശംഖലകൊടുത്തതായും കെട്ടിരിക്കുന്നു-

൨൯൪- ആദ്യം ആട്ടക്കഥനൊക്കാം-അദ്ദെഹത്തിന്റെ മൂന്നആട്ടക്കഥയും വളരെഅത്ഭുതതരങ്ങളായ കവിതയായിരിക്കുന്നു-ശൃംഗാരരസത്തിൽ ഉണ്ണായിയുടെപൊലെഉള്ളെന്നു വരികിലും മറെറല്ലാരസത്തിലും ഇദ്ദെഹത്തിന സാമ്യനായിട്ട ഇതരആട്ടക്കഥകവികൾ ഇല്ലെന്ന തന്നെപറയണം- പൊരിനവിളിഇതൃനന്നായിട്ട ഈ മൂന്നുകഥകളിലും ഉള്ളതുപൊലെമറെറാരുകഥയിലുംഇല്ലെന്നുതന്നെപറയെണ്ടിയിരിക്കുന്നു-

ശബ്ദപ്രയോഗങ്ങളും ഗാംഭീൎയ്യവും ഇത്രഎന്ന വൎണ്ണിപ്പാൻ പാടില്ല-

൨൭൭- ആട്ടക്കഥകളിൽനിന്നും ചിലഭാഗങ്ങൾ എടുത്ത താഴെ ചേൎത്തിരിക്കുന്നു- അതിൽദക്ഷയാഗം ൯൩൭ മാണ്ടു നാടുനീങ്ങിയതിരുമനസ്സുകൊണ്ടു ഇളമുറസ്ഥാനത്തിൽ ഇരിക്കുമ്പോൾ അവിടത്തെ കല്പനപ്രകാരം ഉണ്ടാക്കിയതാണെന്നു താഴെപറയുന്നശ്ലോകം കൊണ്ടു നിശ്ചയിക്കാം-

ശ്രീരാമവൎമ്മ കുലശേഖര സോദരസ്യ
മാൎത്താണ്ഡവൎമ്മയുവഭൂമിപതെൎന്നിദേശാൽ
കേനാപിതൽപദജുഷാകിലദക്ഷയാഗ
നാട്യപ്രബന്ധമളിതം സുധിയഃപുനന്തു.

൧ നളിനങ്ങളുളിപ്പൂന്തമിളിതങ്ങൾ കാന്തമാർതൻ
അളകാഞ്ചിതാസ്യങ്ങൾ പൊൽവിളങ്ങീടുന്നു
പുളിനങ്ങൾതന്നിൽ നല്ലകളഹംസലീലകണ്ടു
കളിയല്ലെമനതാരിൽവളരുന്നുപരിതോഷം
ശരദിന്ദുകാന്തികൊള്ളും വരകംബുമണിയൊന്നു
അരവിന്ദപത്രംതന്നിൽ മരുവീടുന്നു
പരമിന്നിതിനെക്കണ്ടുപെരുകുന്നുകൌതുഹലം
വിരവൊടിതിനെയിപ്പോൾകരഗതമാക്കീടുവൻ

൨ ഗ്രൂഢമാംമദെനചന്ദ്രചൂഡമന്ദിരത്തിൽവന്നു
ഗ്രൂഢമായികടന്നീടുന്ന മൂഢനാരെടാ
ഇത്രിലൊകപതി വിരിഞ്ചപുത്രനെതട്ടുന്നീയു
മെത്രമൂഢനത്രനിന്നു പൊകപൊകനീ
തവപിതാവിനും സമസ്തഭുവനവാസികൾക്കുമെൻെറ
ശിവനധീശനറികദാസനവനഞാനഹൊ
ഹന്തഹന്തമമമഹത്വമെന്തറിഞ്ഞു മൽസുതസ്സു
കാന്തനാംശിവൻെറദാസഹതകനായനീ
കുമതികൾക്കുദൃശ്യനല്ല മമമഹെശനറിക മൂഢ
ഖിമപിതാമസിച്ചിടാതെ യാഹിദുൎമ്മതെ

൩ എന്തിഹതവകാൎയ്യം ജളവരുവതിനെന്തിഹ
ഹന്തമഹാജന സഭയിലിരിപ്പതിനൎഹതയില്ലിഹതെ
അസ്ഥിയണിഞ്ഞിഭ കൃത്തിയുടുത്തു കരത്തിലെടുത്തു കപാലം
നിത്യമിരന്നുനടക്കുന്നവനുടെ ഭൃത്യനതല്ലെനീ
ഉൽക്കടമദമൊടു ധിക്കൃതിവചനമുരക്കും നിന്നുടെഗാത്രം
മൽക്കരഹതികൊണ്ടിക്കാലംനിപതിക്കും പൊടിപൊടിയായി
പങ്കജഭവ സുതനെങ്കിലഹംരുധികാണക ജഗൽനദരാത്മൻ
ശംകരകിംകര സംപ്രതിനിൻെറ അഹംകൃതി തീൎത്തിടുവൻ
ത്ര്യക്ഷൻതൻെറ കടാക്ഷംകൊണ്ടുടനക്ഷതമെൻ മഹിമാ
ദക്ഷനാരൊരു ലക്ഷമിനിക്കൊരു മക്ഷികയോടുസമം

ഭുജഗഭൂഷണ ഭൂഷണ ഭാഷണ ശ്രവണ രോഷ കഷായിത
ലോചനെ
സകലവൈദിനി നന്ദിനിനിർഗ്ഗതെ വിധിമുഖെ ച മുഖെഷു നികു
ഞ്ജതാ

൨ ജയജയനാഗകെതന ജഗതീപതെ- ജയജയനാഗകെതന
നയവിനയജലധെ നമാമിനിൻ പദസരൊരുഹം
സാദരംനിന്നുടയനിദെശംകൈക്കൊണ്ടെല്ലാരും
മെദിനിതന്നിലൊരൊദെശംതെ.റുംഅധികം
മൊദെനവാണീടുന്നനിശം ഉള്ളിലാക്കമെ
ഖെദമില്ലൊരുലവലെശം അത്രയുമല്ല
കുരുപ്രവരനിഹ സുയൊധനൻ
രിപുപ്രകരമദവിനാശനൻ
ഹരിപ്രതിമനതിയശൊധനൻ
ഇതിപ്രശംസ്യതിമഹാജനം
പാൎത്ഥിവെന്ദ്രഞാനിവിടെ നിന്നുതിരിച്ചുവെഗം
പാൎത്തലംതന്നിൽ സൈ്വരമിന്നു ശ്രദ്ധമായിട്ടു
പാൎത്ഥന്മാരെങ്ങു മരുവുന്നുഎന്നുള്ളപര
മാൎത്ഥമറിഞ്ഞീടുവതിന്നു അവരെന്നൊയി
വിരഞ്ഞുമുരരിപു പുരത്തിലുംചിരം ജലനിധികൾതടത്തിലും
തിരഞ്ഞുബഹുജനപദത്തിലുംതിരിഞ്ഞതില്ലൊരുവിധത്തിലും
പിന്നയുമവരെഅന്വെഷിച്ചുവിരാടഭൂപൻ
തന്നുടെരാജ്യത്തിൽ ഗമിച്ചുഅവിടെയൊരു
കന്നൽമിഴിതന്നെക്കുറിച്ചു കീചകവീരൻ
തന്നുള്ളിലാഗ്രഹമുദിച്ചു ഗന്ധൎവ്വന്മാരിൽ
ഒരുത്തനവനെഹനിച്ചുപൊൽ തരത്തിലനുജരുംധരിച്ചുപൊൽ
പെരുത്തരണമനുഭവിച്ചുപൊൽകരുത്തനവരെയുംവധിച്ചുപൊ
ജയജയനാഗകെതന (ൽ

൩ കുണ്ഠാപാൎത്ഥസദൃശനാരിഹ കാൎമുകപാണികളിൽ
നിൎണ്ണയമിതുവാക്കിൽമാത്രമെല്ലൊനിന്റെവീൎയ്യമെല്ലാംമഹാ
അന്ത്യരാലശക്യതെദ യന്ത്രമതാശുമുറിച്ചില്ലെ (ജല
ന്ധപകന്യകാംനിങ്ങൾ കണ്ടിരിക്കവെകൈക്കലാക്കയില്ലെ
ജന്യശൂരനുത്തരകുരുരാജ്യം ജവമൊടുവെന്നില്ലെ
ശതമന്യുതന്നെസമരഭുവിമടക്കിയമാന്യവീരനല്ലെകിരീടി

൪ താവൽകല്പാന്തകാലൊൽക്കടപവനലുഠൽപുഷ്കലാവൎത്തകാദി
പ്രദ്ധ്യാനാഖൎവ്വഗൎവ്വദ്രുതനപടുതരസ്സാരവിസ്താരനാദഃ
അദ്ധ്യാലാലാടദെശപ്രവികടകുടിലഭ്രൂകുടീ ദുൎന്നിരീക്ഷ്യൊ
ബദ്ധാടൊപംകിരീടീ പ്രതിഭടപടലീമാഹവായാജുഹാവ.

൨൫൩ മുറജപ്പാനയിൽ നിന്നും അതുണ്ടാകിയ ആ
ണ്ടും അതിലെ കഥാവിവരവും പറയുന്നതായി ഒരുഭാഗംതാ
ഴെ ചെൎത്തിരിക്കുന്നു

പുണ്യക്ഷേത്രങ്ങളിന്നുള്ളതിൽനടെ
ഗണ്യമായതനന്തപുരമത്രെ
ചെഞ്ചെമ്മെധൎമ്മരക്ഷണംചെയ്യുന്നും
വഞ്ചിഭൂപന്മാരത്രെധരിത്രിയിൽ
കലിനാലായിരത്തിത്തൊള്ളായിരം
നലമൊടിരുപത്തൊമ്പതാണ്ടായി

*　　　*　　　*

എന്നുമാൎക്കമില്ലക്കരുതാതെക
ണ്ടെന്നദാനാദിധൎമ്മം പ്രതിഷ്ഠിച്ചു
മുടങ്ങിടാതെ ഭദ്രദീപൊത്സവം
തുടങ്ങിച്ചിതുനിളെ മഹാമതി
മകരാകൎക്കിരണ്ടിലും ഭാസ്കരൻ
പകരുന്നതിനെഴുദിനംമുമ്പെ
അഞ്ചിതമായഭദ്രദീപൊത്സവം
വഞ്ചിരാജ്യത്തിൽ മാത്രംനടക്കുന്നു
വിപ്രഭൊജനം ദാനവിധികളും
ഇപ്രകാരമെന്നാവതല്ലൊതുവാൻ
അയനാന്തങ്ങൾ രണ്ടിലുംനാഗെന്ദ്ര
ശയനസ്വാമി ശീവെലിഘൊഷവും
ആറാണ്ടെവംകഴിഞ്ഞാലൊട്ടുക്കത്തു
മാറാതെകണ്ടുലക്ഷദീപൊത്സവം
അമ്പത്താറുനാൾ ലക്ഷദീപത്തിനു
മുമ്പെതന്നെതുടങ്ങുംമുറജപം
ഇതുപൊലുള്ളധൎമ്മകൎമ്മക്രമം
ക്ഷിതിമണ്ഡലം തന്നിലില്ലെങ്ങുമെ

## ൨൭൧ സുഭദ്രാഹരണം തിരുവാതിരപ്പാട്ടിൽനിന്നും ഒരു ഭാഗംതാഴെചെൎത്തിരിക്കുന്നു

കൃഷ്ണരാമമുകുന്ദമാധവ ദെവദെവദയാനിധെ
വിഷ്ണുദെവവിരിഞ്ചവന്ദിത വിശ്വരൂപനമൊസ്തുതെ
വൃഷ്ണിവംശപയൊധി ചന്ദ്രവിചിത്രവൈഭവ വാരിധെ
ജിഷ്ണുമുഖ്യ സുരൌഘവന്ദിത ദെവദെവജഗൽപതെ
തൽപ്രസാദമുദിക്കണം വഴിപൊലെ ഞങ്ങളിലെപ്പൊഴും
ചിൽപ്രകാശവിലാസരൂപ ഭവൽപദാരുണപങ്കജെ
അപ്രമെയഭവിക്കണം ദൃഢഭക്തിഞാനതിനൎത്ഥയെ
വിപ്രിയംതവചെയ്തു പൊകിലുമായതിങ്ങുസഹിക്കണം
മീനകൂൎമ്മവരാഹനരഹരി രൂപവാമനഭാൎഗ്ഗവാ
ഭാനുവംശമണിപ്രദീപ മഹാനുഭാവരഘൂത്തമാ
ദീനവത്സലദെവദെവകളായ കൊമളവിഗ്രഹാ
ദാനവാന്തകപാഹിമാം ജയപത്മനാഭനമൊസ്തുതെ

൱൮൮- ൯൯൦ാമാണ്ടു ചിങ്ങമാസത്തിൽ ഉത്രം തിരുനാൾ കുലശെഖരപ്പെരുമാൾ വലിയതംപുരാൻ അവതരിച്ചു- ൧൦൨൨ാമാണ്ടു പട്ടംകെട്ടി- ഈ തിരുമനസ്സിലെക്കു ചൊതിതിരുനാൾ തിരുമനസ്സിലെ ഗുണങ്ങൾമിക്കതും ഉണ്ടായിരുന്നത കൂടാതെ വിശെഷമായി ഇംഗ്ലീഷുവൈദ്യത്തിൽ അഭ്യാസവും ചികിത്സയെകൊണ്ടു പ്രസിദ്ധിയും ജനങ്ങളിൽ ദയാവിശെഷവും ആശ്രിതവാത്സല്യത്തിനു ആധിക്യവും ഉണ്ടായിരുന്നു ൧൦൨൩ാമാണ്ടുതുലാഭാരവും ൧൦൨൯ൽ പത്മഗർഭവും അടിയന്തിരങ്ങൾകഴിച്ചു വഴിപൊലെരാജ്യംഭരിച്ചു൧൦൩൬ാമാണ്ടുനാടുനീങ്ങി-

൱൮൯- ഈ തിരുമനസ്സുകൊണ്ടു സിംഹധ്വജചരിതം എന്നൊരു ആട്ടക്കഥഉണ്ടാക്കീട്ടുണ്ടു- തിരുമനസ്സുകൊണ്ടുയുവരാജാവായിഭജനപ്പുരയിൽ എഴുന്നള്ളിയിരുന്ന സമയംമുതൽ വിദ്വാന്മാൎക്ക ഒരു താരകമായും അവിടത്തെക്കു കഥകളിയിൽ വളരെ പ്രിയമായുംഇരുന്നു- അന്നു അവിടത്തെ കല്പനപ്രകാരം വളരെപെര ആട്ടക്കഥകൾ ഉണ്ടാക്കീട്ടുണ്ടു-

൱൯൦- കഥകളിയിൽഅതുവരെനടപ്പുണ്ടായിരുന്നകെട്ടി ഉടുപ്പുമുതലായതിലുംകിരീടമാദിയായകൊപ്പുകളിലും വളരെപരിഷ്കാരങ്ങൾചെയ്യുകയും ചിലതൊക്കെനൂതനമായിട്ടു ഉണ്ടാക്കുകയുംചെയ്തു-തിരുമനസ്സുകൊണ്ടുഭജനപ്പുരയിൽ എഴുന്നള്ളിയിരുന്ന സമയം ഭജനപ്പുരവകയായിപ്രത്യെകം ഒരുകൂട്ടം കഥകളികൊപ്പുകളുംആട്ടക്കാരെയുംഉണ്ടാക്കി- വലിയകൊട്ടാരത്തിൽ എഴുന്നള്ളിയതിൻെറശെഷം കളി കൊട്ടാരത്തിൽ ആയി എന്നു വരികിലും ആ ആട്ടത്തിനെ ഇപ്പഴുംഭജനപ്പുര ആട്ടം എന്നുതന്നെപറയുന്നു- വിദ്വാന്മാരായിട്ടുള്ളപാട്ടുകാരരു ചെണ്ടക്കാരരു മുതലായിട്ടുള്ളവരെ വടക്കുനിന്നും വരുത്തി ഇവിടെശമ്പളംപതിച്ചാക്കി- ഈആട്ടത്തിനു പ്രധാനിയായിരുന്നത തിരുമനസ്സിലെപള്ളിയറവിചാരിപ്പുകാരൻ ഈശ്വരൻ ആയിരുന്നു-

൱൯൧- തിരുമനസ്സിലെകല്പനപ്രകാരം മെലെഴുതിയ ഈശ്വരപിള്ള വിചാരിപ്പുകാരരുടെവകയായി കെരളവിലാസം എന്നപെരൊടുകൂടിഒരുഅച്ചുക്കൂടം കൊട്ടയ്ക്കകത്തുഏൎപ്പെടുത്തി അവിടെഅന്നുകീൎത്തിപ്പെട്ടിട്ടുള്ള ഒരു ദിവസത്തെആ

ട്ടുകഥയും- രാമായണം മുതലായ എഴുത്തച്ഛന്റെ ചില കവിതകളും നളചരിതം മുതലായ നമ്പിയാരുടെ കവിതകളും ചൊതിതിരുനാൾ വലിയതംപുരാൻ അശ്വതി തിരുനാൾ തംപുരാൻ ഇരവിവർമ്മൻതമ്പി മുതലായവരുടെ കൃതികൾ അച്ചടിപ്പിച്ചു പ്രസിദ്ധമാക്കുകയും ചെയ്തു-

൨൯൨- ഇങ്ങനെ ൦രംതിരുമനസ്സിലെ കാലം മലയാളഭാഷക്കു മുൻകാലങ്ങളിലെക്കാൾ വളരെ ഗുണപ്രദമായി തീരം- മറഞ്ഞുകിടന്നിരുന്നതായി വളരെ കവിതകളും വെളിപ്പെടുന്നതിന ഇടവന്നു- അതുള്ളപ്പൊൾ വളരെ ഉപയൊഗമായി തീന്നിരിക്കുന്നു-

൨൯൩- സിംഹദ്ധ്വജചരിത്രത്തിൽനിന്നും ആദ്യത്തെ ശ്ലൊകം താഴെ ചെത്തിരിക്കുന്നു-

ശ്രീശംകരാംഘ്രിയുഗസെവനസക്തചിത്ത
സ്ത്രീമാതിരിക്തഭുജഗൌരവനിജ്ജിതാരിഃ
രാജാഭവത്സകലസാധുഹിതെകനിവിഷ്ട
സ്സിംഹദ്ധ്വജസ്സഖലുസിംഹളഭൂമിനാഥഃ
സൊമബിംബസമമുഖൻ
കാമിനിമാരായിതൻ
ഭീമവൈരിനിഷൂദനൻ
കാമിതാത്ഥദാനപരൻ-

൨൯൪- കിളിമാനൂർ ചെറുണ്ണികൊയിത്തംപുരാൻ ഉദ്ദെശം ൯൭൦ാമാണ്ടിടക്കു കിളിമാനൂർ ജനിച്ചു- ൧൦൦൨ാമാണ്ടു തിരുവനന്തപുരത്തുവന്നു ൨൨ാമാണ്ടു നാടുനീങ്ങിയ തിരുമനസ്സിലെ മുഖം കാണിച്ചു- അവിടുന്നു നിത്യച്ചിലവിൽ ൧൦൦ രൂപാ ശമ്പളം പതിച്ചുകൊടുത്തു തിരുവനന്തപുരത്തു താമസിക്കുന്നതിന കല്പിച്ചു- അതിന്മണ്ണും മൂവിടത്തു മഠത്തിൽ താമസിച്ചു-

൨൯൫- ൧൦൧൫ാമാണ്ടിടക്കു ഉത്സവം തുടങ്ങിയിരിക്കുംപൊൾ എഴാം ഉത്സവത്തിന പടിഞ്ഞാറെനടയിൽ ദീപാരാധനസമയം ൨൨ാമാണ്ടു നാടുനീങ്ങിയ മഹാരാജാവു ശീവെലിപ്പുരയിൽവച്ചു ൦രം കൊയിത്തംപുരാനെ വിളിച്ചു

ശിബികായാംവിഭാത്യെഷ
ശ്രീമാനംബുരുഹെക്ഷണ

എന്നു ഒരു ശ്ലൊകത്തിന്റെ പൂവാദ്ധം കല്പിച്ചു- അതിന കൊയിത്തംപുരാൻ

കനകാദ്രിസമാരൂഢ
ഘനകാന്തിവിഡംബയൻ.

൨൬൭ ഉത്തരാർദ്ധം പറഞ്ഞു- കല്പിച്ചു വളരെ സന്തോഷിച്ചു കൊട്ടാരത്തിൽ എഴുന്നള്ളിയ ഉടനെ ൧൦൦൦ രൂപാ വില പിടിക്കുന്ന വൈരക്കടുക്കൻ സമ്മാനിച്ചു എന്നു കേട്ടിരിക്കുന്നു- ഇദ്ദേഹം വളരെ വിദ്വാനാണ- കംസവധം- രാവണവിജയം- എന്നിങ്ങനെ രണ്ടു ആട്ടക്കഥയും സന്താനഗോപാലം തുള്ളക്കഥയും മററനേകം ശ്ലോകങ്ങളും ഉണ്ടാക്കീട്ടുണ്ട- സന്താനഗോപാലം തുള്ളപ്പാട്ടിൽ

൧ അന്തമില്ലാതുള്ള ശബ്ദാഗമത്തിന്റെ
ഗന്ധങ്ങൾ പോലും ഗ്രഹിക്കാത്ത പൂരുഷൻ
ഗ്രന്ഥം ചമെപ്പാൻ തുടങ്ങുന്നതു ന്നല്ല
പന്തിയാമെന്നു തൊന്നുന്നില്ലെനിക്കെടൊ
൨ നെന്ത്രപ്പുഴ പ്രഥമൻ വിരൊധം നമു
ക്കൊന്നു കഴപ്പെന്നു മറെറാരു ഭൂസുരൻ

൨൬൮ അറങ്ങൾ വരികയാൽ ആ കഥ കുറതീൎത്തിട്ടില്ലാത്തതായും ൩൭ാമത്തെ വയസ്സിൽ തീപ്പെട്ടു പൊയതായിട്ടും കെട്ടിരിക്കുന്നു-

൨൬൯- അരിപ്പാട്ടു വാര്യന്മാർ പുരാതനമായിട്ടുള്ള സംസ്കൃതപണ്ഡിതന്മാരാകുന്നു- ആ വാൎയ്യത്തിൽ ജനിച്ച കൊച്ചുപിള്ള വാൎയ്യര ഉൎവ്വശീസ്വയംബരവും രാമവാൎയ്യര ഇന്ദുമതിസ്വയംബരവും ആട്ടക്കഥകൾ ഉണ്ടാക്കീട്ടുണ്ട- കൊച്ചുപിള്ള വാൎയ്യരെ ൧൦൦൦മാണ്ടിടക്ക ചങ്ങനാശെരി രാജരാജവൎമ്മൻ വലിയ കൊയിത്തമ്പുരാന്റെ കല്പനപ്രകാരം ഇരവിവൎമ്മൻ തംപി എഴുതി അയച്ചു തിരുവനന്തപുരത്തു വരുത്തി ൨൨ാമാണ്ടും ൩൩ാമാണ്ടും നാടുനീങ്ങിയ മഹാരാജാക്കന്മാരുടെ പള്ളിവായനക്കായിട്ടു നിത്യച്ചിലവിൽ ൩൦ രൂപാ ശംപളം വച്ചാക്കി- ൧൦൧൯ാമാണ്ടുവരെ തിരുവനന്തപുരത്തു താമസിച്ചിരുന്നു- ജ്യോതിഷത്തിൽ നല്ല സമൎത്ഥനാണ-

൨൭൦- ഉൎവ്വശീസ്വയംബരം കഥ ൧൦൩൩ാമാണ്ട നാടുനീങ്ങിയ വലിയതംപുരാൻ തിരുമനസ്സുകൊണ്ട ഭജനപ്പുരയിൽ ഇളമുറസ്ഥാനം വഹിച്ചിരുന്ന സമയം അവിടത്തെ കല്പനപ്രകാരം ഉണ്ടാക്കിയതാണ- അത താഴെ ചെൎത്തിരിക്കുന്ന ശ്ലോകം കൊണ്ടു ബൊധപ്പെടും- ഏകദെശം കാളിദാസരുടെ വി

ക്രമൊൎവ്വശീയം തൎജ്ജിമചെയ്യുതനൊ- എന്നാൽ വൈദുഷ്യം നന്നായിപ്രകടിപ്പിച്ചിട്ടുണ്ടെംകിലും മാധുൎയ്യംഅത്ര അധികം അനുഭവത്തിനില്ലാ-

നൃപെന്ദ്രകുലശെഖരക്ഷിതിപസൊദരസ്യൊജ്വല
പ്രശാന്തഗുണശാലിനൊയുവമഹീപതെരാജ്ഞയാ
കൃതാംകിമപികെനചിത്‌ഭിനയൊചിതാമുൎവ്വശീ
സ്വയംബരകഥാംബുധാശ്രവണഗൊചരീകുൎവ്വതാം

൨൫൨- അതിൽനിന്നും ഒരുകുമ്മി താഴെ ചെൎത്തിരിക്കുന്നു-

മൈക്കുഴലിമാൎക്കരത്നഭൂതെ സഖി
ചൊൽക്കൊണ്ടുവാഴുന്നകല്പലതെ
ദിക്കരികുംഭം തന്നിക്കുള്ളൊ
രുൽക്കടെഡംഭം ശമിപ്പിക്കും
പൊൽകുചകുംഭം കലൎന്നവെ
സൽകലൊരംഭം കണ്ടീടുമ്പൊ
ളിക്കണ്ടൊരുമൈക്കണ്ണികളൾക്കാമ്പുകുളുൎക്കുംപടി
തക്കത്തിൽകുമ്മിയടിക്കമ്പൊലെ
അതിനാൎക്കുള്ളവൈഭവംനിന്നെപ്പൊലെ.
കാഞ്ചനമാലെവരികമുമ്പെ ചാരു
സഞ്ചിതസൌഭാഗ്യപ്പാൽക്കുഴമ്പെ
കിഞ്ചനകാലം കളയാതെ
വാഞ്ഛാനുകൂലം കരങ്ങളി
ലഞ്ചാതെതാളം പിടിച്ചുംകൊ
ണ്ടഞ്ചിതലീലം പരിചിനൊ
ടഞ്ചാറുവിധംചെയ്തുവിപഞ്ചിസമുഞ്ചധ്വനി
പഞ്ചമരാഗംനീ പാടിടെണം നല്ല
പുഞ്ചിരിതൂകിക്കളിച്ചിടെണം.
വിദ്യുല്ലതെസഖികെൾക്കണമെ നല്ല
വിദ്യുൽപ്രകാശസമസുഷമെ
ഹൃദ്യമാംവൎണ്ണം പലതര
വാദ്യസംകീൎണ്ണം പ്രയൊഗവൈ
ശദ്യസംപൂൎണ്ണം തുടരെണ
മദ്യൈവതുൎണ്ണം മടിയാതെ
പദ്യംനിരവദ്യംപലഗദ്യഞ്ചസമുദ്യദ്രസ
മുദ്യൊഗമൊടിഹചൊല്ലിടെണം നിന്റെ
വിദ്യാവിശെഷമറിഞ്ഞിടെണം.
സംഗീതമഞ്ജരികെൾക്കുമ്പൊലെ നല്ല
ശൃംഗാരലാസ്യപ്രയൊഗശീലെ
ഭംഗികലൎന്ന വിരവിനൊ
ടിംഗിതമാൎന്ന നാമെല്ലാരു

മിങ്ങിടചെൻറ രസവിധ
മെങ്ങുംതുടൻറ സുഖമിഹ
൧ംഗല്യമൃദംഗദ്ധ്വനിമങ്ങാതമുഴങ്ങുംപടി
ഞങ്ങടെമുമ്പിലിറങ്ങിടെണം ജന
മിങ്ങൊരുപൊലെരസിച്ചീടെണം

ഉൻൻ താഴെഎഴുതിയിരിക്കുന്ന ആട്ടക്കഥകൾ ഉണ്ടാക്കീട്ടുള്ള ആളുകളുടെ പെരുവിവരം മാത്രമല്ലാതെ മററയാതൊരു അറിവുംകിട്ടീട്ടില്ലാ- അവരുടെശെഷക്കാററും അയൽക്കാററിൽ പഴമപരിചയം ഉള്ളവരും ഇപ്പൊൾഉണ്ടെംകിൽ അറിഞ്ഞിട്ടുള്ളടത്തൊളം വിവരംഎഴുതി അയക്കുന്നതായിരുന്നാൽ സന്തൊഷത്തൊടു കൂടി സ്വീകരിച്ചു ൦രംപുസ്തകത്തിൻെറ ▮വാം പതിപ്പിൽ ചെൎക്കുന്നതാകുന്നു

൧ പുതിയിക്കൽതമ്പാൻ_ സ്വദെശം ചെൎത്തലമണ്ഡപത്തുംവാതുക്കൽ വയലാററിൽ കൃഷ്ണൻകൊവിലിനു സമീപമാണന്നു കെട്ടിരിക്കുന്നു- ഉദ്ദെശംജീവിച്ചിരുന്നകാലം ൻ൪൦ മുതൽ ൧൦൧൨ാമാണ്ടു വരെആകുന്നു- കാൎത്തവീൎയ്യവിജയം- രാമാനുകരണം- ഇങ്ങനെരണ്ടു ആട്ടക്കഥ ഉണ്ടാക്കീട്ടുണ്ട- വളരെവായിച്ചുവ്യുല്പത്തിയുള്ളആളും ആലംകാരികനുംആണ-

കാൎത്തവീൎയ്യവിജയം കഥയിൽനിന്നും ഒരുഭാഷാശ്ലൊകം താഴെചെൎത്തിരിക്കുന്നു

ഇത്ഥംകാരംദശാസ്യൻപറയുമളവിലെ യാത്രയും ചൊല്ലിവെഗാൽ
ഗച്ഛന്തെ താപസന്മാരിരുവരു മകമൈവാസ്സുമാനന്ദമൊടെ
വൃത്താന്തംതാനമാത്യാന കഥയദഖിലം ചിത്രയൊധിപ്രധാനാ
നശ്ലൊഗ ത്തൊടടുത്തങ്ങഥ ദശമുഖനൊട്ടുചിരെകെചിദെവം

൨ ബാലകവി രാമശാസ്ത്രികൾഇന്നദിക്കുകാരനെന്നുംഇന്നപ്പൊൾ ജീവിച്ചിരുന്നുഎന്നും നിശ്ചയമില്ലാ- ബാണയുദ്ധം ആട്ടക്കഥ ഉണ്ടാക്കീട്ടുണ്ട- കവിതസാമാന്യം നന്നാകുന്നു

അതിൽആദ്യത്തെ ശ്ലൊകം താഴെചെൎത്തിരിക്കുന്നു

ജ്യൊതിഃഷിപ്രതി ബിംബിതാനിശശട്ടൽകാന്തൊപലപ്രാംകണെ
ചക്രുൎയ്യത്ര മസ്വാനീഷുമഹതീം പുഷ്പൊപഹാരശ്രീയം
സൈ്വരംസൈ്വരതിമൊഹനൈൎ പരിജനൈൎദ്ദാരൈശ്വസംസെവി
സ്തസ്മിൻവാരിധി മദ്ധ്യവൎത്തിനി പുരെ ദൈത്യെരമാനായകഃ (ത

൩ മന്ത്രേടത്തനംപൂരിപ്പാട വടക്കൻസുഭദ്രാഹരണം കഥഉണ്ടാക്കീട്ടുണ്ട- വിവരംഒന്നും അറിഞ്ഞിട്ടില്ലാ-

൪ പുല്ലാക്കരെനംപൂരിപ്പാട വ്യോമാസുരവധം കഥഉണ്ടാക്കീട്ടുണ്ട-

൫ പാലക്കാട്ടുശെരി അമൃതശാസ്ത്രികൾ ലവണാസുരവധം കഥഉണ്ടാക്കീട്ടുണ്ട-

൬ മണ്ടവപ്പെള്ളി ഇട്ടിരാരിശ്ശമെനവൻ-ഇദ്ദെഹംജീവിച്ചിരുന്നകാലംഉദ്ദെശം ൧൦൦൦മാണ്ടക്കുമുമ്പാകുന്നു കൊച്ചിസംസ്ഥാനത്തൊ വടക്കൻതിരുവിതാംകൊട്ടൊ ചെന്നിത്തുളാണ

സന്താനഗൊപാലം- രുഗ്മാംഗചരിതം- ഇങ്ങിനെ രണ്ടു ആട്ടക്കഥ ഉണ്ടാക്കീട്ടുണ്ട- കവിതസാമാന്യം നന്നാകുന്നു- സന്താനഗൊപാലംകഥയിൽ അൎജ്ജുനന്റെ വാക്കുകെൾക്ക

സൽഗുണശീലഹെ ദ്വിജെന്ദ്ര മൽഗിരംകെൾക്കമുദാ
സ്വൎഗ്ഗവാസികൾക്കും സുഖവിതരണം ചെയ്യും
ഫൽഗുനനെ കെട്ടറിയുന്നില്ലയൊഭവാൻ
കൃഷ്ണനല്ലഹംബല ഭദ്രനല്ലറികനീ
വൃഷ്ണിവീരന്മാരിൽ ഏകനുമല്ല
ജിഷ്ണുഞാൻദിവ്യാസ്ത്ര ധൃഷ്ണുവിജയൻ വീരൻ
ജിഷ്ണുതനയൻ ഭോജിജിഷ്ണുസുനയൻ സുദയൻ

൧൦൦ കൊച്ചീശ്ശീമ ചിറവര എഴപത്തുനാണക്കുട്ടിമെനവൻ ൧൦൧൦ മാണ്ടുജനിച്ചു- കാവ്യാ അലംകാര നാടകങ്ങളിലും ജ്യോതിഷശാസ്ത്രത്തിലും അതി നിപുണനായിരുന്നു ൩൫ാം വയസ്സിൽ മരണമുണ്ടെന്നു മുമ്പിൽക്കൂട്ടി അറികയാൽ കാശിമുതലായ മഹാപുണ്യസ്ഥലങ്ങളിൽചെന്നു തീൎത്ഥസ്നാനം കഴിച്ചു ൧൦൪൫ാമാണ്ടു സ്വദെശത്തുവന്നു ൩൫ാം വയസ്സിൽമരിച്ചിരിക്കുന്നു

൩൦൧ ഇദ്ദെഹംശ്രീമൽഭാഗവതം പ്രഥമംമുതൽ ദശമംവരെസകലകഥകളും സംഗ്രഹമായിട്ടും-ദശമത്തിൽശ്രുതിഗീതാദ്ധ്യായവും ഏകാദശവും ദ്വാദശവും ശ്രീധരീയവ്യാഖ്യാനപ്രകാരംഅവതാരികാഭാവസഹിതം മൂലശ്ലൊകത്തിനു നെരുതൎജ്ജിമയായി കിളിപ്പാട്ടായിട്ടുണ്ടാക്കീട്ടുണ്ടു-അതകൊഴിക്കൊട്ടു വിദ്യാവിലാസം അച്ചുക്കൂടത്തിൽ അച്ചടിപ്പിച്ചു പ്രസിദ്ധപ്പെടുത്തീട്ടുള്ളതായി കാണുന്നു-

൩൦൨- നാണുക്കുട്ടിമെനവന്റെ ഗുരുക്കന്മാരുടെയും മ
റ്റും പെരുകൾ താഴെ ചെൎത്തിരിക്കുന്നതുകൊണ്ടു അറിയാം_

ക്ലെശപാശങ്ങളൊരൊന്നാശയത്തെശീടാസ്സാൻ
കരുത്തിന്നുജ്ഞാനത്തെതൂരത്തിചിത്തശുദ്ധി
വരുത്തിചിന്മാത്രമായിരുത്തികാത്തുകൊണ്ടു
പരമകാരുണികൻപരിതാപൊന്മൂലനൻ
ഗുരുവാന്ദാമൊദരചരണാംബുജങ്ങളും
അഛമാനസനായൊരച്യുതഗുരുവിന്റെ
സ്വഛപാദാംബുജങ്ങളുന്നിശ്ചലമുറപ്പിച്ചു-

൩൦൩- നാണുക്കുട്ടിമെനവന്റെ ഭാഗവതം ദശമംവ
രെഉള്ളസംഗ്രഹവും ഏകാദശവും ദ്വാദശവും ദശമത്തിൽ
ശ്രുതിഗീതയുംവളരെ ദിക്കുകളിൽ ഉപയൊഗിച്ചു വരുന്നു
മുഖ്യമായിട്ടു ജനങ്ങൾവായിച്ചുവരുന്നത ഏകാദശംഗ്രന്ഥമാ
ണ- എഴുത്തച്ശന്റെ ഏകാദശം ഇപ്പൊൾഅത്രനടപ്പില്ലാ
മെനവന്റെ ഏകാദശം ൩൧- അദ്ധ്യായമായി ഭാഗിച്ചിരി
ക്കുന്നു- ഇതുമൂലത്തിന്റെ നെരുതൎജ്ജിമ ആകയാൽഅതിലെ
രഹസ്യങ്ങൾ കെരളവാസികൾ ഗ്രഹിക്കെണ്ടത എത്രയും
ആവശ്യമാണ-

---

൧൧ാം- അദ്ധ്യായം

---

൩൦൪- റവറണ്ടു ബെൻജമിൻ ബെയിലി സായ്പു ആ
ണ്ട്രംക്രിസ്തുവൎഷം ൧൮൧൬ൽ സെപ്തംബർമാസത്തിൽ ശീമയിൽ
നിന്നും മദ്രാസിൽവന്നിറങ്ങി- ആസമയത്തകൎന്നൽ മൺ്രൊ
സായ്പു മിഷ്യണരിമാരെ തിരുവിതാംകൊട്ടു സംസ്ഥാനത്തി
ലെക്കുവരുന്നതിനുക്ഷണിച്ചു-ആശെഖരത്തിൽകൂടി സാ
യ്പും കൊട്ടയത്തെക്കുവന്നു- വെഗത്തിൽമലയാളഭാഷാഅഭ്യ
സിച്ചുബൈബിൾമലയാളത്തിൽ തൎജ്ജിമചെയ്യുന്നതിൽഅദ്ദെ
ഹം സൂപ്രണ്ടണ്ടായിരുന്നു- ൧൮൧൮ാമാണ്ടു സെപ്തംബർമാസ
ത്തിൽ സിറിയൻകാളെജിനുസമീപത്തുള്ളപള്ളിയിൽവച്ചു ആ
ണ്ട്രം മലയാളഭാഷയിൽശുശ്രൂഷചെയ്തു- കാലക്രമം കൊണ്ടു
അദ്ദെഹം മലയാളഭാഷയിൽ ഒരുപണ്ഡിതനായി തീൎന്നു-

൧൮൧൯ൽമാണ്ട ശരീരസുഖം ഇല്ലാതിരുന്നു- ആ ആണ്ട ഒടുവിൽ സൌഖ്യമായി- ൧൮൨൦ാമാണ്ടമുഴവൻ തൎജിമജൊലിയായിരുന്നു- അന്നു തൎജിമചെയ്തിട്ടുള്ളതിൽ മുഖ്യമായിട്ടുള്ളത-

൧ പള്ളിയുടെഉപയൊഗത്തെപററിഒരുസംവാദം
൨ ഡാക്ടർവാട്ടിസിന്റെ ഒന്നും രണ്ടുംകാട്ടിക്കിസം
൩ മറെസായ്പിന്റെ വ്യാകരണം ചുരുക്കം
൪ രണ്ടുആട്ടുക്കുട്ടികൾഎന്നഒരുചെറിയപുസ്തകം
൫ റാമൺ റായിയുടെ ഉപനിഷദ്വ്യാഖ്യാനം
൬ മിസ്സുസ്സഷെർവുഡിന്റെ ഇൻഡ്യൻപിൽഗ്രീം-
ഇതുകൂടാതെഅനെകംചെറിയ പുസ്തകങ്ങളും ഉണ്ട

൩൭- ദിവസംപ്രതികാലത്താൻ മണിമുതൽരാത്രി ൧൧ മണിവരെ ഓരോവകജൊലികളിൽ അദ്ധ്വാനിച്ചുകൊണ്ടിരിക്കയാണപതിവു- ഇതുമഷിഞ്ഞവെല ചെയ്യുന്നശുശ്രൂഷ ക്കാരരഇല്ലെന്നുതന്നെപറയാം-

൩൮- ൧൮൨൪ാം വൎഷത്തിൽ അദ്ദെഹം കൊട്ടയത്ത ഒരുഅച്ചുക്കൂടം എറപ്പെടുത്തി അദ്ദെഹംതന്നെ പ്ലാൻ എഴുതി അക്ഷരംകൊത്തിച്ചു മലയാളത്തിൽ വെദപുസ്തകംഅടിപ്പിച്ചു- ആവൎഷത്തിൽഅദ്ദെഹത്തിന്റെമൂത്തപുത്രിമരിച്ചുപൊകയും അദ്ദെഹം കൂടക്കൂടെ കഠിനമായ തലവെദനകൊണ്ട കഷ്ടപ്പെടുകയുംചെയ്തു എന്നിട്ടുംഅപ്പൊൾശീമയിലെക്കുപൊകുന്നതിനു മനസ്സില്ലായിരുന്നു- ൧൮൩൪ാം വൎഷത്തിൽശീമയിൽ പൊയി അക്ടൊബർ മാസത്തിൽതിരിച്ചുവന്നു- ൧൮൩൭ൽ കൊട്ടയത്ത പള്ളിക്കഅടിസ്ഥാനം ഇട്ടു- ൧൮൪൦ൽ ൩൪ വൎഷത്തെ സൎവീസതികഞ്ഞതിന്റെശെഷം വെലരാജികൊടുത്തു ശീമയിൽപൊയി അഞ്ചാറുവൎഷത്തിനമുൽപു ശീമയിൽ വച്ചുമരിച്ചു-

൩൯- റവറണ്ട മെസ്സർ വെയിലിസായിപ്പിന്റെ മലയാളം ഇംഗ്ലീഷുനിഖണ്ടു ക്രിസ്തുവൎഷം ൧൮൪൬ന്നു- കൊല്ലവൎഷം ൧൦൨൧ാമാണ്ട ജൂലായിമാസത്തിൽ കൊട്ടയത്തുവച്ചു പ്രസിദ്ധപ്പെടുത്തി- അതിനുമുൻപിൽ മലയാളഭാഷക്കു നിഖണ്ഡു ഇല്ലാതിരുന്നതിനാൽ അന്ന്യജാതിക്കാൎക്കും സ്വദെശക്കാൎക്കും മലയാളംപഠിക്കുന്നതിനു വളരെബുദ്ധിമുട്ടും പ്രയാസവും ഉണ്ടായിരുന്നു- ആയ്ത്ത അത്രയും ഓരോ സായ്പിന്റെ പ്രയ

ന്നത്താൽ നിക്കപ്പെട്ടു- ഇംഗ്ലീഷുവാക്കും മലയാളഅൎത്ഥവും ആയിട്ടുഒരുപുസ്തകം കൂടി ശ്രംസായിപ്പുഉണ്ടാക്കിയിട്ടുണ്ട- ഇതു ഇംഗ്ലിഷുകാൎക്ക വളരെ ഉപയൊഗപ്പെടുന്നു- ശ്രംസായിപ്പിന്റെ നിഖണ്ഡുവിൽ സംസ്കൃതവാക്കുകൾ അധികമുണ്ടു- അതുവിൽസ്സൺസായിപ്പിന്റെസംസ്കൃതനിഖണ്ഡുവിന്റെ രീതി അനുസരിച്ചാകുന്നു- ആകപ്പാടെഈഗ്രന്ഥം വളരെവിശെഷമായും ഉപയുക്തമായും ഇരിക്കുന്നു-

൩൦൭- മംഗലപുരം പ്രധാനമാക്കി സ്ഥാപിക്കപ്പെട്ട ജൎമ്മൻ മിഷ്യൻസമൂഹക്കാരനു മലയാളത്തിൽവളരെ പുസ്തകങ്ങൾ ഉണ്ടാക്കിയിട്ടുണ്ട അതിൽപ്രധാന പാതിരിആയ ഡാക്ടർഗുണ്ടൎട്ടുസായിപ്പു വ൫ കൊല്ലംവരെ മലയാളഭാഷ അഭ്യസിച്ചും പലഗ്രന്ഥങ്ങളും നൊക്കിയും ഒരു നിഖണ്ഡുചമച്ചു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു- റവറണ്ടു ബയിലിസായിപ്പിന്റെ നിഖണ്ഡുവിൽ സംസ്കൃതവാക്കുകൾ അധികമെടുത്തു ചെൎക്കുകയും നാടൊടി ആയിട്ടുള്ള അനെകവാക്കുകളെ വിട്ടുകളകയുംചെയ്യിട്ടുണ്ട- ഗുണ്ടൎട്ടുസായിപ്പു മലയാളത്തിൽ സാധാരണമായി നടപ്പുള്ള സംസ്കൃതവാക്കുകളെമാത്രം സ്വീകരിച്ചുംമലയാളവാക്കുകൾഅത്രയുംഒന്നുപൊലുംവിടാതെപലഗ്രന്ഥങ്ങൾഎഴുത്തുകുത്തുമുതലായ്തുപരിശൊധിച്ചും നംപൂരിആഢ്യന്മാർമുതൽവളരെതാണജാതിവരെയുള്ളവർ സംസാരിക്കുന്നവാക്കുകൾഅറിഞ്ഞുംആപുസ്തകംചമച്ചിരിക്കുന്നു- മലയാളത്തിൽഅനെകവൎഷത്തെസംസൎഗ്ഗം കൊണ്ടുചെൎന്നിട്ടുള്ള പാൎഷി-അറബി-ഹിന്തുസ്ഥാനി-പൊൎത്തുഗീസ്സ-തുളു-കന്നടം- തെലുംകു- മഹാരാഷ്ട്രകം- ഇംഗ്ലീഷു- മുതലായഭാഷകളിലെവാക്കുകൾകൂടി കൈക്കൊണ്ടു അവക്കും അൎത്ഥംപറഞ്ഞിട്ടുണ്ട- പദങ്ങളുടെആഗമം കാണിക്കാൻ വളരെശ്രമിച്ചിരിക്കുന്നു- സൎവത്ര അതു ശരിതന്നയൊഎന്നു ആലൊചിക്കെണ്ടതും ആകുന്നു-

൩൦൮- മലയാളഭാഷക്കു വ്യാകരണം ഒന്നും ഇതുവരെആരും ഉണ്ടാക്കിട്ടില്ലായിരുന്നു- ഭാഷഉണ്ടായിട്ട വെണമെല്ലൊ വ്യാകരണം ഉണ്ടാവാൻ ഇപ്പൊൾഭാഷപൂൎണ്ണമായി തെളിഞ്ഞിരിക്കയും അതിൽവളരെ പുസ്തകങ്ങൾ അച്ചടിപ്പിക്കയും ചെയ്തിരിക്കുന്നതിനാൽ ബാലന്മാൎക്ക വിദ്യ അഭ്യസി

ക്കുന്നതിനായി ആദ്യം ഗുണ്ടൎട്ട്സായിപ്പ മംഗലപുരത്തു വെച്ചു ചെറുതായി ഒരുവ്യാകരണംഉണ്ടാക്കി- പിന്നീടു ഗിവൎഗ്ഗീസും മാത്തനും പീററും അതിനെഅനുസരിച്ചു വ്യാകരണങ്ങളുണ്ടാക്കി എന്നുവരികിലും ഗുണ്ടൎട്ട്സായിപ്പിന്റെ പുസ്തകം തന്നെ എല്ലാപാഠകശാലകളിലും പഠിപ്പിച്ചുവരികയാൽ അദ്ദെഹത്തിന്റെ ചെറിയപുസ്തകത്തെ മെസ്സർ ഗാൎത്ത്വൈററ്സായിപ്പിനാൽ ഉപരികലനംചെയ്യപ്പെട്ടു ആ പുസ്തകം ഇപ്പോൾ എല്ലാപാഠകശാലകളിലും ഉപയൊഗിച്ചുവരുന്നു- ഇതുകൂടാതെ ഗുണ്ടൎട്ടുസായിപ്പ ഒരു വലിയവ്യാകരണപുസ്തകവും ഉണ്ടാക്കീട്ടുണ്ടു- നാട്ടുകാറർ ഇതുകണ്ടുവ്യാകരണം ചമക്കാൻ ആരംഭിച്ചു- അതിന്മണ്ണം പാച്ചുമൂത്തതും കൊവുണ്ണി നെടുങ്ങാടിയും ഓരൊവ്യാകരണംഉണ്ടാക്കി അച്ചടിപ്പിച്ചിട്ടുണ്ടു- ഇതിനെപ്പററി ഒടുവിൽപ്രസ്ഥാപിക്കുന്നതാകുന്നു-

൩൧൦- ഡാക്തർ ഗുണ്ടൎട്ടുസായിപ്പ ഉണ്ടാക്കീട്ടുള്ള ഗ്രന്ഥങ്ങളുടെപെരുകൾ താഴെ പറയുന്നു- ഇവഒക്കെയും മംഗലപുരത്തു മിഷ്യൻഅച്ചുക്കൂടത്തിൽഅച്ചടിച്ചു പ്രസിദ്ധംചെയ്തിട്ടുള്ളവയാകുന്നു-

൧ പുതിയനിയമം
൨ പഴയനിയമം
൩ ക്രിസ്തീയഗീതങ്ങൾ
൪ സ്ഥിരീകരണത്തിന്നുള്ളഉപദെശങ്ങൾ
൫ മനുഷ്യചൊദ്യങ്ങൾക്ക ദൈവംകല്പിച്ചഉത്തരം
൬ വെദചരിത്രസാരം
൭ സത്യവെദഇതിഹാസം
൮ ക്രിസ്തുസഭാചരിത്രം
൯ ഗൎമ്മാനദെശത്തിലെക്രിസ്തുസഭാനവീകരണം
൧൦ വലിയ പാഠാരംഭം
൧൧ പാഠമാല ൧ച്ചന്നൽ
൧൨ മലയാളവ്യാകരണംചൊദ്യൊത്തരം
൧൩ മലയാളഭാഷാവ്യാകരണം
൧൪ മലയാളനിഘണ്ടു
൧൫ കെരളൊല്പത്തി
൧൬ കെരളപഴമ
൧൭ ആയിരംപഴഞ്ചൊൽ

൧൮ പഴഞ്ചൊൽമാല
൧൯ സന്മരണവിദ്യ
൨൦ മനുഷ്യഹൃദയം
൨൧ മതവിചാരണ
൨൨ ദൈവവിചാരണ
൨൩ നളചരിതസാരശൊധന
൨൪ വജ്രസൂചി
൨൫ മഹമ്മദചരിത്രം

൩൧൧ റവറണ്ടജൊസെഫപീററസായിപ്പ ൧൮൩൩മാം വൎഷം ശീമയിൽനിന്നും ഇന്ത്യായിലെക്കവന്നു- ആദ്യംഅദ്ദെഹംകൊട്ടയംകാളെജിൽപ്രിൻസിപ്പാലായിരുന്നു- ൧൮൩൮ാം വൎഷത്തിൽ മാവെലിക്കരെ മിഷ്യൻസമൂഹം ആരംഭിച്ചു- ൧൮൪൫-ൽ മാവെലിക്കരെ പള്ളികെട്ടി ഉപയൊഗിച്ചു- ആദ്യകാലങ്ങളിൽ അവിടെവച്ചു രാജാക്കന്മാരും ഇടപ്രഭുക്കന്മാരുമായിട്ടു വളരെ തൎക്കംതകരാറു ഉണ്ടായിട്ടുണ്ട- അദ്ദെഹംഒരുശെഷിമാനും സാമൎത്ഥ്യംഉള്ളആളും വിശെഷപ്പെട്ട ഒരു മിഷണറിയുമായിരുന്നു- അദ്ദെഹം ൧൮൬൫ ആഗസ്റ്റ ൧൧-ൽമാവെലിക്കരെവച്ചു രക്തപാത്രം പൊട്ടിയതിനാൽ മരിച്ചിരിക്കുന്നു- ഏകദെശം ൩൦ വൎഷകാലം തിരുവിതാംകൊട്ടസംസ്ഥാനത്തിന്റെ ഗുണത്തിനുവെണ്ടി അദ്ധ്വാനിച്ചിരിക്കുന്നു ഏഴ പള്ളി അദ്ദെഹംമൂലമായികെട്ടിക്കയും ൨൩൨൨ പെരെ മതത്തിൽചെൎക്കയും ചെയ്തിരിക്കുന്നു- ബണിയന്റെ പിൽഗ്രീംസ്സപ്രൊഗ്രസ്സ ഒന്നും രണ്ടുംഭാഗങ്ങൾ മലയാളത്തിൽ തൎജിമചെയ്തുകൂടാതെമലയാളത്തിൽഒരുഭൂമിശാസ്ത്രവും൧൮൪൧ൽ ഒരുവ്യാകരണവും ഉണ്ടാക്കിയിട്ടുണ്ട-

൩൧൨- റവറണ്ട ജാൎജ്ജ മാത്തൻ- ൧൮൧൯ാം വൎഷം സെപ്തംബർമാസം ൨൫നെ- പുത്തൻകാവുപാറിഷിൽ തൈക്കെക്കരഎന്ന സ്ഥലത്തു ജനിച്ചു ശൈശവത്തിൽ തന്നെ അച്ഛൻമരിച്ചുപൊകയാൽ ഒരു കത്തനാരായ അമ്മാവൻ വളൎത്തി വിദ്യാഭ്യാസംചെയ്യിപ്പിച്ചു- സിറിയൻപള്ളിയിൽ സബ ഡീക്കനായിട്ടു അവരൊധിച്ചു കൊട്ടയം കാളെജിൽ അഭ്യസിച്ചിരുന്ന സമയം ൧൮൩൬ൽ അതിൽ പ്രിൻസിപ്പാൽ റവറണ്ട പീററസായ്പിനാൽഇദ്ദെഹം മദ്രാസ്സിൽപഠിക്കുന്നതിനായിട്ടയക്കപ്പെട്ടു മദ്രാസ്സമിഷ്യനിൽ തിയൊളൊജിക്ക

ൽ പാഠകശാലയിൽകുറെനാളപഠിച്ചു- ഇംഗ്ലീഷു- ഗ്രീക്കു- ലാററിൻഎന്നഭാഷകളിലുംതിയൊളജിയിലുംഗണിതശാസ്ത്രത്തിലും വളരെ സമൎത്ഥനായിട്ടുതീൎന്നു- ൧൮൪൪-ാം വൎഷം ജൂൻമാസം ൨൹- ബിഷൊപ്പ സ്പെൻസർ അദ്ദെഹത്തിൻെറ ഡീക്കനായിട്ടവരൊധിച്ചു- മദ്രാസിൽനിന്നും തിരിയെ വന്നാഉടനെ മാവെലിക്കരെക്കുനിയമിച്ചു അവിടെ മൂന്നുവൎഷംഅദ്ധ്യാനിച്ചു. ൧൮൪൬ എപ്രിൽ ൪-ൽ ഒരുപ്രീസ്റ്റായിട്ടുഅവരൊധം കഴിച്ചു ആയാണ്ടു സെപ്റ്റംബർമാസത്തിൽ മാലപ്പള്ളിക്കു സ്ഥലംമാററി അവിടെ ൧൩ വൎഷം അദ്ധ്യാനിച്ചു- ൧൮൫൯-ൽ വളരെ കഠിനമായുള്ളൊരു വ്യാധി പിടിപെട്ടു വലബലതു- സൌഖ്യംവരുന്നതല്ലെന്നു എല്ലാവരും വിചാരിച്ചിരുന്നുഎങ്കിലും ഭെദമായി നാലഞ്ചു മാസംകഴിഞ്ഞു ഉടനെ കൊട്ടയത്തു കെംബ്രീജ നിക്കൽസൻ പാഠകശാലയിൽ ആക്ടിംഗപ്രിൻസിപ്പലായിട്ടുആക്കി- അദ്ദെഹത്തിൻെറ ചിലവുടച്ചക്കാരനായിവന്നതു ഇപ്പൊൾ തിരുവിതാംകൊട്ടെക്കും കൊച്ചിയിലെക്കും ബിഷൊപ്പായിരിക്കുന്ന സ്പീച്ചിലിസായിപ്പവൎകളാകുന്നു- ൟ സമയത്തു മാത്തൻ മാധവരായർ ദിവാൻജിഅവൎകളുടെയുംമററും പരിചയത്തെസംപാദിച്ചു-അദ്ദെഹത്തിൻെറയൊഗ്യതയെപ്പററി മാധവരായർ വളരെസന്തൊഷിച്ചു സൎക്കാരിൽ ഉദ്യൊഗംകൊടുക്കാമെന്നു പറഞ്ഞതിനെ അദ്ദെഹം സ്വീകരിച്ചില്ലാ- ൧൮൬൯-ൽ മദ്രാസിൽ ലാഡ ബിഷൊപ്പ അവൎകൾ അദ്ദെഹത്തിനെ ചാപ്ലൻആക്കി- ൟ സമയത്തു തലവടിയിലെക്കു സ്ഥലംമാററി ഇവിടെവച്ചു മുംപിൽ ഉണ്ടായിരുന്ന വ്യാധി വീണ്ടും പിടിപെട്ടു ൧൮൭൦ാംവൎഷം മാൎച്ചമാസം ൪൹-മരിച്ചു-

൩൧൬- അദ്ദെഹം മലയാളഭാഷാവ്യാകരണവും പുനൎജ്ജന്മത്തെയും വിദ്യാഭ്യാസത്തെയും കുറിച്ചു പ്രസംഗങ്ങളും ഉണ്ടാക്കീട്ടുള്ളതുകൂടാതെ ബെട്ടലൎസായ്പിൻെറ അനാളജി എന്നപുസ്തകത്തിൽ ഒരുഭാഗം തൎജ്ജിമയുംചെയ്തിട്ടുണ്ടു-

൩൧൭- നമ്മുടെആദ്യകാലമലയാളപത്രം അച്ചടിപ്പിക്കുന്നതിൽ ആദിമുതൽ അന്തംവരെവിടത്താതെഒരെരീതിയായിട്ടുതന്നെ കൊണ്ടുപൊകുന്നു- വാക്കുകളുടെ പദങ്ങളുടെ വൃത്തങ്ങളുടെ തങ്ങളിൽ വെൎതിരിച്ചിട്ടില്ലാ- വിരാമങ്ങൾ അശെഷം ഇല്ലാ- ചിലതുകൾ പൂൎണ്ണവിരാമത്തിനുപക

തം ഒരുവരെ ഉപയോഗിച്ചുകാണുന്നു- മെസ്തർ ഗുണ്ടാട്ട സായിപ്പിനാൽ ആദ്യം ഈവകകൾ ഇംഗ്ലീഷിൽ നടപ്പുള്ള സംജ്ഞകൾ മലയാളത്തിൽ ഉപയോഗപ്പെടുത്തി- അതിൽ മുഖ്യസംജ്ഞകൾ താഴെ കാണിക്കുന്നു-

. പൂൎണ്ണവിരാമം
; അൎദ്ധവിരാമം
: അപൂൎണ്ണവിരാമം
, അല്പവിരാമം
? ചൊദ്യചിഹ്നം
" " വിശെഷണചിഹ്നം
+ യൊജ്യചിഹ്നം
× ഗുണനചിഹ്നം
÷ ഹരണചിഹ്നം
— സംയൊഗചിഹ്നം
= സാമ്യചിഹ്നം
( ) ആവരണചിഹ്നം
! സംബൊധനചിഹ്നം

൩൧൮- മദ്രാസ്സ യൂനിവെർസിററിയിൽ മെറ്റ്രിക്യുലെഷൻ- എഫ-എ- ബി-എ- ഈ പരീക്ഷകൾക്ക മലയാള ഭാഷ കൂടി ചെൎത്തതു ഭാഷക്ക വളരെ ഗുണത്തിന്ന ഹെതുഭൂതമായി തീൎന്നു- മദ്രാസ്സ ഗവൎമ്മെണ്ടിലെക്ക തൎജ്ജിമക്കാറനായിരുന്ന ഇപ്പൊൾ പള്ളിക്കൂടം ഇൻസ്പെക്ടരായിരിക്കുന്ന മെസ്തർ ഗാത്തെയെറെറ സായിപ്പ പാഠകശാല ഡയറക്ടരുടെ ആജ്ഞയാൽ ചാണക്യസൂത്രം- പഞ്ചതന്ത്രം- നളചരിതം- സംഭവപൎവ്വം- വെതാളചരിത്രം- ഇവകൾക്കയും വൃത്തങ്ങളെ വെർപിരിച്ചും നംപർ ഇട്ടും വിരാമങ്ങളെ ഉപയോഗപ്പെടുത്തിയും അച്ചടിപ്പിച്ചു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു- ഈ രീതി മലയാളത്തിൽ ഏൎപ്പെടുത്തിയത എത്രയും ശ്ലാഘനീയമായിട്ടുള്ള ഒരു പ്രവൃത്തിയാകുന്നു- അതുകൊണ്ട മലയാള ഭാഷാപദ്യങ്ങൾ അഭ്യസിക്കുന്നതിന്നുള്ള മാൎഗ്ഗം വളരെ ലഘുവായി തീൎന്നു- മലയാള ഗ്രന്ഥങ്ങൾ അച്ചടിപ്പിക്കുന്നവർ ഈ സംപ്രദായം അനുസരിച്ചു ചെയ്താൽ വളരെ നന്നായിരുന്നെനെ- ഈ സായിപ്പ ഇതു കൂടാതെ മലയാള ഭാഷാവ്യാകരണം ഉപരികലനം ചെയ്കയും അതു കൂടാതെ അനെകം ഉപയൊഗങ്ങളായ പുസ്തകങ്ങൾ ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട-

൩൧൬- ൧൦൪൦ാമാണ്ടുവരെ വിദ്യാഭ്യാസക്രമം അത്രപരിഷ്കാരരീതിയെഅനുസരിച്ചിരുന്നു എന്നു വിചാരിപ്പാനില്ല- കുട്ടികളെഅഭ്യസിപ്പിക്കുന്നമാൎഗ്ഗംശുകങ്ങളെസംസാരിക്കാൻ പഠിപ്പിക്കുന്നതുപൊലെയും മനസ്സിലാകുന്നതിനു എളുപ്പമില്ലാതെയുള്ളവിധത്തിലും ഇരുന്നതുമല്ലാതെ ബുദ്ധിയെവികസിപ്പിക്കുന്നതിലെക്കുതക്ക പ്രമെയങ്ങളെ പഠിപ്പിക്കാതെ പഠിതാംഎന്നുള്ളത കുട്ടികളുടെ മനസ്സിനുഒരുഭാരമായിതൊന്നത്തക്കസ്ഥിതിയിലുംആയിരുന്നു- അതുഎന്തുകൊണ്ടെന്നാൽ- അക്ഷരങ്ങൾമനസ്സിലാക്കികൂട്ടുമ്പൊൾതന്നെ വായിപ്പിച്ചുതുടങ്ങുന്നത താല്പൎയ്യംമനസ്സിലാകാത്തതെന്നല്ല സ്പഷ്ടമായി ഉച്ചരിക്കുന്നതിനുപൊലുംകുട്ടികൾക്കു പ്രയാസതരങ്ങളായ വാക്കുകളൊടുകൂടിയ ഗണാഷ്ടകം സരസ്വത്യാഷ്ടകം മുതലായതും വാക്യംപരല്പെര- ജ്യാവ- കാലദീപം ൨൦ വകകളും ആയിരുന്നു-

൩൧൭- ഇങ്ങിനെ അഭ്യസിപ്പിക്കുന്നതിന്റെ ഉദ്ദെശം നല്ലതുംകാലാന്തരത്തിൽ അറിവിനുവളരെ ഉപയുക്തമായിതീരുന്നതുമണെങ്കിലും ബാലന്മാരുടെ മനസ്സു ബാലവല്ലികൾപൊലെആകയാൽഅതിന്റെ കരയെററത്തിനു ആദ്യമായി കാണിക്കപ്പെടുന്നമാൎഗ്ഗം അപ്രതിബന്ധകവും സഹായവുമായിരിക്കെണ്ടതാകകൊണ്ടു മുമ്പിലത്തെ ആനടപ്പുഅത്രനന്നായിട്ടുള്ളതല്ല-

൩൧൮- ൧൦൦൭ാമാണ്ടുമീനമാസം ൨൩-നു- തിരുഅവതാരം ചെയ്തു ൧൦൩൬ാമാണ്ടു ചിങ്ങമാസം ൨൪-നു- മുതൽ രാജ്യധുരന്ധരനായിരുന്ന- ൧൦൫൫-ൽഇടവം ൧൯-നു-നാടുനീങ്ങിയആയില്യംതിരുനാൾ വലിയതംപുരാൻ തിരുമനസ്സിലെക്കുവിശെഷിച്ചും സ്വഭാഷയായമലയാളത്തെമെല്പറഞ്ഞതാണഅവസ്ഥയിൽനിന്നുംഉദ്ധാരണംചെയ്തു പരിഷ്കരിക്കണമെന്നുണ്ടായിരുന്നഔത്സുക്യാഗ്രഹം ൪൨ാമാണ്ടു ഏൎപ്പെടുത്തിയ മലയാളംപള്ളിക്കൂടങ്ങളെക്കൊണ്ടു ഫലവത്തായിതീൎന്നു- ൨൦ പള്ളിക്കൂടങ്ങളിൽ പ്രത്യെകം പ്രത്യെകംക്ലാസുകൾതിരിച്ചും ൧ാംപാഠം- ൨ാംപാഠം- ഇങ്ങിനെവായിക്കുന്നതിനും മനസ്സിലാകുന്നതിനും സുഗമമായവിധത്തിൽ പുസ്തകങ്ങൾ അച്ചടിപ്പിച്ചും ബാലന്മാരെ ഉത്സാഹിപ്പിക്കുന്നതിലെക്കു സമ്മാനംസ്കാളർഷിപ്പുമുതലായതുഏൎപ്പെടുത്തിയും പരിഷ്കാരപ്പെടുത്തി-

൩൫൯- എന്നാൽപള്ളിക്കൂടങ്ങൾതൊട്ട്യംമണ്ഡപത്തുംവാതുക്കൽതൊറും സ്ഥാപിച്ചതുകൊണ്ടുമാത്രംഎല്ലാപ്രജകൾക്കും വിദ്യാലാഭത്തിനഎളുപ്പമില്ലെന്നുകണ്ടു പിന്നീടുപ്രവൃത്തി പള്ളിക്കൂടങ്ങളും സ്ത്രീകളുടെ വിദ്യാഭ്യാസത്തിന്ന പ്രധാനപട്ടണങ്ങളിൽ പെൺപള്ളിക്കൂടങ്ങളും ഏൎപ്പെടുത്തുകയും മെല്പറഞ്ഞ ഏൎപ്പാടുകളെ ക്രമമായിനടത്തിക്കൊണ്ടു പൊകുന്നതിന്ന ഓരൊ അദ്ധ്യക്ഷന്മാരെ നിയമിക്കയും ചെയ്തുകൂടാതെ ഠരം പള്ളിക്കൂടങ്ങൾക്ക ഉപയുക്തങ്ങളായഗദ്യപാഠങ്ങൾമലയാളത്തിൽ ഇല്ലായ്കകൊണ്ടു ബുക്കകമ്മട്ടിഏൎപ്പെടുത്തി വിജ്ഞാനമഞ്ജരി- ധനതത്വനിരൂപണം- കണക്കപുസ്തകങ്ങൾ ക്ഷെത്രവ്യവഹാരം- തിരുവിതാംകൂർചരിത്രം ഇന്ത്യാചരിത്രം-ഇംഗ്ലാണ്ടുചരിത്രം- ഭൂമിശാസ്ത്രം- ഇൻഡ്യാവിവരണം- മുതലായി അനെകംപുസ്തകങ്ങൾ അച്ചടിപ്പിച്ചുഉപയൊഗിപ്പിക്കയുംചെയ്തു- എന്നുമാത്രവുമല്ലാ വിദ്വാന്മാരെക്കൊണ്ടു ഓരൊവിഷയങ്ങളെക്കുറിച്ചു പള്ളിക്കൂടങ്ങളിൽ പ്രസംഗിപ്പിക്കുക ആദിയായി ജ്ഞാനാഭിവൃദ്ധിക്ക ഹെതുഭൂതങ്ങളായ ഓരൊ സദുപായങ്ങളെ ഏൎപ്പെടുത്തിനടത്തിച്ചും വന്നു-

---

## ൧൨ാം- അദ്ധ്യായം

---

൩൬൦- ഇപ്പൊൾ തിരുവിതാംകൊട്ടുസംസ്ഥാനത്ത രാജ്യഭരണംചെയ്യുവരുന്ന വിശാഖം തിരുനാൾ പൊന്നു തമ്പുരാൻതിരുമനസ്സുകൊണ്ടു ൧൦൧൨ാമാണ്ടു ഇടവമാസംപന്ത്രണ്ടിന തിരുഅവതാരംചെയ്തു- ബാല്യത്തിൽ കൊട്ടയത്ത ശംകരമെനവൻ ഇംഗ്ലീഷിലും പെക്കട അപ്പുവാദ്ധ്യാർ സംസ്കൃതത്തിലും പള്ളിവായനവായിപ്പിച്ചു- ൧൦൨൨ാമാണ്ടു തിരുമാടമ്പടിയന്ത്രം കഴിഞ്ഞു ഇത്രവിശെഷമായിട്ടും കൂടതൽ പതിവായിട്ടുംതിരുമാടമ്പ അതിനമുമ്പിലും അതിൽപിന്നെയും ഉണ്ടായിട്ടില്ലാഎന്നുപ്രസിദ്ധമാകുന്നു- ആയാണ്ടിൽതന്നെ ഇംഗ്ലീഷുപള്ളിവായനക്ക ഇവിടെയും പിന്നെടൊറിലും ദിവാൻജിആയിരുന്ന ഇപ്പൊൾ ബറൊഡായിൽ മന്ത്രിശ്രെഷ്ഠനായിരിക്കുന്ന രാജാസർടി മാധവരായരഅവൎകളെമദ്രാസിൽനിന്നുംവരുത്തിആക്കി-

൩൨൧- തിരുമാടമ്പുകഴിഞ്ഞസമയം തന്നെ സകലവി ദ്യകളിലും പൂൎണ്ണതസമ്പാദിച്ചിരുന്നുഎന്നാ വരികിലും മാധവ രായരവർകളുടെപരിശ്രമത്താൽ സ്വല്പദിവസംകൊണ്ടു ഇം ഗ്ലീഷുഭാഷയിലുംഅതുസംബന്ധമായുള്ളസകലശാസ്ത്രവിഷയ ങ്ങളിലും പണ്ഡിതനായി- ൧൦൩൩മാണ്ടുവരെയും മൂന്നാംമുറമ ഹാരാജാവായിട്ടു ശ്രീപാദത്തും ൧൦൩൪മാണ്ടുമുതൽ ഒന്നാം മുറമഹാരാജാവായി വടക്കെകൊട്ടാരത്തിലും എഴുന്നള്ളി താ മസിച്ചു- ൧൦൩൭ാമാണ്ട മദ്രാസിൽആദ്യം എഴുന്നള്ളി ആ പട്ടണത്തിലെപ്രധാനസ്ഥലങ്ങളും വിശെഷങ്ങളും കാണുക യുംഗവൎണർസായ്പുമുതലായധീരന്മാരുടെപരിചയത്തിനുംസ്നെ ഹത്തിനും ഇടവരികയും ചെയ്യുതുകൂടാതെ അവിടെവച്ചു തിരുമനസ്സിലെ ബുദ്ധിസാമൎത്ഥ്യത്തെയും സകലശാസ്ത്രങ്ങളി ലും ഉള്ളപാണ്ഡിത്യത്തെയും കുറിച്ചു സായ്പന്മാരു മുതലായവ ര വളരെസന്തൊഷിച്ചു തിരുമനസ്സിലെ മദ്രാസ്സയൂണിവർ സി റ്റിയിൽ മെംബരായിട്ടുചെൎത്തു അന്നുമുതൽ എഫ- എം- യു എന്നസ്ഥാനസംജ്ഞ ലഭിച്ചു

൩൨൨ ൧൦൩൭ മാണ്ടു മുതൽ ൧൦൫൭ മാണ്ടുവരെ ഏകദെശം ൨൦ സംവത്സരം കല്പിച്ചു വടക്കെ കൊട്ടാരത്തിൽ എഴുന്നെള്ളിയിരുന്നകാലം അത്രയും മലയാളത്തിനും തദ്ദെശവാസികൾക്കും അവരുടെസ്വഭാഷക്കും ഏററവുംഗുണപ്രദമായിതീൎന്നു- വിദ്യാഭ്യാസ വിഷയത്തിലും സന്മാൎഗ്ഗവിഷയത്തിലും കല്പിച്ചു പ്രത്യെകം ദൃഷ്ടിവച്ചുവരുന്നതുകൂടാതെ ഇംഗ്ലീഷു പുസ്തകങ്ങൾ മലയാളത്തിൽ തൎജ്ജിമചെയ്യുന്നതിലും ചിത്രംഎഴുത്ത-കൃഷി- തൊഴിൽവെല മുതലായതിലുംവാസനയുള്ളവരെ ഉത്സാഹപ്പെടുത്തിയുംവരുന്നു- ൧൦൫൭മൊണ്ടുമിഥുനമാസംതിരുപട്ടം കെട്ടി രാജ്യഭരണം ചെയ്തുവരുന്നു എല്ലാ വിഷയങ്ങളിലും ഇതുപൊലെ പാണ്ഡിത്യം ലഭിച്ചിട്ടുള്ള മഹാരാജാക്കന്മാരു ഇൻഡ്യയിലുള്ളഏതദ്ദെശീയ രാജാക്കന്മാരിൽആല്ല യൂറൊപ്പിലുംഇല്ലെന്നുള്ളതുസൎവ്വജനസമ്മതമായിരിക്കുന്നു-

൩൨൩ ഇളമുറസ്ഥാനമായി എഴുന്നള്ളിയിരുന്നപ്പൊൾ കല്പിച്ചുമലയാളം- സംസ്കൃതം- ഇംഗ്ലീഷുമുതലായ ഭാഷകളിൽ പലസംഗതി കളെയുംപററി പ്രകരണങ്ങൾ ചമച്ചിട്ടു

ണം- മിക്കതിലും സന്മാൎഗ്ഗവും സദ്വിഷയവും പരിശ്രമശീലവും മററും മുഖ്യവിഷയങ്ങൾ ആകുന്നു

ഇംഗ്ലീഷിൽഉള്ള പ്രകരണങ്ങൾക്കൊക്കെ ഇപ്പോൾ മലയാളത്തിൽ തൎജ്ജിമചെയ്തു അച്ചടിപ്പിച്ചു കാണുന്നു- കല്പിച്ചുണ്ടാക്കീട്ടുള്ള ചിലമുഖ്യമായ മലയാള ഗദ്യപാഠങ്ങളിൽ

൧ ശരീരരക്ഷയെക്കുറിച്ചു
൨ സത്യത്തെക്കുറിച്ചു
൩ വിദ്യാഭ്യാസത്തെക്കുറിച്ചു
൪ പരോപകാരത്തെക്കുറിച്ചു
൫ ദീനസംരക്ഷണം
൬ ക്ഷാമവൃത്താന്തം
ഇവകളാകുന്നു

൩൨൪ ഒരംതിരുമനസ്സിലെ അഗാധബുദ്ധിയെ ഒരുജലപ്രവാഹത്തോടുതന്നെ സദൃശീകരിക്കേണ്ടി ഇരിക്കുന്നു എന്തുകൊണ്ടെന്നാൽ അതിന്റെ കൂഴക്ക പലകൈവഴികളായി ബഹുജനങ്ങൾക്കു ബഹുവിധത്തിൽ അസീമഗുണപ്രദങ്ങളായിട്ടു പ്രവാഹാനന്തരവും വളരെക്കാലം നാനാപ്രകാരേണ സോപയോഗങ്ങളായി തീരുന്നതിനാലാകുന്നു- രമണീയാടവികളിൽ ചുററി സഞ്ചരിച്ചു മനോഹരങ്ങളായുള്ള ചെടികൾ ലതകൾമുതലായവകളെ സമൂലംഎടുത്തു കൊണ്ടുവന്നുനട്ടു വളൎത്തിച്ചും ചക്ഷുശ്രൊത്രെന്ദ്രിയാനന്ദാത്യസാധാരണാസ്പദങ്ങളും വന്യജീവികളുമായ പക്ഷിമൃഗാദികളെ വരുത്തി വൈപ്പിച്ചും പലസ്ഥലങ്ങളിലും എഴുന്നള്ളി വിവിധതരങ്ങളായ മുത്തുകളെയും സമുദ്രതീരങ്ങളിലുള്ള അത്യാശ്ചൎയ്യകരമായ മണൽമുതലായവകളെയും ശേഖരിപ്പിച്ചും തത്തൽഗുണാന്തരങ്ങളെ ഗ്രഹിക്കുന്നതിനു ഒരംതിരുമനസ്സിലെക്കുള്ള സ്വഭാവജന്യമായ വാസനാബലം അത്യന്തം ശ്ലാഘനീയമാകുന്നു- ഇങ്ങിനെയുള്ള സസ്യപ്രകൃതിവിജ്ഞാനം ഭൂവിജ്ഞാനം ജീവപ്രകൃതിവിജ്ഞാനം മുതലായവയിൽ എതാദൃശമഹാ രാജാക്കന്മാരിൽ ഇപ്പൊൾഏററവും ദൌൎല്ലഭ്യമായെ കാണുന്നൊള്ളു- അതിനാൽ ഒരംമഹാരാജാവിന്റെ ഒരം അസാമാന്യ വാസനകൾഅത്യന്തം ശ്ലാഘനീയങ്ങളും ശ്രെയസ്കാരികളുമായിരിക്കുന്നു

## ൩൨൫- മെലെഴുതിയപ്രകരണങ്ങളിൽ നിന്നും ചിലഭാഗംതാഴെചെൎത്തിരിക്കുന്നു-

൧- വിദ്യാഭ്യാസം രണ്ടുഭാഗമായിട്ടു വിഭജിക്കപ്പെടുന്നു- അറിവു സമ്പാദിക്കുന്ന ഭാഗവും അറിവു സമ്പാദിക്കാൻ വെണ്ട യൊഗ്യത ബുദ്ധിക്കുഉണ്ടാക്കുന്നഭാഗവും ആകുന്നു- അതിൽരണ്ടാമത്തുഭാഗം ബാല്യത്തിൽതന്നെസമ്പാദിക്കെണ്ടതാകുന്നു- ഇതിന്റെകൎത്തൃത്വം അഛൻ അമ്മ തുടങ്ങിഉള്ളവരിലും പാഠകശാലകളിൽ അഭ്യസിച്ചു തുടങ്ങിയാൽ അവിടങ്ങളിലെ ആചാൎയ്യന്മാരിലും ആകുന്നു- ൨ഉള്ള ആളുകൾ തങ്ങടെ ആധീനത്തിൽ ഉള്ളവരിൽ നിഷ്കൎഷിക്കെണ്ടതിൽ ഒന്നാമത്തു ഗുണദൊഷവിചാരമാകുന്നു- ഗുണദൊഷവിചാരം കൂടാതെ അവരുടെ ശാസ്യജനങ്ങൾ ചെയ്യുന്ന ദുഷ്കൃത്യങ്ങളുടെ ഫലാംശഭാക്കുകളായി അവർ തീരും എന്നു യുക്തിസിദ്ധം ആകകൊണ്ടു ൨-ഭാഗത്തിൽ ഏറവും പ്രയത്നപ്പെടെണ്ടതാകുന്നു-

൨- ദുഷ്കൃത്യങ്ങൾക്കൊക്കെയും പ്രബലമായുള്ള ഔഷധങ്ങൾ ഉണ്ടാകുന്നു- അതു കൊയിമ്മയിലെശാസനയും ജനാഭിപ്രായത്തിന്റെ രീതിയും ആകുന്നു- കൊയിമ്മയിലെ ശാസനയുടെവ്യാപാരം സ്ഥലവും പരിമിതവും ആകുന്നു എത്രകള്ളന്മാരും കള്ളസാക്ഷിക്കാരും മറ്റുപലവിധ കുറ്റക്കാരും ശിക്ഷ അനുഭവിക്കാതെ ഇരിക്കുന്നു- ആ കുറ്റക്കാറര കുറ്റക്കാരാണെന്നുകൊയിമ്മയിൽസംശയപ്പെടാതെ തന്നെ ഇരിക്കുന്നു- ന്യായസ്ഥലാദികളിൽ ഉള്ള അധികാരികളും അവരുടെ പ്രെഷ്യജനങ്ങളും എത്രമാത്രം സത്യനിരതന്മാരായും ന്യായതല്പരന്മാരായും താന്താങ്ങളുടെപ്രവൃത്തികളെ ബുദ്ധിഎത്തുന്നടത്തൊളം നെരായ മട്ടും ചെയ്യണം എന്നുമനഃപൂൎവ്വമായിവിചാരിക്കുന്നവരായും ഇരിക്കുന്നുവൊ അത്രമാത്രം അസത്യവും ന്യായവിരൊധവും പ്രവൃത്തിക്കുന്നവർ വെളിപ്പെടുന്നു- എന്നാലും എത്രതന്നെ നിഷ്കൎഷയുണ്ടായിരുന്നാലും വെളിപ്പെടുന്നഭാഗംവെളിപ്പെടാത്തതിനെക്കാൾ കുറമായിത്തന്നെഇരിക്കും എന്നുതന്നെയുമല്ല ചിലഅസത്യപ്രവൃത്തികൾകൊയിമ്മയിലെ ശാസനയിൽ ഉൾപ്പെടുത്താൻപാടുള്ളതല്ല- അങ്ങനെയുള്ളതിനെമാറെറണ്ടത ജനാഭിപ്രായംതന്നെ ആകുന്നു-

൩- എല്ലാവിധത്തിലുള്ള പ്രവൃത്തികൾക്കും ചുവടായിട്ടുള്ളത മനൊവ്യാപാരംതന്നെ ആകുന്നു- പരൊപകാരം യഥാന്യായമായി ചെയ്വാൻ മനുഷ്യരെ മുഖ്യമായി പ്രെരിപ്പിക്കുന്നത അറിവൊടു കൂടിയ ദയയും ൨ംശപരബഹുമാനവും ആകുന്നു- ആദ്യന്തന്നെ മനസ്സിലുറക്കെണ്ടത താന്താങ്ങൾക്കു സുഖദുഃഖാദികൾ ഉള്ളതുപൊലെ തന്നെ ഇതരമനുഷ്യൎക്കും ഉണ്ടെന്നും ദെശകാലാവസ്ഥാ ഭെദാനുസാരിയായിട്ടു ഗൌരവതാരതമ്യംഉണ്ടെങ്കിലും പ്രായെണ താന്താങ്ങൾക്കു ഹിതാവഹങ്ങളായ വസ്തുക്കൾ അന്യന്മാൎക്കും ഹിതാവഹങ്ങളായും താന്താങ്ങൾക്കു അനിഷ്ടകരങ്ങളായ വസ്തുക്കൾ അന്യന്മാൎക്കും അതുപൊലെ ഇരിക്കുമെന്നും ആകുന്നു- ൨ംഅറിവൊടുകൂടിയ ദയയാകുന്ന സമുദ്രം യാവനൊരുത്തന്റെ ഹൃദയത്തിലിരിക്കുകയും

സൎവ്വഭൂതങ്ങൾക്കും ഹിതത്തെ ചെയ്യേണ്ടത ആവശ്യം എന്നന്തഃകരണ ത്രുപെണ്ണ ഉപദെഷ്ടാവായ ഗുരുവരങ്കൽ ബഹുമാനമാകുന്ന ചന്ദ്രകിരണങ്ങളെക്കൊണ്ട ആ സമുദ്രപൂരം ഉണ്ടാകയുംചെയ്യുമൊ അവങ്കൽ നിന്ന പരൊപകാരങ്ങൾ നിരന്തരമായി ഒഴുകിയും കൊണ്ടിരിക്കും-

൮ മനസ്സിനും ശരീരത്തിനും ഏററവും സംബന്ധമുള്ളതാകകൊണ്ട ഒന്നിനുണ്ടാകുന്ന ഇഷ്ടാനിഷ്ടാവസ്ഥകളെ മററതും അനുഭവിക്കും അതുകൊണ്ട ശരീരരക്ഷക്കുമുഖ്യമായ ഒരുപായം മനസ്സിനെ ആകുന്നിടത്തോളം ശാന്തമായും സന്തുഷ്ടമായും വച്ചുംകൊണ്ടിരിക്ക ആകുന്നു— അധികമായ ഹൎഷം, വ്യസനം, കോപം, അനുരാഗം തുടങ്ങിയുള്ള വികാരങ്ങളെ മനുഷ്യർ ബുദ്ധിശക്തികൊണ്ടും സ്വാത്മനാ ഹിതകാരിയായ ഗുരുവരങ്കൽ ദൃഢമായ വിശ്വാസംകൊണ്ടും നിയമനംചെയ്ത പ്രശാന്തചിത്തന്മാരായിരിക്കേണ്ടതാകുന്നു- ദുശ്ചിന്തകൾ എതെതസമയങ്ങളിൽ ഹൃദയഭൂമിയിൽ മുളച്ചുവരുന്നുവൊ അപ്പൊൾ തന്നെ അവകളെ നിരവശേഷമായി ബുദ്ധിയാകുന്ന ആയുധം കൊണ്ട ഛെദിച്ചുകളയെണ്ടതാകുന്നു-

൯ വിദ്യാഭ്യാസത്തിൻെറ ഉപകാരം ഭാഗ്യാൽ അധികം അധികം അറിയപ്പെട്ടുവരുന്നു. നമ്മുടെ നാട്ടിലെ പാഠകശാലകളിൽ സാരമുള്ള ലഘു പാഠങ്ങളുടെ ഗുണത്തെ നാം എല്ലാവരും അറിഞ്ഞുവരുന്നു. ആ സ്ഥിതിയിൽ ദെഹസൌഖ്യ സംബന്ധമായ കാൎയ്യങ്ങളിൽ പാപങ്ങൾക്ക അത്യന്തം അറിവില്ലായ്മ നടപ്പായിരിക്കുന്നതിനെ എന്തുകൊണ്ടാകുന്നു സമ്മതിക്കുന്നത? രൊഗപ്രചാരത്തിൻെറ കാലങ്ങളിൽ നാം കുടീരങ്ങളിൽ കെറി രൊഗികളെ കാണുന്ന അവസരങ്ങളിൽ എല്ലാം അവിടങ്ങളിൽ ദെഹാനുകൂല്യാൎത്ഥം അതിസാധാരണമായ സംഗതികളുടെ അറിവില്ലായ്മയെ കണ്ട, വ്യവസ്ഥിതമായ പാഠം കൂടാതെയും വിചാരംപൊലും കൂടാതെയും അതിനെ പ്രതിഷെധിക്കാവുന്നതാണ. ദീനക്കാരുടെ സംരക്ഷണമാകുന്ന ഒരുതൊഴിലിനെ പ്രത്യെകം അഭ്യസിച്ചവർ ഉണ്ട. എന്നാൽ നാട്ടിലെ പാഠകശാലകളിൽ ദീനസംരക്ഷണത്തെ സംബന്ധിച്ച ലഘുവായ നിയാമകങ്ങളെ കൂടെ പഠിപ്പിക്കാൻ വയ്യാത്തതെന്ത? കൊച്ചുപെൺകുട്ടികളുടെ നിയതമായ പാഠങ്ങളിൽ അവയെ ചെൎക്കാമെന്നുള്ളതാകുന്നു. ഒരു അച്ഛനൊ അമ്മയൊ പെട്ടെന്ന ദണ്ഡം പിടിക്കുംപൊൾ പത്തൊ പന്ത്രണ്ടൊ വയസ്സുള്ള മകളൊ വെറെ സ്നെഹമുള്ള ചെറിയപെൺകുട്ടിയൊ അല്ലാതെ മററാരും ശുശ്രൂഷക്കു, ഇല്ലാതെ യായിപ്പൊകുന്നു! എന്നാൽ ഒരു ചെറിയകുഞ്ഞിനു കൂടെയും വിചാരബുദ്ധിയും സൂക്ഷ്മദൃഷ്ടിയും ദീനപ്പുരയിൽ നടപടികളുള്ള ലഘുവായചില നിയമങ്ങളുടെ അറിവും ഉണ്ടെങ്കിൽ, എത്രമാത്രംചെയ്വാൻ കഴിയുന്നു! പരിചയമുള്ളവരും വലിയവൈദ്യന്മാരും ഇക്കാൎയ്യത്തെ അവശ്യം നിൎവ്വഹിക്കെണ്ടതാകുന്നു എന്ന പറയുന്നു. അത എന്തുകൊണ്ടാകുന്നു ശ്രദ്ധമെ അനാലൊചിതമായിരിക്കുന്നത?

൮൨൩- തിരുമനസ്സിലെ വാചകരീതി അതിശയമായിരിക്കുന്നു- എന്നാൽ അതിലെക്ക ഉചിതമായ ഒരു പ്രശംസയെ തൽക്കാലം ഇവിടെ ചെയ്യുന്നതിലെക്ക ഞാൻ അശക്തനായിരിക്കുന്നു- സ്വല്പനാളത്തെക്ക തിരുമനസ്സിലെ ഓരൊരൊ ചൊമൂലമായ കല്പനകളെ വഹിച്ച നടത്തിക്കുന്നതിന ...... ബാദ്ധ്യസ്ഥനായിരുന്നതിനാൽ ആ നാളിനിടക്ക ഇംഗ്ലീഷിലും മലയാളത്തിലും വന്നിട്ടുള്ള കല്പനകളെ ഞാൻ വായിക്കകമൂലം എനിക്ക ഉണ്ടായിട്ടുള്ള ഭാഷാജ്ഞാനവും അറിവും സീമാതീതമാകുന്നു-അനെകനാളത്തെ ഗ്രന്ഥവായനകൊണ്ടും ഒരം ഫലം അസാദ്ധ്യമായുള്ളതെന്ന ഞാൻ ഉറപ്പായി വിശ്വസിക്കുന്നു-

൮൨൧- തിരുമനസ്സുകൊണ്ട ചിരകാലം ആയുരാരൊഗ്യസമ്പജ്ജയക്ഷെമാദികളൊടുകൂടി രാജ്യഭാരവും വിദ്യാഭിവൃദ്ധിയിൽ നിഷ്കർഷയും ചെയ്തിരിപ്പാൻ സംഗതി വരുത്തണമെന്ന ഞങ്ങൾ സർവ്വശക്തനായിരിക്കുന്നൊരംശ്വരനെ പ്രാർത്ഥിക്കുന്നു-

൮൨൪- ചങ്ങനാശെരി പൂരംതിരുനാൾ കെരളവർമ്മൻ വലിയകൊയിത്തമ്പുരാൻ തിരുമനസ്സുകൊണ്ട ൧൦൨൦ാമാണ്ട കുംഭമാസത്തിൽ അരിപ്പാട്ട അനന്തപുരത്തു കൊട്ടാരത്തിൽ ജനിച്ചു അമ്മ പാഠിതമുള്ള തമ്പുരാട്ടിയായിരുന്നു- ബാല്യം മുതൽക്കു അദ്ദെഹത്തിനെ അവിടുന്ന വിദ്യ അഭ്യസിപ്പിച്ചു-അച്ഛൻ മല്ലപ്പള്ളി നമ്പൂരി വളരെ കീർത്തിപ്പെട്ട വിദ്വാനായിരുന്നു അദ്ദെഹം ജ്യൊതിഷത്തിൽ നല്ലസമർത്ഥനായിരുന്നതിനാൽ മരണകാലം ഇന്നപ്പൊൾ എന്നു നിർണ്ണയപ്പെടുത്തി അതിലെക്കായിട്ട രണ്ട സംവത്സരത്തിനുമുൻപ സന്ന്യസിച്ച ഒടുവിൽ കാശിയിൽ പൊയി മരിച്ചിരിക്കുന്നു- ൫ വയസ്സുവരെ മാതാപിതാക്കന്മാരും ഉപാദ്ധ്യായനായ രാമവാര്യർ എന്ന സംസ്കൃതപണ്ഡിതനും കൂടി വിദ്യാഭ്യാസം ചെയ്യിപ്പിച്ചു- ൫ വയസ്സിൽ അവിടത്തെ അമ്മാവനും ഇപ്പഴത്തെ ഇളയതമ്പുരാൻ തിരുമനസ്സിലെ അച്ഛനുമായ രാജരാജവർമ്മ കൊയിത്തമ്പുരാൻ തിരുമനസ്സിലെ അഭിപ്രായപ്രകാരം തിരുവനന്തപുരത്തു വന്നു-അവിടുന്നു തീപ്പെട്ടുപൊകുന്നതുവരെ ൩ വർഷകാലം അദ്ദെഹം തന്നെ പഠിപ്പിച്ചു-അപ്പൊൾ സംസ്കൃതവും ഇംഗ്ലീഷും വായിച്ചുവന്നു-പിന്നീട ൧൦൩൩ാമാണ്ട നാടുനീങ്ങിയ തിരുമനസ്സിലെ മക്കളായ തമ്പിമാരൊടുകൂടിയും ഡാക്ടർ വെയറിംഗ സായ്പവർകളുടെ അടുക്കലും ഇംഗ്ലീഷ കുറെനാൾ പഠിച്ചു-

൩൯-അമ്മാവന്റെമരണാനന്തരംസുബ്ബാജീകപ്പിതരുടെഅടുക്കൽ സംസ്കൃതവ്യാകരണവും പണ്ഡിതർരാമസ്വാമിശാസ്ത്രികളുടെ അടുക്കൽ തൎക്കവും ഇലത്തൂർ രാമസ്വാമിശാസ്ത്രികളുടെഅടുക്കൽവെദാന്തവും പാച്ചുമൂത്തതിന്റെഅടുക്കൽവൈദ്യശാസ്ത്രവും അഭ്യസിച്ചു- സ്വയാഭ്യാസം കൊണ്ടും ൧൦൨൩ൽനാടുനീങ്ങിയ തിരുമനസ്സിലൊടുംമാധവരായർ സ്വാമിഅവർകളൊടും ഇപ്പഴത്തെവലിയതമ്പുരാൻ തിരുമനസ്സിലൊടും ഉണ്ടായിരുന്നസഹവാസവും എഴുത്തുകുത്തുംകൊണ്ടും ഇംഗ്ലീഷിൽനല്ലപണ്ഡിതനായിതീൎന്നു-

൪൦- അദ്ദെഹം ൧൦൩൯ാമാണ്ടു മെടമാസം ൧൩-ആറവങ്ങർ ഭരണിതിരുനാൾ മൂത്തതമ്പുരാൻതിരുമനസ്സിലെ പള്ളിക്കെട്ടുകഴിച്ചു-

൪൧- മലയാംപള്ളിക്കൂടങ്ങളിൽ പഠിപ്പിക്കുന്നതിനു പുസ്തകങ്ങൾ ഇംഗ്ലീഷിൽനിന്നും തൎജ്ജിമചെയ്യുന്നതിനായി ഒരു ബുക്കുകമ്മിററിഏൎപ്പെടുത്തി- അതിൽ പ്രസിഡെണ്ടു ഈതിരുമനസ്സുകൊണ്ടായിരുന്നു- ഈ തിരുമനസ്സിലെ ഇംഗ്ലീഷു സംസ്കൃതം ഈഭാഷകളിലുള്ളപൂൎണ്ണവിദഗ്ദ്ധത മലയാളഭാഷയുടെ പരിഷ്കാരത്തിനുകാരണമായി തീൎന്നു-

ഉദ്ദെശംകൊല്ലം ൧൦൦൦ മാണ്ടുവരെമലയാളഭാഷയിൽഗദ്യങ്ങൾ കെരള ഉല്പത്തി ഒഴികെമറെറാന്നും ഇല്ലാതിരുന്നു അതിൽപിന്നെ അതിനിപുണന്മാരും സൂക്ഷ്മാന്വെഷകന്മാരും സൂക്ഷ്മഗ്രാഹികളും ആയിരിക്കുന്ന യൂറൊപ്യൻ പാതിരിമാരുടെ അനവരതമായ ശ്രമത്താൽ പാഠകശാലകളുടെ ഉപയൊഗത്തിനായി ചിലഗദ്യ പുസ്തകങ്ങൾ ചമക്കപ്പെട്ടിരുന്നു എന്നു വരികിലും അതുകൾ ഈകെരളത്തിലെ ബാലന്മാൎക്കു സ്വഭാഷപരിഷ്കാര വിഷയത്തിംകൽ അത്രഉപയൊഗമായില്ലാഎന്നു ഒരുന്യൂനത ഉണ്ടായിരുന്നു

൪൨- ഈന്യൂനതയിൽനിന്നും മലയാള ഭാഷയെ വെർപെടുത്തിയത ഈ തിരുമനസ്സു കൊണ്ടായിരുന്നു- ഇക്കാരണത്താൽമഹാനായിരിക്കുന്ന രാജാ-സർ-ടി-മാധവരായരവർകൾഅഭിപ്രായപ്പെട്ടിരിക്കുന്നതുപൊലെ മലയാളഭാഷയെരക്ഷിച്ചവരുത്തിയതുംഎന്നുള്ളത നിസ്സംശയമാകുന്നു-

൪൩- അദ്ദെഹംബുക്കുകമ്മിട്ടിയിൽ പ്രസിഡെണ്ടാ

യിരുന്നസമയം ആകമ്മിട്ടിയിൽനിന്നും തൎജ്ജിമചെയ്കയും നൂതനമായിഉണ്ടാക്കുകയും ചെയ്തിട്ടുള്ളപുസ്തകങ്ങളുടെ വിവരംതാഴെപറയുന്നു-

൧ാം പാഠം
൨ാംപാഠം
൩ാം പാഠം
വിജ്ഞാനമഞ്ജരി
ഇൻഡ്യാവിവരണം൧ം ൨ം ഭാഗങ്ങൾ
ഇൻഗ്ലാണ്ടചരിത്രം
ഇൻഡ്യാചരിത്രം
തിരുവിതാംകൂർചരിത്രം
ഭൂവിവരണം
ധനതത്വനിരൂപണം
സന്മാൎഗ്ഗസംഗ്രഹം
കണക്കുപുസ്തകം ൧-ം ൨-ം ഭാഗങ്ങൾ
ക്ഷേത്രവ്യവഹാരം ൧ാംഭാഗം-

ഇതുകൂടാതെഇദ്ദേഹംഅനേകം സംസ്കൃതശ്ലോകങ്ങളും മണിപ്രവാളശ്ലോകങ്ങളും ധ്രുവചരിതം ഹനുമൊത്ഭവം പരശുരാമവിജയം മത്സ്യവല്ലഭചരിതം ഠരം ആട്ടകഥകളും ഉണ്ടാക്കീട്ടുണ്ട-

൩൩൪ അദ്ദെഹത്തിംകൽനിന്നു മലയാളഭാഷക്കുണ്ടായിരിക്കുന്നഅപരിമിതമായിട്ടുള്ളഗുണവുംപാഠശാലകളിലെഉപയൊഗത്തിനായുണ്ടായിരിക്കുന്നഗദ്യപുസ്തകങ്ങളെയുംവിചാരിച്ചുനൊക്കുമ്പൊൾ അദ്ദെഹംമലയാളഭാഷ ശുചിവരുത്തിയ ആളെന്ന മാത്രമല്ലാ ഉപയുക്തങ്ങളായ മലയാളഗദ്യ പുസ്തകങ്ങൾ ആദ്യംഉണ്ടാക്കിയതും അദ്ദെഹംഎന്നുതന്നെ പറയെണ്ടിയിരിക്കുന്നു

൩൩൫ ഇതുകൂടാതെ അവയിൽ അദ്ദെഹംസംസ്കൃതവാക്കുകൾ ആവശ്യപ്പെട്ടടത്തൊളും അല്ലാതെ അധികംപ്രയൊഗിച്ചിട്ടില്ലാ- അങ്ങിനെഉപയൊഗിച്ചിട്ടുള്ള സംസ്കൃതവാക്കുകൾ വാചകങ്ങൾക്കു ഭൂഷണങ്ങളായി തന്നെതീൎന്നിരിക്കുന്നു

അദ്ദെഹംഉണ്ടാക്കീട്ടുള്ള മെൽവിവരിച്ച ആട്ടക്കഥകളിൽനിന്നും ചിലഭാഗം താഴെചെൎത്തിരിക്കുന്നു

## പരശുരാമവിജയം

ശ്രീരാമവൎമ്മ കുലശേഖര ഭാഗിനേയ
മാൎത്താണ്ഡവൎമ്മ വസുധാധിപതേൎന്നിയോഗാൽ
നിൎമ്മാതി ഭാൎഗ്ഗവ ജയം നടനോപയുക്തം
കൎമ്മിൽതദീയജനകപ്രിയ ഭാഗിനേയഃ

* * *

ഭൂഭാരഭൂതഭുജ ഭൂഹതകാപി ഭൂതാ
ഭൂമീസുരാവനകൃതേ വിഹിതാവതാരാ
രാമോരമാരമണനംശവ പിതുസ്സമീപം
അഭ്യേത്യഭക്തിഭരനമ്രശിരാബഭാഷേ

* * *

കഞ്ജദളായതലോചനമാരേ
കുഞ്ജരപരിവൃഢഗാമിനിമാരേ
മഞ്ജുളഭാഷിണിമാരേവരുവിൻ
കഞ്ജശരോത്സവമാടുവതിന്നായി
പുഞ്ചിരിതൂകും മുഖകമലങ്ങൾ
പൂഞ്ചികപെണ്ണമറയ്ക്കുന്നതെന്തേ
അഞ്ചിതകചഭരമമ്പൊടു സുകൃതം
നെഞ്ചിലണച്ചയിതരികസുഖംമേ
സാമോദം ഗാഢപരിരംഭത്തിൽ
രോമാഞ്ചമതാം കഞ്ചുകമേകി
കാമാസ്ത്രങ്ങൾ തടുപ്പതിനധുനാ
സാമൎത്ഥ്യം മമനൽകീടേണം

* * *

അഭ്യേത്യഭൂപതിപുരാന്തികമഭ്രുമിത്ഥ്യാ
ബിഭ്രശ്ശരാസനകഠോരബാണാൻ
ഗംഭീരസിംഹരവകമ്പിതദിക്തടോയം
ആഹ്വ സ്മ ഹൈഹയപതിമ്മഹദാഹവായ
ആഹവമതിനിഹവാടാ വിരവൊടു
ഹൈഹയനൃപകീട
മാഹാതസ്കകമഥവാകൊണ്ടിഹ
സാഹസശീലാവരികനീസഹസാ
തസ്കകമിഹനീ തന്നീടായ്കിൽ
ദുൎന്നയജലധേ കൃതവീൎയ്യാത്മജ
നിസ്ത്രയമദ്യകുഡുംബസമേതം
നിന്നെവധിപ്പൻ നിന്ദിതചരിത
മല്പിതുരാശ്രമഗതയായീടും
സ്വല്പശ്രുതനുടതസ്കകഹരണം
സ്വല്പതിപോലും ചെയ്തീടാവുന
രല്പമതെന്നീകഥമതുചെയ്യ്
ദുൎമ്മേളം ചെയ്യൊരുകുത്സിത

കൎമ്മഫൊതവഹാസഹിയാഞാൻ
കൎമ്മന്നെംകില്പടൻസമരത്തിന
ദുൎമ്മതിയായനീഇഹവന്നാലും

ഇതുകൂടാതെഅദ്ദെഹത്തിൻെറ മാതുലനും വായിപ്പിച്ചിതന്ന ആളുമായ രാജ രാജവൎമ്മ കൊയിത്തംപുരാൻ സൊമവാരവ്രതം എന്നൊരു ആട്ടക്കഥ ഉണ്ടാക്കിയതിനെഅദ്ദെഹം പൂരിപ്പിച്ചതായിട്ടും കാണുന്നു

അദ്ദെഹം ഉണ്ടാക്കിയതായി വെറെഒന്നും അറിവുകിട്ടീട്ടില്ലാ- എന്നാൽ അദ്ദെഹം നല്ലപാഠിത്വവും കവിതാവാസനയുമുള്ള ആളാണെന്നുള്ളതിലെക്കലക്ഷ്യമായി ഒരംകഥയിൽഅദ്ദെഹമുണ്ടാക്കിയടത്തൊള മുള്ളതിൽനിന്നും സ്വല്പംതാഴെ ചെൎത്തിരിക്കുന്നു-

കദാചിദ്രാജാസൌ മധുകരവികാരാവ മധുരെ
മനൊജ്ഞെമാലെയാനില ചലിതമാകന്ദ നികരെ
മുദാദാരൈ സ്സ്നെഹംസരസ വചനാലാപചതു
രൈസ്സഹാരാമെ രമെരതിരമണലീലാസ്വരസധീഃ
കമലദളസദൃശാക്ഷിമാരെ
കമനീയമാമുദ്യാനം കൌതുകെനകാൺക
മാലതീകുസുമ ജാലമിതാകാൺക
മഹിതഗുണമാരെ ശൊഭിക്കുന്നു
മനസിജനുടെ കീൎത്തിയെന്നതൊന്നുന്നു
മധുമത്തമധുപ നിനദമിതാമെല്ലെ
മാകന്ദതരുഗണെകെൾക്കുന്നു
മദനചാപശിഞ്ജിനീ മഞ്ജുനിനാദംപൊലെ
മലയജമാരുത പൊതവുമിന്നുവന്നു
മണമൊടനുകൂല മായിവാതി
മദനകെളികൾ ചെയ്വാനുചിത മിതുകാലം

ഇതിനെപൂരിപ്പിച്ചത ഇവിടന്ന ആകുന്നുഎന്നുള്ളതിലെ ആ പുസ്തകത്തിൽകാണുന്നതായതാഴെപറഞ്ഞിട്ടുള്ള ൟ ശ്ലൊകം ദൃഷ്ടാന്തമാകുന്നു

ശ്രീരാജരാജാഭിധസ്യ മാതുലസ്യ ഗുരൊൎമ്മമ
കൃതിമെതാം തൽപ്രസാദാൽ പൂരയെഹം കഥഞ്ചന

അദ്ദെഹത്തിൻെറ ഗദ്യപാഠങ്ങളിൽ ഒന്നു രണ്ടിൽ നിന്നു സ്വല്പം താഴെ ചെൎത്തിരിക്കുന്നു

൭- അവിടത്തെ രാജ്യഭാരത്തിന്റെ ആരംഭത്തിൽ വളരെ അരുകൾ അവിടത്തെ വധിക്കുന്നതിന ഭാവിക്കകയും അവിടന്നു തന്റെ പ്രാണരക്ഷക്കായിപെഷ പ്രഛന്നനായി സഞ്ചരിക്കയും ഉണ്ടായിട്ടുണ്ട- മഹാരാജാവുതന്റെ ശക്തിയും സ്ഥൈൎയ്യവുംകൊണ്ടുരാജ്യത്തിൽ അക്രമങ്ങൾക്കയും,തീൎത്തുസമാധാനം ഉണ്ടാക്കി അവിടത്തെ സൂക്ഷ്മബുദ്ധികൊണ്ടുരാജ്യഭാരത്തെവെണ്ടുംപ്രകാരം നടത്തുന്നതിന വെണ്ടുന്നഉപായങ്ങൾ അവിടത്തെക്ക സുലഭമായിതൊന്നി- അവിടത്തെ ഉത്സാഹശീലവും ഉൾക്കണ്ഠയും കൊണ്ടുതന്റെ രാജ്യത്തെ ഇപ്പൊൾ ഉള്ളടത്തൊളംആക്കിഅവിടത്തെവിവെകവും ശാന്തതയും കൊണ്ടു നൂതനമായി ജയിച്ചദെശങ്ങളെ ഉറപ്പുവരുത്തുകയും ജനങ്ങളെരഞ്ജിപ്പിക്കുകയും നിഷ്പ്രയാസമായി തീൎന്നു

൮- തെക്കെഭാഗത്തിൽ ഭംഗിയുംവൃത്തിയും വിശാലതയും ഉള്ള തെരുവുകളും അവയിൽവളരെദ്രവ്യംചിലവുചെയ്തു കെട്ടപ്പെട്ടിട്ടുള്ളതായ അതിമനൊഹരങ്ങളായവീടുകളുംഉണ്ട- ഇതിന്റെ സമീപങ്ങളിൽ രമണീയങ്ങളായിരിക്കുന്ന ഉപവനങ്ങളുടെ മദ്ധ്യങ്ങളിൽ സമ്പന്നന്മാരായിരിക്കുന്നഏതദ്ദെശീയന്മാരുടെഭവനങ്ങൾ ഉണ്ടാക്കപ്പെട്ടിരിക്കുന്നു-

**൩൩൩- അദ്ദെഹംദീൎഘകാലം ജീവിച്ചിരുന്നു മലയാള ഭാഷയെ ഇനിയും ഉന്നതസ്ഥിതിയിൽ ആക്കിവയ്ക്കണമെന്നു എല്ലാമലയാളികളുടെയും അപെക്ഷയും പ്രാൎത്ഥനയും ആകുന്നു-**

---

## ൧൩-ാം- അദ്ധ്യായം

---

**൩൩൧- ശുചീന്ദ്രപുരത്തു വട്ടപ്പള്ളിസ്ഥാനികർ നീലകണ്ഠൻ പരമെശ്വരൻമൂത്തതകൊല്ലം ൯൭൯മാണ്ടു ഇടവമാസത്തിൽ വൈശ്യത്തജനിച്ചു- ബാല്യത്തിംകൽ വിദ്യാഭ്യാസം സാധാരണമായി ആശാൻമാരുടെ അടുക്കൽ ആയിരുന്നു- ൧൦൦൪മാണ്ടിനമെൽ ൧൦൧൨മാണ്ടിനകം വൈക്കത്തശാന്തി നല്ലൂരനംപൂരിയുടെ അടുക്കൽചിത്രംഎഴുത്തും വെച്ചൂര മൂത്തതിന്റെഅടുക്കൽ പാഠകൻപറകയും- ൧൦൧൭ാമാണ്ടുമുതൽ ൧൦൧൯മൊണ്ടുവരെകൊടുങ്ങല്ലൂര ഇളയതംപുരാന്റെ അടുക്കൽ വ്യാകരണവും ചുരുക്കത്തിൽവീണവായനയുംഅഭ്യസിച്ചു- ആ കൊടുങ്ങല്ലൂരതംപുരാൻവ്യാകരണത്തിംകലും ജ്യൊതിഷത്തിംകലും കവിതയിംകലുംഅതിനിപുണനുംചിത്രംഎഴുത്തിംകലും**

വീണവായനയിംകലും സാമാന്യപരിചിതനും ഏറ്റവും പ്രസിദ്ധനുംആകുന്നു- ൧൦൧൮മാണ്ടുമുതൽ പാണ്ടിരംകാശാസ്ത്രികളുടെഅടുക്കൽ വെക്കത്തുവച്ചു വ്യാകരണകൌസ്തുഭവും കാവ്യനാടകാലങ്കാരവ്യാകരണങ്ങൾമുതലായ ഉപരിഗ്രന്ഥങ്ങളുംആയിട ദെഹംപിൽ ചില ചിന്തരെരാഗംവിധിത്തംചല തടെചികിത്സയിലും സാദ്ധ്യമാവാരതംപിരാൽ രൊഗത്തിന്റെതത്വംഅറിയണമെന്നുവിചാരിച്ചു ൧൦൧൯മാണ്ടു വൈദ്യൻ തിരുനക്കരെ ചൊഴിയത്തുനംപൃരിയുടെ അടുക്കൽഅഷ്ടാംഗഹൃദയവും പഠിച്ചു- ശാസ്ത്രംകൊണ്ടു നൊക്കിയതിൽ രൊഗപ്രബലമെന്നും ഒരംശാരഭജനംകൊണ്ടു സാദ്ധ്യമായെക്കാമെന്നും കണ്ട ൧൦൨൦മാണ്ടു വൈക്കത്തു വലിയഭജനം തുടങ്ങി- ൧൦൨൨മാണ്ടുഭജനംസമാപ്തിയായഉടൻഒരുവലിയവാന്ദൃരിദീനംപിടിച്ചുകുളിച്ചപ്പൊൾ ആരൊഗ്യംനിശ്ശെഷം വിട്ടുപൊയി- ൧൦൨൩മാണ്ടിൽകുമാരനല്ലൂർപുതാതിന്റെഅടുക്കൽജ്യൊതിഷംപഠിച്ചു-

൩൩-൨- ൧൦൨൫മാണ്ടുമുതൽ പരാത്ഥമായിചികിത്സിക്കയുംകൊച്ചിയിലുംഎറണാകുളത്തുംഅല്പശമ്പളംകിട്ടുകയും അവിടെചികിത്സിച്ചുതാമസിക്കയുംചെയ്തു- ൧൦൨൭മാണ്ടു കൊച്ചിയിൽ രാജാവിനൊടുകൂടി കാശിയിൽപൊയിഗംഗാസ്നാനം ചെയ്യുന്നതിനുസംഗതിവന്നു- ൧൦൨൯മാണ്ടു മിഥുനമാസത്തിൽ നല്ലപ്പൊൾ തിരുവനന്തപുരത്തു വന്നു ഒന്നരമാസം താമസിച്ചു വടക്കൊട്ടു പൊയി- അപ്പൊൾ തിരുമനസ്സിലെമുഖംകാണിക്കുന്നതിനു ശ്രമിച്ചില്ലാ- ൧൦൩൦മാണ്ടു സദർക്കൊട്ടിൽ ഢാംജഡ്ജി വെംകിട്ടരമണയ്യന ദീനമായിരുന്നതിനാൽ ആ ദ്ദെഹത്തിന്റെ അപെക്ഷപ്രകാരം കൃഷ്ണരായർ ദിവാൻജി അവർകളുടെ എഴുത്ത വൈക്കംതഹശീൽദാൎക്കും സദർക്കൊട്ടിൽ ഒന്നാം ജഡ്ജി പരമെശ്വരൻനംപൂരിഅവർകളുടെ എഴുത്ത ഇദ്ദെഹത്തിന്റെ പെൎക്കുംചെന്നതുകാരണത്താൽ രണ്ടാമത തിരുവനന്തപുരത്തു വന്നു

ഢാംജഡ്ജിയെ ചികിത്സിച്ചുനല്ലസുഖമാക്കി പിന്നത്തതിൽ മുഖംകാണിച്ചു കല്പനപ്രകാരം തരുണനല്ലൂർ നംപൃരിപ്പാട്ടിലെക്കും ആറെറങ്ങൽ മൂത്തതംപുരാൻതിരുമനസ്സിലെക്കും അന്നത്തെനാഗരുകൊവിൽഅമ്മച്ചിക്കും പിന്നീടുവലിയകൊട്ടാരത്തിലും ചികിത്സിക്കാൻ സംഗതിവന്നു- ചികിത്സ ഉണ്ടായി

ഗ്ഗണപ്പെട്ടതിനാൽ വീരശൃംഖലസമ്മാനവും കൊടുത്തു തിരുവനന്തപുരത്തു താമസിക്കുന്നതിനു കല്പനവന്നു- ൧൦൩൧മാണ്ടു മുതൽവലിയകൊട്ടാരത്തിൽ നിത്യച്ചിലവിൽ ശമ്പളം പതിഞ്ഞു-

൩൬൯- അന്നുമുതൽ ൩൦൩൦മാണ്ടു നാടുനീങ്ങിയ തിരുമനസ്സിലെക്കും ൧൦൩൪ാമാണ്ടുനാടുനീങ്ങിയ തിരുമനസ്സിലെക്കും തൃപ്തികരമായിരുന്നതുകൂടാതെഇപ്പൊൾരാജ്യഭരണംചെയ്യുന്ന നമ്മുടെപൊന്നുതമ്പുരാൻ തിരുമനസ്സിലെക്കും തൃപ്തികരമായിത്തന്നെനടന്നുവരുന്നു- ൧൦൪൬ാമാണ്ടുഇടവമാസത്തിൽശ്രീചിത്രത്തുവട്ടപ്പള്ളിസ്ഥാനത്തിനു കല്പിച്ചുനിട്ടു കൊടുത്താക്കഅതുംനടത്തിശ്ശുചീന്ദ്രപുരത്തും വഞ്ചിയൂരുംതിരുവനന്തപുരത്തുമായിതാമസിച്ചുവരുന്നു-

൩൭൦- ഇമ്മഹാനിൽനിന്നും മലയാളഭാഷക്കു വളരെഗുണംസിദ്ധിച്ചിട്ടുണ്ടു- സാധാരണസംസ്കൃതവിദ്വാന്മാരായമലയാളികളുടെ സമ്പ്രദായംആഭാഷയിൽഅധികംരസിച്ചുകവിതകൾ കെട്ടിഉണ്ടാക്കുകയും സ്വഭാഷയായ മലയാളഭാഷയെതുച്ഛീകരിക്കയും ആകുന്നു- ഇവിദ്വാന്റെ പ്രവൃത്തി ഈ സമ്പ്രദായത്തിനു പൂൎണ്ണഅനുസരണമായിരുന്നില്ല-

൩൭൧- സംസ്കൃതത്തിൽഅദ്ദെഹം വൈക്കത്തുവച്ചു നക്ഷത്രമാലമുതലായിപലസ്തൊത്രങ്ങളും കാശിക്കുപൊയതിനെകുറിച്ചു കാശിയാത്രപ്രബന്ധവും തിരുവനന്തപുരത്തു വന്നതിന്റെശെഷം ൧൦൨൨ാമാണ്ടു നാടുനീങ്ങിയ രാമവൎമ്മമഹാരാജാവുഅവൎകളുടെകാലംമുതൽഇപ്പൊൾരാജ്യഭരണം ചെയ്യുന്നതിരുമനസ്സിലെ ഇളമസ്ഥാനംവരെ ഉള്ള രാജ്യവൃത്താന്തത്തെകാവ്യക്രമത്തിൽവൎണ്ണിച്ചിരിക്കുന്നതായരാമവൎമ്മചരിത്രംകാവ്യവും ൧൦൩൪ൽ നാടുനീങ്ങിയ വലിയ തമ്പുരാൻ തിരുമനസ്സിലെ കല്പനപ്രകാരം രാജസൂയം പ്രബന്ധത്തിന്റെവ്യാഖ്യാനവും പ്രസംഗവശാൽ അനെകംമാതിരി ശ്ലൊകങ്ങളും ഹൃദയപ്രിയം എന്ന വൈദ്യഗ്രന്ഥവും ഉണ്ടാക്കീട്ടുള്ളതുകൂടാതെ മലയാളത്തിലും അനെകംഗ്രന്ഥങ്ങൾ ചമച്ചിട്ടുണ്ടു- അതിൽ പ്രധാനമായിട്ടുള്ളതിന്റെ പെരുംമറ്റും താഴെ പറയുന്നു-

൧൮൨൮- ൽ- വൈക്കത്തുവെച്ചു മുചുകുന്ദമോക്ഷം ആട്ടക്കഥഉദ്ദെശംകൊല്ലം ൧൦൧൭മാണ്ടു ഇടക്കളുണ്ടാക്കി- ഈ കഥ രാജസൂയംമുതൽ അൻപത്തുനാലു ദിവസത്തെആട്ടക്കഥ ചെയ്തു ൧൦൩൩ാമാണ്ടു കെരളവിലാസം അച്ചുക്കൂടത്തിൽ അച്ചടിപ്പിച്ചിട്ടുള്ളതിൽകൂടി ഉൾപ്പെട്ടിട്ടുണ്ട- കവിതസാമാന്യം നന്നാണ-

൨ാമത- ൧൦൨൪ൽ കൊച്ചിയിൽതമ്പുരാന്റെ കാശിയാത്രയെക്കുറിച്ചുവൎണ്ണിച്ചു ഓട്ടംതുള്ളലായിട്ടൊരുകവിത ൧൦൨൫മാണ്ടുഉണ്ടാക്കീട്ടുണ്ട- ഇതുഅച്ചടിച്ചിട്ടുള്ളതായികാണുന്നില്ല-

൩ാമത- ൧൦൨൮മാണ്ടുതിരുവനന്തപുരത്തുവെച്ചു ബാലഭൂഷണംഎന്നപുസ്തകംഉണ്ടാക്കി- ൧൦൩൨ാമാണ്ടുഅതിനെ അച്ചടിപ്പിച്ചു- അതിന്റെപീഠികയിൽനിന്നും സ്വല്പംതാഴെചെൎത്തിരിക്കുന്നു-ഇതുബാലന്മാൎക്കുംമറ്റുംഅറിവുസമ്പാദിക്കുന്നതിനും മലയാളഭാഷാപരിചയത്തിനും ഒരുനല്ലഗ്രന്ഥമാണ

“ഈ പുസ്തകത്തിൽ ശ്രുതിസ്മൃതിപുരാണാദിപ്രമാണങ്ങളെകൊണ്ടുംയുക്തികൊണ്ടുംഅനുഭവപ്പെട്ടവയായിമതവിരൊധംകൂടാതെ സാധാരണങ്ങളായിരിക്കുന്നനല്ലഅറിവുകളെ സംഗ്രഹിച്ചിരിക്കുന്നു’

൪ാമത- ൧൦൩൮ൽതിരുവനന്തപുരത്തുവെച്ചുപലലക്യങ്ങൾശൊധനചെയ്തും വളരെപ്രയാസപ്പെട്ടും തിരുവിതാംകൂർ ചരിത്രം എന്നപുസ്തകം ഉണ്ടാക്കി- ഇങ്ങനെ ഒരുപുസ്തകം മലയാളഭാഷയിൽ ഇതിനുമുമ്പിൽ ഉണ്ടായിട്ടില്ലായിരുന്നു- ഈ പുസ്തകംബാലന്മാൎക്കവിദ്യാഭ്യാസത്തിനും പ്രാപ്തി ആയവൎക്ക സ്വദെശവൃത്താന്തം അറിയുന്നതിനുംവളരെഉപയോഗമായിതീൎന്നിരിക്കുന്നു-

ഈ ചരിത്രപുസ്തകം ആദ്യംസൎക്കാരിൽ നിന്നും ഇനാം കൊടുത്തു ഇംഗ്ലീഷിൽ തൎജ്ജിമ ചെയ്യിച്ചു- അതിനെ ആടിസ്ഥാനമായിവെച്ചും മറ്റഅനെകവിവരങ്ങൾ കൂടുതലായി ഗ്രഹിച്ചും രാജാ-സർ-ടി-മാധവരായരവൎകളും ശംകുണ്ണിമെനൊൻ പെഷ്കാരവൎകളുംതിരുവിതാംകൂർ ചരിത്രങ്ങൾ ഉണ്ടാക്കീട്ടുണ്ട- ഈ വിഷയത്തിൽആദ്യം അന്വെഷണം ജനിപ്പിച്ചത ഈ മഹാനാകുന്നു-

൭ാമത ൧൦൩൯ൽ തിരുവനന്തപുരത്തുവച്ചു മലയാള ഭാഷക്കൊരുവ്യാകരണം ചമച്ചച്ചടിപ്പിച്ചിട്ടുണ്ട- അതിൽ മലയാളഭാഷയുടെ ഉത്ഭവത്തെപററി അദ്ദെഹം പറഞ്ഞിരിക്കുന്ന അഭിപ്രായംമററചിലരുടെ അഭിപ്രായത്തിന ശരിയായിരിക്കുന്നില്ലാ-

൮ാമത- സുഖസാധകം സുഖബൊധകം മുതലായചെറിയ പുസ്തകങ്ങളും അനെക ശ്ലൊകങ്ങളും ഉണ്ടാക്കി

൯ാമത- ൧൦൩൪ൽ തിരുവനന്തപുരത്തുവച്ചു കെരളവിശെഷമാഹാത്മ്യം എന്നപെരൊടുകൂടിയപുസ്തകംഉണ്ടാക്കീട്ടുണ്ട- ഇതിൽകെരളത്തിൽമുൻകാലങ്ങളിൽ ഉണ്ടായിട്ടുള്ള വിശെഷങ്ങൾഅത്രയുംസപ്രമാണംപറഞ്ഞിട്ടുണ്ട നവീനഗ്രന്ഥങ്ങളായകെരളമഹാത്മ്യം-ജാതിനിൎണ്ണയം ഇവയെമററചിലർചെയ്തിരിക്കുന്നതുപൊലെപ്രമാണമായി ഇദ്ദെഹംസ്വീകരിച്ചിട്ടില്ലാ൰ഈഗ്രന്ഥത്തിന്റെ ഉപയൊഗം അറിഞ്ഞ മദ്രാസ്സയൂനിവർസിററിയിൽനിന്നും അതിനെപരീക്ഷക്കു ഒരുപുസ്തകമായിട്ടു സ്വീകരിച്ചിരിക്കുന്നു-

൰ാമത- തിരുവിതാംകൂർചരിത്രം- ബാലഭൂഷണം-കെരളവിശെഷമാഹാത്മ്യം ൟ മൂന്നുപുസ്തകങ്ങളും വളരെ ഉപയൊഗമുള്ളതാകുന്നു- അവകാരണം ൟമലയാളഭാഷ ഒള്ള നാൾഅത്രയും ൟഗ്രന്ഥകൎത്താവിന്റെപെരനിലനില്ക്കും- അവയിലെവാചകരീതി അതിശയമായിരിക്കുന്നു- സാധാരണസംസ്കൃതപണ്ഡിതന്മാരു എന്നു നടിക്കുന്നവരും മലയാളത്തിൽനല്പതിന്നുവും ഇംഗ്ലീഷിൽ അശെഷവും പരിചയമില്ലാത്തവരുമായ ചിലര ൟയ്യിട ചില പുസ്തകങ്ങൾ ഉണ്ടാക്കികാണുന്നതിൽ വാചകം സംസ്കൃതവാക്കുകൾ അധികമായിട്ടും സംസ്കൃതരീതിഅനുസരിച്ചും ഇരിക്കുന്നു- ആരുവായിച്ചാലുംഅതമലയാളമെന്നുസംശയിക്കകപൊലുംഇല്ലാ-ൟകൃമ അല്ലഇദ്ദെഹത്തിന്റെ വാചകം- നല്ലമലയാളമായും ഏത്രയുംഭംഗിയായും ഇരിക്കുന്നു- അദ്ദെഹത്തിന്റെ ഗ്രന്ഥങ്ങൾ വായിക്കുന്നതിനാൽബാലന്മാൎക്കുംമററും മലയാളത്തിൽ വ്യുൽപത്തിയായിട്ടും തെററകൂടാതെയും ഒരുവാചകം എഴുതുന്നസംപ്രദായംവെഗംമനസ്സിലാകും- കെരളവിശെഷമാഹാത്മ്യം മുതലായതിൽനിന്നും എടുത്ത ചെക്കൊണ്ടഭാഗം വളരെ ഉണ്ട- സ്ഥലം പൊരാഴികയാൽ ഉപെക്ഷിക്കുന്നു-

൩൰൮- അദ്ദെഹത്തിന ൱൬൬ാമാണ്ടുനാടുനീങ്ങിയതി തമനസ്സുകൊണ്ടു കൊടുത്തിട്ടുള്ള ഒരുസട്ടിഫിക്കെററ താഴെ ചെൎത്തിരിക്കുന്നു-

നമ്മുടെഅടുക്കൽ ചിരകാലാശ്രിതനായും പ്രീതിപാത്രനായുംഇരിക്കുന്നവൈദ്യരത്നം പാച്ചുമൂത്തത ഇയ്യിടെ ഉണ്ടാക്കിയതായവൈദ്യവിഷയകമായും സന്മാൎഗ്ഗവിഷയകമായുംഉള്ള രണ്ടുപുസ്തകങ്ങളെയും നാംകണ്ടുസന്തൊഷിച്ചിരിക്കുന്നു- അവ സകലജനങ്ങൾക്കുഉപയൊഗികളായി ഭവിക്കണംഎന്നുള്ള ഗ്രന്ഥകൎത്താവിന്റെ ശ്ലാഘനീയമായുള്ള ഉദ്ദെശ്യത്തെ നാം അനുമൊദിക്കുന്നു- പാച്ചുമൂത്തതിനവ്യാകരണത്തിലും വൈദ്യത്തിലുംജ്യൊതിഷത്തിലും ഉള്ളപാണ്ഡിത്യത്തെയും കവനപരിചയത്തെയും സദ്വൃത്തതെയും ഇതിനു മുൻപിൽതന്നെ നാംഅറിഞ്ഞുനല്ലപൊലെ സമ്മതിച്ചിട്ടുള്ളതാകുന്നു-

൩൰൯- ഇനിയും അനെകകാലം അദ്ദെഹം ദീൎഘായുസ്സൊടുകൂടി സുഖമായിരുന്ന സ്വഭാഷയായ മലയാളത്തിൽ ഇതിനമുൻപിൽഉണ്ടാക്കീട്ടുള്ളതുപൊലെഉള്ള ഗ്രന്ഥങ്ങൾ ചമക്കുന്നതിന ഇടവരുത്തണമെന്നു പ്രാൎത്ഥിക്കുന്നു-

അദ്ദെഹത്തിനാലുണ്ടാക്കപ്പെട്ട ചില മണിപ്രവാളശ്ലൊകങ്ങളെ താഴെചെൎക്കുന്നു-

൧ ശ്രീശിക്കാദിക്ഷകാരുംവെടിയുമൊരുധനംപൊലുമില്ലെന്നുവന്നാ
ലാധിക്യാധിക്യമുണ്ടാംപുനരവശതയാൽചെന്നുടം നിന്ദചെയ്യും
നെരന്നെരത്തുചെരും പൊളിയൊടതുജനം കെട്ടവൻ വാക്കി
നെയും
ചെറിൽചെരുന്നനീരുംകളയുകഗുണമെന്നൊൎത്തു ദൂരെത്യജിക്കും

൨ മനൊജ്ഞഭൊഗ്യങ്ങൾനിരത്തിയാലും
ഭുക്തിക്ഷ ഭാഗ്യം പുനരൊന്നുവെറെ
ഭെകെൎവലീലാകമലാമൃതത്തെ
മുദാഭുജിക്കുന്നുവനാളിവൎഗ്ഗം

൩ പ്രിയംപഥ്യം തഥ്യം ത്രിഗുണമിതു വാക്കിംകലാമൃതം
പ്രിയ കൂടാതെയും പറകിലറിവുള്ളൊൎക്കതിരസം
ഭയംവെർവിട്ടാലുംവെടിയരുതു സത്യത്തെയതിലും
ത്രയത്തെയുംപൊക്കുംവചനമതു ലൊകത്തിനുവിഷം-

൩൧൦, ൧൦൦൦മാണ്ടിടക്കു ആലപ്പുഴെ കൈതവനെപ്പാമ്പിൽ പച്ചക്കറപ്പുഎന്നു ഒരുവിദ്വാൻഉണ്ടായിരുന്നു ചെറുപ്പത്തിലെതന്നെ വിദ്യാഭ്യാസത്തിംകൽ സാമാന്യം അതിത

ല്പനായിരുന്നു. കാവ്യനാടകാദികൾ അധികമായി വായിച്ചുള്ള പ്രാപ്തിയായതിൽപിന്നെ ആയിരുന്നു- ചെറുപ്പത്തിൽ കൊല്ലെക്കാട്ടുകൃഷ്ണപിള്ള എന്ന ഒരുവിദ്വാൻെറ അടുക്കലാണ രഘുവംശാദിമുതലായ കാവ്യങ്ങളും മററും വായിച്ചതു- ഗണിതം വൈദ്യത പദ്യന്താം ശീലിച്ചിട്ടുള്ളതു കൂടാതെ വൈദ്യത്തിലും യാവദാവശ്യം അറിവുണ്ടായിരുന്നു- പൂജ്യനായ ഇദ്ദേഹം ൧൦൨൨മ മകരത്തിൽ പരലൊകംപ്രാപിച്ചു-

ഇദ്ദേഹം നളചരിതം വാതിൽതിറപാട്ടും ഗാനരീതിയിൽ ചിലമണിപ്രവാള പദ്യങ്ങളും ശ്ലൊകങ്ങളും കീൎത്തനങ്ങളും തിരുവാതിരപ്പാട്ടുകളും മററും ഉണ്ടാക്കീട്ടുള്ളതായി അറിയുന്നു- അവ താമസിയാതെ അച്ചടിപ്പിക്കുന്നതുമാകുന്നു-

൩൭൭ കിഴക്കെമഠത്തിൽ കുട്ടിക്കുഞ്ഞുതങ്കച്ചി ഇരവിവൎമ്മൻതമ്പിയുടെ മകളാകുന്നു- ൯൯൬ മാണ്ടു കുംഭമാസത്തിൽ അനിഴംനക്ഷത്രത്തിൽ വിളവംകൊട്ടു മണ്ടപത്തുംവാതുക്കൽ പാറവൊട്ടധികാരത്തിൽ ഇടക്കൊട്ടു പുളിയറത്തലവീട്ടിൽജനിച്ചു- പിതാവിൻെറവഴിക്കു രാജവംശത്തൊടു സംബന്ധമുള്ളതുകൂടാതെ ൯൯൦ മാണ്ടു നാടുനീങ്ങിയ തിരുമനസ്സിലെ ആനുജൻെറ ഭാൎയ്യയുടെ ഉടപ്പിറന്നവൻ പത്മനാഭൻതമ്പി ചെമ്പ്രാപ്പിള്ളയുടെ പൌത്രിയാകുന്നു- ൧൦൦൨ മാണ്ടു മുതൽ വിദ്യാഭ്യാസം തുടങ്ങി ഗുരുക്കന്മാർ അച്ഛൻ ഇരവിവൎമ്മൻ തമ്പിയും അരിപ്പാട്ടു കൊച്ചുപിള്ള വാൎയ്യരും ആയിരുന്നു- ഇവർ കാവ്യങ്ങളിൽ രഘുവംശം നൈഷധം മാഘം കുമാരസംഭവം ശ്രീകൃഷ്ണവിലാസം മുതലായതും നാടകങ്ങളിൽ ശാകുന്തളം രത്നാവലി ആശ്ചൎയ്യചൂഡാമണി വെണീസംഹാരം സീതാരാഘവീയം പ്രബൊധചന്ദ്രൊദയം മുതലായവയും പ്രബന്ധങ്ങളിൽ പ്രസംഗരത്നാവലിയും ഭൊജചംപുമുതലായതും നൊക്കീട്ടുണ്ട- പാൎവ്വതീറാണിമഹാരാജാവു മുതൽ ൧൧-ം ൩൯-ം ൭൭-ം ആണ്ടുകളിൽ നാടുനീങ്ങിയമഹാരാജാക്കന്മാരെയും ആശ്രയിച്ചുസെവിച്ചിരുന്നതുകൂടാതെ ഇപ്പൊൾ രാജ്യഭരണം ചെയ്യുന്ന തിരുമനസ്സിലെയും ആശ്രയിച്ചു സെവിച്ചുവരുന്നു-

൩൭൯ ഒരാവിദുഷി ഉണ്ടാക്കീട്ടുള്ള കവിതകളിൽ മുഖ്യം ആട്ടക്കഥ ൩- ൧- പാൎവ്വതിസ്വയംബരം ൨- ശ്രീമതിസ്വയംബരം ൩- ശിവരാത്രിമാഹാത്മ്യം

തിരുവാതിരപ്പാട്ട ൧- ൧- നാരദമോഹനം ൨- സീതാസ്വയംബരം

കിളിപ്പാട്ട ൨- ൧- തിരുവനന്തപുരം സ്ഥലപുരാണം ൨- വൈക്കത്തസ്ഥലപുരാണം

ഇതുകൂടാതെ കിരാതംകുറത്തിപ്പാട്ടും നളചരിതം കുറത്തിപ്പാട്ടും ഗംഗാസ്നാനംതുള്ളക്കഥയും ഗജെന്ദ്രമൊക്ഷംസംകീൎത്തനവും മണിപ്രവാളകീൎത്തനങ്ങളും പദങ്ങളും കുമ്മികളും താരാട്ടുകളും അനെകം ഭഗവൽ ശ്ലോകങ്ങളും മുതലായവയും ഇവരാൽഉണ്ടാക്കപ്പെട്ടിട്ടുണ്ട-

താകച്ചിയുടെ കവിതയിൽനിന്നും കുറെതാഴെ ചെൎത്തിരിക്കുന്നു

൧ അംബുകൊമളമെഖനിജ്ജിതചന്ദ്രെകന്യാ
കുബ്ജവാസിനി ദീനവത്സലെ കാത്ത്യായിനി
നമസ്തെഹരപ്രിയെനമസ്തെജഗൽപ്രിയെ
നമസ്തെഭക്തപ്രിയെനമസ്തെനമൊസ്തുതെ
മംഗലവാണികളാലിന്ദ്രനെഭക്ത്യാസദാ
മംഗലയായ ദെവിതന്നെയങ്ങിതിസുര

൨ നീണ്ടിരുണ്ടുകൊണ്ടചുരുണ്ടൊരുളൎക്കചഭാരംതന്നിൽ ഭംഗ്യാപൂണ്ടൊതമല്ലികജാതികൾ ചെമ്പകമാലകളും ചന്തമെറും കുന്തളത്തിൽ ചെൎത്തധികംകാന്തിചിന്നും ചൂഡാമണിശൊഭഎന്തു ചൊല്ലാം- ചട്ടുലമതായൊരുനിടിലവുമതിപതിഭംഗിയൊടെചെൎത്തൊട്ടുകുറിയഴകതനംഗനുമം ഗജമാൽപിണക്കും-

൩൮- മലയാളഭാഷക്കു ഉണ്ടായിട്ടുള്ള വ്യാകരണങ്ങളിൽ ഉത്തമമായിട്ടുള്ളതു സാമന്തജാതിയിൽ വെള്ളുവനാട്ടതൊടുകാട്ടുവംശത്താൽ മെലെതൽഎന്നു പെരായഭവനത്തിൽ ജനിച്ചിരിക്കുന്ന കൊവുണ്ണിനെടുങ്ങാടിയാൽ ഉണ്ടാക്കപ്പെട്ടിട്ടുള്ളതാകുന്നു-

ഇദ്ദെഹംഒരുനല്ല സംസ്കൃതപണ്ഡിതനും സരസനമാകുന്നു ൧൦൦൩ മാണ്ടിടക്കുജനനം ൧൦൩൨മൊണ്ടെക്കുമെമ്പ മദ്രാസ്സപ്രസിഡൻസി കാളെജിൽ മുൻഷിയായിരുന്നു- പിന്നീട കൊഴിക്കൊട്ട ഒരുപള്ളിക്കൂടം വാദ്ധ്യാരായിരിക്കുംപൊൾ ൧൦൩൮ൽ തിരുവനന്തപുരത്തു കാളെജിൽ മലയാളംമുൻഷിവെല ഒഴിവുവരികയാൽ ഇദ്ദെഹത്തിനെ ൫൦ രൂപാ ശംബളവും വച്ചു ആവെലക്കാക്കി- ൧൦൫൦ മാണ്ടു ആലുവാകൊട്ടിലും പിന്നീടുതിരുവനന്തപുരംകൊട്ടിലുംസൎക്കാരുവക്കീലായിരുന്നു- ൧൦൬൦

മാണ്ടു മീനമാസത്തിൽ അട്ടത്തൂണവാങ്ങി സ്വദെശത്തുപൊയി- ഇപ്പൊൾ കവളപ്പാറ മൈനാരുടെ സംസ്കൃതഉപാദ്ധ്യായനായിരിക്കുന്നു എന്നുകെൾക്കുന്നു-

൩൬൦ പാഠകശാലകളുടെ ഉപയൊഗത്തിനായിട്ടു ആദ്ദെഹം ഏഴിലധികംകൊല്ലംവരെ അദ്ധ്യാനിച്ചു പാണിനിസൂത്രവൃ- തമിഴനന്നൂലുംഗൌരളസംപ്രദായമഖിലഗ്രന്ഥപ്രയൊഗങ്ങളും ഗ്രഹിച്ചുഅദ്ദെഹം ഒരുവ്യാകരണം ചമച്ചിരിക്കുന്നു- അത ൧൦൭൦ മാണ്ടു മീനമാസത്തിൽ ആലുവായിൽവച്ചു കറതീൎത്ത അച്ചടിപ്പിച്ചു പ്രസിദ്ധം ചെയ്തതായി കാണുന്നു- അദ്ദെഹത്തിനു അസാമാന്യമായ കവിതാചാതുൎയ്യംഉണ്ടു-

വ്യാകരണത്തിൽനിന്നും ചില ശ്ലൊകങ്ങൾ താഴെ ചെൎത്തിരിക്കുന്നു-

൧ കൊട്ടാരക്കരകൊട്ടയത്തരചരുംകൊടുങ്ങല്ലൂർമന്നായിയും
ക്രുട്ടക്കാരവരൊത്തുതൊട്ടതിലകപൊട്ടാമെഴുത്തച്ഛനും
വാട്ടംവിട്ടൊരുവഞ്ചിവീരധരണീപട്ടംധരിച്ചോർകളും
കൊട്ടംതീൎന്നൊരുകുഞ്ചനുംകൃതികളിന്നെട്ടിൽ പ്രമാണങ്ങളാം

൨ ആൎയ്യദ്രാവിഡവാഗ്ജാതാ
കെരളീയൊക്തികന്യകാ
ഏതത്സൂത്രവരാരൊഹാ
പ്രസൂതാംപ്രൌഢസമ്മതം

൩ സംസ്കൃതൊച്ചാരണംപ്രായ
സ്സൽകൃതംകെരളൊക്തിയിൽ
എംകിലുംതാവഴിക്കത്രെ
തംകലെരീതിയൊക്കയും

൪ മുന്നിൽസംസ്കൃതസൂത്രന്താ
ബിന്നിൽനന്നൂൽചുരുക്കവും
മന്നുലാക്കിപ്പിരിക്കുന്നെ
നിന്നുലിക്കെരളൊചിതം

൫ അമ്പത്തൊന്നക്ഷരന്താനി
ന്റുമ്പർഭാഷാവലംബിതം
പിമ്പെതാവഴിനാലൊടു
മമ്പത്തഞ്ചെന്നുസിദ്ധമാം-

൩൬൧ അച്യുതപ്പണിക്കർ- ഇദ്ദെഹത്തിന്റെസ്വദെശം പാലക്കാട്ടുശെരിയാകുന്നു ഇപ്പൊൾ മദ്രാസ്സഗവൎമ്മെണ്ടിലെക്കു അസിസ്റ്റണ്ടു ട്രാൻസിലെറ്ററായും മദ്രാസ്സയൂനിവർസിറ്റിയിൽ മലയാളപരീക്ഷകനായും മദ്രാസ്സിൽ താമസിക്കുന്നു- ഇദ്ദെ

ഹം ഇങ്ക്ലീഷു മലയാളം ഈ ഭാഷകളിൽ നൈപുണ്യസമൎത്ഥനാണ. മഹമ്മദചരിത്രം എന്നൊരു ഗ്രന്ഥം ചമെച്ചിട്ടുണ്ടു- ഇദ്ദെഹത്തിന്റെവാചകചെൎച്ച എത്രയുംപ്രശംസനീയമാകുന്നു- ഇതുപൊലെ ഇതിനുമുമ്പിൽ ഒരുത്തരും മലയാളത്തിൽ ഗദ്യപുസ്തകംഎഴുതിട്ടില്ല- ഇത ഇദ്ദെഹത്തിന്റെ ബുദ്ധിവിലാസമത്രെ- ഈമഹാവിദ്വാന്റെമഹമ്മദചരിത്രം എല്ലാവൎക്കും സുഗമമായി മനസ്സിലാകുന്നതാകുന്നു- ഓരൊ മനൊഭാവങ്ങളെ മനുഷ്യപ്രകൃത്യനുസരണമായി ബുദ്ധിമുട്ടാതെ പ്രത്യെകം പ്രത്യെകം മണിമണിയായി നിതരാം ശൊഭായമാനങ്ങളായിരിക്കുന്ന ചെറിയചെറിയവാക്കുകളായി എഴുതിയിരിക്കുന്നു- ഈ മഹമ്മദചരിത്രത്തിൽസംസ്കൃതവാക്കുകൾ അപൂൎവ്വം ഉള്ളതും സാധാരണമായി മലയാളികൾ ഉപയൊഗിച്ചുവരുന്നവയാകുന്നു- ഈയിടെ ഉണ്ടായിട്ടുള്ള ചിലഗദ്യപുസ്തകങ്ങൾ മെറെൽകൃഷ്ടരീതിയിൽ തന്നെ എഴുതികാണുന്നു- എന്നാൽ ഇവയിൽ മലയാളഭാഷയുടെ അനിതരഭാഷാ സാധാരണങ്ങളായസംപ്രദായങ്ങൾകാണുന്നില്ല- മഹമ്മദചരിത്രത്തിന്റെ മാഹാത്മ്യം ഈ അവസ്ഥയെവിചാരിക്കുംപൊൾ ആണ മലയാളഭാഷയുടെപ്രകൃത്യാ ഉള്ള സൌന്ദൎയ്യത്തെ ഈപുസ്തകം വെളിപ്പെടുത്തുന്നു- ഇതിൽ കൃത്രിമാലംകാരം കുറവൊന്നത്രെ- ഇങ്ങിനെയുള്ള ഈപുസ്തകത്തിന്റെ യഥാൎത്ഥഗുണങ്ങളെ പറഞ്ഞുതീൎക്കുന്നതിനുപ്രയാസം-

൩൭൨.- കുമാരപിള്ള- ഇദ്ദെഹം ഉദ്ദെശം കൊല്ലം ൯൯൦മാണ്ടിടക്ക ഇരണിയൽരണ്ടുപുത്തൂംവാതുക്കൽ നെയ്യൂർ ഇലംകാവുവീട്ടിൽജനിച്ചു- അച്ഛൻ മെക്കൊട്ടുനാഗൻനമ്പി ഒരുസംസ്കൃതപണ്ഡിതനും ജ്യൊതിഷത്തിൽ ഒരു വലിയ വിദ്വാനുംആയിരുന്നു- ഈ കീൎത്തിപ്പെട്ടജ്യൊസ്യര സംസ്കൃതകാവ്യമായ കുമാരസംഭവം മലയാളംകിളിപ്പാട്ടായിട്ടും ചീറാറതി ശ്ലൊകങ്ങളായിട്ടും ചമെച്ചിട്ടുണ്ടു- ഇരവിവൎമ്മൻ തമ്പി മുതൽപെരുടെസഹജീവിയും അവരാൽ മാനിക്കപ്പെട്ടിട്ടുള്ള ഒരുവിദ്വാനുമായിരുന്നു- ആറുപുത്രന്മാരും രണ്ടുപുത്രികളും ഇങ്ങനെ എട്ടുസന്താനം അദ്ദെഹത്തിനു ഉണ്ടായി- അതിൽ അഗ്രജനാണ ഈകുമാരപിള്ള- ഇദ്ദെഹവും സഹൊദരന്മാരും യൊഗ്യന്മാരും സമൎത്ഥന്മാരുമാകുന്നു- അതിൽ ഒന്നാമൻതിരുവിതാംകൂർസംസ്ഥാനത്തു ൧൦൫൨മാണ്ട ചിങ്ങമാസം മുത-

മുതൽ ൧൦൮നാമാണ്ടു കന്നിമാസംവന്നു-വരെ ഉത്തമമന്ത്രിസത്തമനായിരുന്ന നാഗൻനാരായണൻ അവർകളാകുന്നു-

പരംപരയായുള്ള ബുദ്ധിശക്തി മാതാപിതാക്കന്മാരുവഴിക്കു സന്തതികൾക്കു ഉണ്ടാകുമെന്നുള്ള ശാസ്ത്ര സിദ്ധാന്തത്തിനു ഒരു തറവാടു ഒരു ദൃഷ്ടാന്തമാകുന്നു- നാഗൻ തംപിയുടെ യൊഗ്യത സീമയില്ലാത്തതെന്നു സർവ്വസമ്മതം- ആ ഗുണങ്ങൾ പുത്രന്മാൎക്കുംപെൺക്കും ഒരുപൊലെഉണ്ടു- വിശെഷിച്ചു അഗ്രജനായ കുമാരപിള്ളയിൽത്താത ഉപയുക്തങ്ങളായിരിക്കുന്ന പദ്യഗദ്യങ്ങൾ ചമയ്ക്കുന്നവിഷയത്തിൽ പ്രകാശിച്ചു കാണുന്നു- ഇദ്ദെഹത്തിനെയും അനുജന്മാരെയുംവിദ്യപഠിപ്പിച്ചത പിതാവുതന്നെ- ഇദ്ദെഹം ആദ്യം രായസമായും പിന്നീടു സക്കാർവക്കീലായും തദനന്തരം പൊലീസാമിനായും ഒടുവിൽ തഹശിൽദാരായും ഗവമ്മെണ്ടു ഉദ്യൊഗങ്ങളിൽ ഇരുന്നിട്ടുണ്ടു- ൧൦൮-ൽ അംശമുൺവാങ്ങി സ്വഗൃഹത്തിൽ പാൎത്ത സദാ ഗ്രന്ഥക്രിയയിൽതന്നെഇരിക്കുന്നു-ഇദ്ദെഹത്തിനാൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങളുടെപെര താഴെപറയുന്നു-

൧- ഗദ്യങ്ങൾ- കെരളചരിത്രം- മലയാളത്തിൽപരിഭാഷപ്പെടുത്തിയ ഭഗവൽഗീത- കൈവല്യം- ഭൎത്തൃഹരി-

൨- പദ്യങ്ങൾ- വെദാന്തം തുള്ളൽപ്പാട്ടും കിളിപ്പാട്ടും- കൈവല്യം തുള്ളൽപ്പാട്ടും കിളിപ്പാട്ടും- ഹരിനാമകീൎത്തനം- ശിവനാമകീൎത്തനം-

ഇതുകൂടാതെ ഒരുപൌരാണികകവി സവ്വവെദാന്തസാരസംഗ്രഹംഎന്നും കൃസ്ത്യംവകക്കാരുടെചരിത്രം എന്നും രണ്ടു ഗദ്യഗ്രന്ഥങ്ങൾഉണ്ടാക്കിട്ടുണ്ടു- ഇവ ഒന്നും അച്ചടിപ്പിച്ചിട്ടില്ലാ- ജനൊപകാരത്തിനായി ഇവയെപ്രസിദ്ധംചെയ്യുന്നതിനു ഒരുമഹാൻ ഒട്ടും താമസിക്കുന്നതല്ലെന്നു വിശ്വസിക്കുന്നു-

൩൭൨- വെണ്മണിനംപൂരി- സ്വദെശം തൃപ്പൂണിത്തുറെആകുന്നു- നല്ലയൊഗ്യനും കവിതാചാതുൎയ്യമുള്ള ആളുമാണ- തൃശ്ശിവപെരൂർ പൂരത്തിനെക്കുറിച്ചും മററുംഅനെകം ശൃംഗാരശ്ലൊകങ്ങൾ ഉണ്ടാക്കീട്ടുണ്ടു- നിമിഷകവനത്തിനും സംജ്ഞ പൂരിപ്പിക്കുന്നതിനും സമൎത്ഥനാണ- ൧൦൮൧-ൽ മുറജപത്തിനു തിരുവനന്തപുരത്തുവന്നസമയം ഒരുദിവസം ഇപ്പ

ഴത്തെവലിയതമ്പുരാൻ തിരുമനസ്സിലെ മുമ്പാകെ കാണിക്കുന്ന തിനപൊയി- തിരുമനസ്സകൊണ്ട "ഗജെന്ദ്രവൃന്ദംഗഗനെപറന്നു" എന്ന സമസ്യ പൂരിപ്പിക്കുന്നതിനകല്പിച്ചു- ആ നിമിഷത്തിൽ

ദ്വിജാവലീം ചെയ്തരുളുംതപദ്വീയ
ദ്വിജാധിപശ്രീകവരുന്നകീർത്ത്യാ
ന്നിജാക്രമംവിട്ടഥ ക്രൂരരുട്ടാം
ഗജെന്ദ്രവൃന്ദംഗഗനെപറന്നു

എന്നിങ്ങനെ പൂരിപ്പിച്ചു- കല്പിച്ചു സന്തൊഷിച്ചു യഥായൊഗ്യം സമ്മാനിച്ചു- ഏകദെശം ചെലപ്രമ്പ നമ്പൂരിക്കസമനെന്നുപറയാം- ഇപ്പഴം തൃപ്പൂണിത്തുറെ താമസിച്ചുവരുന്നു- ആചരണംവളരെയൊഗ്യനാണ-

൯൨- വയക്കരെ പിലാന്തൊളമൂസ്സ- ഇദ്ദെഹം അഷ്ടവൈദ്യന്മാരിൽ ഒരാളാകുന്നു- വളരെചെറുപ്പമായിരിക്കുമ്പൊൾ ൧൦൧൭-ൽ നാടുനീങ്ങിയതിരുമനസ്സിലെക്ക ആലസ്യംകലശലായിരുന്നസമയം ചികിത്സക്കായി ഇവിടെവന്നിരുന്നു- അപ്പൊൾനാടുനീങ്ങിയതിനെയും തിരുമുല്പവാച്ചതിനെയുംകുറിച്ചു ചിലശ്ലൊകങ്ങളുണ്ടാക്കീട്ടുണ്ട- ദുര്യൊധനവധംആട്ടക്കഥ ഇദ്ദെഹത്തിന്റെകൃതിയാണ- കവിത വളരെനന്നു- ആദ്യവസാനം ആടിക്കാണ്മാനും പാടികെൾക്കാനും യാതൊരുത്തർക്കും മുഷികയില്ലാ- മുൻപുണ്ടായിരുന്നമഹാവിദ്വാന്മാരുടെ കവിതകൾക്കുള്ള മാധുര്യാദിഗുണങ്ങൾ ഒരുകാലക്ക പൂർത്തിയായിരിക്കുന്നു-

൯൩- കൊട്ടയത്തുമഠത്തിൽതാനിഴംതിരുനാൾ തമ്പുരാൻ- ഇദ്ദെഹം മുമ്പിൽ ആട്ടക്കഥ ഉണ്ടാക്കിയമഹാവിദ്വാനെന്നുപ്രസിദ്ധനായിരുന്ന കൊട്ടയത്തു രാജാവിന്റെ വംശത്തിൽഉണ്ടായിട്ടുള്ളആളാകുന്നു- ദൂതവാക്യം എന്നൊരു ആട്ടക്കഥ ഉണ്ടാക്കീട്ടുണ്ട- കവിത സാമാന്യംനല്ലതാണ- പദങ്ങളുടെമട്ടുകളും പ്രയൊഗങ്ങളും ഏകദെശം പുരളീശന്റെ കൃമ്മീരവധം കഥയിലെ സമ്പ്രദായം അനുസരിച്ചിരിക്കുന്നു-

൯൪- ആറെകാൽ ശങ്കരപ്പിള്ള- ഇദ്ദെഹം പ്രസിദ്ധനായ ശങ്കരജൊത്സ്യരുടെ മകനാകുന്നു- ഇപ്പൊൾ മുൻസീഫ ഉദ്യൊഗമായി ഗവര്മെണ്ടു സർവീസിൽ ഇരിക്കുന്നു- ൧൦൩൭-ൽ നവരാത്രിമാഹാത്മ്യം കിളിപ്പാട്ട ഉണ്ടാക്കി- അത

അഷ്ടാദശപുരാണങ്ങളിൽ എററവും പ്രധാനമായിട്ടുള്ള ദെവീ ഭാഗവതം തൃതീയസ്കന്ധത്തിൽനിന്നുഒരു ഭാഗംഎടുത്തുപരിഭാഷപ്പെടുത്തീട്ടുള്ളതാണ- ൟ കവിത വളരെ ശ്ലാഘനീയംതന്നെ- കൎത്താവിന്റെ കവിതാചാതുൎയ്യവും ൟ ഗ്രന്ഥംകൊണ്ടുനിശ്ചയിക്കാം- ദെവീഭാഗവതം മുഴുവനും ജനൊപകാരത്തിനായി വൃത്തഭെദങ്ങളൊടുകൂടി ഇദ്ദെഹം കിളിപ്പാട്ടായി ചമച്ചിട്ടുണ്ട- അത ഇപ്പോൾ ആവൎത്തന പരിശൊധനയിന്മെൽഇരിക്കുന്നതായി അറിയുന്നു-

---

## ൧൪ാം- അദ്ധ്യായം

---

൩൭൭- ഇങ്ങനെമെൽക്കുമെൽ അഭിവൃദ്ധിയെപ്രാപിച്ചുവരുന്നകെരളഭാഷയിൽ മിഷൻമൂഹത്തിൽ സംബന്ധിച്ചവൎക്കളാൽ അനെകംചെറിയപുസ്തകങ്ങൾ മതസംബന്ധമായുംകുടികളെ അഭ്യസിപ്പിക്കുന്നതിനും പൊതുവിൽ ജനങ്ങൾക്കഅറിവുണ്ടാകുന്നതിനും ഉപയുക്തമായുംഉണ്ടാക്കി ആണ്ടുതൊറും പ്രസിദ്ധംചെയ്യുന്നുണ്ട- അതുപൊലെ വിദ്വാന്മാരായിരിക്കുന്നസ്വദെശികൾ ചെറുതായിഅനെകം കിളിപ്പാട്ട- വാതൎത്തിറപ്പാട്ട- തുള്ളപ്പാട്ട- കുറത്തിപ്പാട്ട- വഞ്ചിപ്പാട്ട- കുമ്മിപ്പാട്ട- തംകപ്പാട്ട- കപ്പൽപ്പാട്ട- മണിപ്രവാളശ്ലൊകങ്ങൾ- തത്വജ്ഞാനവിഷയമായചെറിയ പുസ്തകങ്ങൾ- കഥകളിപ്പാട്ട- നാടകങ്ങൾമുതലായപദ്യങ്ങളും ഗദ്യമായിചിലകഥകളെയും ഉണ്ടാക്കിവരുന്നു- ഇങ്ങനെയുള്ള ഗ്രന്ഥകൎത്താക്കന്മാരുടെ എല്ലാവരുടെയും വിവരം വിസ്തരിച്ചു ൟപുസ്തകത്തിൽ പറയുന്നതിനുപ്രയാസമെന്നു മാത്രമല്ലാ അതിലെക്കവെണ്ടുംഅറിവും കിട്ടിയിട്ടില്ലാ- എങ്കിലും അറിഞ്ഞെടത്തൊളം താഴെചെൎത്തിരിക്കുന്നു-

൧൩൮,- മിഷൻസഭസംബന്ധിച്ചവർ- ൧-റവറണ്ടിച്ചാൎഡകൊള്ളിൻസ്സ- എം- എ- ൟസായ്പ് ശീമയിൽ നിന്നും ൧൮൭൦ാമാണ്ടു ഡിസംബർമാസം ൨൦൹ കൊട്ടയത്തുവന്നു- ൧൮൭൭ാമാണ്ടുവരെ അദ്ദെഹം കൊട്ടയത്തു ചൎച്ചമിഷൻ പാഠകശാലയിൽപ്രിൻസിപ്പാലായിരുന്നു- അദ്ദെഹംഉണ്ടാക്കിട്ടുള്ള

പ്രധാനഗ്രന്ഥങ്ങൾ- ൧- സംസ്കൃതമലയാളനിഘണ്ടു- ൨- മലയാളഭാഷയുടെ ചുരുക്കമായുള്ള വ്യാകരണം- ഇവയാകുന്നു- അദ്ദേഹത്തിന്റെ ശ്രമത്താൽ കൊട്ടയത്ത കാഡർലിമാഗസിൻ എന്നൊരു ന്യൂസ്പേപ്പർ ഏൎപ്പെടുത്തി-

൨- റെവറെണ്ട കെ കൊശി- ഇദ്ദേഹം കൊട്ടയം കാളെജിൽ പഠിച്ചിട്ടുള്ളതുമാകുന്നു സമൎത്ഥനായൊരു വാഗ്വാദിയും എഴുത്തുകാരനും ആകുന്നു- ബണിയൻ സഹൊളിവാർ തൎജ്ജമ ചെയ്കയും ജാതിവിവരത്തെപററി ഒരു ഗ്രന്ഥം ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട-

൩- റെവറെണ്ട ഉമ്മൻ ഉമ്മാൻ- സ്വദെശം പുത്തൻകാവു- കൊട്ടയം കാളെജിൽ പഠിച്ചു- ബാലമിത്രം മുതലായ മലയാളം പുസ്തകങ്ങൾ ഉണ്ടാക്കീട്ടുണ്ട-

൪- റെവറെണ്ട ജാൎജ്ജ കുരിയൻ- റെവറെണ്ട കെ കുരുവിള- റെവറെണ്ട ജെ ഈപ്പൻ- ഇവർ മൂവരും സിറിയൻപള്ളിക്കാൎയ്യത്തെ പററിപ്രസംഗങ്ങൾ എഴുതീട്ടുണ്ട- അതിൽ ബാലാഡ്സാസ്ത്രിന്റെ ഒന്നാമത്തെ ഇനാം ജെ- ഈപ്പൻ പാതിരിക്കു കിട്ടിയിരിക്കുന്നു-

൫- റെവറെണ്ട കൊരത്ത പ്രിൻസ്സ ആഫ ദിഹൌസ്സ ആഫ ഡെവിഡ എന്നപുസ്തകവും മററു പുസ്തകവും തൎജ്ജമചെയ്തിട്ടുണ്ട-

൬- സാട്ടിഷ ചൎച്ചിൽ മിഷണരി റെവറെണ്ട- ഇ- ലെസറൺ ഇംഗ്ലീഷുവാക്കും മലയാള അൎത്ഥമായും മലയാളവാക്കും ഇംഗ്ലീഷു അൎത്ഥമായും ചില ക്രിയകളുടെ വൎത്തമാന ഭൂത ഭാവികാലങ്ങളും കാണിച്ചു ഒരുപട്ടികയൊടും ഒരു നിഘണ്ടു അച്ചടിപ്പിച്ചിട്ടുണ്ട-

൭- പി-ജെ-ഇട്ടൂപ്പ സിറിയൻ പള്ളിക്കാൎയ്യത്തെപ്പററി മലയാളത്തിൽ ഒരു പ്രസംഗം ചമച്ചിട്ടുണ്ട-

൮- എം-ജ-കൊച്ചുകുഞ്ഞു മലയാളത്തിൽ വളരെ പാട്ടുകളും കീൎത്തനങ്ങളും ഉണ്ടാക്കീട്ടുണ്ട-

൧൦- ജൊസഫ ഫെൻ എന്നുവിളിക്കുന്ന ചാത്തുമെനവൻ മലയാളപദ്യമായി അജ്ഞാനകുഠാരമെന്ന ഒരുകവിത ഉണ്ടാക്കീട്ടുണ്ട- ഈ ചാത്തുമെനവൻ കരുനാൾ ചെങ്ങന്നൂര

തഹശീൽദാരും അതിൽപിന്നെ ബ്രിട്ടീഷകൊച്ചിയിൽ മുൻസിപ്പും ആയിരുന്നു- ൧൦൦ംപുസ്തകംമൂന്നുപതിപ്പുവരെ ആയിരിക്കുന്നു-

൩ാമൻ സ്വദെശകവികളും അവരുടെകവിതകളും

൧ ദാമൊദരൻ കൎത്താവു- അരുമന ശ്രീനാരായണൻ തമ്പി അവൎകളുടെഗുരു- ൧൦൩൪ൽ തിരുവനന്തപുരത്തവച്ചു ഇന്ദുമതിസ്വയംബരം ഓട്ടൻതുള്ളൽപ്പാട്ടു ഉണ്ടാക്കി-കവിത വളരെനന്നാകുന്നു- ഇപ്പൊൾ ഒരുആട്ടക്കഥ ഉണ്ടാക്കിവരുന്നു- സംസ്കൃതത്തിൽ നല്ലവ്യുല്പത്തിയുണ്ടു- യൊഗ്യനാണ-

൨ ഏഴിപ്പുറത്ത നാരായണൻ നംപിയാര- സംസ്കൃതകവിയായ ജയദെവന്റെ ജിതഗൊവിന്ദയിൽനിന്നു കളവാണിമാൎക്ക തിരുവാതിരക്കു പാടിക്കളിപ്പാനായിട്ടു ൩൩ വൃത്തമായി അഷ്ടപദിഭാഷാഗാനം ഉണ്ടാക്കിട്ടുണ്ടു- കവിതവളരെനന്നാകുന്നു

൩ മുകുന്ദപുരം കൊവിലകത്തുംവാതുക്കൽ കുറിച്ചിയത്ത ഗൊവിന്ദമെനവൻ- രാമായണംമുഴവനും നമ്പിയാരുടെ ശ്രീകൃഷ്ണചരിതം മണിപ്രവാള ശ്ലൊകരീതി അനുസരിച്ചു ശ്ലൊകങ്ങളായിഉണ്ടാക്കി- കവിതവളരെ നന്നായും രസമുള്ളതായും കാണുന്നു

൪ ഇടഗ്രാമത്ത ചാരണത്തു വീട്ടിൽ പത്മനാഭപിള്ള- സാമാന്യം വ്യുല്പന്നനും കവിതാവാസനയുള്ള ആളുംആണ- വാതൽതിറപ്പാട്ടു- കുറ്റശ്ലൊകം- ഊഞ്ഞാൽപ്പാട്ടു മുതലായിവളരെ പദ്യങ്ങളും ഉണ്ടാക്കിട്ടുണ്ടു-

൫ തിരുവനന്തപുരത്തു തൊട്ടത്തിൽ കെശവൻ- ൧൦ ൦ യാമക്ക സംസ്കൃതത്തിൽ നല്ലവ്യുല്പത്തിയും കവിതാചാതുൎയ്യവുമുണ്ടു- യൊഗ്യനാണ- ബാലി സുഗ്രീവസംഭവം എന്നഒരുവഞ്ചിപ്പാട്ടു ഉണ്ടാക്കീട്ടുണ്ടു- കവിത വളരെ നന്നാണ- ശാകുന്തള നാടകവും അഷ്ടാംഗഹൃദയവും ഹിതൊപദെശവും ഭാഷാശ്ലൊകങ്ങളായി ചമച്ചിരിക്കുന്നു- അച്ചടിപ്പിച്ചിട്ടില്ലാ

൬ ആൾമാറാട്ടം ഗദ്യപാഠം- ഇംഗ്ലീഷകവിശ്രെഷ്ഠനായ ഷെക്സ്പീയരുടെ നാടകമായ കാമഡിആഫഎറെഴസ്സഎ

നാത തൎജ്ജിമചെയ്യതാകുന്നു- കൎത്താവു മുമ്പിൽ പശ്ചിമതാരകയുടെ എഡിറ്ററായിരുന്നു- ഇതുപൊലെ ഇനിയും അനെക നാടകങ്ങൾ തൎജ്ജിമചെയ്യിട്ടുള്ളതായികെൾവിഉണ്ട- ഇതു ഒരുനല്ല ഗദ്യപാഠമാണ-

൭ പഞ്ചദശപ്രകരണം ഗദ്യപാഠം- ഇത കുപ്പുസ്വാമിഅയ്യൻ എന്നഒരുശാസ്ത്രിയാൽ തമിഴിൽനിന്നും മലയാളത്തിൽ പരിഭാഷപ്പെടുത്തിയതാകുന്നു- തത്വജ്ഞാനവിഷയം- ഇതമലയാളത്തിൽ തൎജ്ജിമചെയ്യ ശാസ്ത്രികളുടെ ശ്രമംഎത്രയുംശ്ലാഘനീയം-

൮ സുന്ദരീസ്വയംബരം മാൎക്കണ്ഡപുരാണം- സെതുമാഹാത്മ്യം- ബ്രഹസ്പതിവാക്യം- ശതമുഖരാമായണം അല്ലെങ്കിൽ സീതാവിജയം- ലക്ഷ്മീപൊല്ലത്തി- മുതലായ കിളിപ്പാട്ടുകളും ബാണയുദ്ധം- പ്രഹ്ലാദചരിതം- നാരദൊപദെശം- മുതലായ തുള്ളപ്പാട്ടുകളും കല്യാണസൌഗന്ധികം- മത്സ്യഗന്ധികം- മുതലായ തിരുവാതിരപ്പാട്ടുകളും മററഅനെകം വാതിൽതിറപ്പാട്ട- കുറത്തിപ്പാട്ട- മുതലായതും ൧൦൰യിടഉണ്ടായിട്ടുണ്ട- ചിലതിന്റെ ഗ്രന്ഥകൎത്താക്കന്മാര ഇന്നാരെല്ലാമെന്നനിശ്ചയമില്ല- കവിതകൾസാമാന്യംനന്നാണ-

മലയാളപത്രികകൾ

൯ാം- പുസ്തകങ്ങൾകൂടാതെയും മലയാളത്തെ പരിഷ്കരിച്ചു പൊരുന്നതായ ചില പത്രങ്ങൾ ഇപ്പൊൾപ്രചാരമായിരിക്കുന്നു- ഇവയുടെഗുണങ്ങളെ ഇവിടെപ്രത്യെകം പറയെണമെന്നില്ലല്ലൊ- ഭാഷാജ്ഞാനത്തിനും ലൊകവൎത്തമാനങ്ങൾ അറിയുന്നതിനും ഇവനല്ലവഴികളാകുന്നു-പലപ്രകാരത്തിലും ഇവരാജ്യാഭിവൃദ്ധിക്കഹെതുഭൂതങ്ങളായിരിക്കുന്നു-ഇങ്ങിനെഉള്ളപത്രികകൾ കെരളൊപകാരി- സത്യനാദകാഹളം-മലയാളമിത്രം-പശ്ചിമതാരക-കെരളമിത്രം- വിദ്യാവിലാസിനീ- ഇവയാകുന്നു- ഇവയിൽമൂന്നുപത്രികാമിഷനറികളാൽ നടത്തപ്പെട്ടുവരുന്നു- വിശെഷവൎത്തമാനങ്ങളെയും മററം ഗ്രഹിക്കുന്നതിനു കെരളമിത്രത്തിനുശരിയായി മലയാളത്തിൽ വെറെഒന്നുമില്ല- ഇതുകൊച്ചിയിൽ ദെവജിഭീമജി അവർകളുടെ കെരളമിത്രംഅച്ചുകൂടത്തിൽ ൧൦൰൩൨ാണ്ടുധനുമാസം മുതൽഅച്ചടിച്ചുപ്രസിദ്ധംചെയ്യുവരുന്നു- ൧൰പത്രത്തിന്റെ ഉ

ടമസ്ഥാൻ ദെവജിഭീമജിഅവർകളും പത്രാധിപർ കെ- ഐ- വർഗീസും ആകുന്നു- ൟ യുവാവ മലയാളത്തിൽ വയസ്സിനെ അതിക്രമിച്ച പരിചയമുള്ള ഒരുവനാകുന്നു- ഇംഗ്ലീഷിലും തഥൈവ- വിദ്യാവിലാസിനി ൟയ്യാണ്ടു മീനമാസംമുതൽ പുറപ്പെട്ടിരിക്കുന്നു- തിരുവനന്തപുരത്തുകുറെ വിദ്വാന്മാർകൂടിയാണ ൟപത്രികയെ നടത്തിവരുന്നതു- ഇതിൽ ഭാഷാ- ശാസ്ത്രം- ചരിത്രം-മുതലായവിഷയങ്ങളെക്കുറിച്ച പ്രസംഗിച്ചുവരുന്നു-

സമാപ്തം

# ശുദ്ധപത്രം

| വശം | വരി | അബദ്ധം | സുബദ്ധം |
|---|---|---|---|
| ൧ | ൧൪ | ഉത്ഭച്ചി | ഉത്ഭവിച്ചി |
| ൭ | ൪ | അദ്വൈഹാൽ | അദ്വൈഹത്താൽ |
| ൯ | ൨൩ | ഗൊകൎണ്ണംക | ഗൊകൎണ്ണം |
| ൯ | ൧൧ | ശിഖി | ശിഖ |
| ൮ | ൧ | ഭാ | ഭാഗ |
| ൪൪ | ൩ | ജനങ്ങൾ | ജനങ്ങൾവരെ |
| ൪൧ | ൪൪ | അഭി | അഭ്യു |
| ,, | ൧൧ | ക്ഷെത്രി | ക്ഷത്രി |
| ൪൫ | ൪൭ | മലാള | മലയാള |
| ൨൧ | ൨൫ | പരഞ്ഞെ | പറഞ്ഞ |
| ൨൧ | ൧൩ | കെട്ടിയിരി | കെട്ടിരി |
| ൨൧ | ൧൬ | രാമമ | രാമ |
| ൨൩ | ൩ | വെണ്മമന്റെ | വെണ്മമെന്റെ |
| ൨൩ | ൪൨ | വധംചയ്യ | വധംചെയ്യ |
| ,, | ൨൪ | ടയില്ലും | ട്ടയില്ലും |
| ,, | ൧൩ | കാരണറം | കാരണം |
| ൨൬ | ൧൦ | വിയററി | മിയററി |
| ,, | ൧൪ | രാവവ | രായവ |
| ൨൮ | ൩ | ശഷം | ശെഷം |
| ൧൦ | ൧൦ | ഭംഗം | ഭാഗം |
| ൧൪ | ൪൬ | വരുനവും | വന്ദനവും |
| ,, | ൧൧ | മെപ്പത്തൂര | മെപ്പത്തൂർ |
| ൧൨ | ൧൨ | യിരിക്കന്നു | യിരിക്കന്നത |
| ൧൧ | ൧ | ചിലർപറയുന്നു | കാണുന്നു |
| ,, | ൧൨ | ആ മുതൽഅട്ടുത്തവരി നാൽവരെ | വെണ്ടാ |
| ൧൩ | ൪ | പൊഷനദി | പൊഷകനദി |
| ൧൭ | ൨൦ | താനൻ | താനതൻ |
| ,, | ൨൭ | സാരധി | സാരഥി |
| ൧൫ | ൪൫ | ന്യാഖ്യെപുരത്തിൽ | ന്യാഖ്യപുരത്തിൽ |
| ,, | ൨൬ | ലൊഭം | ലൊപം |
| ൩൪ | ൮ | ഗാത്രനംക്കു | ഗാത്രാനക്കു |
| ൩൩ | ൪ | ഇന്ദ | ഇ… |
| ,, | ൧൧ | കാൺക | കാണക |
| ൩൭ | ൨൭ | കശമല | കശ്മല |
| ൩൬ | ൧ | ബന്ധുവുറു | ബന്ധുവുമറു |
| ,, | ,, | മരുളന്നം | അരുളണം |
| ൩൮ | ൪൭ | ചെയിധു | ചെയ്യു |
| ൭൦ | ൧൪ | യാതെന്നതും | യാതൊന്നതും |

KUMARAMANGALAM ... AYYANTHOLE

| വശം | വരി | അബദ്ധം | സുബദ്ധം |
|---|---|---|---|
| ൭൩ | ൨൭ | [illegible]ത്തിൽ | തലകിതിൽ |
| ൩൪ | ൪൫ | [illegible]ം | പദ്യനാട്യം |
| ,, | ൨൭ | മാലക്കാരൻ | മലക്കാരൻ |
| ൩൨ | ൫ | തൊന്നാത്തയാ | തൊന്നാഞ്ഞയാ |
| ,, | ൩൪ | മഞ്ചാൾ | മഞ്ജുൾ |
| ,, | ൩൮ | ഖെവംമ | ഖെദമെന്ന |
| ൩൩ | ൪൫ | നന്തനന്ത്രീയഃ | നന്താവനന്ത്രീയഃ |
| ,, | ൨൦ | സൃസ്സുനനാ | സുസ്സുനനാ |
| ൩൮ | ൩ | അംതിരവളിടെ | സഹോദരിയിടെ |
| ൧൦ | ൪൭ | ക്രൊദ്ധ | ക്രൊധ |
| ൧൦ | ൩൯ | ശൃംവല | ശൃംഖല |
| ൧൮ | ൨൪ | മാലൊക | മാലൊകാ |
| ,, | ൨൫ | വാദ്യാംഗി | വദ്യാംഗി |
| ൧൩ | ൩൬ | സാക്ഷിയായൊരു | സാക്ഷിയായുള്ളൊരു |
| ൧൧ | ൩൬ | കരവും | കരവും |
| ൧൪ | ൭൮ | കാവതല്ലൊ | കാവല്ലൊ |
| ,, | ൨൨ | ചെല്ലുന്നതു | ചൊല്ലുന്നതു |
| ൪൫ | ൩൫ | ജഗത്തിൽ | ജഗത്തിങ്കൽ |
| ൪൬ | ൫൩ | ധൈന്യ | ധന്യ |
| ,, | ൩൮ | കുംഭവത്രു | കുംഭപത്രു |
| ൪൩ | ൩൩ | തനയനെ | തനയയെ |
| ൪൭ | ൨൪ | ആരാധിച്ചത | ആരംഭിച്ചത |
| ൪൪ | ൨൮ | കരങ്ങ് | കരങ്ങ് |
| ൯൨ | ൩൮ | നാഥാ | നാഥാജ്ഞ |
| ൯൮ | ൫൭ | നളൊപാഖ്യന | നളൊപാഖ്യാന |
| ൫൦൭ | ൭ | വീതശംകം | വീതവിശംകം |
| ൫൨൦ | ൩൨ | മുതൻ | മുതൽ |
| ൫൨൩ | ൩൮ | ഭ്രുകുടി | [illegible]കുടി |
| ൫൩൩ | ൫൦ | ശോഭാംഗ | ശോഭാംഗദ |
| ,, | ൨൫ | കാവ്യാഅലങ്കാര | കാവ്യാലങ്കാര |
| ൫൮൮ | ൨൫ | മുതലായവയിൽ | മുതലായവ |
| ൫൮൭ | ൫൩ | വൃതം | വൃയം |
| ൫൮൫ | ൨൩ | യുണ്ടായിരിക്ക | യുണ്ടാകിയിരിക്ക |
| ൫൯൫ | ൪ | അദ്ദേഹം | ആ കൊയിത്തമ്പുരാൻ |
| ൫൩൫ | ൩ | ചെച്ചു | ചെറ്റു |
| ,, | ൫൦ | വാക്കുകളായി | വാചകങ്ങളായി |
| ൫൩൮ | ൨൭ | വൃവൃരൃ | ഫവ്യരൃ |
| ൫൩൯ | ൨൦ | സാട്ടി | സ്കൂട്ടി |